20
ജൂൺ 2024
വ്യാഴം
1445 ദുൽഹജ്ജ് 14
1199 മിഥുനം 06
പേജ് 18
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ 54-ാം ജന്മദിനത്തിൽ പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ബൊക്കെ സമ്മാനിക്കുന്നു. എ.ഐ.സി.സി സെക്രട്ടറിയും യു.ഡി.എഫ് വയനാട് മണ്ഡലം സ്ഥാനാർത്ഥിയുമായ പ്രിയങ്കാ ഗാന്ധി, കെ.സി വേണുഗോപാൽ സമീപം.

## നീറ്റ് പരീക്ഷാ ക്രമക്കേട്; പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷം

### വെള്ളിയാഴ്ച കോൺഗ്രസ് നേതൃത്വത്തിൽ രാജ്യവ്യാപക പ്രതിഷേധം

ന്യൂഡൽഹി: നീറ്റ് യു.ജി പരീക്ഷ ക്രമക്കേടുകളിൽ കേന്ദ്ര സർക്കാരിനെതിരായ പ്രതിഷേധം കൂടുതൽ ശക്തമാക്കി കോൺഗ്രസ്. നീറ്റ് പരീക്ഷാർഥികൾക്ക് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് വെള്ളിയാഴ്ച രാജ്യവ്യാപകമായി കോൺഗ്രസ് പ്രതിഷേധം സംഘടിപ്പിക്കും. നീറ്റിൽ ഇത്രയേറെ ക്രമക്കേട് ഉയർന്നുവന്നിട്ടും പ്രധാനമന്ത്രി ഉൾപ്പടെയുള്ളവർ മൗനം തുടരുകയാണെന്നും പരീക്ഷയുടെ നടത്തിപ്പിൽ അട്ടിമറിയുണ്ടായത് അത്യന്തം ഗൗരവകരമായ വിഷയമാണെന്ന് തിരിച്ചറിഞ്ഞിട്ടും ഫലപ്രദമായ ഇടപെടലിന് കേന്ദ്രസർക്കാർ തയ്യാറാകുന്നില്ലെന്നും കോൺഗ്രസ് ആരോപിച്ചു. എഐസിസി ജനറൽ സെക്രട്ടറി കെസി വേണുഗോപാലാണ് ഇത് സംബന്ധിച്ച് പ്രക്ഷോഭം സംഘടിപ്പിക്കാൻ പിസിസി അധ്യക്ഷൻമാർക്കും നിയമസഭാകക്ഷി നേതാക്കൾക്കും കത്തയച്ചത്. ദേശീയതലത്തിലും സംസ്ഥാനതലത്തിലും മുതിർന്ന നേതാക്കൾ പ്രക്ഷോഭത്തിന്റെ ഭാഗമാകും. പാർലമെന്റിലും പുറത്തും പ്രതിഷേധം ശക്തമാക്കാനാണ് കോൺഗ്രസ് തീരുമാനം.

ലോക്സഭാ സമ്മേളനം ആരംഭിക്കുന്നതിന് തൊട്ടുമുൻപാണ് കോൺഗ്രസിന്റെ പ്രതിഷേധമെന്നതും ശ്രദ്ധേയമാണ്. നീറ്റ് വിഷയത്തിൽ സഭാ സമ്മേളനം പ്രക്ഷുബ്ധമാകാൻ ഇടയുണ്ട്. നീറ്റ് പരീക്ഷാ ക്രമക്കേടിൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷ യുവജന സംഘടനകൾ രംഗത്ത്. എഎപി യുവജന വിഭാഗവും വിദ്യാർഥി വിഭാഗവും ഡൽഹിയിൽ മന്ത്രി ധർമേന്ദ്രപ്രധാന്റെ വീട്ടിലേക്ക് പ്രതിഷേധ പ്രകടനം നടത്തി. വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാന്റെ വീടിന് മുൻപിൽ ആം ആദ്മി പാർട്ടിയും മന്ത്രാലയത്തിന് മുൻപിൽ ഇടത് വിദ്യാർഥി സംഘടനയായ ഐസയും പ്രതിഷേധിച്ചു.

അതിനിടെ, ബിഹാറിലെ നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ ഒൻപത് വിദ്യാർഥികളെ പൊലീസ് ഉടൻ ചോദ്യം ചെയ്യും. വ്യാപക ക്രമക്കേട് ഉയർന്നതിനാൽ വിദ്യാഭ്യാസമന്ത്രിയുടെ രാജി, വീണ്ടും പരീക്ഷ നടത്തണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് ആം ആദ്മി പാർട്ടിയുടെ യുവജന വിദ്യാർഥി സംഘടനകൾ പ്രതിഷേധിച്ചത്. ഇടത് വിദ്യാർഥി സംഘടനയായ ഐസ വിദ്യാഭ്യാസ മന്ത്രാലയത്തിലേക്കു പ്രതിഷേധ മാർച്ച് നടത്തി. അതേസമയം ക്രമക്കേട് ആരോപണത്തെത്തുടർന്ന് ഗ്രേസ് മാർക്ക് നൽകിയവരുടെ മാർക്ക് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ) പുനർമൂല്യനിർണയം നടത്തുകയാണെന്ന് ഉന്നത വൃത്തങ്ങൾ അറിയിച്ചു. ലഭ്യമായ വിവരം അനുസരിച്ച് പരീക്ഷയ്ക്കിടെ സമയനഷ്ടം ആരോപിച്ച് നൽകിയ 'ഗ്രേസ് മാർക്ക്' നീക്കം ചെയ്താൽ 67 ടോപ്പ് സ്കോറർമാരിൽ ആറ് പേരുടെയും മാർക്കിനെ ഇത് ബാധിക്കാൻ സാധ്യതയുണ്ട്. 1,563 പേരുടെ ഗ്രേസ് മാർക്ക് നൽകാനുള്ള തീരുമാനം റദ്ദാക്കിയതായി എൻ.ടി.എ സുപ്രീം കോടതിയെ അറിയിച്ചിരുന്നു.

## കുവൈത്ത് തീപിടിത്തം എട്ടുപേർ കസ്റ്റഡിയിൽ

കുവൈത്ത് സിറ്റി: 50 പേരുടെ മരണത്തിനിടയാക്കിയ കുവൈത്ത് മംഗെഫിലെ ബ്ലോക്ക് നാലിലുണ്ടായ തീപ്പിടിത്തവുമായി ബന്ധപ്പെട്ട് എട്ടുപേരെ കസ്റ്റഡിയിലെടുത്തു. ഇതിൽ മൂന്നുപേർ ഇന്ത്യക്കാരും ഒരാൾ കുവൈത്ത് സ്വദേശിയുമാണ്. മറ്റുനാലു പേർ ഈജിപ്റ്റ് സ്വദേശികളാണെന്ന് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. കോടതി നിർദേശ പ്രകാരമാണ് ഇവരെ കസ്റ്റഡിയിൽ എടുത്തത്. നരഹത്യ, ഗുരുതരമായ അശ്രദ്ധ എന്നീ കുറ്റങ്ങളാണ് ഇവർക്കെതിരെ കോടതി ചുമത്തിയിരിക്കുന്നത്. പിടികൂടിയവരെ രണ്ടാഴ്ചത്തേക്ക് കസ്റ്റഡിയിൽവെക്കാനാണ് കോടതി നിർദേശം.

## ബാരാമുള്ളയിൽ രണ്ട് ഭീകരരെ വധിച്ചു

ശ്രീനഗർ: ജമ്മു കശ്മീരിലെ ബാരമുള്ള ജില്ലയിലെ ഹാദിപോരയിലുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ഭീകരരെ വധിച്ചു. പൊലീസും സുരക്ഷാസേനയും നടത്തിയ തിരച്ചിൽ പിന്നീട് ഏറ്റുമുട്ടലിൽ കലാശിക്കുകയായിരുന്നു. ഏറ്റുമുട്ടലിൽ ഒരു പൊലീസുകാരന് പരിക്കേറ്റു. കൊല്ലപ്പെട്ടവരെ തിരിച്ചറിയാനായിട്ടില്ലെന്ന് അധികൃതർ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ശ്രീനഗർ സന്ദർശിക്കാനിരിക്കെയാണ് ഏറ്റുമുട്ടൽ നടന്നത്. കഴിഞ്ഞ രണ്ടാഴ്ചക്കിടെ കശ്മീരിൽ നിരവധി തവണ ഏറ്റുമുട്ടലുകൾ റിപ്പോർട്ട് ചെയ്തിരുന്നു. ജൂൺ മൂന്നിന് പുൽവാമയിൽ ഏറ്റുമുട്ടൽ നടന്ന് ഒരാഴ്ചയ്ക്കുള്ളിലാണ് രിയാസി ഭീകരാക്രമണമുണ്ടായത്. തീർത്ഥാടകർ സഞ്ചരിച്ച ബസിന് നേരെ ഭീകരർ വെടിയുതിർത്തതോടെ ബസ് കൊക്കയിലേക്ക് മറിഞ്ഞ് 9 പേർ കൊല്ലപ്പെട്ടു. രണ്ട് ദിവസത്തിന് ശേഷം കത്വയിലും ദോഡയിലും ഭീകരാക്രമണങ്ങളുണ്ടായി.

## 14 ഖാരിഫ് വിളകൾക്ക് മിനിമം താങ്ങുവില

ന്യൂഡൽഹി: 2024-25 സീസണിൽ 14 ഖാരിഫ് വിളകൾക്ക് (നെല്ല്, ചോളം, ബജ്റ, റാഗി, സോയാബീൻ, നിലക്കടല, പരുത്തി) മിനിമം താങ്ങുവില അനുവദിക്കുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. മന്ത്രിസഭാ യോഗത്തിന് ശേഷം കേന്ദ്ര വാർത്താവിനിമയ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവാണ് ഇക്കാര്യം അറിയിച്ചത്. നെല്ലിന്റെ പുതിയ താങ്ങുവില ക്വിന്റലിന് 2300 രൂപയാണ്. 117 രൂപയാണ് വർധിപ്പിച്ചത്. പുതിയ തീരുമാനം വഴി കർഷകർക്ക് രണ്ടുലക്ഷം കോടി രൂപ താങ്ങുവിലയായി ലഭിക്കുമെന്നാണ് കേന്ദ്രം പറയുന്നത്.

# ബോംബ് നിർമാണ പാർട്ടി

## സി.പി.എം ബോംബ് രാഷ്ട്രീയത്തിൽ സഭ വിട്ട് പ്രതിപക്ഷം

സ്വന്തം ലേഖകൻ
തിരുവനന്തപുരം

സി.പി.എം നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ബോംബ് രാഷ്ട്രീയത്തിന് അറുതിവരുത്തണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി. തലശേരി എരഞ്ഞോളിയിൽ കഴിഞ്ഞദിവസം സ്റ്റീൽ ബോംബ് സ്ഫോടനത്തിൽ വേലായുധനെന്നയാൾ മരിച്ചതുൾപ്പെടെ കണ്ണൂർ ജില്ലയിൽ ആവർത്തിച്ചുണ്ടാകുന്ന ബോംബ് സ്ഫോടനങ്ങളെക്കുറിച്ച് സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം വാക്കൗട്ട് ചെയ്തത്. ബോംബ് നിർമാണത്തിന് നേതൃത്വം നൽകുന്ന സി.പി.എം നടപടിയെ അടിയന്തര പ്രമേയ നോട്ടീസിലൂടെ പ്രതിപക്ഷം ശക്തമായി വിമർശിച്ചു. ബോംബ് സ്ഫോടനങ്ങളിലൂടെ മരിച്ച നിരപരാധികളുടെ കണക്കുകൾ പ്രമേയം അവതരിപ്പിച്ച സണ്ണി ജോസഫ് സഭയിൽ വിശദീകരിച്ചതോടെ ഭരണപക്ഷാംഗങ്ങൾ അസഹിഷ്ണുത പ്രകടിപ്പിച്ച് ബഹളം വെച്ചു.

കണ്ണൂരിൽ ആവർത്തിച്ചുണ്ടാകുന്ന ബോംബ് സ്ഫോടനങ്ങൾ സംസ്ഥാനത്തെ സമാധാന അന്തരീക്ഷം തകർക്കാനാണെന്നും ബോംബ് നിർമാണവും മറ്റും നടത്തുന്നവർക്കെതിരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിക്കുമെന്നുമായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. കണ്ണൂർ കുടക്കളം സ്വദേശി വേലായുധൻ വീടിനു സമീപത്തെ ആളൊഴിഞ്ഞ പറമ്പിൽനിന്നു കിട്ടിയ സ്റ്റീൽ വസ്തു പരിശോധിക്കുന്നതിനിടെ അത് പൊട്ടിത്തെറിച്ച് മരിച്ചത് ദൗർഭാഗ്യകരമായ സംഭവമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. തലശേരി പൊലീസ് അസ്വാഭാവിക മരണത്തിനു കേസെടുത്ത്, എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ആക്ട് പ്രകാരമുള്ള വകുപ്പുകൾ ഉൾക്കൊള്ളിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

കർശന നടപടിയെടുക്കാൻ ഡി.ജി.പിയോട് നിർദേശിച്ചുവെന്ന് പറയുന്ന മുഖ്യമന്ത്രി ഇതിനുമുമ്പുണ്ടായ ബോംബ് സ്ഫോടനങ്ങളിലെ പ്രതികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കണമെന്ന് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. ഏതെങ്കിലും ഒരു സംഭവത്തിലെങ്കിലും ബോംബ് എവിടെയാണ് നിർമിക്കപ്പെട്ടതെന്ന് അന്വേഷിച്ചിട്ടുണ്ടോയെന്നും സണ്ണി ജോസഫ് ചോദിച്ചു.

സി.പി.എമ്മിന്റെ നേതൃത്വത്തിലാണ് ബോംബ് നിർമാണം നടക്കുന്നത്. എരഞ്ഞോളിയിൽ ബോംബ് പൊട്ടിയ ശേഷം പൊലീസ് എത്തുന്നതിന് മുമ്പ് തെളിവു നശിപ്പിക്കാനുള്ള ശ്രമങ്ങളാണ് ആദ്യം നടന്നത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെയാണ് ഡി.വൈ.എഫ്.ഐ പ്രവർത്തകൻ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടത്. ബോംബുണ്ടാക്കുന്നതിനിടെ കൊല്ലപ്പെടുന്ന ക്രിമിനലുകളെ രക്തസാക്ഷികളായി പ്രഖ്യാപിച്ച് സ്മാരകം ഉണ്ടാക്കുകയാണ് സി.പി.എം. ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം ആർ.എം.പി, കോൺഗ്രസ്, വനിതാ ലീഗ് പ്രവർത്തകരുടെ വീടുകൾക്ക് നേരെ ബോംബേറുണ്ടായെന്നും സണ്ണി ജോസഫ് ചൂണ്ടിക്കാട്ടി.

വർഷങ്ങളായി തുടരുന്ന ബോംബ് സ്ഫോടനങ്ങളിൽ കുഞ്ഞുങ്ങളടക്കം നിരപരാധികളായ നിരവധി മനുഷ്യർ കൊല്ലപ്പെട്ടതിന്റെ കണക്കുകൾ സണ്ണി ജോസഫ് വിശദീകരിച്ചതോടെ ഭരണപക്ഷ അംഗങ്ങൾ ബഹളമുണ്ടാക്കി.

ഇതിനിടെ വിഷയത്തിൽ സ്പീക്കർ എ.എൻ ഷംസീറും ഇടപെട്ടു. 20 വർഷം മുമ്പുള്ള ചരിത്രം പറയുന്നതല്ല അടിയന്തര പ്രമേയ നോട്ടീസെന്നും അടിയന്തര പ്രാധാന്യമുള്ള വിഷയമുണ്ടെങ്കിൽ പറയാമെന്നും സ്പീക്കർ പറഞ്ഞു. സി.പി.എം പ്രവർത്തകർ ഉൾപ്പെട്ട ബോംബ് കേസുകൾ പറയുന്നത് കേൾക്കാനുള്ള അസഹിഷ്ണുത ഭരണപക്ഷ ബെഞ്ചിനില്ലെന്ന് സണ്ണി ജോസഫ് ആരോപിച്ചു.

ബോംബുണ്ടാക്കുന്നവർക്ക് ഫണ്ട് നൽകുകയും തെളിവ് നശിപ്പിക്കുകയും പ്രതികളെ കേസിൽ നിന്ന് ഒഴിവാക്കുകയും സ്ഫോടനത്തിൽ മരിക്കുന്നവരിലൂടെ രക്തസാക്ഷികളെ സൃഷ്ടിക്കുകയുമാണ് സി. പി.എം ചെയ്യുന്നതെന്ന് സണ്ണി ജോസഫ് പറഞ്ഞു. എരഞ്ഞോളി സംഭവത്തിലെ യഥാർത്ഥ പ്രതികളെ പിടികൂടണമെന്നും മരിച്ച വേലായുധന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നും സണ്ണി ജോസഫ് ആവശ്യപ്പെട്ടു.

കണ്ണൂരിലിപ്പോൾ ബോംബ് സ്ഫോടനമുണ്ടാകേണ്ട സാഹചര്യമില്ലെന്നും സമാധാന അന്തരീക്ഷമാണ് നിലനിൽക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

എല്ലാ ബോംബ് സ്ഫോടനങ്ങളിലും രാഷ്ട്രീയ നിറം ചാർത്തേണ്ടതില്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

### ബോംബ് നിർമിക്കുന്നവരെ ആദരിക്കുന്നത് സി.പി.എം അവസാനിപ്പിക്കണം: കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: കണ്ണൂരിലെ ബോംബ് സ്ഫോടനങ്ങൾ വാർത്ത പോലും അല്ലാതാകുന്ന സ്ഥിതിയായെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി. ഇതിന് എങ്ങനെ അറുതിവരുത്താമെന്ന് സർക്കാരാണ് ചിന്തിക്കേണ്ടതെന്നും നിയമസഭയിൽ നടത്തിയ വാക്കൗട്ട് പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.



ബോംബ് ഉണ്ടാക്കുന്നവരെയും ബോംബ് നിർമാണത്തിനിടെ കൊല്ലപ്പെടുന്നവരെയും സി.പി.എം നേതാക്കൾ എന്തിനാണ് ആദരിക്കുന്നത്. ബോംബ് ഉണ്ടാക്കുന്നതിനിടെ അത് പൊട്ടി മരിക്കുന്നവരെ പാർട്ടി ഏറ്റെടുക്കുകയും അവർക്ക് ആദരമർപ്പിക്കുകയും ചെയ്യുന്നത് എന്താണ്. ഈ പരിപാടി നിർത്താൻ സി.പി.എം തയാറാകണം. സി.പി.എമ്മിന്റെ ഉത്തരവാദിത്തപ്പെട്ട വലിയ നേതാക്കൾ തന്നെ പോയി അവരെ ആദരിക്കുന്നതാണ് ഇപ്പോൾ കണ്ടുവരുന്നത്. ഇങ്ങനെ പോയാൽ ബോംബ് സ്ഫോടനങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കും. ഇക്കാര്യത്തിൽ വ്യക്തമായൊരു വിശദീകരണം നൽകാൻ സർക്കാരിന് ബാധ്യതയുണ്ട്. സർക്കാർ അത് ചെയ്യാത്തതുകൊണ്ടാണ് പ്രതിപക്ഷം ഈ വിഷയം വീണ്ടും ഉന്നയിക്കുന്നതെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

### ബോംബ് നിർമിക്കുന്നത് പാർട്ടിക്കാർ

#### മിണ്ടാതിരിക്കുന്നത് ഭയംകൊണ്ട്; വെളിപ്പെടുത്തലുമായി യുവതി

തലശ്ശേരി: പാർട്ടിക്കാർ തന്നെയാണ് ഇവിടെ ബോംബ് നിർമിക്കുന്നത്... ഇതുവരെ മിണ്ടാതിരുന്നത് ഭയംകൊണ്ടാണ്, ഒടുവിൽ സഹികെട്ടാണ് എല്ലാം പറയേണ്ടിവന്നത്. കണ്ണൂരിൽ തലശ്ശേരി എരഞ്ഞോളി ബോംബ് സ്ഫോടനത്തിന് പിന്നാലെ പ്രദേശവാസിയായ യുവതിയാണ് ഈകാര്യങ്ങൾ വെളിപ്പെടുത്തിയത്. പ്രദേശത്ത് പതിവായി ബോംബ് നിർമാണം നടക്കുന്നതായും പലതവണ പറമ്പുകളിൽ നിന്ന് ബോംബ് കണ്ടെടുത്തിട്ടുണ്ടെന്നും അവർ പറഞ്ഞു. ഇന്നലെ ബോംബ് സ്ഫോടനത്തിൽ മരിച്ച വേലായുധന്റെ അയൽവാസി സീനയാണ് മാധ്യമങ്ങൾക്ക് മുന്നിലെത്തിയത്. പേടിച്ചിട്ടാണ് ആരും മിണ്ടാത്തത്. സഹികെട്ടാണ് ഇപ്പോൾ തുറന്നുപറയുന്നതെന്നു അവർ മാധ്യമങ്ങളോട് പറഞ്ഞു. പാർട്ടിക്കാർ ഇതിന് മുമ്പും പലതവണ ബോംബ് എടുത്തുകൊണ്ടുപോയിട്ടുണ്ട്. ആളൊഴിഞ്ഞ വീടുകളെല്ലാം ഇവരുടെ താവളമാണ്. മിണ്ടിയാൽ അവരുടെ വീടുകളിൽ ബോംബ് എറിയും. പിന്നെ ജീവിക്കാൻ അനുവദിക്കില്ല. ഞങ്ങൾ സാധാരണക്കാരാണ്. ഞങ്ങൾക്ക് ജീവിക്കണം. ഇന്നലെ മരിച്ചത് ഒരു സാധാരണക്കാരനാണ്. ഭയമില്ലാതെ ജീവിക്കണം. ഞങ്ങളുടെ കുട്ടികൾക്ക് പറമ്പിലൂടെ കളിച്ച് നടക്കാൻ കഴിയണമെന്നും സീന പറഞ്ഞു.

## യു.പിയിൽ മോഷ്ടാവെന്നാരോപിച്ച് മുസ്‌ലിം യുവാവിനെ തല്ലിക്കൊന്നു: നാല് പേർ അറസ്റ്റിൽ

ലഖ്നൗ: യു.പിയിൽ മോഷ്ടാവെന്നാരോപിച്ച് മുസ്‌ലിം യുവാവിനെ ആൾക്കൂട്ടം തല്ലിക്കൊന്നു. ഉത്തർപ്രദേശില അലിഗഢ് മാമഭഞ്ച മേഖലയിൽ ചൊവ്വാഴ്ച രാത്രിയായിരുന്നു സംഭവം. 35കാരനായ മുഹമ്മദ് ഫരീദ് എന്ന ഔറംഗസേബാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ കൊലക്കേസ് ചുമത്തി കേസെടുത്ത പൊലീസ് നാല് പേരെ അറസ്റ്റ് ചെയ്തതായും മൂന്ന് പേർക്കായുള്ള അന്വേഷണം ഊർജിതമാക്കിയതായും അറിയിച്ചു. എന്നാൽ അറസ്റ്റിലായവരുടെ പേരുവിവരങ്ങൾ പുറത്തുവിടാൻ പൊലീസ് തയാറായില്ല.

പ്രദേശത്തെ തുണി വ്യാപാരിയായ മുകേഷ് ചന്ദ് മിത്തലിന്റെ വീടിനടുത്തു നിന്നും ഓടിവരികയായിരുന്നു ഫരീദ്. ഇത് മിത്തലിന്റെ മകൻ രോഹിത് കാണുകയും തടഞ്ഞു നിർത്തി ചോദ്യം ചെയ്യുകയും ചെയ്തു. തുടർന്ന് മോഷ്ടാവാണെന്ന് സംശയിച്ച് ബന്ധുക്കളെയും നാട്ടുകാരെയും വിളിച്ചുകൂട്ടി. തുടർന്ന് വടികളും കമ്പികളും കൊണ്ട് കൂട്ടം ചേർന്ന് മർദിക്കുകയായിരുന്നു. പ്രതികൾ ഫരീദിന്റെ മുഖത്ത് ചവിട്ടുകയും ഇടിക്കുകയും ചെയ്തു. ക്രൂരമർദനത്തിന് ശേഷം ഇയാളെ റോഡിലേക്ക് തള്ളിയിടുകയും ചെയ്തു. സംഭവത്തിന്റെ വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ഇതുകണ്ട് സ്ഥലത്തെത്തിയ ഒരു പൊലീസുകാരൻ ഗുരുതരമായ പരിക്കേറ്റ് അബോധാവസ്ഥയിൽ കിടന്ന ഫരീദിനെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. നാല് പേരെ ഞങ്ങൾ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ലഭ്യമായ വീഡിയോ ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ സംഭവത്തിൽ ഉൾപ്പെട്ട മറ്റുള്ളവരെ തിരിച്ചറിയാൻ ശ്രമിക്കുകയാണ്. ആരെയും ഒഴിവാക്കില്ല അലിഗഢ് സിറ്റി എസ്പി മൃഗാങ്ക് ശേഖർ പഥക് പറഞ്ഞു. അതേസമയം, ഫരീദിന്റെ മരണത്തിൽ വലിയ പ്രതിഷേധമാണ് ഉയർന്നത്. എല്ലാ കുറ്റവാളികളെയും ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമാജ്‌വാദി പാർട്ടിയും ബിഎസ്പിയും പ്രദേശത്ത് ഉപരോധം നടത്തി. എസ്.പി അലിഗഢ് യൂണിറ്റ് അധ്യക്ഷൻ അബ്ദുൽ ഹമീദ്, നേതാവ് അജ്ജു ഇഷ്ഖ്, ബിഎസ്പി നേതാവ് സൽമാൻ ഷാഫിദ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം.

## തോൽപിച്ചത് പിണറായിയും സർക്കാരും

### തെറ്റ് തിരുത്തൽ രേഖ പാതിവഴിയിൽ സി.പി.എം നേതാക്കൾ രണ്ടുതട്ടിൽ

തിരുവനന്തപുരം: തോൽവി പരിശോധിക്കാൻ ചേർന്ന സി.പി.എം നേതൃയോഗത്തിൽ സർക്കാരിന് പൂജ്യം മാർക്കിട്ട് പ്രതിനിധികൾ. സർക്കാർ ജനങ്ങളുടെ മാത്രമല്ല പാർട്ടിയുടെയും പ്രതീക്ഷക്കൊത്ത് ഉയരുന്നില്ലെന്ന പൊതു വിലയിരുത്തലാണ് യോഗത്തിലുണ്ടായത്. വിമർശനങ്ങൾ ചൂണ്ടിക്കാട്ടിയാലും തിരുത്താൻ നേതാക്കളടക്കമുള്ളവർ തയാറാകുന്നില്ലെന്ന് സി.പി.എം സംസ്ഥാന സമിതി യോഗത്തിൽ വിമർശനമുണ്ടായി. സർക്കാരിനെതിരെ മാത്രമല്ല, പാർട്ടി നേതൃത്വത്തിലെ പ്രമുഖർക്കെതിരെയും രൂക്ഷ വിമർശനമുയർന്നതോടെ സി.പി.എമ്മിനുള്ളിലെ ചർച്ച പരസ്പരം പഴിചാരലിന്റെ വക്കോളമെത്തി. തോൽവിയുടെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ സർക്കാരിന്റെ തലവൻ എന്ന നിലയിൽ പിണറായി വിജയനോ, പാർട്ടി സെക്രട്ടറി എന്ന നിലയിൽ എം.വി ഗോവിന്ദനോ തയാറല്ല. മുൻ കാലങ്ങളിൽ തെറ്റുതിരുത്തൽ രേഖകൾക്ക് സംസ്ഥാന ഘടകം അംഗീകാരം നൽകുകയായിരുന്നു പതിവ്. എന്നാൽ ഇത്തവണ തെറ്റുതിരുത്തൽ രേഖ പാതിവഴിക്ക് ഉപേക്ഷിച്ച മട്ടാണ്. ചില ജില്ലകളിൽ തെറ്റുതിരുത്തൽ രേഖ നടപ്പിലാക്കാൻ ചെന്ന പാർട്ടി സംസ്ഥാന സെക്രട്ടറിക്ക് രേഖ ബാഗിൽ നിന്നു പുറത്തെടുക്കാൻ പോലും കഴിഞ്ഞില്ലെന്നും നേതാക്കൾ സംസ്ഥാന സമിതിയിൽ പറഞ്ഞു.

സർക്കാരിന്റെ പ്രവർത്തനം പാർട്ടി സമഗ്രമായി വിലയിരുത്തണം. പാർട്ടി കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ മന്ത്രിമാർക്കു വലിയ പണിയില്ലെന്ന ആക്ഷേപമുണ്ട്. ആരോഗ്യവകുപ്പിൽ ബാഹ്യശക്തികളാണ് ഭരിക്കുന്നതെന്ന വിമർശനം നേരത്തേയുണ്ടായിരുന്നു. ഇക്കാര്യം പലതവണ സൂചിപ്പിച്ചിട്ടും അന്വേഷിക്കാൻ പോലും ബന്ധപ്പെട്ടവർ തയാറായില്ലെന്നും സംസ്ഥാന സമിതി യോഗത്തിൽ വിമർശനമുയർന്നു.

നേതാക്കൾ ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെല്ലണം. അവരുടെ പ്രശ്നങ്ങൾ കേൾക്കണം. പരിഹരിക്കാൻ ശ്രമിക്കണം. ജില്ലാ നേതാക്കൾ പോലും അഴിമതി കേസുകളിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നു. നേതാക്കളുടെ സംരക്ഷണം ലഭിക്കുന്നതു കൊണ്ടാണു ഇവർ കൂടുതൽ തെറ്റുകളിലേക്കു പോകുന്നതെന്നും യോഗത്തിൽ നേതാക്കൾ പറഞ്ഞു. സർക്കാരുമായി ബന്ധപ്പെട്ട വിമർശനങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി. ഇന്നും സംസ്ഥാന സമിതി യോഗം തുടരും.

## വിമാന യാത്രാ നിരക്ക് വർധന നിവേദനം നൽകി

ദുബൈ: വിമാനയാത്രാ നിരക്ക് വർധനയിൽ ഇടപെടണമെന്നാവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ, കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡുവിന് നിവേദനം നൽകി. യാത്രാ സീസണനുസരിച്ച് ടിക്കറ്റ് നിരക്കിൽ മാറ്റമുണ്ടാകുമെന്നും സർക്കാറിന് ഒന്നും ചെയ്യാനില്ലെന്നുമുള്ള നിലപാടിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.




### കറൻസി മൂല്യം

- 1 യു.എ.ഇ ദിർഹം 22.71 ₹
- 1 ഒമാനി റിയാൽ 216.73 ₹
- 1 സൗദി റിയാൽ 22.24 ₹
- 1 ഖത്തർ റിയാൽ 22.86 ₹
- 1 കുവൈറ്റ് ദിനാർ 272.11 ₹
- 1 ബഹ്റൈൻ ദിനാർ 221.36 ₹

### സ്വർണവില

(ഗ്രാമിന്-ദിർഹം)

- 24 കാരറ്റ് 282.00
- 22 കാരറ്റ് 261.25
- 21 കാരറ്റ് 252.75
- 18 കാരറ്റ് 216.75



ഗൾഫ് വാർത്തകൾ


SHORT NEWS

## കുവൈത്തിൽ താപനില ഉയരുന്നു



കുവൈത്ത് സിറ്റി: കുവൈത്തിൽ താപനില ഉയരുന്നു. വിവിധയിടങ്ങളിൽ ഉയർന്ന താപനില രേഖപ്പെടുത്തി. ഇന്നലെ ജഹ്റയിൽ 52 ഡിഗ്രി സെൽഷ്യസ് ചൂട് രേഖപ്പെടുത്തിയതായി കാലാവസ്ഥാ വിദഗ്ധർ വ്യക്തമാക്കി. ദീർഘനേരം സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കാനും ജലാംശം നിലനിർത്താനും അധികൃതർ നിർദേശിച്ചു.

## ആഡംബര വസ്തുക്കൾ പിടികൂടി



കുവൈത്ത് സിറ്റി: കുവൈത്തിൽ ആറ് ലക്ഷം വ്യാജ ബ്രാൻഡഡ് ആഡംബര വസ്തുക്കൾ പിടികൂടി. ഫർവാനിയയിലെ വെയർഹൗസിൽ നിന്നാണ് 10 ദശലക്ഷം ദിനാർ മൂല്യമുള്ള വസ്തുക്കൾ കണ്ടുകെട്ടിയത്. വാണിജ്യ വ്യവസായ മന്ത്രാലയം, സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻസ് അഫയേഴ്സ് മന്ത്രാലയവുമായി സഹകരിച്ചാണ് നടപടി സ്വീകരിച്ചത്.

## വാഹനങ്ങൾ തിരിച്ചെടുക്കണം



ഷാർജ: നിയമലംഘനം നടത്തി പിടികൂടിയ വാഹനങ്ങൾ ഉടൻ തിരിച്ചെടുക്കണമെന്ന് ഷാർജ മുനിസിപ്പാലിറ്റി ഉടമസ്ഥർക്ക് മുന്നറിയിപ്പ് നൽകി. പിടികൂടി ആറ് മാസം പിന്നിട്ടിട്ടും തുടർ നടപടികൾ സ്വീകരിക്കാത്ത വാഹന ഉടമകൾക്കാണ് മുനിസിപ്പാലിറ്റി അറിയിപ്പ് നൽകിയത്. നാല് ദിവസത്തിനകം വാഹനങ്ങൾ തിരിച്ചെടുക്കാത്ത പക്ഷം ലേലത്തിന് നൽകുമെന്നും അധികൃതർ വ്യക്തമാക്കി.

## വേഗത പാലിക്കണം

ദുബൈ: യുഎഇയിലെ വിവിധ എമിറേറ്റുകളിൽ നടപ്പാക്കിയിട്ടുള്ള വാഹനങ്ങളുടെ വേഗതാ പരിധി കൃത്യമായി പാലിക്കണമെന്ന് അധികൃതരുടെ നിർദേശം. ഷാർജ-ദുബൈ റോഡിൽ പുതിയ വേഗത പരിധി നടപ്പാക്കിയ ശേഷമാണ് ഈ മുന്നറിയിപ്പ്. നിയമം ലംഘിക്കുന്നവർക്ക് 600 ദിർഹം വരെ പിഴ ലഭിക്കും.

# വിനോദ സഞ്ചാര വികസനത്തിന് എമിറേറ്റ്സ് പ്രധാന പങ്കുവഹിച്ചു –ശൈഖ് മുഹമ്മദ്

ദുബൈ: ആഗോള രംഗത്ത് ദുബൈ മികച്ച വിനോദസഞ്ചാര കേന്ദ്രമായി വളർന്നുവെന്നും ഈ മുൻനിര ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് എമിറേറ്റ് എയർലൈൻ പ്രധാന പങ്കുവഹിച്ചതായും യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പറഞ്ഞു. എമിറേറ്റ്സ് എയർലൈനിന്റെയും ഗ്രൂപ്പിന്റെയും മുതിർന്ന ഉദ്യോഗസ്ഥരുമായി ദുബൈ യൂണിയൻ ഹൗസിൽ കൂടിക്കാഴ്ച നടത്തിയപ്പോഴാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ദുബൈ ഫസ്റ്റ് ഡെപ്യൂട്ടി ഭരണാധികാരിയും ഉപപ്രധാനമന്ത്രിയും ധനകാര്യ മന്ത്രിയുമായ ശൈഖ് മക്തൂം ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം, ദുബൈ സിവിൽ ഏവിയേഷൻ അതോറിറ്റി പ്രസിഡന്റും ചെയർമാനുമായ ശൈഖ് അഹമ്മദ് ബിൻ സയീദ് അൽ മക്തൂം എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു കൂടിക്കാഴ്ച. ഒരു പ്രമുഖ ആഗോള എയർലൈൻ എന്ന നിലയിലും അന്താരാഷ്ട്ര വ്യോമയാന വ്യവസായത്തിലെ മികവിനുള്ള മികച്ച മാതൃക എന്ന നിലയിലും അതിന്റെ നേട്ടങ്ങളെ ശൈഖ് മുഹമ്മദ് അഭിനന്ദിച്ചു.

ഒരു ആഗോള ബിസിനസ്സ് ഹബ്ബായും നിക്ഷേപത്തിനും വിനോദസഞ്ചാരത്തിനുമുള്ള ദുബൈയുടെ പദവി ഏകീകരിക്കുന്നതിൽ എയർലൈനിന്റെ പ്രധാന പങ്ക് എടുത്തു പറഞ്ഞു. ദുബൈയുടെ സാമ്പത്തിക ശൃംഖലകൾ വികസിപ്പിക്കുന്നതിന് എയർ ട്രാൻസ്പോർട്ട് വ്യവസായത്തിലെ ഗണ്യമായ കഴിവുകൾ പ്രയോജനപ്പെടുത്തി, അതുവഴി 2033 ഓടെ എമിറേറ്റിന്റെ വിദേശ വ്യാപാര വളർച്ച ഇരട്ടിയാക്കുകയുമുണ്ടായി.

എമിറേറ്റ്സിന്റെ ഭാവി പദ്ധതികളെക്കുറിച്ചും നിലവിലുള്ള വിമാനങ്ങൾ നവീകരിക്കുക, ഹോസ്പിറ്റാലിറ്റി, ചരക്ക്, ഗ്രൗണ്ട് ഹാൻഡ്ലിംഗ് എന്നിവയിലെ സംവിധാനങ്ങൾ വർധിപ്പിക്കുക, നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക തുടങ്ങിയ പ്രധാന സംരംഭങ്ങളെ കുറിച്ച് ശൈഖ് അഹമ്മദ് ബിൻ സയീദ് ശൈഖ് മുഹമ്മദ് ബിൻ റാഷിദിനെ അറിയിച്ചു. ലാഭത്തിലും വരുമാനത്തിലും പുതിയ റെക്കോർഡുകൾ സ്ഥാപിച്ചത് ഉൾപ്പെടുന്ന ഗ്രൂപ്പിന്റെ സമീപകാല നേട്ടങ്ങളെക്കുറിച്ച് എമിറേറ്റ്സ് എയർലൈൻ പ്രസിഡന്റ് സർ ടിം ക്ലാർക്ക് ശൈഖ് മുഹമ്മദിനെ ധരിപ്പിച്ചു. ദുബൈയിയുടെ സാമ്പത്തിക വളർച്ചക്ക് എമിറേറ്റ്സിന്റെ പങ്കിലും പ്രതിബദ്ധതയിലും ശൈഖ് മുഹമ്മദ് ആത്മവിശ്വാസം പ്രകടിപ്പിച്ചു.




*യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം എമിറേറ്റ്സ് എയർലൈനിന്റെയും ഗ്രൂപ്പിന്റെയും മുതിർന്ന ഉദ്യോഗസ്ഥരുമായി ദുബൈ യൂണിയൻ ഹൗസിൽ കൂടിക്കാഴ്ച നടത്തിയപ്പോൾ. ശൈഖ് മക്തൂം ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം,ശൈഖ് അഹമ്മദ് ബിൻ സയീദ് അൽ മക്തൂം തുടങ്ങിയവർ സമീപം*

## റേഡിയേഷനില്ലാതെ സ്തനാർബുദ പരിശോധനക്ക് നൂതന സംവിധാനം

അബുദാബി: കുറഞ്ഞ റേഡിയേഷനിൽ സ്തനാർബുദ പരിശോധന വേഗത്തിൽ സാധ്യമാക്കുന്ന നൂതന സാങ്കേതിക സംവിധാനം യുഎഇയിൽ നടപ്പാക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിന്തുണയോടെയുള്ള ഒരു നൂതന സ്തനാർബുദ പരിശോധന സാധാരണ മാമോഗ്രാമുകളുടെ റേഡിയേഷൻ എക്സ്പോഷർ കൂടാതെ 10 മിനിറ്റിനുള്ളിൽ ഫലം നൽകുമെന്നാണ് കമ്പനി വാഗ്ദാനം നൽകുന്നത്.

ഏറ്റവും നൂതനമായ ഈ യന്ത്രങ്ങൾ സ്തനങ്ങളുടെ ഉയർന്ന നിലവാരമുള്ള എക്സ്റേ ചിത്രങ്ങൾ ലഭിക്കുന്നതിന് കുറഞ്ഞ റേഡിയേഷൻ ഡോസുകൾ ഉപയോഗിക്കുന്നു. ഒരു പോളിഷ് ടെക് കമ്പനിയാണ് എക്സ്പോഷർ ഇല്ലാതാക്കുന്ന ഒരു ടെസ്റ്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ക്ലിനിക്കൽ ട്രയൽ ഘട്ടത്തിൽ ഇത് വിജയകരമായി. അത് കൂടുതൽ പോർട്ടബിളും കൂടുതൽ സുഖപ്രദമായ സ്ക്രീനിംഗ് അനുഭവവും നൽകുന്നു. സ്തനാർബുദം ജീവൻ അപകടപ്പെടുത്തുന്ന രോഗമല്ലാതാക്കുകയാണ് ലക്ഷ്യമെന്ന്

ഐലിസ് കമ്പനി വക്താവ് മൈക്കൽ മാറ്റൂസ്കി പറഞ്ഞു. പുതിയ സാങ്കേതിക വിദ്യ കൂടുതൽ സ്ത്രീകളെ പരിശോധിക്കാൻ പ്രേരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് ബ്രെസ്റ്റ് കംപ്രഷൻ ഒഴിവാക്കുകയും ഉത്കണ്ഠ ലഘൂകരിക്കാൻ ശാന്തമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നു. പാരാമെട്രിക് ഇമേജിംഗ് ഉപയോഗിച്ചുള്ള എയ്‌ലിസ് സിസ്റ്റം ശരീരത്തിന്റെ ഉപരിതലത്തെ താപ പ്രവർത്തനം പരിശോധിക്കുന്നു, ഇത് ട്യൂമറിന്റെ സാന്നിധ്യം അറിയാൻ എളുപ്പത്തിൽ കഴിയും. സ്തനാർബുദം ജീവൻ അപകടപ്പെടുത്തുന്ന രോഗമല്ല. പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തിയാൽ സുഖപ്പെടുത്തൽ സാധ്യത നിലവിൽ 99 ശതമാനം വരെയാണ്. ഈ അത്യാധുനിക ഉപകരണം വിപണിയിൽ അവതരിപ്പിക്കുന്നതിലൂടെ സ്തനപരിശോധനയ്ക്കും ഉടനടിയുള്ള ഫലങ്ങൾക്കും ഒരു പുതിയ മാതൃക സൃഷ്ടിക്കുകയാണെന്നും മൈക്കൽ വ്യക്തമാക്കി. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 2050ൽ സ്തനാർബുദ കാൻസർ 77 ശതമാനം ഉയരുമെന്നാണ്. 2011 ന് ശേഷം ലോകത്ത് സ്തനാർബുദ രോഗികളുടെ എണ്ണം കൂടിവരികയാണ്. സമാനമായ ആർട്ടിഫിഷ്യൽ സാങ്കേതികത യുകെയിലും യുഎസിലും വിജയകരമായി പരീക്ഷിച്ചിരുന്നു. മികച്ച ടെക്നീഷ്യന്റെ സേവനം ഇതിന് ആവശ്യമാണ്. വളരെ വേഗത്തിലും റേഡിയേഷൻ കുറച്ചും പരിശോധന സാധ്യമാകുമെന്നതാണ് ഇതിന്റെ പ്രത്യേകത.




### ഗസ്സയിൽ കൊല്ലപ്പെട്ടത് ലക്ഷത്തിലധികം

## കൂടാതെ പലായനവും –യുഎൻ ഹൈകമ്മീഷണർ



*വോൾക്കർ ടർക്ക്*

ഗസ്സ: ഇസ്രാഈൽ ഫലസ്തീനിൽ നടത്തുന്ന ആക്രമണം ഗുരുതരമായ അവസ്ഥയിലേക്ക് നീങ്ങുകയാണെന്ന് യുഎൻ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക് പറഞ്ഞു. ഇസ്രാഈലും മറ്റു കക്ഷികളും അന്താരാഷ്ട്ര മനുഷ്യാവകാശങ്ങളെയും മാനുഷിക നിയമങ്ങളെയും അവഗണിക്കുന്നതിൽ വോൾക്കർ ടർക്ക് ആശങ്ക പ്രകടിപ്പിച്ചു. ജൂലൈ 12 വരെ നടക്കുന്ന മനുഷ്യാവകാശ കൗൺസിലിന്റെ അൻപത്തിയാറാമത് റെഗുലർ സെഷനിൽ ആഗോളതലത്തിൽ മനുഷ്യാവകാശങ്ങളുടെ സ്ഥിതിയെക്കുറിച്ചുള്ള തന്റെ ആഗോള അപ്ഡേറ്റ് അവതരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഈ പ്രസ്താവന നടത്തിയത്.

ഗസ്സയിലെ 120,000ത്തിലധികം ആളുകൾ, സ്ത്രീകളും കുട്ടികളും ഉൾപ്പെടെ, ഒക്ടോബർ 7 മുതൽ, ഇസ്രായേലിന്റെ തീവ്രമായ ആക്രമണത്തിന്റെ ഫലമായി കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ട്. ഏകദേശം ഒരു ദശലക്ഷത്തോളം പലസ്തീനികൾ നിർബന്ധിതമായി പലായനം ചെയ്യപ്പെട്ടു. അതേസമയം സഹായ വിതരണവും മാനുഷിക പ്രവേശനവും കൂടുതൽ വഷളായതായും അദ്ദേഹം വ്യക്തമാക്കി.

### ഫത്‌വ കൗൺസിൽ പ്രഖ്യാപിച്ച് യുഎഇ പ്രസിഡന്റ്

## അബുദുല്ല ബിൻ ബയ്യ ചെയർമാൻ

അബുദാബി: യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽനഹ്യാൻ രാജ്യത്തിന്റെ ഫത്‌വ കൗൺസിൽ ചെയർമാനായി അബ്ദുല്ല ബിൻ ബയ്യയെ നിയമിച്ച് ഫെഡറൽ ഉത്തരവ് പുറപ്പെടുവിച്ചു. ഡോ. ഒമർ ഹബ്‌തൂർ അൽ ദാരെ (വൈസ് ചെയർമാൻ), ഡോ. ഖലീഫ മുബാറക് അൽ ദഹേരി, ഡോ. അഹമ്മദ് അബ്ദുൽ അസീസ് അൽ ഹദ്ദാദ്, ജമാൽ സലേം അൽ തുറൈഫി, ഡോ. ഇബ്രാഹിം ഉബൈദ് അലി അൽ അലി, അബ്ദുൽ റഹ്മാൻ അലി ഹുമൈദ് അൽ ഷംസി, ഡോ. അഹമ്മദ് ഇബ്രാഹിം അൽതുനൈജി, ഡോ. ഫത്മ അൽദഹ്മാനി എന്നിവരാണ് മറ്റു അംഗങ്ങൾ. യുഎഇയിൽ ഫത്‌വ പുറപ്പെടുവിക്കുന്നതിനുള്ള ഔദ്യോഗിക അതോറിറ്റിയാണ് യുഎഇ കൗൺസിൽ ഫോർ ഫത്വ. യുഎഇയിലെ ഫത്‌വകളുമായി ബന്ധപ്പെട്ട സമീപനങ്ങളും നയങ്ങളും നിയമനിർമ്മാണവും വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ദർശനങ്ങളും ലക്ഷ്യങ്ങളും ഏകീകരിക്കാൻ ഇത് ലക്ഷ്യമിടുന്നു. വിവിധ വിഷയങ്ങളിൽ പൊതുവായതും അടിയന്തിരവും പുതിയതുമായ ഫത്‌വകൾ പുറപ്പെടുവിക്കുക, ഫത്‌വകളുടെ വിവിധ മേഖലകളിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്തുക, പ്രസക്തമായ നിയമനിർമ്മാണങ്ങളെക്കുറിച്ച് നിയമപരമായ അഭിപ്രായങ്ങൾ നൽകൽ, ഫത്‌വകൾ നൽകുന്ന രീതിക്ക് ലൈസൻസ് നൽകൽ, മുഫ്തികളുടെ കഴിവുകൾ പരിശീലിപ്പിക്കൽ, വികസിപ്പിക്കൽ എന്നിവ കൗൺസിലിന്റെ ഉത്തരവാദിത്തമാണ്.



*അബ്ദുല്ല ബിൻ ബയ്യ*



### ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ്

## റമഫോസയെ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് അഭിനന്ദിച്ചു



*സിറിൽ റമഫോസ*

അബുദാബി: രണ്ടാം തവണയും ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സിറിൽ റമഫോസയെ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ അഭിനന്ദിച്ചു.

വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമും വൈസ് പ്രസിഡന്റും ഉപപ്രധാനമന്ത്രിയും പ്രസിഡൻഷ്യൽ കോടതി ചെയർമാനുമായ ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാനും സിറിൽ റമഫോസയെ അഭിനന്ദനമറിയിച്ചു.

## തബഷീർ അൽ റുതബ്: ഇമാറാത്തിന്റെ ഈത്തപ്പഴ വിളവെടുപ്പ് ഉത്സവം

അബുദാബി: ഇമാറാത്തിൽ ഈത്തപ്പഴ വിളവെടുപ്പിന് തുടക്കം കുറിക്കുന്നു. വേനൽക്കാലം ആരംഭിക്കുമ്പോൾ തബഷീർ അൽറുതബ് എന്നറിയപ്പെടുന്ന വിളവെടുപ്പ് കാലം ഇമാറാത്തികളുടെ പൈതൃക ഉത്സവം കൂടിയാണ്. ഒരുകാലത്ത് മരുനിവാസികളുടെ പ്രധാന ഭക്ഷണമായിരുന്നു ഈത്തപ്പഴം. ഇന്നും ആ പാരമ്പര്യം കൈവിടാതെ കാത്തുസൂക്ഷിക്കുന്നു. നമ്മുടെ നാട്ടിലെ കന്നിക്കൊയ്ത്ത് പോലെയാണ് ഈ വിളവെടുപ്പ് കാലം. യുഎഇ ജനതയും ഈന്തപ്പനയും തമ്മിലുള്ള മുറിച്ചുമാറ്റാൻ കഴിയാത്ത ബന്ധത്തിന്റെ ഗൃഹാതുരമായ ഓർമ്മകൾ അയവിറക്കുന്ന നിമിഷങ്ങളാണിത്. പൂർവ്വികരുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത അടയാളമാണ് ഈന്തപ്പഴം. പൂർവ്വപിതാക്കളുടെ ആദരവിന്റെ ചരിത്രവും പാരമ്പര്യവും പുതിയ തലമുറയും വിടാതെ പിന്തുടരുന്നു.

പ്രാദേശിക ഫാമുകളിൽ നിന്ന് ആദ്യ വിളവെടുപ്പ് എത്തുന്നതോടെ വിപണി സജീവമാവും. ജൂൺ ആദ്യം ഈന്തപ്പഴ പ്രേമികൾ എല്ലായിടത്തും എത്തും. അൽനാഗൽ, അൽഖത്രി തുടങ്ങിയവയാണ് ആദ്യകാല വിളവെടുപ്പ് ഇനങ്ങൾ. അടുത്ത ഘട്ടത്തിൽ അൽഖ്നിസി, അൽഖലാസ്, അൽജാബ്രി തുടങ്ങിയ ഇനങ്ങൾ എത്തിതുടങ്ങും. ആഗസ്തിൽ അൽഖസബ്, അൽഹിലാലി എന്നീ ഇനങ്ങളിൽ എത്തുന്നതോടെ സീസൺ അവസാനിക്കും. മുൻകാലങ്ങളിൽ വിളവെടുപ്പ് കഴിയുന്നതോടെ ഒരു വർഷത്തെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നു. യുഎഇ സമൂഹത്തിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ഈന്തപ്പഴം ഇപ്പോഴും പ്രത്യേക സ്ഥാനം വഹിക്കുന്നു. കാരണം ഇത് ഇമാറാത്തി ആചാരങ്ങളുമായും രാജ്യത്തിന്റെ തനതായ ഭക്ഷണ സംസ്കാരവുമായി ഇഴചേർന്നിരിക്കുന്നു.

ഈന്തപ്പഴങ്ങൾ മാത്രമല്ല, ആദ്യകാലങ്ങളിൽ അതിന്റെ തണ്ടും ഓലയും മറ്റും വീട്ടാവശ്യത്തിന് ഉപയോഗിച്ചിരുന്നു. ഇമാറാത്തി പൈതൃകത്തിലും കൂട്ടായ ഓർമ്മയിലും അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, ഈന്തപ്പനകൾ നട്ടുവളർത്തുക, ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക, പഠനങ്ങൾ നടത്തുക, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവബോധം പ്രചരിപ്പിക്കുന്നതിനുമായി ഉത്സവങ്ങളും അവാർഡുകളും സംഘടിപ്പിക്കുന്നതിലും സർക്കാർ വകുപ്പുകൾ ശ്രദ്ധ ചെലുത്താറുണ്ട്. യുഎഇയുടെ സ്ഥാപക പിതാവ് ശൈഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ കാഴ്ചപ്പാടുമായി യോജിച്ച പദ്ധതികളാണിത്.

വിളവെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ വർഷവും ലിവയിൽ വലിയ ഉത്സവം സംഘടിപ്പിച്ചു വരുന്നു. അൽനഹ്യാൻ കുടുംബത്തിന്റെ പൈതൃക പ്രദേശമാണ് ലിവ. ഉത്സവത്തിന്റെ 20മത് എഡിഷൻ ജൂലൈ 15 മുതൽ 28 വരെ നടക്കും. വൈസ് പ്രസിഡന്റും ഉപപ്രധാനമന്ത്രിയും ചെയർമാനുമായ ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാന്റെ രക്ഷാകർതൃത്വത്തിൽ അബുദാബി ഹെറിറ്റേജ് അതോറിറ്റിയാണ് സംഘടിപ്പിക്കുന്നത്



### കെട്ടിട നിയമ ലംഘനം
## കുവൈത്തിൽ കർശന നടപടി



കുവൈത്ത് സിറ്റി: കെട്ടിട നിയമ ലംഘനങ്ങൾക്കെതിരെ കുവൈത്തിൽ കർശന നടപടി. കഴിഞ്ഞ ദിവസം തീപിടിത്തത്തിൽ 49 പേർ മരിക്കാനിടയായ സാഹചര്യത്തിലാണിത്. നിയമലംഘനം നടത്തിയ എല്ലാ കെട്ടിടങ്ങളും പൊളിച്ചു നീക്കാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. നിയമലംഘനം തുടരുന്നവർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്നും അധികൃതർ വ്യക്തമാക്കി.

## ദുബൈ രാത്രികാല മനോഹര നഗരം



ദുബൈ: രാത്രികാലങ്ങളിൽ വർണ വെളിച്ചം തൂകി നിൽക്കുന്ന മനോഹര നഗരപട്ടികയിൽ ദുബൈ മുന്നിൽ. ഇൻസ്റ്റഗ്രാമിൽ ഫ്ലഊയമശമമിശേഴവ എന്ന ഹാഷ്ടാഗ് ഉപയോഗിച്ച് 27,000 പോസ്റ്റുകൾ ദുബൈയെ രാത്രിയിൽ മികച്ച നഗരമായി റാങ്ക് ചെയ്തു. 100ൽ 86.3 സ്കോർ നേടിയാണ് ദുബൈ പട്ടികയിൽ മുന്നിലെത്തിയത്. മസ്കത്ത് രണ്ടാം സ്ഥാനത്തും അബുദാബി ഒൻപതാം സ്ഥാനവും നേടി.

## സന്ദർശക വിസക്കാർക്ക് വീണ്ടും എയർലൈനുകളുടെ മാർഗനിർദേശം



ദുബൈ: ഇന്ത്യയിൽ നിന്ന് യുഎഇയിലേക്ക് സന്ദർശക വിസയിൽ വരുന്നവർക്ക് വീണ്ടും മാർഗനിർദേശങ്ങളുമായി ഇന്ത്യൻ എയർലൈനുകൾ രംഗത്ത്. യു സന്ദർശക വീസക്കാർ ആവശ്യമായ രേഖകൾ കരുതണമെന്ന് ഇന്ത്യയിലെയും യുഎഇയിലെയും ട്രാവൽ ഏജന്റുമാർക്ക് എയർലൈനുകൾ ഉപദേശങ്ങൾ നൽകി. സ്പൈസ് ജെറ്റ്, എയർ ഇന്ത്യ, മറ്റ് എയർലൈനുകളിൽ നിന്ന് സർക്കുലറുകൾ ലഭിച്ചതായി ട്രാവൽ ഏജന്റുമാർ പറയുന്നു. സാധുവായ പാസ്പോർട്ടുകൾ, റിട്ടേൺ ടിക്കറ്റുകൾ, താമസ വിവരങ്ങൾ, കൈയ്യിൽ പണമുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ എന്നിവ നിർബന്ധമായും കൈവശം വയ്ക്കാൻ യാത്രക്കാരോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യയിൽ നിന്നുള്ള യാത്രക്കാരുടെ പാസ്പോർട്ടിന് കുറഞ്ഞത് ആറ് മാസമെങ്കിലും സാധുതയുണ്ടെന്ന് ഉറപ്പാക്കണം. ഉറപ്പുള്ള റിട്ടേൺ ടിക്കറ്റ്, സ്ഥിരീകരിച്ച ഹോട്ടൽ റിസർവേഷൻ തെളിവ്, 1 മാസത്തെ വിസക്ക് 3,000 ദിർഹം (ഏകദേശം 68,000 രൂപ), കൂടുതൽ കാലം താമസിക്കാൻ 5,000 ദിർഹം, കൂടാതെ ബന്ധുക്കളുടെയോ യുഎഇയിൽ താമസ വിസയുള്ള സുഹൃത്തുക്കളുടെയോ രേഖകളും കരുതണം. ആവശ്യമായ രേഖകളില്ലാത്ത യാത്രക്കാർക്ക് പുറപ്പെടുന്ന വിമാനത്താവളത്തിൽ അവരുടെ വിമാനത്തിൽ ബോർഡിങ് പാസ് നിഷേധിക്കപ്പെടും. ഇതുമായി ബന്ധപ്പെട്ട എല്ലാ നിരക്കുകളും ടിക്കറ്റിങ് ഏജൻസിയിൽ നിന്ന് ഈടാക്കുമെന്നും പറയുന്നു. നേരത്തെ ഇത്തരം നിർദേശങ്ങൾ നടപ്പിലാക്കിയത് അറിയാതെ യുഎഇയിലേയ്ക്ക് പുറപ്പെട്ട ഒട്ടേറെ മലയാളികൾ കേരളത്തിലെ വിമാനത്താവളങ്ങളിൽ നിന്ന് മടങ്ങിയിരുന്നു.

# ദുബൈ മാൾ പാർകിങ് ഫീസ് സാലികിൽ നിന്ന് ഈടാക്കും

### ജൂലൈ 1 മുതൽ ഫാഷൻ, ഗ്രാൻഡ്, സിനിമാ പാർക്കിങ് സോണുകളിൽ ബാധകം

### സബീൽ, ഫൗണ്ടൻ വ്യൂസ് പാർക്കിങ് ലൊക്കേഷനുകൾ സൗജന്യമായി തുടരും




ദുബൈ: ദുബൈ മാളിൽ പാർക് ചെയ്യുന്ന വാഹനങ്ങളുടെ പാർകിങ് ഫീസ് സാലിക് അക്കൗണ്ടിൽ നിന്നും കുറക്കുമെന്ന് ദുബൈ ടോൾ ഗേറ്റ് ഓപ്പറേറ്റർ അറിയിച്ചു. ജൂലൈ 1 മുതൽ ഫാഷൻ, ഗ്രാൻഡ്, സിനിമാ പാർക്കിംഗ് സോണുകളിലുടനീളമുള്ള മാളിൽ തടസ്സരഹിത പാർക്കിങ് പേയ്മെന്റ് സൊല്യൂഷൻ പ്രവർത്തിക്കുമെന്ന് കമ്പനി അറിയിച്ചു. സബീൽ, ഫൗണ്ടൻ വ്യൂസ് പാർക്കിങ് ലൊക്കേഷനുകൾ സൗജന്യമായി തുടരും. പുതിയ സംവിധാനം പ്രാബല്യത്തിൽ വരുന്നതോടെ പ്രവൃത്തി ദിവസങ്ങളിൽ നാലു മണിക്കൂറും വാരാന്ത്യങ്ങളിൽ ആറ് മണിക്കൂറും വാഹനങ്ങൾക്ക് സൗജന്യ പാർക്കിങ് ലഭിക്കും.

നാല് മുതൽ 24 മണിക്കൂർ വരെ 20 ദിർഹം മുതൽ 1000 ദിർഹം വരെയുള്ള നിരക്കുകൾ ബാധകമാകും. മാൾ സന്ദർശകർക്ക് സുഗമവും തടസ്സമില്ലാത്തതുമായ പാർക്കിങ് അനുഭവം സാധ്യമാക്കാൻ വേണ്ടിയാണ് സാലിക് സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്.

സാലിക് ഉപയോക്തൃ അക്കൗണ്ടുകളിൽ നിന്ന് ഫീസ് കുറയ്ക്കുന്നതിന് വാഹന പ്ലേറ്റ് തിരിച്ചറിയൽ ഉപയോഗിക്കും. സാലിക്കിന്റെ ഡാറ്റാബേസിൽ 4.1 ദശലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. യുഎഇയിൽ പ്രവർത്തിക്കുന്ന 90 ശതമാനം വാഹനങ്ങളും ഉൾപ്പെടും. സുസ്ഥിരവും മികച്ചതുമായ മൊബിലിറ്റി സൊല്യൂഷനുകളിൽ ആഗോള മികവ് നേടാനാണ് ഈ സുപ്രധാന ചുവടുവപ്പ്. ഇത് ഗേറ്റുകളുടെ തടസ്സം ഇല്ലാതാക്കുകയും തിരക്ക് കുറയ്ക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് സാലിക് കമ്പനിയുടെ സിഇഒ ഇബ്രാഹിം സുൽത്താൻ അൽ ഹദ്ദാദ് പറഞ്ഞു

## ബാഫ്രാ മരുഭൂമിയിൽ ആടുജീവിതം നയിക്കുന്ന ഹതഭാഗ്യർക്ക് ആശ്വാസം പകർന്ന് കുവൈത്ത് കെഎംസിസി

കുവൈത്ത്സിറ്റി: മരുഭൂമിയിൽ ആടുജീവിതം നയിക്കുന്ന ഹതഭാഗ്യർക്ക് ആശ്വാസം പകർന്ന് കുവൈത്ത് കെഎംസിസി പ്രവർത്തകർ. ഈ പെരുന്നാൾ ദിവസം അവർക്കു ഒരു നേരത്തെ അന്നവും പുതുവസ്ത്രവുമായി കടന്നു ചെന്ന് അവരുടെ മുഖത്തു ചിരി വിരിയിക്കാനും പ്രാത്ഥനകളിൽ ഇടം പിടിക്കാനുമായി കുവൈത്ത് കെഎംസിസി പ്രവർത്തകരാണ് മുന്നിട്ടിറങ്ങിയത്.

കുവൈത്തിലെ ബാഫ്രാ മരുഭൂമിയിൽ ആട് ജീവിതം നയിക്കുന്ന 100 ഓളം തൊഴിലാളികളെ തേടിപ്പിടിച്ചു അവർക്കു പെരുന്നാൾ ബിരിയാണിയും പുതു വസ്ത്രങ്ങളും വിതരണം ചെയ്തു. റസാഖ് അയ്യൂർ,സുഹൈൽ അബൂബക്കർ,ആബിദ്,റംഷാദ്,ജമാൽ നേതൃത്വം നൽകി.



ബഫ്രാ മരുഭൂമിയിൽ തൊഴിലാളികൾക്ക് കുവൈത്ത് കെഎംസിസി പ്രവർത്തകർ പെരുന്നാൾ വസ്ത്രം വിതരണം ചെയ്യുന്നു




ദുബൈ കെഎംസിസി പയ്യോളി മുനിസിപ്പൽ കമ്മിറ്റിയുടെ ഈദ് മിലൻ ബലിപെരുന്നാൾ സംഗമത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് പയ്യോളി മുനിസിപ്പൽ ചെയർമാൻ വി.കെ അബ്ദുറഹ്മാൻ പ്രസംഗിക്കുന്നു

## കെ.എംസിസി പ്രവർത്തനം മാതൃകാപരം

ദുബൈ: കെഎംസിസി നാട്ടിലും ഗൾഫ് നാടുകളിലും നടത്തുന്ന പ്രവർത്തനങ്ങൾ ലോകത്ത് മാതൃകപരമാണെന്നും തുല്യതയില്ലാത്തതാണെന്നും പയ്യോളി മുനിസിപ്പൽ ചെയർമാൻ വി.കെ അബ്ദുറഹ്മാൻ പറഞ്ഞു. ദുബൈ കെഎംസിസി പയ്യോളി മുനിസിപ്പൽ കമ്മിറ്റി ദുബൈ കെഎംസിസി ആസ്ഥാനത്ത് സംഘടിപ്പിച്ച സീകരണ പരിപാടി, ഈദ് മിലൻ ബലിപെരുന്നാൾ സംഗമത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു. കെ.എംസിസി ജില്ലാ പ്രസിഡന്റ് കെപി മുഹമ്മദ് ഉദ്ഘാടനം ചെയ്തു.

മൊയ്തീൻ പട്ടായി അധ്യക്ഷനായി. ജലിൽ മഷ്ഹൂർ തങ്ങൾ,വികെകെ റിയാസ്,കെ.പി കരീം,പി.കെ മുഹമദലി, സുൽത്താൻ അസീസ്,നിഷാദ് മൊയ്തു,ഫസൽ തങ്ങൾ ,സാജിദ് പുറത്തോട്ട്,നാസർ മൂപ്പൻ, ഫൈസൽ അർഷാദ്,നിഷാദ് ഇയ്യോത്താൻ, അജ്മൽ,മെഹനാസ് പ്രസംഗിച്ചു. ഷംസീർ സ്വാഗതവും റഹിസ് കോട്ടക്കൽ നന്ദിയും പറഞ്ഞു.




ഈദ് സംഗമത്തോടനുബന്ധിച്ച് കൽബ കെഎംസിസി സംഘടിപ്പിച്ച പ്രാർത്ഥനാ സദസ്സിന് ത്വാഹിർ ഫൈസി നേതൃത്വം നൽകുന്നു

## കൽബ കെഎംസിസി പ്രാർത്ഥനാ സദസ്സ്

ഷാർജ: കൽബ കെഎംസിസി ഈദ് സംഗമവും പ്രാർത്ഥനാ സദസ്സും ഫുജൈറ സംസ്ഥാന ട്രഷറർ സി.കെ അബൂബക്കർ ഉദ്ഘാടനം ചെയ്തു. കൽബ കെഎംസിസി വൈസ് പ്രസിഡന്റ് ഗഫൂർ പൊന്നാനി ഈദ് സന്ദേശം നൽകി. ആക്ടിങ് പ്രസിഡന്റ് അൻവർ സലീം അധ്യക്ഷനായി.

ഹാശിം കണ്ണൂർ, അൻവർ കുറ്റിപ്പുറം, സലാം തെങ്ങിൽ, റഫീഖ് ഫൈസി, ഫുജൈറ കൊല്ലം ജില്ലാ കെഎംസിസി പ്രസിഡന്റ് നൗഷാദ് എന്നിവർ ആശംസ നേർന്നു. ത്വാഹിർ ഫൈസി പ്രാർത്ഥനക്ക് നേതൃത്വം നൽകി. കൽബ കെഎംസിസി ജനറൽ സെക്രട്ടറി മജീദ് അൽ വഹ്ദ സ്വാഗതവും ട്രഷറർ ജമാൽ തൂണേരി നന്ദിയും പറഞ്ഞു.




ഏഴോം മുജാഹിദ് നഗർ കൂട്ടായ്മ യുഎഇ ചാപ്റ്റർ ഈദ് സംഗമത്തിൽ പ്രഫ വി.കെ സഹീദിന് നെല്ലറ ഗ്രൂപ്പ് എം.ഡി ഷംസുദ്ദീൻ നെല്ലറ ഉപഹാരം നൽകുന്നു

## ഈദ് സംഗമവും പ്രഫ. വി.കെ സഹീദിന് സ്വീകരണവും

ഖിസൈസ്: ഏഴോം മുജാഹിദ് നഗർ കൂട്ടായ്മ യുഎഇ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ദുബൈ ഖിസൈസിൽ ഈദ് സംഗമം സംഘടിപ്പിച്ചു. നെല്ലറ ഗ്രൂപ്പ് എംഡി ഷംസുദ്ദീൻ നെല്ലറ ഉദ്ഘാടനം ചെയ്തു. ഹ്രസ്വ സന്ദർശനാർത്ഥം യുഎഇയിലെത്തിയ തളിപ്പറമ്പ സർ സയ്യിദ് കോളജ് കെമിസ്ട്രി വിഭാഗം മുൻ മേധാവി പ്രാഫ. വി.കെ സഹീദിന് സംഗമത്തിൽ സ്വീകരണം നൽകി. ഏഴോം മുജാഹിദ് നഗർ കൂട്ടായ്മയുടെ ഉപഹാരം ഷംസുദ്ദീൻ നെല്ലറ സമ്മാനിച്ചു. മുഹമ്മദ് സാലി അച്ചിരകത്ത് അധ്യക്ഷനായി.

അഴീക്കോടൻ സിദ്ദീഖ്, സാജിദ് ഹമീദ് എ, ഇഖ്ബാൽ എ, ഷാഹിദ് മഹ്മൂദ് എന്നിവർ ആശംസകൾ നേർന്നു. അനസ് അഴീക്കോടൻ, ഷാമിൽ റഫീഖ്, എം.എം.വി നിസാം,എ. ബദറുദ്ദീൻ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. എ.ഷഹറാബ് സ്വാഗതവും സി.പി അബ്ദുറസാഖ് നന്ദിയും പറഞ്ഞു.

ഏഴോം മുജാഹിദ് നഗർ കൂട്ടായ്മ യുഎഇ ചാപ്റ്ററിന്റെ വിപുലമായ കുടുംബ സംഗമം നവംബർ അവസാന വാരം ദുബൈയിൽ സംഘടിപ്പിക്കാനും സംഗമം അന്തിമരൂപം നൽകി.



ദുബൈയിലെത്തിയ ലത്തീഫ് തെച്ചിക്ക് മലയാളി അസോസിയേഷൻ ഭാരവാഹികൾ ഉപഹാരം സമർപ്പിക്കുന്നു

## ലത്തീഫ് തെച്ചിയെ ദുബൈ മലയാളി അസോസിയേഷൻ ആദരിച്ചു

ദുബൈ: സൗദി അറേബ്യയിലെ സാമൂഹിക പ്രവർത്തകനും 'പ്ലീസ് ഇന്ത്യ' അന്താരാഷ്ട്ര സംഘടനയുടെ ചെയർമാനുമായ ലത്തീഫ് തെച്ചിയെ ദുബൈ മലയാളി അസോസിയേഷൻ ആദരിച്ചു. പ്രസിഡന്റ് അജിത അനീഷ്, സെക്രട്ടറി ശിവരാജ്, രക്ഷാധികാരി അഷ്റഫ് കേച്ചേരി എന്നിവർ ചേർന്ന് ഉപഹാരം സമർപ്പിച്ചു. ലത്തീഫ് തെച്ചി എഴുതിയ 'മരുഭൂമിലെ തണൽ മരം' എന്ന പുസ്തകം ദുബൈ മലയാളി അസോസിയേഷൻ പ്രസിഡന്റ് അജിത അനീഷ് ഏറ്റുവാങ്ങി . സൗദി അറേബ്യയിൽ കഷ്ടപ്പെടുന്ന പ്രവാസികൾക്ക് കൈത്താങ്ങായ ലത്തീഫ് തെച്ചി നിരവധി അന്താരാഷ്ട്ര വേദികളെ അഭിസംബോധന ചെയ്തിട്ടുണ്ട്. ചടങ്ങിൽ ഷംനാസ്, അരുൺ, അൽനിഷാജ്ഷാഹുൽ,ഹജ്നാബി വലിയകത്ത് എന്നിവർ പ്രസംഗിച്ചു. ദുബൈ,ഷാർജ കമ്മറ്റി ഭാരവാഹികളും ചടങ്ങിൽ പങ്കെടുത്തു.

## ഒമാൻ മുസാണ്ടം തീരത്ത് ചെങ്കളീയൻ പെരുമ



ഷാർജ കെഎംസിസി ചെങ്കള പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച 'ചെങ്കളീയൻ പെരുമ'യിൽ പങ്കെടുത്തവർ

ഷാർജ: ബലിപെരുന്നാളിനോടനുബന്ധിച്ച് 'ഇത്തിരി നേരം ഒത്തിരി കാര്യം, കളിച്ചും ചിരിച്ചും വിനോദയാത്രയിലൂടെ കൂടാൻ ഒരു ദിനം' എന്ന പ്രമേയത്തിൽ ഷാർജ കെഎംസിസി ചെങ്കള പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച ചെങ്കളീയൻ പെരുമ 2024, സീസൺ 2 ഒമാനിലെ മുസാണ്ടം തീരത്ത് ഹൃദ്യമായി. സ്വിമ്മിങ്ങും സ്പീഡ് ബോട്ട് റൈഡിങ്ങും ബനാന റൈഡിങ്ങും ഫിഷിങ്ങും കൊണ്ട് ഈദാഘോഷം ആവേശമായി മാറി. പ്രസിഡന്റ് എംഎസ് ശരീഫ് പൈക്കയുടെ അധ്യക്ഷതയിൽ ജില്ല വൈസ് പ്രസിഡന്റ് മാഹിൻ ബാത്തിഷ പൊവ്വൽ ഫ്ളാഗ് ഓഫ് ചെയ്തു. മണ്ഡലം പ്രസിഡണ്ട് മഹമൂദ് എരിയാൽ ആശംസ നേർന്നു.ഉല്ലാസ യാത്രയ്ക്ക് മാറ്റുകൂട്ടി ക്വിസ്മത്സരവും വിവിധ കലാപരിപാടികളും വനിത സംഗമവും നടന്നു. പഞ്ചായത്ത് കെഎംസിസി സെക്രട്ടറി കാദർ അർക്ക മാസ്റ്ററായ ക്വിസ് മത്സരത്തിൽ യൂസഫ് അർളടുക, നൗഷാദ് കുഞ്ഞിക്കാനം വിജയികളായി. കലാപരിപാടികൾക് ജില്ലാ ഭാരവാഹികളായ മാഹിൻ ബാത്തിഷ,ശരീഫ് പൈക്ക,ഷാഫി കുന്നിൽ നേതൃത്വം നൽകി. പരിപാടിയിൽ പുതിയാപ്പിളനെ അറക്കാക്കലും മാപ്പിളപ്പാട്ടും ഒപ്പനയും കൈമുട്ടി പാട്ടും മികച്ചതാക്കാൻ പഞ്ചായത്ത് ഭാരവാഹികളായ എംഎസ് ശരീഫ്, ജമാൽ കാസി,ഹാരിസ് ബേവിഞ്ച,നൗഷാദ് കുഞ്ഞിക്കാനം,ആബിദ് ഷാർജ,യൂസുഫ് അർളടുക, സിഎം സലീം 4 വേ മൈൽ, ഇക്ബാൽ ബേവിഞ്ച നേതൃത്വം നൽകി, വനിതാ സംഗമത്തിൽ പഞ്ചായത്തിന് കീഴിൽ വനിതാവിങ് രൂപീകരണആവശ്യമുയർന്നു.ജില്ലാ വൈസ് പ്രസിഡന്റ് മാഹിൻ ബാത്തിഷ, മണ്ഡലം പ്രസിഡന്റ് മഹമൂദ് ഏരിയാൽ എന്നിവർക്ക് സ്നേഹോപഹാരം നൽകി. യാത്രയിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനവും നൽകി. ഐ ഫോൺ 15 പ്രോ മാക്സ് ലക്കി ഡ്രോ നറുക്കെടുപ്പിലെ വിജയികളെ ജില്ലാ വൈസ് പ്രസിഡന്റ് ശരീഫ് പൈക്ക പ്രഖ്യാപിച്ചു.ഓർഗനൈസിങ് സെക്രട്ടറി കരീം ചെങ്കള കോർഡിനേറ്ററായ യാത്രയിൽ പഞ്ചായത്ത് ജനറൽ സെക്രട്ടറി ജമാൽ ഖാസി സ്വാഗതവും ട്രഷറർ ഹാരിസ് ബേവിഞ്ച നന്ദിയും പറഞ്ഞു.

### ചരമ വാർത്തകൾ

## ലുലു ഗ്രൂപ്പ് എക്സി. ഡയറക്ടർ എം.എ അഷറഫ് അലിയുടെ ഭാര്യാ മാതാവ് നിര്യാതയായി

അബുദാബി: ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ അഷ്റഫ് അലിയുടെ ഭാര്യ മാതാവ് ഖദീജ (86) നിര്യാതയായി. ഭർത്താവ്: കോതപ്പറമ്പ് പറമ്പത്തുകണ്ടി അബൂബക്കർ. മകൻ: പി.എ ഹക്കീം.

ഖബറടക്കം ഇന്ന് രാവിലെ 10 മണിക്ക് കോതപ്പറമ്പ് ജുമാമസ്ജിദ് ഖബർസ്ഥാനിൽ

## മുൻ പ്രവാസി നാട്ടിൽ മരണപ്പെട്ടു



ഇബ്രാഹീംകുട്ടി

ദുബൈ: ദീർഘകാലം ദുബൈയിൽ പ്രവാസിയായിരുന്നയാൾ നാട്ടിൽ മരണപ്പെട്ടു. തൃശൂർ ഇടശ്ശേരി പുതുക്കുളം പടിഞ്ഞാറ് ഭാഗത്ത് താമസിക്കുന്ന ഇബ്രാഹീംകുട്ടിയാണ് നിര്യാതനായത്. പിതാവ്: പരേതനായ പുയുവീട്ടിൽ മൊയ്തു. മക്കൾ: ഖമറുദ്ദീൻ(സൗദി),ശംസുദ്ദീൻ,നജ്മുദ്ദീൻ (ദുബൈ), സുമയ്യ. ഖബറടക്കം ഇടശ്ശേരി പടിഞ്ഞാറെ മസ്ജിദ് ഖബർസ്ഥാനിൽ നടന്നു.

## എറണാകുളം സ്വദേശി ഖത്തറിൽ നിര്യാതനായി



ജിബിൻ ജോൺ

ദോഹ: എറണാകുളം സ്വദേശി ഖത്തറിൽ മരണപ്പെട്ടു. നോർത്ത് പറവൂർ ജിബിൻ ജോൺ (44) ആണ് നിര്യാതനായത്. ഖത്തരി ഇൻഡസ്ട്രിയൽ എക്യൂപ്മെന്റ് കമ്പനിയിൽ എഞ്ചിനീയറായിരുന്നു.

പിതാവ്: ജോൺ. മാതാവ്: ഫിലോമിന. ഭാര്യ: രമ്യ. മൃതദേഹം നാട്ടിലെത്തിക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു.

## തൃശൂർ സ്വദേശി ഫുജൈറയിൽ കുഴഞ്ഞുവീണ് മരിച്ചു



മുഹമ്മദ് ശാലിഫ്

ഫുജൈറ: തൃശൂർ സ്വദേശി ഫുജൈറയിൽ കുഴഞ്ഞുവീണ് മരിച്ചു. തൃശൂർ ചെന്ത്രാപ്പിന്നി മുഹമ്മദ് ശാലിഫ് (50) ആണ് മരിച്ചത്. ഫുജൈറ മുനിസിപ്പാലിറ്റി ഡ്രൈവറാണ്.

## മലയാളി യുവാവ് യൂറോപ്പിലെ മാൾട്ടയിൽ മരണപ്പെട്ടു



മുഹമ്മദ് ലുലു

അബുദാബി: മലയാളി യുവാവ് യൂറോപ്പിലെ മാൾട്ടയിൽ മരണപ്പെട്ടു. മലപ്പുറം തിരൂർ പറവണ്ണ സ്വദേശി മുഹമ്മദ് ലുലു (28) ആണ് മരിച്ചത്. ഇന്ന് നാട്ടിലെത്തിക്കുന്ന ജനാസ ഉച്ചക്ക് 2.30ന് പറവണ്ണ ജുമാമസ്ജിദ് ഖബർസ്ഥാനിൽ മറവ് ചെയ്യുമെന്ന് ബന്ധുക്കൾ അറിയിച്ചു.



## പുതിയ നിയമം പിൻവലിക്കണം

ചെന്നൈ: മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങളും പിൻവലിക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. മതിയായ ആലോചനകളും കൂടിയാലോചനകളും ഇല്ലാതെ തിടുക്കത്തിലാണ് പുതിയ നിയമങ്ങൾ നടപ്പാക്കിയത്. എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് പുതിയ നിയമങ്ങൾ അവലോകനം ചെയ്യണം. തൽക്കാലം നിയമങ്ങൾ തടഞ്ഞുവക്കണം. സംസ്ഥാന സർക്കാറുമായി വിപുലമായ കൂടിയാലോചന നടത്തേണ്ടതായിരുന്നു. സംസ്ഥാനങ്ങൾക്ക് അവരുടെ അഭിപ്രായം പ്രകടിപ്പിക്കാൻ മതിയായ സമയം നൽകിയിട്ടില്ല. പ്രതിപക്ഷ പാർട്ടികളുടെ പങ്കാളിത്തമില്ലാതെയാണ് ഇവ പാർലമെന്റ് പാസാക്കിയത്.



## നരേന്ദ്ര മോദിയെ തോൽപ്പിക്കും

ലക്നൗ: വാരണാസിയിൽ ഒരിക്കൽകൂടി മൽസരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വെല്ലുവിളിച്ച് എതിർ സ്ഥാനാർത്ഥിയും യു.പി കോൺഗ്രസ് അധ്യക്ഷനുമായ അജയ് റായ്. ധൈര്യമുണ്ടെങ്കിൽ രാജിവെച്ച് വാരണാസിയിൽ ഒരിക്കൽകൂടി തനിക്കെതിരെ മത്സരിക്കൂ, അതിന് തയാറുണ്ടെങ്കിൽ അദ്ദേഹത്തെ ഞാൻ തോൽപ്പിക്കുമെന്നുറപ്പ്. മോദിയാണ് ജയിക്കുന്നതെങ്കിൽ രാഷ്ട്രീയം ഉപേക്ഷിച്ച് സന്യാസത്തിന് പോകാൻ ഞാൻ ഒരുക്കമാണ്- അജയ് റായ് പറഞ്ഞു. 2019 ൽ മോദിക്കെതിരെ മത്സരിച്ചപ്പോൾ 4.79 ലക്ഷം വോട്ടിനാണ് അജയ് റായ് തോറ്റത്. ഇത്തവണ നരേന്ദ്ര മോദിയുടെ ഭൂരിപക്ഷം 1.52 ലക്ഷമായി കുത്തനെ കുറയുകയായിരുന്നു.

## ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

#### തമിഴ്നാട്ടിൽ വ്യാജമദ്യം കഴിച്ച് 13 മരണം

ചെന്നൈ: തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിൽ വ്യാജമദ്യം കഴിച്ച് 13 പേർ മരിച്ചു. 20 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ 10 പേരെ വിദഗ്ധ ചികിത്സയ്ക്കായി പുതുച്ചേരി ജിപ്മറിലേക്ക് മാറ്റി. ചൊവ്വാഴ്ച രാത്രി ഒരു കൂട്ടം തൊഴിലാളികൾ വ്യാജ മദ്യവിൽപ്പനക്കാരിൽ നിന്ന് മദ്യം വാങ്ങിക്കഴിച്ചെന്നും ഇവർ വീട്ടിലെത്തിയതു മുതൽ അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നുവെന്നും പൊലീസ് പറഞ്ഞു. തലവേദന, ഛർദി, തലകറക്കം, വയറുവേദന, മനംപിരട്ടൽ, കണ്ണിന് അസ്വസ്ഥത എന്നിവ പ്രകടിപ്പിച്ചതിനെത്തുടർന്നാണ് ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മരണകാരണം പരിശോധിക്കേണ്ടിയിരിക്കുന്നുവെന്ന് ജില്ലാ കലക്ടർ ശ്രാവൺ കുമാർ അറിയിച്ചു. സംഭവത്തിൽ അടിയന്തരമായി ഇടപെട്ട സർക്കാർ കലക്ടറെ സ്ഥലം മാറ്റുകയും എസ്.പിയെ സസ്പെന്റ് ചെയ്യുകയും ചെയ്തു.

#### കെജ്രിവാളിന്റെ കസ്റ്റഡി നീട്ടി

ന്യൂഡൽഹി: ഡൽഹി മദ്യനയ അഴിമതിക്കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ജൂലൈ മൂന്നുവരെ ഡൽഹി കോടതി നീട്ടി. 2022ൽ റദ്ദാക്കിയ എക്സൈസ് നയത്തിലെ ക്രമക്കേടുകളിൽ തുടരന്വേഷണം അനിവാര്യമാണെന്നും കെജ്രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി നീട്ടണമെന്നും ഇ.ഡി ആവശ്യപ്പെട്ടു. ജുഡീഷ്യൽ കസ്റ്റഡി കാലാവധി അവസാനിക്കുന്ന ജൂലൈ മൂന്നിന് കേസിൽ കോടതി അടുത്ത വാദംകേൾക്കും. കെജ്രിവാളിന് സുപ്രീം കോടതി അനുവദിച്ച ജാമ്യകാലാവധി ജൂൺ ഒന്നിന് അവസാനിച്ചിരുന്നു. തുടർന്ന്, ഇടക്കാല ജാമ്യം ഏഴ് ദിവസംകൂടി നീട്ടണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയെങ്കിലും സുപ്രീം കോടതി രജിസ്ട്രി സ്വീകരിച്ചിരുന്നില്ല. സ്ഥിരം ജാമ്യത്തിന് വിചാരണക്കോടതിയെ സമീപിക്കാൻ സുപ്രീം കോടതി നിർദേശിച്ചതിനാൽ അപേക്ഷ സ്വീകരിക്കാനാകില്ലെന്നായിരുന്നു രജിസ്ട്രി വ്യക്തമാക്കിയത്. ഇതിനുപിന്നാലെ കെജ്രിവാൾ വിചാരണക്കോടതിയായ റൗസ് അവന്യൂ കോടതിയെ സമീപിച്ചു. എന്നാൽ, ഹർജി തള്ളിയ കോടതി ജുഡീഷ്യൽ കസ്റ്റഡി കാലാവധി ജൂൺ 19 വരെ നീട്ടുകയും ചെയ്തു.

#### ഉഷ്ണ തരംഗം: ഡൽഹിയിൽ 20 മരണം

ന്യൂഡൽഹി: രാജ്യതലസ്ഥാനമുൾപ്പെടെ ഉത്തരേന്ത്യ ഉഷ്ണ തരംഗത്തിൽ വലയുന്നു. കനത്ത ചൂടിൽ 20 പേർ കൊല്ലപ്പെടുകയും ഗുരുതരമായി പരിക്കേറ്റ 12 പേരെ തീവ്ര പരിചരണ യൂണിറ്റിൽ പ്രവേശിക്കുകയും ചെയ്തു. ഉഷ്ണതരംഗത്തിൽ പരിക്കേറ്റവർക്ക് ചികിത്സയ്ക്ക് മുൻഗണന നൽകാൻ കേന്ദ്രം ആശുപത്രികൾക്ക് നിർദേശം നൽകി. കഴിഞ്ഞ മാസം 27 മുതൽ 45 പേരാണ് ഉഷ്ണ തരംഗത്തെ തുടർന്ന് ഡൽഹിയിലെ രാംമനോഹർ ലോഹ്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത്. ഒമ്പത് മരണവും ഇതുവരെ ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഏഴു പേർ കഴിഞ്ഞ രണ്ട് ദിവസത്തിനിടെയാണ് മരിച്ചത്. ഡൽഹിയിലെ മറ്റ് ആശുപത്രികളിലും ഉഷ്ണതരംഗത്തെ തുടർന്ന് നിരവധി പേരെയാണ് പ്രവേശിപ്പിച്ചിരിക്കുന്നത്. ഉഷ്ണ തരംഗത്തിൽ മരണ നിരക്ക് 60-70 ശതമാനം കൂടുതലാണെന്ന് ആർ.എം.എൽ ആശുപത്രി സൂപ്രണ്ട് അജയ് ശുക്ല പറഞ്ഞു. മരിച്ചവരിൽ പലരും കുടിയേറ്റ തൊഴിലാളികളാണ്. ബോധം കെട്ടു വീഴുന്നവരെ മാത്രമേ ആശുപത്രിയിൽ എത്തിക്കുന്നുള്ളൂവെന്നും സൂര്യതപമേറ്റ് പരിക്കേറ്റവരെ യഥാസമയത്ത് എത്തിക്കാത്തതാണ് മരണകാരണമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിലും പരിസര സംസ്ഥാനങ്ങളിലും 45 ഡിഗ്രിക്ക് മുകളിലാണ് നിലവിൽ ചൂട് രേഖപ്പെടുത്തുന്നത്.

## ലോക്സഭാ സ്പീക്കർ

# എൻ.ഡി.എയിൽ സമവായമായില്ല

- നാളേക്കകം അഭിപ്രായം അറിയിക്കണം
- ചരടുവലി ശക്തമാക്കി ടി.ഡി.പി
- വിട്ടുകൊടുക്കാതെ ബി.ജെ.പി
- നായിഡുവിനെ അനുനയിപ്പിക്കാൻ നീക്കം
- ജെ.ഡി.യു ബി.ജെ.പിക്കൊപ്പം
- ഓം ബിർള തുടരണമെന്ന് നിർദേശം

ന്യൂഡൽഹി: ലോക്സഭ സ്പീക്കറായി ആരെ മത്സരിപ്പിക്കണമെന്ന കാര്യത്തിൽ സമവായത്തിലെത്താനാകാതെ എൻഡിഎ. ഈ സാഹചര്യത്തിൽ സ്പീക്കർ സ്ഥാനാർത്ഥിയെ തീരുമാനിക്കുന്നതിൽ വെള്ളിയാഴ്ചക്കകം അഭിപ്രായം അറിയിക്കാൻ സഖ്യകക്ഷികളോട് ബിജെപി ആവശ്യപ്പെട്ടു. സ്പീക്കർ തെരഞ്ഞെടുപ്പിന് അഞ്ച് ദിവസം മാത്രം ശേഷിക്കുമ്പോൾ ആര് സ്പീക്കറാകും എന്നതിൽ ഇനിയും എൻഡിഎയിൽ തീരുമാനമായിട്ടില്ല.

ബിജെപി എംപി തന്നെ സ്പീക്കർ സ്ഥാനം വഹിക്കണമെന്നാണ് പാർട്ടിയുടെ ആഗ്രഹം. സഖ്യകക്ഷികളിൽ നിന്ന് ജെഡിയു ഉൾപ്പെടെയുള്ള പാർട്ടികളും ഇതിനെ പിന്തുണക്കുന്നുണ്ട്. മുൻ ലോക്സഭ സ്പീക്കർ ഓം ബിർളയുടേത് അടക്കമുള്ള പേരുകളാണ് നേതൃത്വത്തിന്റെ പരിഗണനയിൽ ഉള്ളത്. എന്നാൽ എൻഡിഎ മുഖമായിരിക്കണം സ്പീക്കർ പദവിയിൽ വേണ്ടതെന്ന നിലപാടിൽ തന്നെയാണ് ടിഡിപി. സ്പീക്കർ പദവി തങ്ങൾക്ക് വിട്ടുകിട്ടണമെന്നും ടി.ഡി.പി ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം രാജ്നാഥ് സിങിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആരുടെയും പേര് ഉയർന്ന് വന്നില്ലെന്നാണ് വിവരം. വെള്ളിയാഴ്ചക്കുള്ളിൽ ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് ഘടകകക്ഷികളോട് ബി.ജെ.പി നേതൃത്വം ആവശ്യപ്പെട്ടിട്ടുണ്ട്.

ബി.ജെ.പി എം.പി തന്നെ സ്പീക്കർ പദവിയിൽ വേണമെന്ന തീരുമാനത്തിൽ ബിജെപി ഉറച്ച് നിൽക്കുകയാണെങ്കിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ചന്ദ്രബാബു നായിഡുവുമായി ഇക്കാര്യം സംസാരിക്കുമെന്നാണ് വിവരം. ഡപ്യൂട്ടി സ്പീക്കർ പദവി എൻഡിഎ കക്ഷികൾക്ക് നൽകുകയെന്ന ഫോർമുലയും ചർച്ചയിലുണ്ടെന്നാണ് വിവരം. ഘടകകക്ഷികൾക്ക് സ്പീക്കർ പദവി നൽകാൻ ബിജെപി തയ്യാറാകുന്നില്ലെങ്കിൽ സ്പീക്കർ സ്ഥാനാർത്ഥിയെ മത്സരിപ്പിക്കാനുള്ള നീക്കം ഇന്ത്യ സഖ്യത്തിന്റെ ഭാഗത്ത് നിന്നുണ്ടാകും. ടി.ഡി.പി മത്സരിക്കുകയാണെങ്കിൽ പിന്തുണക്കുമെന്ന് ഇന്ത്യ സഖ്യം നേരത്തെ തന്നെ വ്യക്തമാക്കിയതോടെ ശരിക്കും വെട്ടിലായത് ബി.ജെ.പിയാണ്. തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി ചേരുന്ന ഇന്ത്യ സഖ്യ യോഗത്തിൽ ഇക്കാര്യത്തിൽ ചർച്ച നടക്കും.

അതേസമയം 400 സീറ്റെന്ന പ്രഖ്യാപനത്തിന് കനത്ത തിരിച്ചടിയേറ്റ സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് പ്രകടനം വിലയിരുത്താനുള്ള നീക്കത്തിലാണ് ബിജെപി. പാർട്ടി പ്രവർത്തകർ തിരഞ്ഞെടുപ്പിൽ എത്രത്തോളം സജീവമായിരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ തിരിച്ചടിക്ക് കാരണമായോ തുടങ്ങി എവിടെയൊക്കെ പിഴവുകളുണ്ടായെന്ന് കണ്ടെത്താനാണ് ബിജെപി നീക്കം.

രാമക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠക്ക് പിന്നാലെ അയോധ്യയിൽ തന്നെ ബി.ജെ.പി തോറ്റതും പ്രത്യേകം പരിശോധിക്കും. ബി.ജെ.പി ഉത്തർപ്രദേശ് അധ്യക്ഷൻ ഭൂപേന്ദ്ര ചൗധരിയാകും അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദിലെ തോൽവിയിലെ കാരണങ്ങൾ അന്വേഷിക്കുക. അമേത്തിയിലെ സ്മൃതി ഇറാനിയുടെ തോൽവിയും അധ്യക്ഷൻ വിലയിരുത്തും. ചുമതലക്കാരിൽ നിന്ന് റിപ്പോർട്ട് കിട്ടിയാൽ കേന്ദ്ര സംസ്ഥാന നേതാക്കളും ആർ.എസ്.എസ് നേതാക്കളുമായും വിശാല യോഗം നടക്കും.

# രാഹുൽ @ 54

## പിറന്നാൾ ആശംസ നേർന്ന് രാജ്യം



ഡൽഹിയിലെ കോൺഗ്രസ് ആസ്ഥാനത്ത് രാഹുൽ ഗാന്ധിക്ക് പിറന്നാൾ ആശംസ നേരുന്നവർ

ന്യൂഡൽഹി: 54-ാം പിറന്നാൾ ദിനത്തിൽ രാഹുൽ ഗാന്ധിക്ക് ആശംസാ പ്രവാഹം. പിറന്നാൾ വൻ ആഘോഷമാക്കി കോൺഗ്രസ് പ്രവർത്തകരും നേതാക്കളും. കേക്കും പൂക്കളും വാദ്യമേളങ്ങളുമായാണ് എഐസിസി ആസ്ഥാനത്ത് പ്രവർത്തകർ രാഹുലിനെ വരവേറ്റത്. ആർപ്പുവിളികൾക്കിടെ പ്രവർത്തകരിലേക്ക് എത്തി രാഹുൽ ആശംസകൾ ഏറ്റുവാങ്ങി.

രാഹുൽ താമസിക്കുന്ന 10 ജൻപഥിലും കൊടികളും അലങ്കാരങ്ങളുമായി കോൺഗ്രസ് പ്രവർത്തകരെത്തി. 1970 ജൂൺ 19നാണ് രാഹുലിന്റെ ജനനം. സഹോദരി പ്രിയങ്ക ഗാന്ധി ഉൾപ്പെടെയുള്ളവർ രാഹുലിന് പിറന്നാൾ ആശംസകൾ നേർന്നു 'എപ്പോഴും എന്റെ സുഹൃത്ത്, സഹയാത്രികൻ, വഴികാട്ടി, തത്ത്വചിന്തകൻ, നേതാവ്. തിളങ്ങിക്കൊണ്ടേയിരിക്കൂ, സ്നേഹം'- എന്നാണ് പ്രിയങ്ക കുറിച്ചത്.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും രാഹുലിനെ ജന്മദിനാശംസകൾ അറിയിച്ചു. ഭരണഘടനാ മൂല്യങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും അനുകമ്പയും രാഹുലിന്റെ സവിശേഷമായ ഗുണങ്ങളാണെന്ന് ഖാർഗെ കുറിച്ചു. നാനാത്വത്തിൽ ഏകത്വമെന്ന കോൺഗ്രസ് പാർട്ടി ഉയർത്തിപ്പിടിക്കുന്ന ധാർമികത രാഹുലിന്റെ എല്ലാ പ്രവൃത്തികളിലും ദൃശ്യമാണ്. എല്ലാവരുടെയും കണ്ണുനീർ തുടയ്ക്കാനുള്ള ദൗത്യം തുടരുന്ന രാഹുലിന് സുദീർഘവും ആരോഗ്യകരവും സന്തുഷ്ടവുമായ ജീവിതം ആശംസിക്കുന്നുവെന്നും ഖാർഗെ കുറിച്ചു.

തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിനും രാഹുലിന് പിറന്നാൾ ആശംസകൾ നേർന്നു. ജനങ്ങളോടുള്ള സമർപ്പണം നിങ്ങളെ വലിയ ഉയരങ്ങളിൽ എത്തിക്കും. തുടർച്ചയായ വിജയത്തിന്റേതാകട്ടെ ഈ വർഷമെന്ന് സ്റ്റാലിൻ ആശംസിച്ചു.

നടനും മക്കൾ നീതി മയ്യം നേതാവുമായ കമൽ ഹാസൻ, സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്, ശിവസേന നേതാവ് പ്രിയങ്ക ചതുർവേദി, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, എഐസിസി ജനറൽ സെക്രട്ടറി കെ.സി വോണുഗോപാൽ ഉൾപ്പെടെയുള്ള നേതാക്കൾ രാഹുലിന് ആശംസകൾ നേർന്നു.

## എൻ.സി.പി അജിത് പവാർ വിഭാഗത്തിൽ പോര് മുറുകി

# ഛഗൻ ഭുജ്ബൽ പാർട്ടി വിട്ടേക്കും

> 'പാർട്ടിയിൽ അജിതിന്റെ ഏകാധിപത്യം'



ഛഗൻ ഭുജ്ബൽ, അജിത് പവാർ

മുംബൈ: ലോക്സഭാ തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടിക്ക് പിന്നാലെ മഹാരാഷ്ട്രയിൽ എൻ.ഡി.എക്കൊപ്പമുള്ള എൻ.സി.പി അജിത് പവാർ വിഭാഗത്തിൽ പോര് മുറുകുന്നു. അജിത് പവാറിന്റെ ഏകാധിപത്യത്തിൽ പ്രതിഷേധിച്ച് മുതിർന്ന നേതാവും സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയുമായ ഛഗൻ ഭുജ്ബൽ ഉടൻ പാർട്ടി വിടുമെന്നാണ് സൂചന. ശരത് പവാറിനോ ഉദ്ദവിനോ ഒപ്പം ചേർന്നില്ലെങ്കിൽ പുതിയ പാർട്ടി രൂപീകരിക്കാനാണ് ഭുജ്ബലിന്റെ നീക്കം. അതേസമയം ഭുജ്ബൽ ശിവസേന ഉദ്ദവ് താക്കറെ വിഭാഗം നേതാവ് സഞ്ജയ് റാവത്തുമായി കൂടിക്കാഴ്ച നടത്തിയത് അഭ്യൂഹങ്ങൾക്ക് ശക്തി പകർന്നിട്ടുണ്ട്.

ശരത് പവാറിന്റെ വിശ്വസ്തരിലൊരാളായ 78 കാരൻ ഛഗൻ ഭുജ്ബൽ എൻ.സി.പി പിളർന്നപ്പോൾ അജിത് പവാറിനോപ്പം പോയത് എല്ലാവരെയും ഞെട്ടിച്ചിരുന്നു. സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിലുള്ള സ്വാധീനമാണ് ഭുജ്ബലിന്റെ കരുത്ത്. മറാത്ത സംവരണത്തെ എതിർത്ത നേതാവുകൂടിയാണ് ഭുജ്ബൽ. ഈ എതിർപ്പാണ് അജിത് പവാറുമായി ഇടയാനുള്ള ആദ്യ കാരണം. എൻ.ഡി.എയുടെ നിലപാടിന് വിരുദ്ധമായി രാജ്യത്ത് ജാതി സെൻസസ് വേണമെന്ന് പരസ്യമായി പറഞ്ഞതും കല്ലുകടിയായി. നാസികിൽ നിന്നുള്ള ലോക്സഭാ സീറ്റ് നിഷേധിച്ചതോടെ അജിത് പവാറുമായി അഭിപ്രായ ഭിന്നത രൂക്ഷമായി.

പാർട്ടിയിൽ ആലോചിക്കാതെ ലോക്സഭാ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട അജിത് പവാറിന്റെ ഭാര്യ സുനേത്ര പവാറിന് രാജ്യസഭാ സീറ്റ് നൽകിയതും ഭുജ്ബലിനെ ചൊടുപ്പിച്ചു. ഇതോടെയാണ് ഭുജ്ബൽ നയിക്കുന്ന സാമൂഹ്യ സംഘടനയായ സമതാ പരിഷത്ത് യോഗം ചേർന്നത്.

യോഗത്തിൽ പുറത്തുപോകണമെന്ന ആവശ്യം ഭാരവാഹികൾ മുന്നോട്ടുവെച്ചു. ഈ ആവശ്യം ചഗൻ ഭുജ്ബൽ അംഗീകരിച്ചെന്നാണ് വിവരം. മുൻപ് ശിവസേന നേതാവായിരുന്ന ഭുജ്ബൽ ശിവസേന ഉദ്ദവ് താക്കറെ വിഭാഗത്തിന്റെ കൂടെ പോകണോ, ശരത് പവാറിനോപ്പം നിൽക്കണോ അതോ പുതിയ പാർട്ടിയുണ്ടാക്കണോ എന്നതിനെകുറിച്ചാണ് ആലോചിക്കുന്നത്. ഒരാഴ്ചക്കുള്ളിൽ തീരുമാനമാകുമെന്നാണ് സൂചന. ഛഗൻ ഭുജ്ബൽ എൻസിപി വിടുന്നതോടെ ഒബിസി വിഭാഗത്തിലെ അതിശക്തനായ ഒരു നേതാവിനെയാകും അജിത് പവാറിന് നഷ്ടമാവുക. ഭുജ്ബലിനെ കൂടെ കൂട്ടാൻ ശരത് പവാർ പക്ഷം നീക്കം തുടങ്ങിയതായും റിപ്പോർട്ടുണ്ട്.

അതേസമയം ഛഗൻ ബുജ്ഭൽ പാർട്ടി വിടില്ലെന്നും അജിത് പവാറിനൊപ്പം തന്നെ നിൽക്കുമെന്നും എൻ.സി.പി അജിത് പവാർ വിഭാഗം നേതാവ് സുനിൽ താത്കരെ പറഞ്ഞു. പുറത്ത് വരുന്ന റിപ്പോർട്ടുകൾ ശരിയല്ലെന്നും ഭുജ്ബൽ തങ്ങളുടെ മുതിർന്ന നേതാവാണെന്നും അദ്ദേഹം പറഞ്ഞു.

## കോൺഗ്രസിലേക്ക് മടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ച് പ്രണബ് മുഖർജിയുടെ മകൻ



ന്യൂഡൽഹി: കോൺഗ്രസിലേക്ക് മടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ച് മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ മകൻ അഭിജിത് മുഖർജി. 2021 ലാണ് അഭിജിത് കോൺഗ്രസ് വിട്ട് തൃണമൂൽ കോൺഗ്രസിൽ ചേർന്നത്. 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പ് തോൽവിക്ക് കാരണം പാർട്ടി ഹൈക്കമാന്റിന് അറിയാമെന്നും പാർട്ടിയിൽ ഒതുക്കപ്പെട്ടതാണ് പുറത്ത് പോകാൻ കാരണമെന്നും മുൻ എം.പി കൂടിയായ അഭിജിത് പറഞ്ഞു.

കോൺഗ്രസിൽ ഒതുക്കിയെന്ന് തോന്നിയ സമയത്ത് മമതയുമായി സംസാരിച്ചു അവർ പാർട്ടിയിലേക്ക് ക്ഷണിക്കുകയും താൻ ടി.എം.സിയിൽ ചേരുകയുമായിരുന്നു. എന്നാൽ ടി.എം.സിയിലെത്തിയതിന് ശേഷമാണ് കോൺഗ്രസ് രീതിയല്ല ടി.എം.സിയുടേത് എന്ന് മനസിലായത്. യുവ സുഹൃത്തും കോൺഗ്രസിന്റെ ഭാവി നേതാവുമായ രാഹുൽ തന്നോട് സജീവമാകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മുതിർന്ന നേതാക്കളോട് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നോ രണ്ടോ ദിവസത്തിനകം കൂടിക്കാഴ്ച നടത്തും. അവർ പാർട്ടിയിൽ ചേരാൻ ആവശ്യപ്പെട്ടാൽ പാർട്ടി പ്രവേശനം ഉടനുണ്ടാകും. തീർച്ചയായും കോൺഗ്രസ് തന്നെ സ്വീകരിക്കുമെന്നും ജംഗിപൂരിൽനിന്നും രണ്ട് തവണ എം.പിയായ അഭിജിത് പറഞ്ഞു.

## ഹിമാചലിൽ മുസ്‌ലിം വ്യാപാരിയുടെ കട അടിച്ചു തകർത്ത് ഹിന്ദുത്വർ

ഷിംല: മൃഗത്തെ ബലി അർപ്പിക്കുന്ന ചിത്രം വാട്സ് ആപ്പ് സ്റ്റാറ്റസ് വെച്ച വസ്ത്ര വ്യാപാരിയുടെ കട അടിച്ചുതകർത്ത് ഹിന്ദുത്വ പ്രവർത്തകർ. ഹിമാചൽ പ്രദേശിലെ നഹാനിലാണ് സംഭവം.

വ്യാപാരിയായ ജാവേദിന്റെ വസ്ത്ര കടയാണ് ഹിന്ദുത്വ പ്രവർത്തകർ അടിച്ചു തകർത്തത്. പൊലീസ് നോക്കി നിൽക്കെ സംഘടിച്ചെത്തിയ തീവ്ര ഹിന്ദുത്വർ കട ബലംപ്രയോഗിച്ച് തുറക്കുകയും വസ്ത്രങ്ങൾ ഉൾപ്പെടെ പുറത്തേക്ക് വലിച്ചെറിയുകയും ചെയ്യുകയായിരുന്നു. അക്രമികൾ അഴിഞ്ഞാടിയിട്ടും ഏറെ നേരം കഴിഞ്ഞാണ് പൊലീസ് ആക്രമികളെ തടയാൻ ശ്രമിച്ചത്. ഇതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. എല്ലാവരെയും വെടിവെച്ച് കൊല്ലണമെന്നും ജയ് ശ്രീറാം തുടങ്ങി മുദ്രാവാക്യവും ഇവർ വിളിക്കുകയും ചെയ്തു. സംഭവത്തിൽ നഹാൻ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ആമസോൺ പാഴ്സലിൽ പാമ്പ്

ബെംഗളൂരു: ആമസോൺ ഷോപ്പിങ് സൈറ്റിൽ നിന്ന് എക്സ്ബോക്സ് കൺട്രോളർ ഓർഡർ ചെയ്ത സാധനത്തിനൊപ്പം ലഭിച്ചത് മൂർഖൻ പാമ്പിനെ. സർജാപുർ റോഡിൽ താമസിക്കുന്ന സോഫ്റ്റ് വെയർ എൻജിനീയർമാരായ ദമ്പതികൾക്കാണ് ദുരനുഭവം. ഞായറാഴ്ചയാണ് ഓർഡർ ചെയ്ത സാധനം വീട്ടിലെത്തിയത്. പാക്കേജിലെ ടേപ്പിൽ കുടുങ്ങിയ നിലയിലായിരുന്നു പാമ്പ്. സംഭവം ആമസോണിനെ അറിയിച്ചതോടെ റീഫണ്ട് നൽകി.

## ജലക്ഷാമം പരിഹരിച്ചില്ലെങ്കിൽ നിരാഹാര സമരമെന്ന് ഡൽഹി മന്ത്രി

ന്യൂഡൽഹി: ജലക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ച് ഡൽഹി ജലമന്ത്രി അതിഷി മാർലെന. രണ്ടു ദിവസത്തിനകം പ്രശ്നം പരിഹരിച്ചില്ലെങ്കിൽ നാളെ മുതൽ അനിശ്ചിതകാല നിരാഹാര സമരം നടത്തുമെന്നാണ് അതിഷിയുടെ മുന്നറിയിപ്പ്.


ഡൽഹിയിലേക്ക് 613 എംജിഡി (മില്യൻ ഗാലൻസ് പെർ ഡേ) വെള്ളം വിട്ടുനൽകേണ്ട സാഹചര്യത്തിൽ ഇന്നലെ ഹരിയാന നൽകിയത് 513 എംജിഡി വെള്ളം മാത്രമാണ്. തുടർന്നു 28 ലക്ഷം പേരാണു പ്രതിസന്ധി നേരിടുന്നതെന്നും അതിഷി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജനങ്ങൾക്ക് ഉഷ്ണതരംഗത്തെ മാത്രമല്ല, ജലക്ഷാമത്തെക്കുടി നേരിടേണ്ടിവരുന്ന അവസ്ഥയാണ്.

പ്രശ്നം പരിഹരിക്കാൻ ഹരിയാന സർക്കാരിന് ഒന്നിലധികം കത്തുകൾ എഴുതിയിട്ടുണ്ടെന്നും അവർ വ്യക്തമാക്കി. 'ജലക്ഷാമം പരിഹരിക്കാൻ ഞങ്ങളാൽ കഴിയുന്ന എല്ലാ മാർഗവും സ്വീകരിച്ചു. ഹരിയാന സർക്കാരിനെയും സുപ്രീംകോടതിയെയും സമീപിച്ചു. കേന്ദ്ര ജലശക്തി മന്ത്രിയുടെ ഇടപെടൽ ആവശ്യപ്പെട്ടു. ചൊവ്വാഴ്ച ഡൽഹിയിൽ നിന്നുള്ള ഉന്നതതല സമിതി ഹരിയാന സർക്കാരുമായി ചർച്ച ചെയ്തെങ്കിലും അവർ ജലം വിട്ടുനൽകില്ലെന്ന നിലപാടിൽ തന്നെയാണ്. ഡൽഹി നിവാസികളുടെ സഹനം എല്ലാ പരിധിയും കടന്നിരിക്കുന്നു. ഇടപെടൽ ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. രണ്ടു ദിവസത്തിനകം ഡൽഹിക്ക് ആവശ്യമായ ജലം ലഭ്യമാക്കിയില്ലെങ്കിൽ, അതിനു വേണ്ടി ഞാൻ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കും - അതിഷി പറഞ്ഞു.

മുൻപില്ലാത്ത വിധം ഉഷ്ണതരംഗം രൂക്ഷമായതാണ് ജലക്ഷാമം സൃഷ്ടിച്ചത്. മൂന്നുകോടി ആളുകൾ വസിക്കുന്ന ഡൽഹിയിൽ ദിവസം 1050 ദശലക്ഷം ഗ്യാലൻ വെള്ളം മാത്രമാണ് ലഭിക്കുന്നതെന്ന് അതിഷി പറഞ്ഞു.

## 'ബേട്ടി പഠാവോ' മുദ്രാവാക്യം തെറ്റായി എഴുതി കേന്ദ്രമന്ത്രി

### ■ ചർച്ചയായി മന്ത്രിയുടെ വിദ്യാഭ്യാസ യോഗ്യത



കേന്ദ്ര വനിതാ ശിശു വികസന സഹമന്ത്രി സാവിത്രി ഠാക്കൂർ 'ബേഠീ പഠാവോ, ബേഠീ ബച്ചാവോ' എന്ന് ബോർഡിൽ തെറ്റായി എഴുതിയപ്പോൾ

ഭോപ്പാൽ: ബേഠീ പഠാവോ, ബേഠീ ബച്ചാവോ എന്ന മുദ്രാവാക്യം ഹിന്ദിയിൽ തെറ്റായി എഴുതി കേന്ദ്ര വനിതാ ശിശു വികസന സഹമന്ത്രി സാവിത്രി ഠാക്കൂർ. മധ്യപ്രദേശിലെ ഒരു സ്കൂളിൽ നടന്ന പരിപാടിക്കിടെയാണ് മന്ത്രി തെറ്റായി എഴുതിയത്. ഇതിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിച്ചതോടെ കേന്ദ്രമന്ത്രിയുടെ വിദ്യാഭ്യാസ യോഗ്യത അടക്കം ചോദ്യം ചെയ്ത് നിരവധി പേർ രംഗത്തെത്തി. ചൊവ്വാഴ്ച ധാറിലെ ബ്രഹ്മകുണ്ടിയിലുള്ള സർക്കാർ സ്കൂളിലാണ് 'സ്കൂൾ ചലോ അഭിയാൻ' പരിപാടിയിൽ മുഖ്യാതിഥിയായി എത്തിയതായിരുന്നു സ്ഥലം എം.പി കൂടിയായ സാവിത്രി ഠാക്കൂർ.

തുടർന്ന് വിദ്യാഭ്യാസ ബോധവൽക്കരണത്തിന്റെ ഭാഗമായി വൈറ്റ് ബോർഡിൽ ബേഠീ പഠാവോ, ബേഠീ ബച്ചാവോ എന്നതിന് പകരം ബേധി പടാവോ ബച്ചാവ് എന്ന് തെറ്റായി എഴുതുകയായിരുന്നു. വിദ്യാഭ്യാസമില്ലാത്ത ജനപ്രതിനിധികൾ രാജ്യത്തിന് തന്നെ അപമാനമാണെന്ന നിരവധി വിമർശനങ്ങളാണ് ഇതോടെ ഉയർന്നത്. ഭരണഘടനാപരമായ പദവികൾ വഹിക്കുന്നവരും വലിയ വകുപ്പുകളുടെ ഉത്തരവാദിത്തമുള്ളവരും അവരുടെ മാതൃഭാഷയിൽ പോലും കഴിവില്ലാത്തവരാണ് എന്നത് ജനാധിപത്യത്തിന്റെ ദൗർഭാഗ്യമാണെന്നാണ് മുതിർന്ന കോൺഗ്രസ് നേതാവ് കെ.കെ മിശ്ര പ്രതികരിച്ചു. ഇങ്ങനെയുള്ളവർക്ക് എങ്ങനെ മന്ത്രിസ്ഥാനം വഹിക്കാൻ കഴിയും?. തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ മിനിമം വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതിന് ഭരണഘടന ഭേദഗതി ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ സാവിത്രി ഠാക്കൂർ ആദിവാസി സ്ത്രീയായതുകൊണ്ടാണ് ഇത്തരത്തിലുള്ള ആക്രമണമെന്ന് ബി.ജെ.പി ജില്ലാ പ്രസിഡന്റ് മനോജ് സോമാനി തിരിച്ചടിച്ചു. അതേസമയം ആദിവാസി നേതാവും മധ്യപ്രദേശ് പ്രതിപക്ഷ നേതാവുമായ ഉമങ് സിംഗാർ മന്ത്രിക്കും ബി.ജെ.പി നേതൃത്വത്തിനുമെതിരെ ആഞ്ഞടിച്ചു. എം.പിയും കേന്ദ്രമന്ത്രിയുമായിരുന്നിട്ടും സാവിത്രി ഠാക്കൂറിന് എങ്ങനെ രണ്ട് വാക്ക് പോലും ശരിയായി എഴുതാൻ കഴിയുന്നില്ലെന്ന് അദ്ദേഹം ചോദിച്ചു.

പ്രധാനമന്ത്രി മോദിക്ക് തന്റെ സർക്കാരിൽ റബ്ബർ സ്റ്റാമ്പ് മന്ത്രിമാരെ മാത്രമേ ആവശ്യമുള്ളൂ, ഒരു ജനപ്രതിനിധി എങ്ങനെയായിരിക്കണമെന്ന് ഒരു നിശ്ചിത മാനദണ്ഡമൊന്നുമില്ല. നിരക്ഷരനാണ് എന്നതാണ് കേന്ദ്രമന്ത്രിമാരുടെ യോഗ്യത. മന്ത്രിയുടെ മുന്നിലിരുന്ന കുട്ടികൾക്ക് എന്ത് തോന്നിയിട്ടുണ്ടാകും. ഇത്തരം ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് മുമ്പ് വോട്ടർമാർ ചിന്തിക്കണം- സിംഗാർ കൂട്ടിച്ചേർത്തു. ധാർ മണ്ഡലത്തിൽ 2,18,665 വോട്ടുകൾക്കായിരുന്നു സാവിത്രി താക്കൂറിന്റെ ജയം.

## ഐസ്ക്രീമിലെ വിരൽ; ഫാക്ടറി ജീവനക്കാരന് ഡി.എൻ.എ പരിശോധന

മുംബൈ: ഐസ്ക്രീമിൽ കണ്ടെത്തിയ വിരൽ ഫാക്ടറി ജീവനക്കാരന്റേതെന്ന് സംശയം. ഐസ്ക്രീം പാക്ക് ചെയ്ത അതേ ദിവസം ജീവനക്കാരന്റെ കൈവിരലിന് അപകടത്തിൽ പരുക്കേറ്റതായി പൊലീസ് കണ്ടെത്തി. കഴിഞ്ഞ ദിവസമാണ് മുംബൈയിൽ ഓൺലൈനായി ഓർഡർ ചെയ്ത യമ്മോ എന്ന ബ്രാൻഡിന്റെ കോൺ ഐസ്ക്രീമിൽ നിന്ന് മനുഷ്യ വിരലിന്റെ ഭാഗം കണ്ടെത്തിയത്. 27കാരനായ ഡോക്ടർ ഓർലെം ബ്രാൻഡൻ സെറാവോയക്കാണ് ഞെട്ടിക്കുന്ന അനുഭവം ഉണ്ടായത്. സംഭവത്തിൽ കേസെടുത്ത പൊലീസ് വിരൽ ഡിഎൻഎ പരിശോധനയ്ക്ക് അയച്ചു. റിപ്പോർട്ട് വന്നതിന് ശേഷം മാത്രമേ വിരൽ ജീവനക്കാരുടേതാണോ എന്ന കാര്യത്തിൽ സ്ഥിരീകരണം ഉണ്ടാകൂ. യമ്മോയ്ക്കെതിരെ ഭക്ഷണത്തിൽ മായം ചേർക്കൽ, മനുഷ്യജീവന് അപകടപ്പെടുത്തൽ എന്നീ കുറ്റങ്ങൾ ചുമത്തിയിട്ടുണ്ട്. കമ്പനിയുടെ ലൈസൻസ് ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ഓഫ് ഇന്ത്യ സസ്പെൻഡ് ചെയ്തു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 20 വ്യാഴം
ഗൾഫ് ചന്ദ്രിക



## സംസ്ഥാനത്ത് മഴ സജീവം

തിരുവനന്തപുരം: സംസ്ഥാനത്ത് മഴ വീണ്ടും ശക്തമായി. ഇന്നലെ പരക്കെ ശക്തമായ മഴലഭിച്ചു. മിക്കയിടങ്ങളിലും ഇന്നലെ രാവിലെ തുടങ്ങിയ മഴ രാത്രി വൈകിയും തുടരുകയാണ്. കഴിഞ്ഞ 24 മണിക്കൂറിനിടെ തിരുവനന്തപുരം വെള്ളായണി 37 മി.മീ, കൊല്ലം ചവറ 27 മി.മീ, പത്തനംതിട്ട വെൺകുറിഞ്ഞി 53.5 മി.മീ, കോട്ടയം കുമരകം 22 മി.മീ, ഇടുക്കി ഉടമ്പന്നൂർ 60 മി.മീ, എറണാകുളം പള്ളുരുത്തി 28.5 മി.മീ, തൃശൂർ വിലങ്ങൻകുന്ന് 33.5 മി.മീ, പാലക്കാട് പറമ്പിക്കുളം 22.5 മി.മീ, കോഴിക്കോട് ഉറുമി 62.5 മി.മീ ,വയനാട് പടിഞ്ഞാറത്തറ ഡാം 22.5 മി.മീ, കണ്ണൂർ പന്നിയൂർ 50.5 മി.മീ എന്നിങ്ങനെ മഴ ലഭിച്ചു. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ടുണ്ട്. നാളെ മലപ്പുറം,കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് ആറ് ജില്ലകളിൽ യെല്ലോ അലർട്ടുമുണ്ട്. ആന്ധ്രാ തീരത്തിനും തെലുങ്കാനയ്ക്കും മുകളിലായി ചക്രവാതച്ചുഴി സ്ഥിതി ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴ ലഭിക്കുമെന്നാണ് പ്രവചനം.

## വായനാ ദിനാചരണം

മലപ്പുറം: വായന മനുഷ്യന് പ്രതിസന്ധികളെ മറികടക്കാനുള്ള കരുത്ത് പകരുമെന്ന് എഴുത്താകരൻ മണമ്പൂർ രാജൻബാബു അഭിപ്രായപ്പെട്ടു. കാലിക്കറ്റ് സർവകലാശാലാ സി.എച്ച്.എം.കെ ലൈബ്രറി സംഘടിപ്പിച്ച വായനദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുസ്തകങ്ങൾ ഓരോ വായനക്കാരിലും വ്യത്യസ്തമായ അനുഭൂതികളാണ് നൽകുക. ഡിജിറ്റൽ വായനയുടെ ലോകത്ത് അച്ചടിച്ച പുസ്തകങ്ങളുടെ പ്രചാരം കുറയില്ലെന്നും അദ്ദേഹം പറഞ്ഞു. സർവകലാശാലാ ലൈബ്രേറിയൻ ഡോ. വി. എം വിനോദ് അധ്യക്ഷത വഹിച്ചു. വി. ഷാജി, ഡോ. ശ്യാമിലി, ഒ. കെ. ബിൻസി സംസാരിച്ചു.

# കേരള വാർത്തകൾ

# റേഷൻ കടകൾ അടച്ചിട്ട് രണ്ട് ദിവസം രാപ്പകൽ സമരം

കോഴിക്കോട്: വേതന പാക്കേജ് കാലാനുസൃതമായി പരിഷ്ക്കരിക്കുക; കെ.ടി.പി.ഡി.എസ്. നിയമാവലിയിൽ വ്യാപാരികളുടെ ആവശ്യങ്ങൾ കൂടി അംഗീകരിക്കുക; ക്ഷേമനിധിയിൽ സർക്കാർ വിഹിതം ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു ജൂലായ് എട്ടിനും ഒമ്പതിനും സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളും അടച്ചിട്ടുകൊണ്ട് തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ 48 മണിക്കൂർ രാപകൽ സമരം നടത്തുവാൻ സംയുക്ത റേഷൻ കോഓഡിനേഷൻ സമിതി തീരുമാനിച്ചു.
യോഗത്തിൽ കോഓഡിനേഷൻ സമിതി ചെയർമാൻ ജി. സ്റ്റീഫൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ അഡ്വ: ജോണി നെല്ലൂർ എക്സ് എം.എൽ.എ, അഡ്വ:ജി. കൃഷ്ണപ്രസാദ്, ടി. മുഹമ്മദാലി, സി മോഹനൻ പിള്ള, ശശി ആലപ്പുഴ,ശിവദാസ് വേലിക്കാട്, സുരേഷ് കാറേറ്റ്, ഉഴമനയ്ക്കൽ വേണുഗോപാൽ, ഷജീർ പ്രസംഗിച്ചു.
ആൾ കേരളാ റേഷൻ ഡീലേഴ്സ് അസോസിയേഷൻ, കെ.എസ് . ആ ർ . ആ ർ . ഡി . എ , കെ.ആർ.ഇ.യു. (സി.ഐ.ടി.യു) എന്നീ റേഷൻ മേഖലയിലെ സംഘടനകൾ ചേർന്നതാണ് റേഷൻ കൊ ഓഡിനേഷൻ സമിതി. നേരത്തെ നടത്തിയ പ്രഥമ സൂചനാ കടയടപ്പു സമരത്തിൽ 97 ശതമാനം വ്യാപാരികളും പങ്കെടുത്തിരുന്നു. സർക്കാറിന്റെ ഭാഗത്ത് നിന്നും യാതൊരു നീക്കവും ഉണ്ടാവാത്ത സാഹചര്യത്തിലാണ് രണ്ട് ദിവസം അടച്ചിട്ട് സമരം ചെയ്യുന്നത്.

### ടാറ്റാ വാഹനങ്ങൾക്ക് വില കൂടും

കൊച്ചി: വാണിജ്യ വാഹനങ്ങളുടെ വില 2024 ജൂലൈ ഒന്നു മുതൽ രണ്ടു ശതമാനം വരെ വർധിപ്പിക്കാനൊരുങ്ങി ടാറ്റ മോട്ടോർസ്. ഉൽപന്നങ്ങളുടെ വിലവർധനവിനെത്തുടർന്നാണ് തീരുമാനമെന്ന് ടാറ്റാ മോട്ടോർസ് അറിയിച്ചു. വാണിജ്യ വാഹനങ്ങളുടെ മുഴുവൻ ശ്രേണിയിലും ഈ വിലവർധനവ് ബാധകമായിരിക്കും. കൂടാതെ ഒരോ മോഡലുകളും വേരിയന്റുകളും അനുസരിച്ച് വില വ്യത്യസ്തമായിരിക്കും.

## ■ മൂന്നാറിലെ ഭൂമി പ്രശ്നം
# സ്പെഷൽ ഓഫീസറെ നിയമിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: മൂന്നാറിലെ ഭൂമി പ്രശ്നത്തിൽ അടിയന്തരമായി സ്പെഷൽ ഓഫീസറെ നിയമിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഹൈക്കോടതി. ജില്ലാ കലക്ടർക്ക് തുല്യമോ അതിന് മുകളിലോ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫിസറായി നിയമിക്കണമെന്നാണ് നിർദ്ദേശം. പൊലീസും റവന്യൂ വകുപ്പും ആവശ്യമായ പിന്തുണ നൽകുന്നുവെന്ന് സർക്കാർ ഉറപ്പാക്കണമെന്നും കോടതി നിർദ്ദേശിച്ചു. വ്യാജ പട്ടയങ്ങൾ നൽകിയതും റവന്യൂ രേഖകളിലടക്കം കൃത്രിമം നടത്തിയതും സ്പെഷൽ ഓഫീസർ പരിശോധിക്കണമെന്നും ഡിവിഷൻ ബെഞ്ച് നിർദേശിച്ചു.
പുതിയ പട്ടയം നൽകുന്നതിന്റെ മേൽനോട്ടച്ചുമതലയും ഈ ഉദ്യോഗസ്ഥനാകണം. ഇടുക്കി ജില്ലാ കലക്ടറെ മാറ്റാൻ അനുവദിക്കണമെന്ന സർക്കാരിന്റെ ആവശ്യം പിന്നീട് പരിഗണിക്കാമെന്നും ആദ്യം സ്പെഷൽ ഓഫീസറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. മൂന്നാർ പോലെ മനോഹരമായ ഭൂഭാഗത്തെ അനധികൃത കെട്ടിടനിർമാണത്തിലൂടെ നശിപ്പിച്ചത് കണ്ടില്ലെന്ന് നടിക്കാനാകില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.
പട്ടയവിതരണത്തിലെ വിവരശേഖരണത്തിൽ ഉദ്യോഗസ്ഥർ പരാജയപ്പെട്ടുവെന്ന് അമിക്കസ് ക്യൂറി കോടതിയെ അറിയിച്ചു. പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ ആരും ഒന്നും പരിശോധിക്കുന്നില്ല. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കീഴിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്നും അമിക്കസ് ക്യൂറി ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് സ്പെഷ്യൽ ഓഫിസറെ നിയമിക്കുന്ന്ത് സംബന്ധിച്ച് കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയായിരുന്നു. സ്പെഷ്യൽ ഓഫിസർ നിയമനം സംബന്ധിച്ച കാര്യങ്ങളിൽ ഇടപെടുന്നതിന് കോടതിക്ക് ചില പരിമിതികളുണ്ടെന്നും സർക്കാരാണ് നിയമപാട് വ്യക്തമാക്കേണ്ടതെന്നും കോടതി വ്യക്തമാക്കി. ജസ്റ്റിസ് എ മുഹമ്മദ് മുസ്താഖ്, ജസ്റ്റിസ് എസ് മനു എന്നിവരുടെ ഡിവിഷൻ ബെഞ്ചാണ് മൂന്നാർ കേസുകൾ പരിഗണിച്ചത്.
ഹൈക്കോടതി ആർക്കെങ്കിലുമെതിരെയല്ല പ്രവർത്തിക്കുന്നതല്ലെന്നും മൂന്നാറിനെ മൂല്യവത്തായ വിനോദസഞ്ചാര കേന്ദ്രമായി സംരക്ഷിക്കുകയാണ് ലക്ഷ്യമെന്നും കോടതി വ്യക്തമാക്കി. മൂന്നാറിന്റെ പരിസ്ഥിതി നശിക്കുന്നത് വിനോദസഞ്ചാരികളെ തടയുമെന്ന് ബെഞ്ച് മുന്നറിയിപ്പ് നൽകി.
മൂന്നാറിൽ നിർമാണത്തിലിരിക്കുന്ന ബഹുനില കെട്ടിടം സംബന്ധിച്ച ആരോപണത്തിൽ അന്വേഷണം നടത്താനും സ്റ്റോപ്പ് മെമ്മോ നൽകാനും മൂന്നാർ പഞ്ചായത്ത് സെക്രട്ടറിയോട് നിർദേശിച്ചു.
അനധികൃത നിർമാണം തടയാൻ നേരത്തേ നിർദേശിച്ച ഹൈക്കോടതി മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് ബെഞ്ച് വാക്കാൽ ചോദിച്ചു.
മൂന്നാറിലെ അനധികൃത പട്ടയങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട് സിബിഐ അന്വേഷണത്തിൽ വിശദീകരണം അറിയിക്കാനും സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി. മൂന്നാർ കേസുകൾ അടുത്ത ചൊവ്വാഴ്ച ഡിവിഷൻ ബെഞ്ച് വീണ്ടും പരിഗണിക്കും.

## കാറഡുക്ക സഹകരണ സംഘം തട്ടിപ്പ് കേസ്
# സെക്രട്ടറി ഉൾപ്പെടെ മൂന്നു പ്രതികളെ കസ്റ്റഡിയിൽ വിട്ടു

മുള്ളേരിയ (കാസർകോട്): കാറഡുക്ക അഗ്രിക്കൾച്ചറിസ്റ്റ് കോഓപ്പറേറ്റീവ് വെൽഫെയർ സൊസൈറ്റിയിൽ 4.76 കോടി രൂപയുടെ തട്ടിപ്പ് നടത്തിയ കേസിൽ റിമാന്റിൽ കഴിയുന്ന സെക്രട്ടറി ഉൾപ്പെടെ മൂന്നുപ്രതികളെ കോടതി ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ വിട്ടു. കേസിലെ മുഖ്യപ്രതിയും സൊസൈറ്റി സെക്രട്ടറിയുമായ കർമന്തൊടി ബാളക്കണ്ടത്തെ കെ. രതീഷ്, കണ്ണൂർ സിറ്റി ഉരുവച്ചാൽ സ്വദേശിയും പയ്യന്നൂരിൽ താമസക്കാരനുമായ അബ്ദുൽ ജബ്ബാർ, കോഴിക്കോട് അരക്കിണർ സ്വദേശി സി. നബീൻ എന്നിവരെയാണ് കൂടുതൽ ചോദ്യം ചെയ്യുന്നതിനും തെളിവെടുപ്പുകൾക്കുമായി ജില്ലാ ക്രൈംബ്രാഞ്ചിന്റെ കസ്റ്റഡിയിൽ വിട്ടുകൊടുത്തത്.
രതീഷിനെ ഇന്നലെ കാറഡുക്ക സൊസൈറ്റിയിലെത്തിച്ച് തെളിവെടുപ്പ് നടത്തി. തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് ഇതുവരെ ആറു പ്രതികളാണ് അറസ്റ്റിലായത്. ആറുപേരും റിമാന്റിൽ കഴിയുകയാണ്. നേരത്തെ ക്രൈംബ്രാഞ്ച് ആറു പ്രതികളെയും ജില്ലാ ജയിലിൽ ഒരുമിച്ചിരുത്തി ചോദ്യം ചെയ്തിരുന്നു. പണം ഏതൊക്കെ വഴികളിലൂടെയാണ് പോയതെന്നതിനെ കുറിച്ച് വ്യക്തത വന്നെങ്കിലും ഇടപാടുകളുടെ കാര്യത്തിലുള്ള ദുരൂഹത തുടരുകയാണ്. ഈ സാഹചര്യത്തിലാണ് സെക്രട്ടറി ഉൾപ്പെടെയുള്ള പ്രതികളെ കൂടുതൽ ചോദ്യം ചെയ്യുന്നതിനായി ക്രൈംബ്രാഞ്ച് കോടതി യിൽ അപേക്ഷ നൽകിയത്.
ഈ കേസിലെ മറ്റ് പ്രതികളായ ബേക്കൽ ഹദ്ദാദ് നഗറിലെ മുഹമ്മദ് ബഷീർ, പറക്കളായി ഏഴാംമൈലിലെ അബ്ദുൽ ഗഫൂർ, കാഞ്ഞങ്ങാട് നെല്ലിക്കാട്ടെ എ. അനിൽകുമാർ എന്നിവരെ ക്രൈംബ്രാഞ്ച് നേരത്തെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യുകയും കാറഡുക്ക സൊസൈറ്റിയിൽ നിന്ന് കടത്തി ക്കൊണ്ടുപോയി പണയം വച്ച സ്വർണാഭരണങ്ങൾ വിവിധ ബാങ്കുകളിൽ നിന്നായി കണ്ടെടുക്കുകയും ചെയ്തിരുന്നു. തട്ടിപ്പ് നടത്തിയതായി വ്യക്തമായതിനെ തുടർന്ന് ജോലിയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട രതീഷ് ഒരു ദിവസം സൊസൈറ്റിയിലെത്തി ലോക്കറിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ കടത്തിക്കൊണ്ടുപോകുകയായിരുന്നു.

# എതിരില്ല, മോഹൻലാൽ വീണ്ടും 'അമ്മ' പ്രസിഡന്റ്



കൊച്ചി: താരസംഘടനയായ 'അമ്മ' യുടെ പ്രസിഡന്റായി മോഹൻലാൽ വീണ്ടും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ജൂൺ 30ന് കൊച്ചിയിൽ നടക്കുന്ന കമ്മിറ്റി തിരഞ്ഞെടുപ്പിലേക്ക് മറ്റാരും നാമനിർദേശം സമർപ്പിക്കാതെ വന്നതോടെയാണ് മോഹൻലാൽ വീണ്ടും പ്രസിഡന്റാവുമെന്ന് ഉറപ്പായത്. ചൊവ്വാഴ്ചയായിരുന്നു പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. 2018ലാണ് മോഹൻലാൽ 'അമ്മ' യുടെ പ്രസിഡന്റായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടത്. പിന്നീട് തുടർച്ചയായി മൂന്നാം തവണയാണ് എതിരില്ലാതെ പ്രസിഡന്റ് സ്ഥാനത്തെത്തുന്നത്. ട്രഷറർ സ്ഥാനത്തേക്ക് ഉണ്ണി മുകുന്ദൻ മാത്രമാണ് നാമനിർദേശ പത്രിക സമർപ്പിച്ചത്. സിദ്ദിഖിന്റെ പിൻഗാമിയായിട്ടാണ് ഉണ്ണി മുകുന്ദൻ ട്രഷറർ സ്ഥാനത്തേക്ക് എത്തുന്നത്. അതേസമയം ഇടവേള ബാബു ഒഴിയുന്ന സെക്രട്ടറി സ്ഥാനത്തേക്ക് ഉൾപ്പെടെ ഇത്തവണ മത്സരമുണ്ടാവും. ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ഇനിയുണ്ടാവില്ലെന്ന് ഇടവേള ബാബു നേരത്തെ പറഞ്ഞിരുന്നു. ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് സിദ്ദീഖ്, കുക്കു പരമേശ്വൻ, ഉണ്ണി ശിവപാൽ എന്നിവർ തമ്മിലായിരിക്കും മത്സരം.
വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ജഗദീഷ്, മഞ്ജു പിള്ള, ജയൻ ചേർത്തല എന്നിവർ നോമിനേഷൻ സമർപ്പിച്ചിട്ടുണ്ട്. അനൂപ് ചന്ദ്രനും ബാബുരാജും ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കും. രമേഷ് പിഷാരടി, റോണി ഡേവിഡ്, സുരേഷ് കൃഷ്ണ, ടിനി ടോം, ടൊവിനോ തോമസ്, സരയു മോഹൻ, സുരാജ് വെഞ്ഞാറമൂട്, വിനു മോഹൻ, അനന്യ, അൻസിബ, ജോയ് മാത്യു, കലാഭവൻ ഷാജോൺ എന്നിവർ പതിനൊന്ന് അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് നാമനിർദേശപത്രിക നൽകിയിട്ടുണ്ട്. ജൂൺ 30ന് കലൂർ ഗോകുലം കൺവെൻഷൻ സെന്ററിലാണ് അമ്മയുടെ തിരഞ്ഞെടുപ്പ് പൊതുയോഗം. 506 അംഗങ്ങൾക്കാണ് വോട്ടവകാശമുള്ളത്.
2021ൽ നടന്ന തിരഞ്ഞെടുപ്പിൽ മോഹൻലാലും ഇടവേള ബാബുവും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടെങ്കിലും വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കും എക്സിക്യുട്ടീവ് കമ്മിറ്റിയിലേക്കും മത്സരമുണ്ടായിരുന്നു.

## ■ പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസ്
# ഹൈക്കോടതി പ്രോസിക്യൂഷന്റെ വിശദീകരണം തേടി

കൊച്ചി: പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിൽ എഫ്ഐആർ റദ്ദാക്കണമെന്നാവശ്യപ്പെട്ട് രാഹുൽ പി ഗോപാൽ സമർപ്പിച്ച ഹർജിയിൽ ഹൈക്കോടതി പ്രോസിക്യൂഷന്റെ വിശദീകരണം തേടി. കേസ് റദ്ദാക്കാനുള്ള യുവതിയുടെ സത്യവാങ്മൂലവും ഹർജിക്കൊപ്പമുണ്ട്. സത്യവാങ്മൂലം സംബന്ധിച്ച വിശദീകരണവും രാഹുലിന് മറ്റെന്തെങ്കിലും കേസുകൾ ഉണ്ടോയെന്ന വിവരവും ബോധിപ്പിക്കണമെന്നാണ് കോടതി നിർദ്ദേശം. യുവതിയുമായുള്ള പരാതി ഒത്തുതീർപ്പായെന്ന് രാഹുൽ ഹർജിയിൽ ബോധിപ്പിച്ചു. ഭാര്യ കേസ് കൊടുക്കുന്നതിനു കാരണമായത് ചില തെറ്റിദ്ധാരണകളാണെന്നു ഹർജിയിൽ പറയുന്നു. ഭാര്യയുമായുള്ള പ്രശ്നങ്ങൾ പറഞ്ഞു തീർത്തുവെന്നു ഹർജിയിൽ പറയുന്നു. യുവതിയെ ശാരീരികമായി ആക്രമിച്ചിട്ടില്ല. ഒരുമിച്ച് ജീവിക്കാനാണ് തീരുമാനം. പൊലീസ് ഇടപെടൽ മൂലം ഒരുമിച്ച് ജീവിക്കാനായില്ലെന്നും ഹർജിയിൽ പറയുന്നു.യുവതിയുമായുള്ള തർക്കം സ്വകാര്യ സ്വഭാവമുള്ളതാണെന്നും റദ്ദാക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു.
രാഹുലുമായുള്ള തർക്കം പരിഹരിച്ചെന്നാണ് യുവതിയുടെ സത്യവാങ്മൂലത്തിലുള്ളത്. ഭർത്താവുമായി ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചു. കേസിലെ തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു. മൊഴി നൽകേണ്ടി വന്നത് ബന്ധുക്കളുടെ അധികാര സ്വാധീനം മൂലമാണെന്നും യുവതി പറയുന്നു. . കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിലാണ് നടപടി. വീട്ടുകാരുടെ സമ്മർദ്ദത്തെ തുടർന്നാണ് ഭർത്താവിനെതിരെ ഗാർഹിക പീഡന പരാതി നൽകിയതെന്നായിരുന്നു യുട്യൂബ് ചാനലിലൂടെയുള്ള പെൺകുട്ടിയുടെ വെളിപ്പെടുത്തൽ.
എന്നാൽ ആരുടെയോ സമ്മർദ്ദത്തിന് വഴങ്ങിയാണ് പെൺകുട്ടി മൊഴി മാറ്റിയതെന്നായിരുന്നു വീട്ടുകാരുടെ ആരോപണം. വീട്ടുകാർക്കൊപ്പം പോകാൻ താൽപര്യമില്ലെന്ന് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കിയപ്പോൾ അറിയിച്ച യുവതി ഡൽഹിയിലേക്ക് തിരിച്ചുപോയിരുന്നു.

### സ്കൂൾ പ്രവൃത്തി ദിവസം 220 ആക്കിയ നടപടി: കോടതി സർക്കാരിന്റെ വിശദീകരണം തേടി

കൊച്ചി: സ്കൂൾ പ്രവൃത്തി ദിവസം 220 ആക്കിയതിനെതിരെ അധ്യാപക സംഘടന ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ സർക്കാരിന്റെ വിശദീകരണം തേടി. സംസ്ഥാനത്തെ വിവിധ സർക്കാർ എയിഡഡ് സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയിയേഷനാണ് ഹർജി സമർപ്പിച്ചത്. പ്രവർത്തി ദിവസങ്ങളുടെ എണ്ണം വർധിപ്പിച്ചത് സർക്കാരിന്റെ നയമപരമായ തീരുമാനം അല്ലേയെന്ന് കോടതി ഹർജിക്കാരോട് ചോദ്യമുന്നയിച്ചു. ജസ്റ്റിസ് എ എ സിയാദ് റഹ്മാനാണ് ഹർജി പരിഗണിച്ചത്. സ്കൗട്ടും എൻഎസ്എസും അടക്കമുള്ളവ ശനിയാഴ്ചകളിലാണ് പ്രവർത്തിക്കുന്നതെന്നും വർഷങ്ങളായുള്ള രീതിയാണ് മാറ്റിയതെന്നും ഹർജിക്കാർ അറിയിച്ചു. പ്രായോഗികമായി പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ലേയെന്ന് ചോദിച്ച കോടതി സർക്കാരിന്റെ മറുപടിയ്ക്കായി തേടുകയായിരുന്നു. 25 ശനിയാഴ്ചകൾ ഉൾപ്പെടെ 220 അധ്യയന ദിനം തികക്കുന്ന രീതിയിലാണ് പുതിയ കലണ്ടർ. കഴിഞ്ഞ വർഷത്തേക്കാൾ 16 ശനിയാഴ്ചകളാണ് പുതിയ കലണ്ടറിൽ പ്രവർത്തി ദിനം. ഇത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന് എതിരാണെന്ന് അധ്യാപക സംഘടനകൾ ചൂണ്ടിക്കാട്ടി. ഈ അധ്യായന വർഷത്തെ അക്കാദമിക് കലണ്ടർ റദ്ദാക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

## ചന്ദ്രിക-ടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസ്

കൊണ്ടോട്ടി: ടെക്നോളജിയിലൂടെയും സ്റ്റാർട്ടപ്പുകളിലൂടെയും മാറുന്ന കേരളത്തിന് കരുത്തു പകർന്ന് ചന്ദ്രിക - ടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസ് ശ്രദ്ധേയമായി. ടെക്നോളജിയുടെയും സ്റ്റാർട്ടപ്പുകളുടെയും പറുദീസയായ അമേരിക്കയിലെ സിലിക്കൺവാലി മോഡലിൽ കേരളത്തെ ടെക്നോളജിയുടെയും എന്റർപ്രണർഷിപ്പിന്റെയും ഹെഡ്ക്വാർട്ടേഴ്സാക്കി മാറ്റിയെടുക്കുകയാണ് ടാൽറോപ് ലക്ഷ്യമിടുന്നത്. ലക്ഷകണക്കിന് തൊഴിലവസരങ്ങളും ആയിരക്കണക്കിന് സംരംഭങ്ങളും അനവധി ആഗോള കമ്പനികളും ഉൾപ്പെടുന്നതാണ് ടാൽറോപ് നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന സിലിക്കൺവാലി മോഡൽ.ടി.വി ഇബ്രാഹിം എം.എൽ. എ മുഖ്യാതിഥിയായി. ടാൽറോപ് കോ-ഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പ്രൊജക്ട് പ്രസന്റേഷൻ നിർവ്വഹിച്ചു. ചന്ദ്രിക ഫിനാൻസ് ഡയറക്ടർ പി.എം.എ സമീർ, മുസ്‌ലിം ലീഗ് കൊണ്ടോട്ടി മണ്ഡലം പ്രസിഡന്റ് പി.എ ജബ്ബാർ ഹാജി, ചന്ദ്രിക അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ. എം സൽമാൻ, മുസ്‌ലിം യൂത്ത് ലീഗ് കൊണ്ടോട്ടി മണ്ഡലം പ്രസിഡന്റ് അഡ്വ. എൻ.എ കരീം, ജനറൽ സെക്രട്ടറി കെ. ഷാഹുൽ ഹമീദ്, ചന്ദ്രിക കോഴിക്കോട് റസിഡന്റ് മാനേജർ മുനീബ് ഹസൻ തുടങ്ങിയവർ സംസാരിച്ചു.




കൊണ്ടോട്ടിയിൽ സംഘടിപ്പിച്ച ചന്ദ്രിക-ടാൽറോപ് ബിസിനസ് കൺസൽറ്റന്റ്സ് കോൺഫറൻസിൽ ടാൽറോപ് കോ-ഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പ്രൊജക്ട് പ്രസന്റേഷൻ നിർവഹിക്കുന്നു.


# കോളനി: പേര് മാറ്റം കൊണ്ട് കാര്യമായില്ലെന്ന് ദലിത് ലീഗ്

കോഴിക്കോട്: പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങൾ മാത്രം താമസിക്കുന്ന ഗ്രാമങ്ങളെ കോളനികൾ എന്നും ഊര് എന്നും വിശേഷിപ്പിക്കുന്നതിൽ നിന്ന് പേര് മാത്രം മാറ്റിയതുകൊണ്ട് പ്രത്യേക കാര്യമൊന്നുമില്ലന്ന് ദലിത് ലീഗ് സ്റ്റേറ്റ് പ്രസിഡന്റ് ഇ.പി ബാബു അഭിപ്രായപ്പെട്ടു. ഇവർ താമസിക്കുന്ന ഇടങ്ങളിൽ ഇപ്പോഴും അടിസ്ഥാന വികസനം പോലും എത്തിയിട്ടില്ല. കുടിവെള്ളവും വാസ യോഗ്യമായ പാർപ്പിടവും ദലിത് വിഭാഗങ്ങൾക്ക് ഇപ്പോഴും വിദൂരമാണ്. ലൈഫ് പദ്ധതി കൊണ്ട് വന്ന് എൽ.ഡി.എഫ് സർക്കാർ ഇവർക്കുള്ള വീടിനുള്ള പ്രത്യേക പാക്കേജ് തന്നെ എടുത്തു കളഞ്ഞിരിക്കുന്നു. എസ്.സി, എസ്.ടി വിഭാഗ വിദ്യാർത്ഥികളുടെ ഗ്രാന്റും സ്കോളർഷിപ്പും ഇതുവരെ കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇതിനൊക്കെ പരിഹാരം കാണാതെ ഒരു പേര് മറ്റം കൊണ്ട് മാത്രം എല്ലാം പരിഹരിച്ചു എന്ന മട്ടിലുള്ള പട്ടികജാതി പട്ടിക വർഗ മന്ത്രി ഗ രാധാകൃഷ്ണന്റെ പ്രഖ്യാപനം വെറും പ്രഹസനമാണന്നും ഈ കാര്യത്തിൽ ആത്മാർത്ഥതയുണ്ടങ്കിൽ ദലിതരുടെ അടിസ്ഥാന വികസനം പെട്ടെന്ന് നടപ്പിലാക്കുകയാണ് വേണ്ടതെന്നും ഇ. പി ബാബു കൂട്ടിച്ചേർത്തു. അതേസമയം കോളനികളുടെ പേര് മാറ്റി സദ്ഗ്രാമങ്ങളാക്കി മാറ്റണമെന്ന നജീബ് കാന്തപുരം എം.എൽ.എയുടെ ആശയങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

# പക്ഷിപ്പനി പ്രതിരോധം: മാർഗനിർദേശം പുറത്തിറക്കി ആരോഗ്യ വകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് പക്ഷിപ്പനി (എച്ച്5 എൻ1) സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക മാർഗനിർദേശങ്ങളും (എസ്.ഒ.പി.), സാങ്കേതിക മാർഗനിർദേശങ്ങളും പുറത്തിറക്കി. ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന സ്റ്റേറ്റ് റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി) തീരുമാന പ്രകാരമാണ് മാർഗനിർദേശങ്ങൾ പുറത്തിറക്കിയത്. ചേർത്തലയിൽ താറാവുകളിലും തുടർന്ന് കാക്കകളിലും പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിലാണ് നടപടി. സംസ്ഥാനത്ത് പനി നിരീക്ഷണം ശക്തിപ്പെടുത്തും. കർഷകരും പക്ഷി വളർത്തുന്നവരും അവരുമായി ബന്ധപ്പെട്ട ആളുകളും പാലിക്കേണ്ട മാർഗനിർദേശങ്ങളാണ് പുറത്തിറക്കിയത്. പ്രതിരോധ പ്രവർത്തനങ്ങൾക്കും നിരീക്ഷണങ്ങൾക്കും പൊതുജനാരോഗ്യത്തിനും ഊന്നൽ നൽകുന്ന മാർഗരേഖയാണിത്. ശക്തമായ ശരീര വേദന, പനി, ചുമ, ശ്വാസംമുട്ട് എന്നീ രോഗ ലക്ഷണങ്ങളോടെ എത്തുന്നവരെ പ്രത്യേകം നിരീക്ഷിക്കും. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ പരിശീലനം സിദ്ധിച്ച വൺ ഹെൽത്ത് കമ്യൂണിറ്റി വളന്റിയർമാരുടെ നേതൃത്വത്തിൽ സാമൂഹിക അവബോധം സൃഷ്ടിക്കുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നും മന്ത്രി വീണാ ജോർജ് വ്യക്തമാക്കി.
ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിച്ചു. കാക്കകളിലും മറ്റ് പക്ഷികളിലും ഉണ്ടാകുന്ന അസ്വാഭാവിക മരണങ്ങൾ മൃഗസംരക്ഷണ വകുപ്പിനെ അറിയിക്കേണ്ടതാണ്. മറ്റ് രാജ്യങ്ങളിൽ സസ്തനികളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ ഇതുവരെ അത്തരം കേസ് റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽ സസ്തനികളിലും പെട്ടന്നുള്ള മരണമുണ്ടായാൽ ബന്ധപ്പെട്ടവരെ വിവരം അറിയിക്കേണ്ടതാണ്. ചത്ത പക്ഷികളെയോ രോഗം ബാധിച്ചവയെയോ കൈകാര്യം ചെയ്യരുത്. നന്നായി പാചകം ചെയ്ത മാംസവും മുട്ടയും മാത്രം ഉപയോഗിക്കുക. അവബോധം ശക്തമാക്കും. കേരളത്തിൽ പക്ഷിപ്പനി ഇന്നേവരെ മനുഷ്യരെ ബാധിച്ചിട്ടില്ല. എങ്കിലും മുൻ കരുതലുകൾ ആവശ്യമാണ്. ആരോഗ്യ വകുപ്പ് നൽകുന്ന മാർഗനിർദേശങ്ങൾ എല്ലാവരും പാലിക്കണം. രോഗബാധിത പ്രദേശങ്ങളിലുള്ളവരിലെ പനിയും മറ്റ് രോഗലക്ഷണങ്ങളും ആരോഗ്യവകുപ്പ് പ്രത്യേകം നിരീക്ഷണം നടത്തി വരുന്നു. ഈ പ്രദേശങ്ങളിലുള്ളവർക്ക് ശ്വാസകോശ സംബന്ധമായ ബുദ്ധിമുട്ടുകളുണ്ടായാൽ ആരോഗ്യ പ്രവർത്തകരെ അറിയിക്കേണ്ടതാണ്.
കോഴി, താറാവ്, കാട, വാത്ത, ടർക്കി, അലങ്കാരപക്ഷികൾ തുടങ്ങിയ എല്ലാ പക്ഷികളേയും ഈ രോഗം ബാധിക്കാം. രോഗബാധയേറ്റ പക്ഷികളുമായി അടുത്ത സമ്പർക്കം പുലർത്തുന്നവർ, പരിപാലിക്കുന്നവർ, വളർത്തു പക്ഷികളുമായി ഇടപെടുന്ന കുട്ടികൾ, വീട്ടമ്മമാർ, കശാപ്പുകാർ, വെറ്റിനറി ഡോക്ടർമാർ, മറ്റു ബന്ധപ്പെട്ട ജീവനക്കാർ എന്നിവർ രോഗബാധ ഏൽക്കാതിരിക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കണം. രോഗബാധയുണ്ടെന്ന് സംശയിക്കുന്ന പക്ഷികളെ കൈകാര്യം ചെയ്യുന്നവർ കൈയ്യുറ, മുഖാവരണം എന്നിവ ധരിക്കുകയും അതതു സമയങ്ങളിൽ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുകയും വേണം. ശക്തമായ ശരീര വേദന, പനി, ചുമ, ശ്വാസംമുട്ട്, ജലദോഷം കഫത്തിൽ രക്തം, കൺപോളയിൽ വീക്കം മുതലായവയാണ് രോഗലക്ഷണങ്ങൾ. രോഗപ്പകർച്ചക്ക് സാധ്യതയുള്ള സാഹചര്യത്തിലുള്ളവർ ഈ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തേയോ ആരോഗ്യ പ്രവർത്തകരേയോ അറിയിക്കണം.

# ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ യുവാവ് തൂങ്ങിമരിച്ച നിലയിൽ



കായംകുളം: ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ യുവാവിനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. കായംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന് സമീപമുള്ള കാത്തിരിപ്പ് കേന്ദ്രത്തിലാണ് കൊല്ലം ജില്ലയിലെ പോരുവഴി അമ്പനാട്ട് വടക്കതിൽ അനീഷ് ബാബു (41) വിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഇന്നലെ പുലർച്ചെ നടക്കാനിറങ്ങിയ ആൾക്കാരാണ് കായംകുളം പൊലീസിനെ വിവരം അറിയിച്ചത്. കായംകുളത്തെ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനായിരുന്നു അനീഷ്. മരണത്തിൽ ദുരുഹതയില്ലെന്നാണ് പൊലീസിന്റെ പ്രാഥമിക വിലയിരുത്തൽ. വിശദമായ അന്വേഷണം നടത്തിയാലെ കൂടുതൽ വിവരം കണ്ടെത്താൻ കഴിയൂ എന്ന് പൊലീസ് അറിയിച്ചു. മരണപ്പെട്ട അനീഷ് ബാബു അവിവാഹിതനാണ്, കുറച്ചു നാളുകളായി വീട്ടിൽ നിന്നും അകന്നു കഴിയുകയാണ്. പിതാവ് ബാബു, മാതാവ് അമ്മുകുട്ടി.

# ടീം സെലക്ഷന് ജ്യോതിഷി എന്തിന്


തേഞ്ഞിപ്പലം: കായിക രാഷ്ട്രീയം അവസാനിപ്പിക്കാത്ത പക്ഷം രാജ്യാന്തര കായിക ലോകത്ത് ഇന്ത്യ വളരില്ലെന്ന് രാജ്യാന്തര സ്പോർട്സ് റിപ്പോർട്ടർ കമാൽ വരദൂർ അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലാ ഒളിമ്പിക് അസോസിയേഷനും കാലിക്കറ്റ് സർവകശാലാ കായികവിഭാഗവും ചേർന്ന് നടത്തിയ സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഒരു രാജ്യത്തുമില്ലാത്ത രാഷ്ട്രീയമാണ് നമ്മുടെ സ്പോർട്സിൽ. കായിക സംഘടനകളുടെ തലപ്പത്ത് രാഷ്ട്രീയ പ്രതിനിധികളാണ്. ടീം സെലക്ഷനിൽ രാഷ്ട്രീയം പ്രധാന മാനദണ്ഡമാവുന്നു. ഫുട്ബോൾ സെലക്ഷനിൽ ജ്യോതിഷിമാർ വരെ ഇടപെടുന്നു. എന്തിനാണ് സെലക്ഷന് ജ്യോതിഷി...? ഈ അവസ്ഥ മാറാത്തപക്ഷം ഒളിംപിക്സ് ഉൾപ്പെടെയുള്ള വലിയ വേദികളിൽ ഇന്ത്യൻ താരങ്ങൾ കാഴ്ച്ചക്കാരായി തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കിയപ്പോൾ കായിക സാക്ഷരത പാഠ്യ വിഷയമാക്കണമെന്നായിരുന്നു കാലിക്കറ്റ് വാഴ്സിറ്റി കായിക വിഭാഗം മേധാവി ഡോ.വി.പി സക്കീർ ഹുസൈൻ നിർദ്ദേശിച്ചത്. കായികതയെ പഠിക്കാനും ഉൾക്കൊള്ളാനും കഴിഞ്ഞാൽ മലപ്പുറം മോഡൽ കായികത വിജയിക്കുമെന്നായിരുന്നു പ്രമുഖ കായികാധ്യാപകൻ ഡോ.മുഹമ്മദലി മുന്നിയൂർ അഭിപ്രായപ്പെട്ടത്. സ്കൂൾ കുട്ടികളെ സ്പോർട്സ് അഭ്യസിപ്പിക്കാൻ മതിയായ അധ്യാപകരില്ലെന്നു കായികാധ്യാപകൻ സജാദ് പറഞ്ഞു.കാലിക്കറ്റ് വാഴ്സിറ്റി വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ് ഉദ്ഘാടനം ചെയ്തു.ഒളിംപ്യൻ കെ.ടി ഇർഫാൻ മുഖ്യാതിഥിയായി. ജില്ലാ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് യു. തിലകൻ അധ്യക്ഷത വഹിച്ചു.



കാലിക്കറ്റ് സർവകലാശാലയിൽ നടന്ന കായിക സെമിനാർ വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ് ഉദ്ഘാടനം ചെയ്യുന്നു




തിരുവനന്തപുരം സി.എച്ച്. സെന്ററിൽ രാജ്യസഭാംഗം അഡ്വ. ഹാരിസ് ബീരാന് സ്വീകരണം നൽകിയപ്പോൾ. എം.എൽ.എമാരായ കുറുക്കോളി മൊയ്തീൻ, ടി.വിഇബ്രാഹിം, ആബിദ് ഹുസൈൻ തങ്ങൾ, വൈസ് പ്രസിഡന്റ് മൺവിള സൈനുദ്ദീൻ, അഡ്വ. സുൽഫിക്കർ സലാം,അഡ്വ. കണിയാപുരം ഹലിം തുടങ്ങിയവർ സമീപം




## റമഫോസ ചുമതലയേറ്റു

ജോഹന്നസ്ബർഗ്: ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായി സിറിൽ റമഫോസ രണ്ടാമതും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മൂന്ന് ദശാബ്ദമായി 50 ശതമാനത്തിനുമുകളിൽ വോട്ട് നേടി ഭരണം നിലനിർത്തിയിരുന്ന റമഫോസയുടെ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്(എ.എൻ.സി) പാർട്ടി ഇത്തവണ സഖ്യകക്ഷികളുടെ സഹായത്തോടെയാണ് സർക്കാറുണ്ടാക്കുന്നത്. മേയ് അവസാനം നടന്ന പൊതുതിരഞ്ഞെടുപ്പിൽ ആർക്കും കേവല ഭൂരിപക്ഷം ലഭിച്ചിരുന്നില്ല. എ.എൻ.സിക്ക് ലഭിച്ചത് 40 ശതമാനം വോട്ടാണ്. 22 ശതമാനം വോട്ട് നേടിയ ഡെമോക്രാറ്റിക് അലയൻസ് പാർട്ടിയാണ് റമഫോസയുടെ പ്രധാന സഖ്യകക്ഷി. മറ്റ് അഞ്ച് പാർട്ടികളും സർക്കാരിന് പിന്തുണ നൽകുന്നുണ്ട്. ദേശീയ ഐക്യസർക്കാർ രൂപീകരണത്തെ പുതിയ യുഗത്തിന്റെ തുടക്കമെന്നാണ് റമഫോസ വിശേഷിപ്പിച്ചത്.

## അക്കാദമിക് കലണ്ടർ: കെ.എസ്.ടി.യു ഹരജി ഫയലിൽ സ്വീകരിച്ചു

കോഴിക്കോട്: പൊതുവിദ്യാലയങ്ങളിലെ ഏകപക്ഷീയവും വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധവുമായ അക്കാദമിക കലണ്ടറിനെതിരെ കെഎസ്ടിയു സംസ്ഥാന കമ്മിറ്റി നൽകിയ ഹർജി കേരള ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. ഡബ്ല്യു.പി (സി) 21992/2024 നമ്പറിൽ ആണ് ഫയൽ ചെയ്തത്. സർക്കാരിനോട് ബന്ധപ്പെട്ട വിഷയത്തിൽ വിശദീകരണം തേടിയിട്ടുണ്ട്. ഇതേ ബെഞ്ചിൽ തന്നെയാണ് മറ്റൊരു അധ്യാപക സംഘടനയുടെ ഹർജിയും ഉള്ളത്. രണ്ട് കേസും ഒരുമിച്ച് ആണ് പരിഗണിക്കുന്നത്. കെഎസ്ടിയുവിന് വേണ്ടി സംസ്ഥാന പ്രസിഡണ്ട് കെഎം അബ്ദുള്ള, ജനറൽ സെക്രട്ടറി പികെ അസീസ് എന്നിവരാണ് കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത്..

**പൊതുവാർത്തകൾ**



ഗസ്സയിലെ നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത വീട്

# തമ്പുകൾ ചാമ്പലാക്കി കൂട്ടക്കുരുതി

ഗസ്സ: സുരക്ഷിത മേഖലയായി പ്രഖ്യാപിക്കപ്പെട്ടിരുന്ന അൽ മവാസിയിൽ അഭയാർത്ഥി ക്യാമ്പുകളെ ചുട്ടെരിച്ച് ഇസ്രാഈൽ നടത്തിയ ബോംബാക്രമണത്തിൽ സ്ത്രീകളും കുട്ടികളുമടക്കം ഏഴുപേർ കൊല്ലപ്പെട്ടു.

ഗസ്സയിലുടനീളം 24 മണിക്കൂറിനകം 24 പേർ കൊല്ലപ്പെടുകയും 71 പേർക്ക് പരിക്കേൽക്കുകയും ചെയ്തതോടെ ഇസ്രാഈൽ തുട രുന്ന വംശഹത്യയിൽ മരണനിരക്ക് 37,396 ആയി.

യുദ്ധ നിയമങ്ങൾ കാറ്റിൽ പറത്തി മനുഷ്യത്തിനെതിരായ കുറ്റകൃത്യങ്ങളാണ് ഇസ്രാഈൽ നടത്തുന്നതെന്ന് യു.എൻ അന്വേഷണ കമ്മീഷൻ പറയുമ്പോഴും ഗസ്സയിൽ കൂട്ടക്കുരുതിക്ക് ശമനമൊന്നുമില്ല. ഓരോ ദിവസവും നിരപരാധികളെ ലക്ഷ്യമിട്ട് കൂടുതൽ ഭീകരമായ ആക്രമണങ്ങളാണ് ഇസ്രാഈൽ നടത്തുന്നത്.

ഗസ്സ സിറ്റിയിലെ സാബ്രയിൽ ഒരു വീടിനുനേരെ നടന്ന വ്യോമാക്രമണത്തിൽ അനവധി പേർ കൊല്ലപ്പെടുകയും നിരവധി പേർ കെട്ടിടാവശിഷ്ടങ്ങളിൽ അകപ്പെടുകയും ചെയ്തതായി റിപ്പോർട്ടുണ്ട്. ഇസ്രാഈൽ ആക്രമണത്തിന് അറുതി വരുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഇറാൻ ആക്ടിങ് വിദേശകാര്യ മന്ത്രി അലി ബഗെരി ഖത്തറിലെത്തി. ഗസ്സയിൽ സയണിസ്റ്റ് ഭരണകൂടം തുടരുന്ന വംശഹത്യയും ക്രൂരകൃത്യങ്ങളും അവസാനിപ്പിക്കുന്നതിന് ഇസ്‌ലാമിക ലോകത്തെ ഒന്നിച്ച് അണിനിരത്തുന്നതിനെക്കുറിച്ച് ദോഹയിലെ കൂടിക്കാഴ്ചകളിൽ അദ്ദേഹം ചർച്ച ചെയ്യുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

ഭക്ഷണവും വെള്ളവും ചികിത്സയും കിട്ടാതെ നരകിക്കുന്ന ഫലസ്തീനികൾക്ക് അടിയന്തര സഹായം എത്തിക്കാനുള്ള മാർഗങ്ങളും ചർച്ചയിൽ മുഖ്യ വിഷയമാകും.

### ഗസ്സ: ഫുട്ബോൾ മത്സരം റദ്ദാക്കി ബെൽജിയം

ബ്രസൽസ്: ഗസ്സയിൽ വംശഹത്യ തുടർന്നുകൊണ്ടിരിക്കെ സെപ്തംബറിൽ നടക്കാനിരിക്കുന്ന ഇസ്രാഈലിനെതിരായ യുവേഫ നേഷൻസ് ലീഗ് മത്സരത്തിന് ആതിഥേയത്വം വഹിക്കില്ലെന്ന് ബെൽജിയം. ബ്രസൽസിലെ സ്‌റ്റേഡ് റോയ് ബൗഡൗയിനിൽ നടക്കാനിരുന്ന മത്സരം സാധ്യമല്ലെന്ന് സിറ്റി കൗൺസിൽ മേധാവി ബെനോയിറ്റ് ഹെല്ലിംഗ്സ് പറഞ്ഞു.

ഗസ്സയിലെ നാടകീയ സാഹചര്യം കണക്കിലെടുത്താണ് തീരുമാനമെന്നും അദ്ദേഹം അറിയിച്ചു. മത്സരം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ബെൽജിയം ഭരണകൂടവുമായും പൊലീസ് സേനയുമായും ബെൽജിം ഫുഡ്ബോൾ ഫെഡറേഷനുമായും ചർച്ച നടത്തി. രാജ്യത്തിന്റെ തലസ്ഥാനത്ത് അത്തരമൊരു മത്സരം സംഘടിപ്പിക്കുന്നത് പ്രതിഷേധങ്ങൾക്ക് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ലെന്നും കളിക്കാരുടെയും കാണികളുടെയും പ്രദേശവാസികളുടെയും പൊലീസിന്റെയും സുരക്ഷയെ അത് അപകടപ്പെടുത്തുമെന്നും ഹെല്ലിംഗ്സ് ചൂണ്ടിക്കാട്ടി.

റെഡ് ഡെവിൾസിന്റെ മത്സരങ്ങൾ എന്നും ഐക്യത്തിന്റെയും ഒരുമയുടെയും നിമിഷങ്ങളാണ്. ഗസ്സയിലെ മാനുഷിക, സുരക്ഷാ സാഹചര്യം കണക്കിലടുക്കുമ്പോ ൾ ഇസ്രാഈലുമായൊരു മത്സരം സംഘടിപ്പിക്കാൻ സാധിക്കില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ഇസ്രാഈൽ പ്രയോഗിക്കുന്നത് മാരകായുധങ്ങൾ: യു.എൻ

ന്യൂയോർക്ക്: ഗസ്സയിൽ കഴിഞ്ഞ വർഷം ഇസ്രാഈൽ നടത്തിയ ആറ് പ്രധാന ആക്രമണങ്ങൾ യുദ്ധ നിയമപ്രകാരം ഏറെ ഗൗരവമർഹിക്കുന്നതാണെന്ന് യു.എൻ മനുഷ്യാവകാശ ഓഫീസ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു.

സിവിലിയൻമാർക്ക് ആഘാതമുണ്ടാക്കുന്ന ആക്രമണ രീതികളും ആയുധങ്ങളും പരമാവധി ഒഴിവാക്കണമെന്ന യുദ്ധ നിയമം ഇസ്രാഈൽ തുടർച്ചയായി ലംഘിച്ചുവെന്ന് യു.എൻ മനുഷ്യാവകാശ ഹൈക്കമ്മീഷണർ വോൾക്കർ ടർക്ക് ചൂണ്ടിക്കാട്ടി. കഴിഞ്ഞ വർഷം ഒക്ടോബർ ഒമ്പത് മുതൽ ഡിസംബർ രണ്ടു വരെ മാരകമായ ബോംബുകൾ ഉപയോഗിച്ച് ഇസ്രാഈൽ നടത്തിയ ആറ് ആക്രമണങ്ങളിൽ 218 ഫലസ്തീനികൾ കൊല്ലപ്പെട്ടതായി റിപ്പോർട്ടിൽ പറയുന്നു.

സാധരണക്കാരുടെ വാസസ്ഥലങ്ങളും സ്കൂളും അഭയാർത്ഥി ക്യാമ്പുകളും ഒരു മാർക്കറ്റും ലക്ഷ്യമിട്ടായിരുന്നു അന്നത്തെ ആക്രമണങ്ങൾ. ഒരേ സമയം അനവധി കോൺക്രീറ്റ് മേൽക്കൂരകൾ തുരന്നു കയറി കെട്ടിടത്തെ അപ്പാടെ തകർക്കാൻ ശേഷിയുള്ള ജിബിയു-31, 32, 39 ബോംബുകളാണ് ആക്രമണത്തിന് ഏറെയും ഉപയോഗിച്ചത്.

ജനവാസ കേന്ദ്രങ്ങളിൽ വകതിരിവില്ലാതെ നടത്തിയ ആക്രമണങ്ങളിൽ യുദ്ധ നിയമങ്ങളുടെ പ്രാഥമിക തത്വങ്ങൾ പോലും ലംഘിക്കപ്പെട്ടതായി യു.എൻ കമ്മീഷൻ അന്വേഷണത്തിൽ കണ്ടെത്തി. മുന്നറിയിപ്പു പോലുമില്ലാതെയാണ് അഞ്ച് ആക്രണങ്ങൾ നടത്തിയത്.

## ലബനാനിൽ ഇസ്രാഈൽ സമ്പൂർണ യുദ്ധത്തിന്

ബെയ്റൂത്ത്: ഗസ്സയിൽ ഫലസ്തീനികളെ കൂട്ടക്കൊല ചെയ്തു തുടങ്ങിയതു മുതൽ ലബനീസ്-ഇസ്രാഈൽ അതിർത്തിയിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന സംഘർഷം തുറന്ന യുദ്ധത്തിലേക്ക് നീങ്ങുന്നു. ലബനാനിൽ ഹിസ്ബുല്ലയെ ലക്ഷ്യമിട്ട് ഇസ്രാഈൽ സമ്പൂർണ യുദ്ധത്തിന് പദ്ധതിയിട്ടതായി റിപ്പോർട്ടുണ്ട്.

ഹിസ്ബുല്ലയെ ആക്രമിക്കാനുള്ള പദ്ധതിക്ക് ഇസ്രാഈൽ ഭരണകൂടം അംഗീകാരം നൽകിക്കഴിഞ്ഞു. ഇസ്രാഈലിലേക്ക് ഹിസ്ബുല്ല നിരീക്ഷണ ഡ്രോൺ അയച്ച് ദൃശ്യങ്ങൾ പകർത്തിയതിനു പിന്നാലെയാണ് യുദ്ധ സന്നാഹങ്ങൾ സജീവാക്കിയത്. ലബനീസ് അതിർത്തിയിൽ മാസങ്ങളായി തുടരുന്ന സംഘർഷം വലിയൊരു യുദ്ധമായി വളരാതിരിക്കാൻ അമേരിക്ക ശ്രമം തുടരുന്നതിനിടെയാണ് ഇസ്രാഈലിന്റെ യുദ്ധ നീക്കമെന്നതും ശ്രദ്ധേയമാണ്. പകൽ സമയത്ത് ഹിസ്ബുല്ല അയച്ച ഡ്രോൺ ഇസ്രാഈലിലെ തുറമുഖ നഗരമായ ഹൈഫയുടെയും സിവിലിയൻ, സൈനിക കേന്ദ്രങ്ങളുടെയും ദൃശ്യങ്ങൾ പകർത്തിയിരുന്നു. ഹിസ്ബുല്ല പുറത്തുവിട്ട ഒമ്പത് മിനുട്ട് നീണ്ട വീഡിയോയിൽ ഇസ്രാഈലിന്റെ ആയുധ നിർമാണ കേന്ദ്രങ്ങളും മിസൈൽ പ്രതിരോധ സംവിധാനങ്ങളും കാണാം.

ഇസ്രാഈലിന്റെ അത്യാധുനിക ചാരക്കണക്കുകളെ വെട്ടിച്ചാണ് ഹിസ്ബുല്ലയുടെ നിരീക്ഷണ ഡ്രോൺ അതിർത്തി കടക്കുകയും തന്ത്രപ്രധാന കേന്ദ്രങ്ങൾ ക്യാമറയിൽ പകർത്തുകയും ചെയ്തത്. ഹിസ്ബുല്ലയുടെ നീക്കം ഇസ്രാഈലിനെ ഞെട്ടിച്ചിട്ടുണ്ട്. ലബനാനോടും ഹിസ്ബുല്ലയോടുമുള്ള സമീപനത്തിൽ മാറ്റം വരുത്താൻ സമയമായെന്നും ഹിസ്ബുല്ലയെ തകർത്തെറിയുമെന്നും ഇസ്രാഈൽ വിദേശകാര്യ മന്ത്രി ഇസ്രാഈൽ കട്സ് അറിയിച്ചു. ഒക്ടോബർ എട്ടു മുതൽ ഇസ്രാഈലിനെതിരെ 2100ലേറെ ആക്രമണങ്ങൾ നടത്തിയതായി ഹിസ്ബുല്ല അവകാശപ്പെടുന്നുണ്ട്. ലബനാനിൽ 400ലേറെ പേർ കൊല്ലപ്പെടുകയും 90,000ത്തോളം പേർ കുടിയിറക്കപ്പെടുകയും ചെയ്തു. വടക്കൻ ഇസ്രാഈലിൽ 60,000ത്തിലേറെ പേരും വീടുകളുപേക്ഷിച്ച് പലായനം ചെയ്തിട്ടുണ്ട്.

### മലയാളി ഹാജിമാർ 22 ന് മദീനയിലെത്തും

# ഹാജിമാർ മടങ്ങുന്നു

**അഷ്റഫ് വേങ്ങാട്ട്**
മക്ക

ജീവിത സ്വപ്നം സാക്ഷാൽക്കരിച്ച സന്തോഷത്തിൽ ഹാജിമാർ മടക്ക യാത്രക്ക് ഒരുങ്ങുന്നു. ജിദ്ദ, മദീന വിമാനത്താവളങ്ങൾ വഴി യാത്രയാവുന്ന ഹാജിമാർക്ക് യാത്ര നടപടികൾ എളുപ്പവുമാക്കാൻ വേണ്ടി എല്ലാ വിധ സൗകര്യങ്ങളും ഒരുക്കിയതായി ജവാസാത്ത് വിഭാഗം അറിയിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പടെയുള്ള സംവിധാനങ്ങളാണ് ഹാജിമാരുടെ നടപടികൾ പൂർത്തിയാക്കാൻ ഏർപ്പെടുത്തിയിരുന്നത്. വിപുലമായ സംവിധാങ്ങൾക്കൊപ്പം കൂടുതൽ ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്. ഹാജിമാർക്ക് ഒട്ടും പ്രയാസങ്ങളില്ലതെ മടങ്ങാനുള്ള നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത് .

മദീന വഴിയെത്തിയ ഇന്ത്യൻ ഹാജിമാരുടെ മടക്ക യാത്ര ജൂൺ 22 നു ആരംഭിക്കും. ഉത്തരേന്ത്യൻ നഗരങ്ങളിൽ നിന്ന് ആദ്യഘട്ടത്തിൽ മദീനയിലെത്തിയ ഹാജിമാരാണ് ജിദ്ദ വഴി ആദ്യം മടങ്ങുക. പിന്നീട് ഇന്ത്യൻ ഹജ്ജ് കമ്മിറ്റി നൽകിയ ഷെഡ്യൂൾ പ്രകാരം ഒന്നേമുക്കാൽ ലക്ഷം വരുന്ന ഹാജിമാരും മടങ്ങും. മലയാളി ഹാജിമാരുടെ മടക്ക യാത്ര മദീനയിൽ നിന്നാണ്. ജൂൺ 22 മുതൽ മദീനയിലേക്ക് യാത്രയാവുന്ന ഹാജിമാർ എട്ട് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി ജൂലൈ ഒന്നോടു കൂടി കേരളത്തിലേക്കുള്ള മടക്ക യാത്ര ആരംഭിക്കും. മക്കയിൽ നിന്ന് മുഴുവൻ മലയാളി ഹാജിമാരും മദീനയിലെത്താൻ ഒരാഴ്ചയിലധികം സമയമെടുക്കും. ആദ്യമെത്തിയവർക്കാകും ആദ്യം മടങ്ങാനുള്ള അവസരമുണ്ടാവുക. മനസ്സിൽ താലോലിച്ച സ്വപ്നം സാക്ഷാൽക്കരിച്ച് തന്ന സൃഷ്ടാവായ നാഥന് സ്തുതിയോതിയാണ് ഹാജിമാർ മിനയോട് വിടപറഞ്ഞത്.

ആറ് നാളിലെ അമൂല്യമായ നിമിഷങ്ങളിൽ മിനയുടെ ശുഭ്രവീഥിയിൽ നിന്ന് ആവാഹിച്ച ആത്മവിശുദ്ധി ജീവിതമാസകാലം കാത്തുസൂക്ഷിക്കുമെന്ന പ്രതിജ്ഞയുമായാണ് അവർ പുണ്യ നഗരിയിൽ നിന്ന് നിറഞ്ഞ കണ്ണുകളോടെ വിടവാങ്ങിയത്. ദുൽഹജ്ജ് 12 ആയ ചൊവ്വാഴ്ച തന്നെ ഇന്ത്യൻ ഹാജിമാരിൽ പകുതിയോളം പേർ മിനായിൽ നിന്ന് വിട പറഞ്ഞിരുന്നു. നേരെ അസീസിയയിലെ താമസ സ്ഥലത്ത് എത്തിയ ഹാജിമാർ വിശ്രമത്തിന് ശേഷം മസ്ജിദുൽ ഹറമിലെത്തി ആരാധന കർമങ്ങളിൽ മുഴുകി. ഹജ്ജിന്റെ ത്വവാഫും സഅയും പൂർത്തിയാക്കാത്തവർ ആ കർമ്മം നിർവഹിച്ചു. പകുതിയോളം ഹാജിമാർ ദുൽഹജ്ജ് പതിമൂന്നായ ഇന്നലെ കൂടി മിനായിൽ തങ്ങി അയ്യാമുത്തശ്!രീഖിന്റെ അവസാനത്തെ കല്ലേറ് പൂർത്തിയാക്കിയാണ് അസീസിയയിലെ താമസ സ്ഥലത്തേക്ക് മടങ്ങിയത്. ഹജ്ജ് സർവീസ് കമ്പനികൾ ഏർപ്പെടുത്തിയ ബസ്സുകളിലാണ് ഹാജിമാർ താമസ സ്ഥലത്ത് മടങ്ങിയെത്തിയത്. ഈ ഹജ്ജ് കാലയളവിൽ ഒന്നേമുക്കാൽ ലക്ഷം ഹാജിമാരിൽ നിന്ന് അറുപതോളം ഇന്ത്യൻ ഹാജിമാരാണ് വിശുദ്ധ ഭൂമിയിൽവെച്ച് വിടവാങ്ങിയത്. ഇതിൽ പതിനഞ്ചിലധികം മലയാളികളുമുണ്ട്. വാർധക്യ സഹജമായ രോഗങ്ങളും മറ്റു അസുഖങ്ങളുമുള്ളവരാണ് അല്ലാഹുവിന്റെ അലംഘനീയമായ വിധിക്ക് പുണ്യഭൂമിയിൽ വെച്ച് തന്നെ കീഴടങ്ങിയത്.

44 മുതൽ 50 വരെ ഡിഗ്രിയിലുണ്ടായിരുന്ന കടുത്ത ഉഷ്ണത്തെ താങ്ങാനാവാതെ കുറെ പേർ തളർന്നു വീഴുകയും ആറായിരത്തിലധികം പേർക്ക് സൂര്യഘാതം ഏൽക്കുകയും ചെയ്തിരുന്നു. സമയ ക്രമത്തിന്റെ കാര്യത്തിൽ അധികൃതരുടെ കർശനമായ നിർദേശങ്ങൾ അവഗണിച്ച് കർമ്മങ്ങൾ ചെയ്യാൻ മുതിർന്നവരാണ് കൂടുതലും ഇത്തരം അപകടത്തിൽ പെട്ടിരുന്നത്. പുണ്യഭൂമിയിൽ മലയാളി ഹാജിമാർ ഉൾപ്പടെ ഇന്ത്യൻ ഹാജിമാർക്കും മറ്റു രാജ്യങ്ങളിൽ നിന്നുള്ളവർക്കും തുണയായത് കെഎംസിസി ഉൾപ്പടെയുള്ള സന്നദ്ധ സേവകരുടെ അർപ്പണബോധത്തോടെയുള്ള സേവന പ്രവർത്തനങ്ങളാണ്.കൂട്ടംതെറ്റിയവരെയും വഴി മാറി സഞ്ചരിച്ചവരെയും അകലങ്ങളിൽ കുടുങ്ങി പോയവരെയും തളർന്ന് വീണു പോയവരെയും സഹായിക്കാൻ സഊദി കെഎംസിസി ഹജ്ജ് സെല്ലിന്റെ മുവ്വായിരത്തോളം വളണ്ടിയർമാരായിരുന്നു രംഗത്തുണ്ടായിരുന്നത്. മക്കയിൽ നിന്നും മദീനയിൽ നിന്നും അവസാന ഹാജി പോകുന്നത് വരെ കെഎംസിസിയുടെ ഈ ദൗത്യം തുടരുമെന്നും മരണപ്പെട്ടവരുടെ മയ്യത്തുകൾ ഏറ്റു വാങ്ങി ഖബറടക്കുമെന്നും കെഎംസിസി നേതാക്കളായ കുഞ്ഞിമോൻ കാക്കിയ, അഹമ്മദ് പാളയാട്ട് , മുജീബ് പൂക്കോട്ടൂർ എന്നിവർ അറിയിച്ചു .

മദീനയിൽ മലയാളി ഹാജിമാരെ സ്വീകരിക്കാൻ സഊദി കെഎംസിസി മദീന സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ എഴുനൂറോളം വളണ്ടിയർമാർ രംഗത്തുണ്ടാകും. ഒരുക്കങ്ങൾ എല്ലാം പൂർത്തിയാക്കിയതായി ആക്ടിങ് പ്രസിഡണ്ട് ഇബ്രാഹിം ഫൈസി ജനറൽ സെക്രട്ടറി അഷ്റഫ് അഴിഞ്ഞിലം , ചെയർമാൻ ജലീൽ കുറ്റിയാടി കൺവീനർ മെഹബൂബ് കീഴ്പ്പറമ്പ് , അഷ്റഫ് ഓമാനൂർ, കോഓർഡിനേറ്റർ നാസർ തടത്തിൽ, ട്രഷറർ ഒ.കെ റഫീഖ് എന്നിവർ അറിയിച്ചു.

### കുവൈത്ത് കെ.എം.സി.സി അനുശോചിച്ചു

കുവൈത്ത് സിറ്റി: മംഗഫ് ലേബർ ക്യാമ്പിലുണ്ടായ തീപിടുത്തത്തിൽ മരണപ്പെട്ടവരെ അനുസ്മരിച്ച് കെഎംസിസി സംസ്ഥാന കമ്മിറ്റി അനുശോചന യോഗം. വിദേശ പൗരന്മാർ മാത്രം താമസിക്കുന്ന പ്രദേശത്താണ് അപകടം നടന്നതെങ്കിലും സ്വന്തം പൗരന്മാരോട് കാണിക്കുന്ന കരുതലാണ് കുവൈത്ത് സർക്കാരിൽ നിന്നുമുണ്ടായത്. കുവൈത്ത് അമീർ ശൈഖ് മിശാൽ അൽ അഹമ്മദ് അൽ ജാബിർ അൽ സബാഹിന്റെയും കുവൈത്ത് ഭരണ കൂടത്തിന്റെയും ഇടപെടൽ ശ്ലാഘനീയമാണ്. കുവൈത്ത് കെഎംസിസി സംസ്ഥാന പ്രസിഡന്റ് സയ്യിദ് നാസർ അൽ മശ്ഹൂർ തങ്ങൾ അദ്ധ്യക്ഷ്യത വഹിച്ചു. വെസ് പ്രസിഡന്റ് ഇഖ്ബാൽ മാവിലാടം, മുബീൻ അഹമ്മദ് (ഫിമ) സുരേഷ് മാത്തൂർ (ഒ.ഐ. സി.സി.), അനൂപ് മാങ്ങാട്ട് (കല കുവൈത്ത്), ബേബി ഔസേപ്പ് (കേരള അസോസിയേഷൻ), കെ. ബഷീർ (കെ.കെ. എം.എ.), അബ്ദുള്ള വടകര (ഐ.സി.എഫ്.), ഹബീബുള്ള മുറ്റിച്ചൂർ, അസ്സലാം, കൃഷ്ണൻ കടലുണ്ടി, നിജാസ് കാസിം, കുവൈത്ത് കെഎംസിസി സംസ്ഥാന സെക്രട്ടറി ഗഫൂർ വയനാട്, സിദ്ദീഖ് വലിയകത്ത്, പാലക്കാട് ജില്ലാ പ്രസിഡന്റ് അഷ്റഫ് അപ്പക്കാടൻ, അജ്മൽ വേങ്ങര, അബ്ദുൽ ഹക്കീം അൽ ഹസനി സം സാരിച്ചു. കുവൈത്ത് കെഎംസിസി സംസ്ഥാന ജനറൽ സെക്രട്ടറി മുസ്തഫ കാരി സ്വാഗതവും സെക്രട്ടറി സലാം പട്ടാമ്പി നന്ദിയും പറഞ്ഞു.

## യുക്രെയ്ൻ യുദ്ധത്തിൽ റഷ്യക്ക് പിന്തുണ പ്രഖ്യാപിച്ച് ഉത്തരകൊറിയ

പ്യോങ്യാങ്: യുക്രെയ്നുമായുള്ള യുദ്ധത്തിൽ റഷ്യക്ക് സമ്പൂർണ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ച് ഉത്തരകൊറിയൻ ഭരണാധികാരി കിം ജോങ് ഉൻ. ഉത്തരകൊറിയയിൽ ഔദ്യോഗിക സന്ദർശനത്തിന് എത്തിയ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ചയിലാണ് കിം നിരുപാധിക പിന്തുണ അറിയിച്ചത്. 24 വർഷത്തെ ഇടവേളക്കുശേഷം പ്യോങ്യാങിലെത്തിയ പുടിന് രാജോചിത സ്വീകരണം ലഭിച്ചു. യുക്രെയ്നിലെ യുദ്ധത്തിൽ ഉത്തരകൊറിയ നൽകുന്ന പിന്തുണയ്ക്കും സഹായത്തിനും പുടിൻ കിമ്മിനോട് നന്ദി പറഞ്ഞു.

അമേരിക്കയും സഖ്യകക്ഷികളും ദശാബ്ദങ്ങളായി പിന്തുടർന്നുപോരുന്ന 'ആധിപത്യ, സാമ്രാജ്യത്വ നയ'ത്തിനെതിരെയാണ് റഷ്യ പോരാടുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ഉത്തരകൊറിയ റഷ്യയെ ആയുധങ്ങൾ നൽകി സഹായിക്കുന്നതായി പാശ്ചാത്യ ശക്തികൾ ആരോപിക്കുന്നുണ്ട്. ആയുധ കൈമാറ്റമുണ്ടെന്ന വാർത്ത ഇരു രാജ്യങ്ങളും ആദ്യം നിഷേധിച്ചിരുന്നു. എന്നാൽ പാശ്ചാത്യ ശക്തികളെ വെല്ലുവിളിക്കുന്ന രൂപത്തിൽ ഉത്തരകൊറിയ റഷ്യക്ക് പരസ്യ പിന്തുണ പ്രഖ്യാപിച്ചിക്കുകയാണ്. സൈനിക സഹകരണം കൂടുതൽ ശക്തമാക്കാനും തീരുമാനിച്ചു. റഷ്യയും ഉത്തരകൊറിയയും പാശ്ചാത്യ ഉപരോധങ്ങൾ നേരിടുന്നുണ്ട്. വെല്ലുവിളികൾ അതിജീവിച്ച് പൊതു ശത്രുവിനെ നേരിടാൻ പുടിനും കിമ്മും ധാരണയിലെത്തി. സന്ദർശനത്തിനിടെ ഇരു നേതാക്കളും ഏതെങ്കിലും ഉഭയകക്ഷി കരാറുകളിൽ ഒപ്പിട്ടതായി റിപ്പോർട്ടില്ല. ശക്തി പ്രകടനമാണ് ഉത്തരകൊറിയൻ സന്ദർശനത്തിലൂടെ പുടിൻ ലക്ഷ്യമിടുന്നതെന്ന് രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. ആക്രമിക്കപ്പെട്ടാൽ പരസ്പരം സഹായിക്കാൻ ധാരണയായിട്ടുണ്ട്. ബുധനാഴ്ച പുലർച്ചെയാണ് പുടിൻ ഉത്തരകൊറിയയിൽ വിമാനമിറങ്ങിയത്. റഷ്യൻ ഭരണാധികാരിയെ സ്വീകരിക്കാൻ കിം വളരെ നേരത്തെ തന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു. ഹസ്തദാനം ചെയ്തും ആശ്ലേഷിച്ചും സൗഹൃദം പുതുക്കിയ ഇരുനേതാക്കളും ഒന്നിച്ചാണ് ഔദ്യോഗിക സ്വീകരണ കേന്ദ്രത്തിലേക്ക് യാത്ര തിരിച്ചത്.

പുടിൻ, കിം കൂടിക്കാഴ്ചയെ ചരിത്രപ്രധാനമെന്നാണ് ഉത്തരകൊറിയൻ വാർത്താ ഏജൻസി വിശേഷിപ്പിച്ചത്. ആണവായുധ, മിസൈൽ പദ്ധതികളുടെ പേരിൽ വർഷങ്ങളായി ഉത്തരകൊറിയ യു.എൻ ഉപരോധം നേരിടുമ്പോൾ യുക്രെയ്ൻ അനിധിവേശവുമായി ബന്ധപ്പെട്ട് റഷ്യ പാശ്ചാത്യ ഉപരോധത്തിലുമാണ്. സമീപ കാലത്തെ ആയുധ പരീക്ഷണങ്ങളുടെ പേരിൽ ഉത്തരകൊറിയക്കെതിരെ പുതിയ ഉപരോധങ്ങൾ കൊണ്ടുവരാൻ യു.എസ് നേതൃത്വത്തിൽ നടന്ന നീക്കങ്ങളെ ചൈനയും റഷ്യയും ചേർന്ന് തടഞ്ഞിട്ടുണ്ട്.



ഔദ്യോഗിക സന്ദർശനത്തിന് എത്തിയ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെ ഉത്തരകൊറിയൻ ഭരണാധികാരി കിം ജോങ് ഉൻ സ്വീകരിക്കുന്നു

### ജാഫറുള്ള മൊല്ലയുടെ മയ്യിത്ത് ഖബറടക്കി

കൊൽക്കത്ത: എസ്.ടി.യു ദേശീയ ജനറൽ സെക്രട്ടറിയും പ്രമുഖ ട്രേഡ് യൂണിയൻ നേതാവുമായ ജാഫറുള്ള മൊല്ലക്ക് കണ്ണീരോടെ വിട. ഇന്നലെ രാവിലെ 11 മണിയോടെ സ്വദേശമായ നാദിയയിൽ വൻ ജനാവലിയുടെ സാന്നിധ്യത്തിൽ മയ്യത്ത് ഖബറടക്കി. മുസ്‌ലിം ലീഗ് ദേശിയ അസി.സെക്രട്ടറി എം.പി അഹമ്മദ് കോയ തിരുന്നാവായ, ബംഗാൾ സംസ്ഥാന പ്രസിഡണ്ട് അബുൽ ഹുസ്സൻ മുല്ല തുടങ്ങിയ പ്രമുഖർ സംബന്ധിച്ചു.

മൊല്ലയുടെ മരണം ബംഗാൾ രാഷ്ട്രീയത്തിന്ന് തീരാ നഷ്ടമാണെന്ന് പ്രവാസി ലീഗ് ദേശീയ ജനറൽ സെക്രട്ടറി എം.എസ് അലവി അഭിപ്രായപ്പെട്ടു.



അന്തരിച്ച എസ്.ടി.യു ദേശീയ ജനറൽ സെക്രട്ടറി ജാഫറുള്ള മൊല്ലയുടെ നാദിയയിലെ വസതി സന്ദർശിക്കുന്ന മുസ്‌ലിം ലീഗ് ദേശീയ അസി. സെക്രട്ടറി എം.പി അഹമ്മദ് കോയ

### ജാഫറുള്ള മൊല്ല: വിശ്രമരഹിത ജീവിതത്തിനുടമ

കോഴിക്കോട്: എസ്.ടി.യു ദേശീയ ജന സെക്രട്ടറി ജാഫറുള്ള മൊല്ലയുടെ നിര്യാണത്തിൽ എസ്.ടി.യു സംസ്ഥാന പ്രസിഡണ്ട് അഡ്വ. എം. റഹ്മത്തുള്ള, ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ്, ദേശീയ ഭാരവാഹികളായ എ. അബ്ദുൽ റഹ്മാൻ, എം.എ കരീം, അഡ്വ. പി.എം ഹനീഫ, സി.എച്ച് ജമീല, ജി. മാഹിൻ അബൂബക്കർ അനുശോചിച്ചു.

എസ്.ടി.യുവിനെ ദേശീയ ടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുന്നതിൽ വിശാല കാഴ്ചപ്പാട് ഉണ്ടായിരുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. ബംഗാളിൽ എസ്.ടി.യു വളർത്തുന്നതിനും സംഘാടനത്തിനും അവസാന കാലം വരെ വിശ്രമമില്ലാതെ പരിശ്രമിക്കുകയും ചെയ്യുന്നതോടൊപ്പം മുസ്‌ലിം ലീഗിന്റെ ബംഗാളിലെ മുന്നണി പോരാളിയായ അദ്ദേഹത്തിന്റെ ജീവിതം വിശ്രമരഹിതമായിരുന്നെന്ന് നേതാക്കൾ അനുസ്മരിച്ചു.

## സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന സമ്മേളനം നാളെ ആരംഭിക്കും

കോട്ടയം: സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ് ഇ യു) 41-ാം സംസ്ഥാന സമ്മേളനം ജൂൺ 21, 22, 23 തീയതികളിൽ കോട്ടയത്ത് ശിഹാബ് തങ്ങൾ നഗറിൽ (മാമൻ മാപ്പിള ഹാൾ) നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽഅറിയിച്ചു.

നാളെ രാവിലെ 9.30ന് പതാക ഉയർത്തൽ, 10ന് പ്രതിനിധികളുടെ രജിസ്ട്രേഷൻ,10.30 സംസ്ഥാന കൗൺസിൽ പ്രസീഡിയം.

ഉച്ചകഴിഞ്ഞ് 2.30ന് പ്രതിപക്ഷഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്യും. എസ് ഇ യു സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ് അധ്യക്ഷത വഹിക്കും.ജനറൽ സെക്രട്ടറി ആമിർ കോഡൂർ സ്വാഗതം പറയും.

അഡ്വ.ഫ്രാൻസിസ് ജോർജ് എം പി മുഖ്യാതിഥിയായി പങ്കെടുക്കും.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ മുഖ്യപ്രഭാഷണം നടത്തും.

വൈകിട്ട് 4ന് തലമുറ സംഗമം നജീബ് കാന്തപുരം എം എൽ എ ഉദ്ഘാടനം ചെയ്യും.കെ എസ് ഹലീൽ റഹ്മാൻ മുഖ്യപ്രബാഷണം നടത്തും. രാത്രി 8ന് കലാസന്ധ്യ.


22 ശനിയാഴ്ച രാവിലെ 10ന് തളരുന്ന സിവിൽ സിവിൽ സർവ്വീസ് തകരുന്ന കേരളം എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ .എൻ കെ പ്രേമചന്ദ്രൻ എം പി ഉദ്ഘാടനം ചെയ്യും.

11.30ന് പ്രതിനിധി സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും.മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി എം എ സലാം മുഖ്യപ്രഭാഷണം നടത്തും.

ഉച്ചകഴിഞ്ഞ് 2ന് ഇന്ത്യൻ ദേശീയതയും ഫെഡറലിസവും എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും.

23 ഞായറാഴ്ച രാവിലെ 6ന് യാത്രയയപ്പ് സമ്മേളനം ടി വി ഇബ്രാഹിം എം എൽ എ ഉദ്ഘാടനം ചെയ്യും.

വാർത്താസമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാൻ അസീസ് ബഡായിൽ, എസ് ഇ യു സംസ്ഥാന പ്രസിഡന്റ് സി ബി മുഹമ്മദ്,ജനറൽ സെക്രട്ടറി ആമിർ കോഡൂർ,സെക്രട്ടറി പി ഐ ഷാഹുൽ ഹമീദ്,ജില്ലാ പ്രസിഡന്റ് സൈഫുദ്ദീൻ ഇഞ്ചക്കാട്,പി ഐ നൗഷാദ്,എ എം ഹുസൈൻ എന്നിവർ പങ്കെടുത്തു.



# തുർക്കിയേ മെസി

## ആദ്യ കളിയിൽ അതിസുന്ദരഗോൾ

മ്യൂണിച്ച്:ജോർജ്ജിയക്കെതിരായ യൂറോ മൽസരത്തിൽ തുർക്കിയുടെ രണ്ടാം ഗോൾ ഫുട്ബോൾ ലോകം മറക്കില്ല. അർദാ ഗുലാർ എന്ന പത്തൊമ്പതുകാരന്റെ കർലിംഗ് ഷോട്ട് വലയിൽ കയറിയ കാഴ്ച്ച അതിസുന്ദരമായിരുന്നു. തുർക്കിയേ 3-1 ന് ജയിച്ച അങ്കം ആദ്യാവസാനം ആവേശകരമായിരുന്നു. തുർക്കിയേ ആദ്യം സ്കോർ ചെയ്യുന്നു. തൊട്ട് പിറകെ ജോർജ്ജിയക്കാർ തിരികെ വരുന്നു. തുടർന്നായിരുന്നു തുർക്കിയേ മെസി എന്ന പേരിലറിയപ്പെടുന്ന ടീനേജുകാരന്റെ മാജിക് ഗോൾ വന്നത്. യൂറോയിലെ കന്നി മൽസരത്തിൽ തന്നെ ഗോൾ നേടിയ ഗുലാർ പോർച്ചുഗലിന്റെ കൃസ്റ്റിയാനോ റൊണാൾഡോ, ഹംഗറിയുടെ ഫ്രാൻസ് ബെൻസ് എന്നിവർക്കൊപ്പം ഏറ്റവും ചെറിയ പ്രായത്തിൽ യൂറോയിൽ സ്കോർ ചെയ്യുന്ന താരമെന്ന റെക്കോർഡും കഴിഞ്ഞ ദിവസം സ്വന്തമാക്കിയിരുന്നു. 1964 ലെ യൂറോയിലായിരുന്നു ഹംഗറിക്കായി ഫ്രാൻസ് ബെൻസ് അരങ്ങേറിയത്. ആദ്യ മൽസരത്തിൽ തന്നെ അദ്ദേഹം സ്കോർ ചെയ്തു. 2004 ലായിരുന്നു കൃസ്റ്റിയാനോയുടെ യൂറോ അരങ്ങേറ്റം. ഗ്രീസിനെതിരായ ആദ്യ മൽസരത്തിൽ ഗോൾ സ്വന്തമാക്കുമ്പോൾ അദ്ദേഹത്തിനും പ്രായം 19 ആയിരുന്നു. നിലവിൽ റയൽ മാഡ്രിഡിന്റെ താരമാണ് ഗുലാർ.

## പ്രശ്നമാണ്




മ്യൂണിച്ച്: ഓസ്ട്രിയക്കെതിരായ യൂറോ പോരാട്ടത്തിനിടെ മൂക്കിന് കാര്യമായി പരുക്കേറ്റ ഫ്രാൻസ് നായകൻ കിലിയൻ എംബാപ്പേ നെതർലൻഡ്സിനെതിരായ മൽസരത്തിൽ കളിക്കില്ല. കഴിഞ്ഞ ദിവസം തന്നെ ആശുപത്രിയിൽ ചികിൽസ തേടിയ നായകന് സർജറി വേണ്ട എന്ന ഡോക്ടറുടെ നിർദ്ദേശം ഫ്രഞ്ച് ക്യാമ്പിന് ആശ്വാസമാണ്. താരത്തെ അഡ്മിറ്റ് ചെയ്തതുമില്ല. അദ്ദേഹം ടീം ക്യാമ്പിൽ തന്നെയുണ്ട്. പക്ഷേ പരിശീലനത്തിനുണ്ടായിരുന്നില്ല. ഓസ്ട്രിയക്കെതിരായ മൽസരത്തിലെ ഏക ഗോൾ വിജയത്തോടെ ഗ്രൂപ്പിൽ മുന്നിൽ കയറിയ ഫ്രാൻസിന് നെതർലൻഡ്സിനെതിരായ മൽസരം ചെറിയ കാര്യമല്ല. ഗ്രൂപ്പിലെ പ്രബലരാണ് ഡച്ചുകാർ. എന്നാൽ രാജ്യത്തിനായി ഇതിനകം 80 മൽസരങ്ങളിൽ നിന്നായി 47 ഗോളുകൾ സ്കോർ ചെയ്ത എംബാപ്പേയെ കളിപ്പിക്കുന്നതിനോട് കോച്ച് ദിദിയർ ദെഷാംപ്സിനും ഡോക്ടർമാർക്കും താൽപ്പര്യമില്ല. മൂക്ക് മറക്കുന്ന മാസ്ക്ക് ഉപയോഗിച്ച് കളിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. എന്തായാലും നായകന്റെ ആരോഗ്യം വെച്ച് പെട്ടെന്ന് പരീക്ഷണത്തിന് ടീം ഒരുങ്ങില്ല.

# ചന്ദ്രിക സ്പോർട്സ്

*കിലിയനെ (എംബാപ്പേ) പരീക്ഷണത്തിന് അവതരിപ്പിക്കില്ല. ചാമ്പ്യൻഷിപ്പ് ആരംഭിച്ചതേയുള്ളു.. കൂടുതൽ മൽസരങ്ങൾ കളിക്കാനുണ്ട്. മൂക്കിനേറ്റ പരുക്ക് വലുതല്ല എന്നതാണ് ആശ്വാസം. അദ്ദേഹം ആരോഗ്യപരമായി ഫിറ്റ്നസ് തെളിയിച്ചാൽ നിർബന്ധമായും കളിക്കും. എങ്കിലും മുൻകരുതൽ എന്ന നിലയിൽ രണ്ടാം മൽസരത്തിൽ അദ്ദേഹത്തിന് വിശ്രമം നൽകുന്നതാണ് ആലോചിക്കുന്നത്*

**-ദീദിയർ ദെഷാംപ്സ്**



www.chandrikadaily.com

**BREAKING** യൂറോ 2024: ഇന്നത്തെ മൽസരത്തിലും ആക്രമണം തന്നെ മുദ്രാവാക്യമെന്ന് ഇംഗ്ലീഷ് കോച്ച് ഗ്വാരത്ത് സൗത്ത്ഗെയിറ്റ്



### ഇന്ന്

യൂറോ 2024
സ്ലോവേനിയ-സെർബിയ
(വൈകീട്ട് 6-30)
ഡെന്മാർക്ക്-ഇംഗ്ലണ്ട്
(രാത്രി 9-30)
സപെയിൻ-ഇറ്റലി
(രാത്രി 12-30)
സോണി സ്പോർട്സ്
സോണി ലിവ്

ടി-20 ലോകകപ്പ്
സൂപ്പർ 08
വിൻഡീസ്-ഇംഗ്ലണ്ട്
(രാവിലെ 6-00 മുതൽ)
ഇന്ത്യ-
അഫ്ഗാനിസ്താൻ
(രാത്രി 8-00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

## ഇന്ന് ഇറ്റലിയും സ്പെയിനും

മ്യൂണിച്ച്: യൂറോ മരണ ഗ്രൂപ്പിൽ ഇന്ന് വൻകരയിലെ പ്രബലന്മാർ മുഖാമുഖം. ആദ്യ മൽസരങ്ങൾ വിജയകരമായി പിന്നിട്ട സ്പെയിനും ഇറ്റലിയും നേർക്കുനേർ. ഇന്ത്യൻ സമയം രാത്രി 12-30 നാണ് ഗൺ അങ്കം. ഗ്രൂപ്പ് ബി-യിൽ ക്രൊയേഷ്യ കൂടി ഉള്ളതിനാൽ സ്പെയിനിനും ഇറ്റലിക്കും ജാഗ്രതകുറവ് വലിയ ആഘാതമാവും. നിലവിൽ ക്രോട്ടുകാർ രണ്ട് മൽസരങ്ങളിൽ നിന്ന് കേവലം ഒരു പോയിന്റുമായി മൂന്നാമതാണ്. ആദ്യ മൽസരത്തിൽ ക്രോട്ടുകാർക്കെതിരെ മൂന്ന് കിടിലൻ ഗോളുകൾ സ്വന്തമാക്കിയവരാണ് സ്പെയിൻ. അൽവാരോ മൊറാത്തയും സംഘവും ഗോൾ വേട്ടയിൽ കണിശക്കാരായിരിക്കുന്നു. ഇറ്റലിയാവട്ടെ അൽബേനിയയെ 2-1ന് തോൽപ്പിച്ചവരാണ്. പക്ഷേ നിലവിലെ ചാമ്പ്യന്മാരുടെ നിരയിൽ അതിവേഗക്കാർ കുറയുകയാണ്. ഇന്ന് നടക്കുന്ന ആദ്യ മൽസരത്തിൽ സ്ലേവേനിയ സെർബിയയെ എതിരിടുമ്പോൾ രണ്ടാം മൽസരം രാത്രി 9-30ന് ഡെന്മാർക്കും ഇംഗ്ലണ്ടും തമ്മിലാണ്. ഈ അങ്കത്തിലും തീപ്പാറുമെന്നുറപ്പ്. സെർബിയക്കെതിരായ മൽസരത്തിൽ ജൂഡ് ബെല്ലിംഗ്ഹാമിന്റെ ഗോളിൽ കഷ്ടിച്ചു രക്ഷപ്പെട്ട ഇംഗ്ലീഷ് സംഘത്തിന് ഡാനിഷ് സൈന്യം വലിയ വെല്ലുവിളിയാണ്.



## കെയിൻ ടെസ്റ്റിലേക്ക്

വെല്ലിംഗ്ടൺ: നായകൻ കെയിൻ വില്ല്യംസൺ ന്യൂസിലൻഡ് ക്രിക്കറ്റ് ബോർഡിന്റെ സെൻട്രൽ കോൺട്രാക്ട് പട്ടികയിൽ ഇല്ല. നായകന്റെ തന്നെ അഭ്യർത്ഥനയെ തുടർന്നാണ് ഈ തീരുമാനം. ടി-20 ലോകകപ്പിൽ നിന്നും വേഗം പുറത്തായ കിവി സംഘത്തിൽ തുടരുമെങ്കിലും ടെസ്റ്റ് മൽസരങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനാണ് കെയിൻ താൽപ്പര്യപ്പെടുന്നത്.

റിയൽ കിംഗ്...



*അപാരമാണ് ഈ മനുഷ്യൻ. 2004 ലെ യൂറോയിൽ തുടങ്ങിയ യാത്രയാണ്. അന്ന് പ്രായം കേവലം 19. ആദ്യ മൽസരത്തിൽ തന്നെ 20-വാര അകലെ നിന്നും മിന്നൽ ഷോട്ടിലൂടെ ഗ്രീസിന്റെ വലയിൽ പന്ത് എത്തിച്ച് നേടിയ തുടക്കം. ഇന്നിപ്പോൾ പ്രായം 39. ഈ യൂറോയിലും അദ്ദേഹം മനോഹരമായി പന്ത് തട്ടുന്നു. ആറാമത് യൂറോ. ഇതിനിടെ 2016 ലെ യൂറോയിൽ അദ്ദേഹം രാജ്യത്തിന് കപ്പും സമ്മാനിച്ചിരുന്നു. ഫ്രാൻസിൽ നടന്ന യൂറോയിൽ ആതിഥേയരായ ഫ്രാൻസിനെ സ്റ്റെഡെ ഡി ഫ്രാൻസ് സ്റ്റേഡിയത്തിലെ 75,000 ത്തോളം കാണികളെയും തോൽപ്പിച്ചായിരുന്നു സ്വന്തം രാജ്യത്തിന് അവരുടെ ചരിത്രത്തിലെ ഏറ്റവും വലിയ കിരീടം സി.ആർ സമ്മാനിച്ചത്. ആ യൂറോയിൽ ആറ് ഗോളുകൾ സ്വന്തമാക്കിയ ഫ്രഞ്ച് താരം അന്റോണിയോ ഗ്രിസ്മാനായിരുന്നു ടോപ് സ്കോറർ. പക്ഷേ മൂന്ന് ഗോളുകൾ സ്വന്തമാക്കിയ സി.ആറായിരുന്നു എല്ലാവരുടെയും മനം കവർന്ന താരം. ഇത്തവണയും അദ്ദേഹത്തിന്റെ വ്യക്തമായ ലക്ഷ്യം യൂറോ തന്നെയാണ്. ആദ്യമായി ആറ് യൂറോ കളിക്കുന്ന താരമെന്ന ബഹുമതിക്ക് പിറകെ ഇന്നലെ ചെക്കിയക്കെതിരെ ഗോൾ നേടാൻ അദ്ദേഹം പൊരുതി കളിച്ചിരുന്നു. പക്ഷേ സ്കോർ ചെയ്യാനായില്ല. രാജ്യത്തിനും വിവിധ ക്ലബുകൾക്കുമായും ഇതിനകം 895 ഗോളുകൾ സ്കോർ ചെയ്തിട്ടുണ്ട് അദ്ദേഹം. ഉദ്ദേശം 1,200 ലധികം പ്രൊഫഷണൽ മൽസരങ്ങളും കളിച്ച സി.ആർ ഇന്നലെ ഇഞ്ചുറി സമയത്തിൽ ചെക്കിയക്കെതിരെ ടീമിന്റെ വിജയ ഗോൾ സ്കോർ ചെയ്ത സഹതാരം സാൻസിലോയെ അഭിനന്ദിക്കുന്ന കാഴ്ച്ചയാണിത്.*

# പൊരുതി നേടി പറങ്കികൾ

ലൈപ്സിഗ്: തിരമാല കണക്കെ പോർച്ചുഗീസുകാരുടെ ആക്രമണം. ചൈനീസ് വൻമതിൽ പോലെ ചെക്ക് റിപ്പബ്ലിക്കുകാരുടെ കോട്ടകെട്ടൽ. ആദ്യ പകുതിയിൽ സുവർണാവസരങ്ങൾക്ക് നടുവിൽ കൃസ്റ്റിയാനോ റൊണാൾഡോക്കും സംഘത്തിനും സ്കോർ ചെയ്യാനാവുന്നില്ല. എന്നാൽ രണ്ടാം പകുതിയിൽ കൗഫലിലൂടെ ചെക്കുകാർ ഞെട്ടിക്കൽ ലീഡ് നേടിയ കാഴ്ച്ചയിൽ പറങ്കിസൈന്യം വിറച്ച് നിൽക്കുന്നു. റോബർട്ടോ മാർട്ടിനസ് എന്ന അതിവിഖ്യാതനായ പരിശീലകന്റെ ആക്രമണ തന്ത്രങ്ങളിൽ അറുപത്തിയൊമ്പതാം മിനുട്ടിൽ സെൽഫ് ഗോളിലൂടെ പോർച്ചുഗൽ ഒപ്പമെത്തുന്നു. അപ്പോഴും വിജയം എന്ന മുദ്രാവാക്യത്തിൽ മാർട്ടിനസ് സീനിയർ താരങ്ങളിൽ തന്നെ വിശ്വാസമർപ്പിക്കുന്നു. ഒടുവിൽ കോച്ചിന്റെ പ്രതീക്ഷ കാത്ത് ഇഞ്ചുറി സമയത്തിന്റെ രണ്ടാം മിനുട്ടിൽ ഫ്രാൻസിസ്ക്കോ സാൻസിലോ വിജയ ഗോൾ സ്കോർ ചെയ്തപ്പോൾ ഗ്രൂപ്പ്-എഫിൽ പോർച്ചുഗലിന് നിർണായകമായ മൂന്ന് പോയിന്റ്. രണ്ട് ശൈലികൾ തമ്മിലുള്ള അങ്കമായിരുന്നു ലൈപ്സിഗ് സ്റ്റേഡിയത്തിൽ കണ്ടത്. ചെക്കിയക്കാരുടെ ലക്ഷ്യം ഒന്ന് മാത്രമായിരുന്നു-സി.ആറിനെയും സംഘത്തെയും തടയുക. യൂറോ യോഗ്യതാ റൗണ്ടിലെ പത്ത് മൽസരങ്ങളും ജയിച്ചു കയറിയ പറങ്കിസംഘത്തെ പിടിച്ചു നിർത്താൻ പ്രതിരോധം തന്നെ രക്ഷയെന്ന് മനസിലാക്കിയുള്ള ചെക്കിയക്കാർ പ്രത്യാക്രമണത്തിൽ പക്ഷേ പിറകോട്ട് പോയില്ല. മുൻനിരയിൽ സി.ആറിനെ കേന്ദ്രീകരിച്ചായിരുന്നു മാർട്ടിനസ് തന്ത്രങ്ങൾ. പക്ഷേ ചെക്കിയക്കാർ സൂപ്പർ താരത്തെ വിടാതെ പിടിച്ചുകെട്ടി. സ്വതന്ത്രനായ വേളയിലെല്ലാം 39-കാരൻ തന്റെ ക്ലാസ് തെളിയിക്കുകയും ചെയ്തു. കളിയുടെ ഗതിക്ക് വിപരീതമായിട്ടായിരുന്നു ചെക്കിയ ലീഡ് നേടിയത്. ലുകാസ് പ്രോവോദിന്റെ ഷോട്ട് പോർച്ചുഗീസ് വലയിൽ കയറിയപ്പോൾ ഗ്യാലറിയിലെ ചെക്കിയ ഫാൻസിന് പോലും അത് വിശ്വസിക്കാനായില്ല. എന്നാൽ പോർച്ചുഗൽ മധ്യനിരയിൽ എണ്ണയിട്ട യന്ത്രം പോലെ പറന്ന് കളിച്ച നുനോ മെൻഡസിന്റെ ഹെഡ്ഡർ ചെക്കിയ ഗോൾക്കീപ്പർ ജിൻഡ്രിച്ച് സ്റ്റെനാക് തട്ടിയിട്ടത് സ്വന്തം ഡിഫൻഡർ റോബിൻ ഹരാകിന് നേരെയായിരുന്നു. അദ്ദേഹത്തിന്റെ ദേഹത്ത് തട്ടിയാണ് പന്ത് വലയിലായത്. മൽസരത്തിന്റെ അവസാനത്തിൽ ഡിയാഗോ ജോട്ടയുടെ ഷോട്ട് വലയിൽ കയറിയെങ്കിലും റഫറിയുടെ ഓഫ് സൈഡ് കൊടി ഉയർന്നിരുന്നു. അപ്പോഴും പതറാതെ ആക്രമണത്തിന് തന്നെ നിർദ്ദേശം നൽകിയ മാർട്ടിനസ് എന്ന ആശാന്റെ തന്ത്രം സാൻസിലോയിലൂടെ വിജയത്തിലെത്തി.

## ജർമനിയിലും ഇംഗ്ലീഷ് തലവേദന

ഹാംബർഗ്: മൂന്ന് വർഷം മുമ്പ് 2021 ലെ യൂറോ ഫൈനലിൽ ഇറ്റലിക്കെതിരെ ഷൂട്ടൗട്ടിൽ തോറ്റതിന് ശേഷം ഇംഗ്ലീഷ് ആരാധകർ വെംബ്ലിയിലും പരിസരങ്ങളിലും നടത്തിയ തേർവാഴ്ച്ച കുപ്രസിദ്ധമായിരുന്നു. ഇത്തവണയും ഇംഗ്ലീഷ് ഫാൻസ് ആതിഥേയരായ ജർമനിക്കാർക്ക് തലവേദനയാവുന്നു. യൂറോയിൽ സെർബിയക്കെതിരായ ആദ്യ മൽസരത്തിനിടെ ഗ്യാലറിയിലെ ചില ആരാധകർ രണ്ടാം ലോക മഹായുദ്ധത്തിലെ ജർമൻ തിരിച്ചടി പരാമർശിച്ച് നടത്തിയ മുദ്രാവാക്യമാണ് പുതിയ തലവേദന. യൂറോ മൽസര വേദികളിലെത്തുന്ന ഇംഗ്ലീഷ് ഫാൻസ് ഈ വിധം പെരുമാറുന്നത് അവസാനിപ്പിക്കണമെന്ന് സംഘാടകർ അഭ്യർത്ഥിച്ചിട്ടുണ്ട്. 80 വർഷം മുമ്പ് നടന്ന യുദ്ധത്തെക്കുറിച്ച് എന്തിനാണിപ്പോൾ മുദ്രാവാക്യം എന്ന ചോദ്യത്തിന് പക്ഷേ കലാപകാരികളായ ആരാധകർ മറുപടി നൽകുന്നില്ല.

# ജർമനിസം

## വീണ്ടും വിജയം, പ്രീ ക്വാർട്ടർ

സ്റ്റട്ട്ഗർട്ട്: തുടർച്ചയായ രണ്ടാം വിജയവുമായി ആതിഥേയരായ ജർമനി യൂറോ 2024 ന്റെ പ്രീക്വാർട്ടർ ഫൈനലുറപ്പാക്കി. ആദ്യ മൽസരത്തിൽ 5-1 ന് സ്ക്കോട്ട്ലൻഡിനെ തകർത്ത ജർമനി ഇന്നലെ രണ്ടാം മൽസരത്തിൽ ഹംഗറിക്കാരെയും വീഴ്ത്തി. രണ്ട് ഗോളിനായിരുന്നു വിജയം. ആദ്യ മൽസരത്തിൽ ഗോൾ നേടിയ ജമാൽ മുസിയാലയാണ് ഇന്നലെയും ടീമിന് വിജയം ഉറപ്പാക്കിയത്. നായകൻ ഇഗർ ഗുൻഡഗോൻ നൽകിയ പന്തിൽ നിന്നായിരുന്നു ജമാലിന്റെ ഗോൾ. ഇരുപത്തി രണ്ടാം മിനുട്ടിൽ ഹംഗറി ബോക്സിലുണ്ടായ പരിഭ്രാന്തിക്കിടെയായിരുന്നു തന്ത്രപരമായി ജമാലിന് ഗുൻഡഗോൻ പന്ത് നൽകിയത്. കിടിലൻ ഷോട്ടിൽ പന്ത് വലയിലും കയറി. ഹംഗറിക്കാർ തിരിച്ചടിക്കാൻ നടത്തിയ ശ്രമങ്ങൾ പലതും ജർമൻ ഗോൾക്കീപ്പർ മാനുവൽ ന്യൂയറിൽ അവസാനിച്ചു. ആദ്യ പകുതിയുടെ അവസാനത്തിൽ ജമാൽ രണ്ടാം ഗോളിന് അരികിലെത്തിയിരുന്നു. പക്ഷേ ഇഞ്ചുകളുടെ വിത്യാസത്തിൽ പുറത്തായി. രണ്ടാം പകുതിയിൽ ഗുൻഡഗോൻ വിജയം ഉറപ്പാക്കി




*ഹംഗേറിയൻ ഡിഫൻഡറെ മറികടന്ന് മുന്നേറുന്ന ജർമൻ സൂപ്പർ താരം ജമാൽ മുസിയാല*

# സമനിലയാഘാതം

## ക്രോട്ടുകാരെ തളച്ച് അൽബേനിയ

ഹാംബർഗ്: എന്തൊരു മൽസരം... തുടക്കത്തിൽ ലീഡ് നേടിയത് അൽബേനിയക്കാർ. 73-ാം മിനുട്ട് വരെ ആ ലീഡ് കൊച്ചു രാജ്യം നിലനിർത്തിയപ്പോൾ 2018 ലെ ഫിഫ ലോകകപ്പ് റണ്ണേഴ്സ് അപ്പായ ക്രൊയേഷ്യ തുടക്കത്തിൽ തന്നെ പുറത്തേക്കുള്ള വഴിയിലാണെന്ന് തോന്നി. എന്നാൽ ക്രമാനിച്ചിലൂടെ എഴുപത്തിനാലാം മിനുട്ടിൽ ക്രോട്ടുകാർ സമനില നേടുക മാത്രമല്ല രണ്ട് മിനുട്ടിനകം ലീഡും നേടിയപ്പോൾ ഗ്യാലറിയിലെ ക്രോട്ടുകാർ തുള്ളിച്ചാടി. ആദ്യ മൽസരത്തിൽ മൂന്ന് ഗോളിന് തകർന്നു പോയ ടീമിന്റെ നാടകീയ തിരിച്ചുവരവ്. 90 മിനുട്ട് പിന്നിടുമ്പോൾ ക്രൊയേഷ്യ 2-1ന് മുന്നിൽ. എന്നാൽ അഞ്ച് മിനുട്ട് ഇഞ്ചുറി സമയത്തിൽ കണ്ടത് അൽബേനിയക്കാരുടെ തിരിച്ചുവരവ്. ലോംഗ് വിസിലിന് മൂന്ന് മിനുട്ട് മാത്രം ബാക്കി നിൽക്കെ ഗസുലയുടെ ഗോളിൽ അവർ കളിയിൽ ഒപ്പമെത്തി. ഗ്യാലറി നറഞ്ഞ കാണികൾ ശരിക്കും ആസ്വദിച്ച മൽസരം. സ്പെയിനിന് മുന്നിലായിരുന്നു ആദ്യ മൽസരത്തിൽ ലുക്കാ മോഡ്രിച്ചും സംഘവും തല താഴ്ത്തിയത്. വയസന്മാരുടെ ടീം എന്നായിരുന്നു ആ തോൽവിക്ക് പിറകെ ക്രോട്ടുകാർക്ക് നേരെ സ്വന്തം നാട്ടിൽ തന്നെയുണ്ടായ പരിഹാസം. ലുക്കാ മോഡ്രിച്ചിന്റെ സംഘം ആ പരിഹാസത്തിന് മറുപടി പറയാൻ ഇറങ്ങിയ രണ്ടാം മൽസരത്തിലായിരുന്നു ടീം തുടക്കത്തിൽ തന്നെ പിറകിൽ പോയത്. ഈ ഗോളിന് മറുപടി നൽകാൻ അവർ പരമാവധി ശ്രമിച്ചു. പക്ഷേ ആദ്യ പകുതിയിൽ അൽബേനിയക്കാർ വിട്ടുകൊടുത്തില്ല. രണ്ടാം പകുതിയുടെ തുടക്കത്തിലും ക്രോട്ടുകാരുടെ മുന്നേറ്റങ്ങൾക്ക് മൂർഛ കുറവായിരുന്നു. എന്നാൽ അൽബേനിയൻ പ്രതിരോധം മാൻ ടു മാൻ മാർക്കിംഗ് മറന്ന വേളയിലായിരുന്നു സമനിലയെത്തിയത്. പിന്നെ സെൽഫ് ഗോളുമായപ്പോൾ ക്രോട്ടുകാർ മൂന്ന് പോയിന്റ് ഉറപ്പിച്ചതാണ്. ഇഞ്ചുറി സമയത്തിന്റെ അവസാനത്തിൽ കോവാസിച്ചിന്റെ ഗോൾ ശ്രമത്തിൽ പന്ത് പുറത്തേക്ക് പോയപ്പോൾ അൽബേനിയക്കാർ സ്വന്തമാക്കിയത് അർഹിക്കുന്ന സമനില. സ്പെയിനും ഇറ്റലിയും ഉൾപ്പെടുന്ന മരണ ഗ്രൂപ്പിലിപ്പോൾ രണ്ട് കളികളിൽ ഒരു പോയിന്റുമായി ക്രോട്ടുകാർ അവസാന സ്ഥാനത്താണ്. കരുത്തരായ ഇറ്റലിക്കെതിരെയാണ് അവരുടെ അവസാന മൽസരം. ഇതിൽ ജയിക്കാൻ കഴിയാത്ത പക്ഷം വഴി പുറത്തേക്കാവും.



*യൂറോയിൽ ഇന്നലെ നടന്ന മൽസരം സമനിലയിൽ അവസാനിച്ചപ്പോൾ നിരാശനായി മൈതാനത്ത് ഇരിക്കുന്ന ക്രൊയേഷ്യൻ നായകൻ ലുക്കാ മോഡ്രിച്ചിനെ ആശ്വസിപ്പിക്കുന്ന അൽബേനിയൻ താരം. നിശ്ചിത സമയത്ത് 2-1ന് ലീഡ് ചെയ്ത ക്രോട്ടുകാരെ ഇഞ്ചുറി സമയത്തിന്റെ അവസാനത്തിലാണ് അൽബേനിയ സമനിലയിൽ തളച്ചത്*

# ഇന്ത്യ അഫ്ഗാനെതിരെ

ബ്രിഡ്ജ്ടൗൺ:റാഷിദ്ഖാൻ എന്ന കിടിലൻ സ്പിന്നർ. ഫസൽഹഖ് ഫാറുഖി എന്ന മിന്നും സീമർ. അതിവേഗതയിൽ കരുത്തനായ നവിനുൽഹഖ്, സ്ലോ ബോളുകളുമായി നൂർ അഹമ്മദും മുഹമ്മദ് നബിയും... ബാറ്റിംഗിൽ കൂറ്റനടിക്കാരായ റഹ്മത്തുല്ല ഗുർബാസ്, ഇബ്രാഹിം സദ്രാൻ, അസ്മത്തുല്ല ഒമർസായി തുടങ്ങിവരും. പറഞ്ഞ് വരുന്നത് ടി-20 ലോകകപ്പിൽ ആദ്യ സൂപ്പർ എട്ട് പോരാട്ടത്തിനിറങ്ങുന്ന ഇന്ത്യക്ക് സ്പിന്നിനെ തുണക്കുന്ന വിൻഡീസ് ട്രാക്കിൽ വെല്ലുവിളിയുണ്ടെന്നാണ്. സ്വന്തം ഗ്രൂപ്പിൽ വിൻഡീസിനോട് മാത്രമാണ് വലിയ മാർജിനിൽ അഫ്ഗാനികൾ പരാജയപ്പെട്ടത്. ബാക്കിയെല്ലാ മൽസരങ്ങളിലും ഏകപക്ഷീയമായി ജയിച്ചവർക്ക് ഇന്ത്യൻ ലൈനപ്പ് സുപരിചിതമാണ്. കുറെ ദിവസങ്ങൾക്ക് ശേഷമാണ് ഇന്ത്യ കളിക്കളത്തിൽ വരുന്നത്. പ്രാഥമിക ഘട്ടത്തിൽ അമേരിക്കയെയും പാക്കിസ്താനെയും അയർലൻഡിനെയും വീഴ്ത്തിയ ശേഷം ന്യൂയോർക്കിൽ നിന്നും ഫ്ളോറിഡയിലേക്ക് വിമാനം കയറിയ രോഹിത് ശർമയും സംഘവും കാനഡക്കെതിരെ മഴയാണ് ആസ്വദിച്ചത്. അവിടെ നിന്നുമാണ് വിൻഡീസിൽ എത്തിയത്. ഇനി എല്ലാ മൽസരങ്ങളും ഇവിടെയാണ്. ബാറ്റിംഗിലും ബൗളിംഗിലും ഇന്ത്യ ന്യൂയോർക്കിൽ വെല്ലുവിളിക്കപ്പെട്ടിരുന്നു. വിരാത് കോഹ്‌ലിക്ക് ഇത് വരെ നല്ല ഇന്നിംഗ്സ് കളിക്കാനായിട്ടില്ല. രോഹിതും സ്ഥിരത പുലർത്തുന്നില്ല. മൂന്നാം നമ്പറിൽ കളിച്ച റിഷാഭ് പന്തും ഭാഗ്യത്തിന്റെ അകമ്പടിയിലാണ് കളിച്ചത്. സൂര്യകുമാർ യാദവ്, ഹാർദിക് പാണ്ഡ്യ എന്നിവരുൾപ്പെടുന്ന മധ്യനിരയിൽ മാറ്റമുണ്ടാവില്ല. ജസ്പ്രീത് ബുംറ, അർഷദിപ് സിംഗ്, മുഹമ്മദ് സിറാജ് എന്നിവരുൾപ്പെടുന്ന പേസ് നിരയെക്കാൾ പന്തിൽ വെല്ലുവിളി ഉയർത്തുക കുൽദീപ് യാദവും അക്സർ പട്ടേലുമുൾപ്പെടുന്ന സ്പിന്നർമാരായിരിക്കും. മൽസരം രാത്രി 8 മുതൽ. ഇന്ന് നടക്കുന്ന ആദ്യ സൂപ്പർ എട്ടിൽ രാവിലെ 6ന് വിൻഡീസ് ഇംഗ്ലണ്ടുമായി കളിക്കുന്നുണ്ട്.

## ദക്ഷിണാഫ്രിക്ക ജയിച്ചു

നോർത്ത് സൗണ്ട്: ടി-20 ലോകകപ്പ് സൂപ്പർ എട്ടിലെ ആദ്യ മൽസരത്തിൽ ദക്ഷിണാഫ്രിക്ക അമേരിക്കയെ 18 റൺസിന് വീഴ്ത്തി. ടോസ് നഷ്ടമായിട്ടും ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നാല് വിക്കറ്റിന് 194 റൺസാണ് നേടിയത്. അമേരിക്ക 176 ലെത്തി. ഓപ്പണർ ക്വിന്റൺ ഡി കോക്ക് (40 പന്തിൽ 70) നായകൻ ഐദൻ മാർക്റാം (32 പന്തിൽ 46) ഹെൻട്രിച്ച് ക്ലാസൺ (22 പന്തിൽ പുറത്താവാതെ 36 ) എന്നിവരാണ് മിന്നിയത്. അമേരിക്കൻ ബൗളർമാരിൽ സൗരബ് നേത്രവാൽക്കർ 21 റൺസിന് രണ്ട് വിക്കറ്റ് നേടി. മറുപടി ബാറ്റിംഗിൽ നല്ല തുടക്കത്തിന് ശേഷം അമേരിക്ക തകർന്നു. ഓപ്പണർ ആൻഡ്രിയസ് ഗൗസ് (80) മാത്രമാണ് പൊരുതിയത്.



ഇല്ലാത്ത കാര്യങ്ങൾ മുസ്‌ലിംകൾ അവിഹിതമായി നേടിയെന്ന് കള്ളക്കഥ മെനഞ്ഞ്, പച്ചക്ക് വർഗീയത പറയുന്ന വെള്ളാപ്പള്ളി നടേശനെതിരെ വായ തുറക്കാത്ത സി.പി.എം തിരഞ്ഞെടുപ്പിനു ശേഷവും മൗനം പാലിക്കുന്നത് ബി.ജെ.പിയെ സന്തോഷിപ്പിക്കാനാണ്. യോഗ്യത കൊണ്ട് മുസ്‌ലിംകൾ പി.എസ്.സി മുഖേനയും കെ.എ.എസ്, സിവിൽ സർവീസ് പരീക്ഷകൾ മുഖേനയും നേടിയതല്ലാതെ മറ്റെന്താണ് അവർ അവിഹിതമായി നേടിയത് എന്ന് വെളിപ്പെടുത്തേണ്ട ബാധ്യത വെള്ളാപ്പള്ളിക്കുണ്ട്. തൊഴിൽ മേഖലയിലുള്ള സാമുദായിക പ്രാതിനിധ്യം ജാതി തിരിച്ച് ധവളപത്രം സർക്കാർ പുറത്തിറക്കണം.

– എ.കെ.എം അഷറഫ്



ആഭ്യന്തര മന്ത്രികൂടിയായ മുഖ്യമന്ത്രിയുടെ സ്വന്തം ജില്ലയിൽ, നിരുപദ്രവകാരിയായ ഒരു വൃദ്ധന് ബോംബ് പൊട്ടി ജീവൻ നഷ്ടമായിരിക്കുന്നു. മുഖം നോക്കാതെ നടപടിയെടുക്കുമെന്നത്, അസംബ്ലിയിലെ പഞ്ച് ഡയലോഗിനപ്പുറം പ്രാവർത്തികമാക്കണം. പൊലീസിനെ അതിന് അനുവദിക്കണം. പൊലീസിന് കാര്യക്ഷമതയില്ലാഞ്ഞിട്ടല്ല, സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അനുമതി നൽകാഞ്ഞിട്ടാണ്. അതിനുള്ള ഇച്ഛാശക്തി ആഭ്യന്തര വകുപ്പിന്റെ തലപ്പത്തിരിക്കുന്ന ആൾക്കോ നേതൃത്വം നൽകുന്ന പാർട്ടിക്കോ ഇല്ല.

– ഷാഫി പറമ്പിൽ



# കുവൈത്ത് ദുരന്തം: സഭയുടെ ആദരാഞ്ജലി

തിരുവനന്തപുരം: കുവൈത്തിലെ മംഗെഫിലെ ഫ്ലാറ്റിലുണ്ടായ തീപിടുത്തത്തിൽ മരണപ്പെട്ടവർക്ക് കേരള നിയമസഭ ആദരാഞ്ജലി അർപ്പിച്ചു. സ്പീക്കർ എ.എൻ ഷംസീർ അനുശോചന സന്ദേശം വായിച്ചു. തുടർന്ന് സംസാരിച്ച മുഖ്യമന്ത്രി, നിരവധിപേർക്ക് ജീവഹാനി സംഭവിച്ചത് അങ്ങേയറ്റം ദുഃഖകരമായ സംഭവമാണെന്ന് പറഞ്ഞു. സ്വപ്നങ്ങളെല്ലാം പൂർത്തിയാക്കാൻ കഴിയാതെ, പകുതിവഴിയിൽ ദുരന്തത്തിനു മുന്നിൽ നമ്മുടെ സഹോദരങ്ങൾക്ക് കീഴടങ്ങേണ്ടി വന്നു എന്നത് ഏറെ പ്രയാസമുണ്ടാക്കുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. മരിച്ചവരുടെ മൃതദേഹങ്ങൾ കൊണ്ടുവന്നപ്പോൾ വിമാനത്താവളത്തിൽ കണ്ട കാഴ്ച ജീവിതത്തിലൊരിക്കലും മറക്കാനാവാത്തതാണെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. ഓരോ കുടുംബത്തിന്റെയും നിലവിളികൾ സഹിക്കാനാവാതെ നിസഹായതയോടെ നിൽക്കേണ്ടി വന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മന്ത്രിക്ക് കുവൈത്ത് യാത്രാനിഷേധം: പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: കുവൈത്തിലെ മംഗഫിലുണ്ടായ തീപിടിത്ത ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജിന് കുവൈറ്റ് യാത്രക്കുള്ള പൊളിറ്റിക്കൽ ക്ലിയറൻസ് നിഷേധിച്ച കേന്ദ്ര സർക്കാർ നടപടിക്കെതിരെ പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കുവൈറ്റിലെ മംഗഫിൽ 2024 ജൂൺ 12 നുണ്ടായ ദുരന്തത്തിൽ ജീവൻ നഷ്ടമായവരിൽ പകുതിയും കേരളീയരായിരുന്നുവെന്നും അതിനാലാണ് ദുരന്തത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്ത് സംസ്ഥാനത്തെ ഒരു മന്ത്രിയെത്തന്നെ കുവൈറ്റിലേക്ക് അയക്കുവാൻ കേരള മന്ത്രിസഭ തീരുമാനിച്ചതെന്നും മുഖ്യമന്ത്രി കത്തിൽ സൂചിപ്പിച്ചു.

കേരള ആരോഗ്യ മന്ത്രിയുടെ കുവൈത്തിലെ സാന്നിധ്യം അവിടെ അതിനകം എത്തിയിരുന്ന കേന്ദ്ര വിദേശകാര്യ സഹമന്ത്രിയോടും മറ്റ് അധികാരികളോടും ഇന്ത്യൻ എംബസിയോടും ബന്ധപ്പെട്ട് നടപടികൾ ഏകോപിപ്പിക്കുന്നതിന് സഹായകരമാകുമായിരുന്നു. ദുരന്തത്തിനിരയായവരുടെ കുടുംബാംഗങ്ങൾക്ക് മാനസിക പിന്തുണയും ആത്മവിശ്വാസവും ഉറപ്പാക്കുന്നതിനും സഹായകമാകുമായിരുന്നു. എന്നാൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ലഭ്യമാകാതിരുന്നത് മൂലം കേരള ആരോഗ്യമന്ത്രിയുടെ കുവൈറ്റ് സന്ദർശനം നടക്കാതെ പോയത് അത്യന്തം ദൗർഭാഗ്യകരമാണെന്നും കത്തിൽ ചൂണ്ടിക്കാട്ടി.

# ധനമന്ത്രിയുടെ മുഖത്തുനോക്കി ഭക്ഷ്യമന്ത്രി

# 'പണം കൃത്യസമയത്തു തന്നെ ലഭ്യമാക്കണം'

തിരുവനന്തപുരം: നിരന്തരമായ അവഗണനക്കൊടുവിൽ ധനമന്ത്രി കെ.എൻ ബാലഗോപാലിനോട് പരസ്യമായി ഭക്ഷ്യവകുപ്പിനുള്ള ഫണ്ട് ചോദിച്ച് മന്ത്രി ജി.ആർ അനിൽ. സപ്ലൈകോ അടക്കം ഭക്ഷ്യവകുപ്പ് സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടുന്നതിനിടെയാണ് പ്രതിപക്ഷത്തെ സാക്ഷി നിർത്തി, തന്റെ വകുപ്പിനുള്ള വിഹിതം ഇനിയും വൈകിക്കരുതെന്ന് ജി.ആർ അനിൽ അഭ്യർത്ഥിച്ചത്.

നിയമസഭയിൽ ധനാഭ്യർഥന ചർച്ചക്ക് മറുപടി പറയവെയാണ് മന്ത്രി എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് പരസ്യമായി ഫണ്ടിന് അഭ്യർത്ഥിച്ചത്. ധനാഭ്യർഥന പ്രമേയത്തിൽ പറഞ്ഞ തുക അനുവദിക്കണമെന്നാണ് സാധാരണ വകുപ്പു മന്ത്രിമാർ ചർച്ച ഉപസംഹരിച്ച് ആവശ്യപ്പെടുക. ഇക്കാര്യം സൂചിപ്പിച്ച ശേഷം ഇത്തരത്തിൽ അനുവദിച്ച് കിട്ടുന്ന തുക സമയത്തുതന്നെ നൽകണമെന്നായിരുന്നു മന്ത്രിയുടെ ആവശ്യം.

നെല്ല് സംഭരിച്ച വകയിൽ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത് 1079 കോടിയാണ്. ഏകദേശം ഇതിനടുത്ത തുക സംസ്ഥാന സർക്കാറിൽ നിന്നും സപ്ലൈയ്കോക്ക് ലഭിക്കാനുമുണ്ട്. കുടിശ്ശിക യഥാസമയം തീർക്കാൻ വൈകുന്നതിനാൽ പുതിയ വായ്പകൾ നൽകുന്നതിൽ ബാങ്കുകൾ വൈമുഖ്യം കാട്ടുന്ന സ്ഥിതിയുണ്ട്.റേഷൻ വ്യാപാരികൾക്ക് കിറ്റ് വിതരണ ഇനത്തിലെ കമീഷൻ പൂർണമായും നൽകുന്നതിന് 34 കോടി രൂപ വേണമെന്നും മന്ത്രി പറഞ്ഞു.

കോവിഡ് കാലത്തും തുടർന്നും റേഷൻ കാർഡുടമകൾക്ക് 13 തവണ ഭക്ഷ്യകിറ്റ് വിതരണം ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് മൂന്നുതവണ റേഷൻ വ്യാപാരികൾക്ക് 14.88 കോടി രൂപ കമീഷനായും നൽകി. തുടർന്നുള്ള കിറ്റുകളുടെ വിതരണം സേവനമായി നൽകണമെന്നാണ് സർക്കാർ നിർദേശിച്ചത്. എന്നാൽ, വ്യാപാരികൾ കോടതിയിൽ പോയി അനുകൂല വിധി നേടി. ഇതനുസരിച്ച് കമീഷൻ പൂർണമായും നൽകാനാണ് 34 കോടി വേണ്ടത്. സർക്കാറിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന ക്രമത്തിൽ കമീഷൻ പൂർണമായും വിതരണം ചെയ്യും. ഇക്കാര്യത്തിൽ സാവകാശം തേടി അഡ്വക്കറ്റ് ജനറലിന് കത്തും വകുപ്പ് നൽകിയിട്ടുണ്ട്.

കഴിഞ്ഞ പത്തുമാസക്കാലമായി സപ്ലൈകോയുടെ വിറ്റുവരവിൽ വലിയതോതിലുള്ള കുറവുണ്ടായി എന്നും മന്ത്രി വിശദീകരിച്ചു. നേരത്തേ 231 കോടി രൂപയുടെ വരെ വിറ്റുവരവ് പ്രതിമാസം നടന്നിടത്ത് ഇപ്പോൾ 81 കോടിയൊക്കെയാണ്. സപ്ലൈകോക്കും പൊതുവിതരണ ശൃംഖലക്കും എതിരെയുള്ള സംഘടിത വ്യജപ്രചാരണങ്ങളുടെ ഫലമാണ് വിൽപന കുറയാൻ കാരണം. കഴിഞ്ഞ ഓണക്കാലത്ത് 6.28 കോടി രൂപയുടെ വിറ്റുവരവാണ് നടന്നത്. ഇതിൽ 1.97 കോടി രൂപയുടെ സബ്സിഡി ഉൽപന്നങ്ങളായിരുന്നു. 4.21ലക്ഷം രൂപയുടെ സബ്സിഡി ഇതര ഉൽപന്നങ്ങളും. സബ്സിഡി ഇതരഉൽപന്നങ്ങൾ പോലും സപ്ലൈകോയിൽ അഞ്ചുമുതൽ 30 ശതമാനം വരെ വിലകുറച്ചാണ് നൽകുന്നത്. പൊതുവിപണിയിലെ ഇടപെടലിന് ഇതു വഴിയൊരുക്കിയിരുന്നു. എന്നാൽ, വ്യാജപ്രചാരണങ്ങൾ സബ്സിഡി ഉൽപന്നങ്ങൾ മാത്രം കിട്ടുന്ന ഇടം മാത്രമായി സപ്ലൈകോയെ ചിത്രീകരിച്ചെന്നും മന്ത്രി പറഞ്ഞു.

# സി.പി.എം എൻ.ഡി.എയിലോ എൽ.ഡി.എഫിലോ?

## അണികളെ ബോധ്യപ്പെടുത്തണം: എൻ.എ നെല്ലിക്കുന്ന്

തിരുവനന്തപുരം: സി.പി.എം എൻ.ഡി.എ യിലാണോ എൽ.ഡി.എഫിലാണോ എന്ന് അണികളെ ബോധ്യപ്പെടുത്തുന്നതിൽ അമ്പേ പരാജയപ്പെട്ടുവെന്നും ഇതാണ് ലോക്സഭാ തിരഞ്ഞെടുപ്പിലെ കനത്ത തിരിച്ചടിക്ക് കാരണമെന്നും എൻ.എ നെല്ലിക്കുന്ന്. നിയമസഭയിൽ പൊതുമരാമത്ത്, ഭക്ഷ്യ, ടൂറിസം വകുപ്പുകളുടെ ധനാഭ്യർത്ഥനയെ എതിർത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സി.പി.എമ്മിന്റെയും കൊടിയും ചിഹ്നവും സംരക്ഷിക്കാൻ സാധിച്ചത് രാഹുൽ ഗാന്ധിയുടെ ഔദാര്യം കൊണ്ടാണ്. മഞ്ചേശ്വരത്തും കാസർകോടും ഫാസിസത്തെ തടയാൻ യു.ഡി.എഫിന് കഴിഞ്ഞപ്പോൾ, സി.പി.എമ്മിന്റെ അടുക്കളയിൽപ്പോലും ഫാസിസം എത്തി. ഇനിയും കണ്ണടച്ച് ഇരുട്ടാക്കരുത്. അസത്യത്തെ സത്യമാക്കുന്ന വിദ്യ ഇനിയെങ്കിലും ഉപേക്ഷിക്കണം. ജനങ്ങളെ ഒന്നിച്ചു നിർത്താൻ കഴിയാത്ത ഇടത്തോളം ഇടതുമുന്നണി തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ധനാഭ്യർത്ഥന ചർച്ചക്കിടെ മുസ്‌ലിംലീഗിനെ മലപ്പുറം ലീഗ് എന്ന് പരാമർശിച്ച ബാബു നെന്മാറയെ കണക്കിന് പരിഹസിച്ച അദ്ദേഹം, ലീഗിനും സി.പി.എമ്മിനും ലോക്സഭയിൽ ഒരേ അംഗസംഖ്യയാണെന്ന് മറക്കരുതെന്ന് ഓർമിപ്പിച്ചു. കാസർകോട് ലോക്സഭാ മണ്ഡലത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ ലക്ഷത്തിൽപ്പരം വോട്ടിന് ജയിച്ചതിന്റെ ആവേശത്തിലാണ് താൻ നിയമസഭയിലേക്ക് വന്നത്. എന്നാൽ ഭരണകക്ഷി അംഗങ്ങളുടെ ശരീരഭാഷയും ബാബു നെൻമാറയുടെ പ്രസംഗം കേട്ടപ്പോൾ ഉണ്ണിത്താൻ തോറ്റ് പോയോ എന്ന് സന്ദേഹിച്ച് പോയി. മൃഗശാലയിലെ കാണ്ടാമൃഗത്തിന് ഇത്ര തൊലിക്കട്ടിയുണ്ടായില്ലെന്ന് എൻ.എ നെല്ലിക്കുന്ന് പറഞ്ഞു.

ലോക്സഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് മികച്ച വിജയം സമ്മാനിക്കുന്നതിൽ ഭക്ഷ്യവകുപ്പിന് കാര്യമായ പങ്കുണ്ടെന്നും അദ്ദേഹം പരിഹസിച്ചു. റേഷൻ കടയിൽ ഒരു തവണയെങ്കിലും പോയിട്ടുള്ളവർ എൽ.ഡി.എഫിന് വോട്ട് ചെയ്യില്ല. റേഷൻ വ്യാപാരികളുടെ വേതനം കൃത്യമായി നൽകുന്നില്ല. അഞ്ച് വർഷം മുമ്പ് കൊടുത്ത കോവിഡ് കാലത്തെ കിറ്റിന്റെ കമ്മീഷൻ ഇതുവരെയും നൽകിയിട്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ താലൂക്ക് ആസ്ഥാനങ്ങളിൽ റോഡ്. ബിൽഡിംഗ്സ് സബ് ഡിവിഷൻ ആരംഭിക്കണമെന്നും നെല്ലിക്കുന്ന് ആവശ്യപ്പെട്ടു. സി.എം.ഡി മീറ്റിംഗുകൾ കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കണം. റോഡുപണികൾ പൊതുമരാമത്ത് വകുപ്പിന് കീഴിൽ തന്നെ നടത്തണം. ഇക്കാര്യത്തിൽ കിഫ്ബി ഫണ്ട് വേണ്ട. കാസർകോട് ഫയർ സ്റ്റേഷൻ ജീർണാവസ്ഥയിലാണ്. ഇതിന്റെ നവീകരണത്തിന് ഫണ്ട് അനുവദിക്കണം. ടൂറിസം കേന്ദ്രങ്ങളായ കോട്ടകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

### വെള്ളാപ്പള്ളിയുടെ മുസ്‌ലിം വിരുദ്ധ പരാമർശം

# കണക്കുകൾ നിരത്തി എ.കെ.എം അഷ്റഫിന്റെ മറുപടി

തിരുവനന്തപുരം: വെള്ളാപ്പള്ളി നടേശന്റെ മുസ്‌ലിം വിരുദ്ധ പരാമർശത്തിന് കണക്കുകൾ നിരത്തി നിയമസഭയിൽ എ.കെ.എം അഷ്റഫിന്റെ മറുപടി. പൊതുമരാമത്ത്, ഭക്ഷ്യ, ടൂറിസം വകുപ്പുകളുടെ ധനാഭ്യർത്ഥനയെ എതിർത്ത് സംസാരിക്കവെയാണ്, മുസ്‌ലിം പ്രീണനമെന്ന വെള്ളാപ്പള്ളിയുടെ പരാമർശത്തിന് വസ്തുതകൾ നിരത്തി എ.കെ.എം അഷ്റഫ് മറുപടി നൽകിയത്.

മുസ്‌ലിംകൾക്ക് എന്തൊക്കെയോ അവിഹിതമായി കിട്ടുന്നു എന്നാണ് വെള്ളാപ്പള്ളി പറഞ്ഞ് നടക്കുന്നത്. യോഗ്യത കൊണ്ട് മുസ്‌ലിംകൾ പി.എസ്.സി മുഖേനയും കെ.എ.എസ്, സിവിൽ സർവീസ് പരീക്ഷകൾ മുഖേനയും നേടിയതല്ലാതെ മറ്റെന്താണ് അവർ അവിഹിതമായി നേടിയത് എന്ന് വെളിപ്പെടുത്തേണ്ട ബാധ്യത വെള്ളാപ്പള്ളിക്കുണ്ട്. സർക്കാർ നേരിട്ട് നിയോഗിക്കുന്ന ബോർഡുകളും കോർപറേഷനുകളിലും ചെയർമാൻമാരും ഡയറക്ടർമാരിൽ എത്രപേർ മുസ്‌ലിം സമുദായത്തിൽ നിന്നുണ്ട്. സർക്കാർ നിയമിക്കുന്ന ഗവൺമെന്റ് പ്ലീഡർമാരിലും പൊതുമേഖല സ്ഥാപനങ്ങളുടെ ജനറൽ മാനേജർമാരിലും എം.ഡിമാരിലും ചെയർമാൻമാരിലും യൂണിവേഴ്സിറ്റി വൈസ് ചാൻസിലർമാരിലും രജിസ്ട്രാർമാരിലും ഫിനാൻസ് ഓഫീസർമാരിലും സമാനമാണ് സ്ഥിതി. 17 യൂണിവേഴ്സിറ്റികളിൽ രണ്ട് പി.വി.സിമാർ മാത്രമാണ് മുസ്‌ലിംകളായുള്ളത്. സർക്കാർ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന നൂറുകണക്കിന് തസ്തികകളിൽ എത്രയെണ്ണം മുസ്‌ലിംകൾക്ക് നൽകിയിട്ടുണ്ട്. മന്ത്രിമാരുടെ സ്റ്റാഫിൽ സാമുദായിക പ്രാതിനിധ്യം പാലിക്കാത്ത സർക്കാർ എന്ത് മുസ്‌ലിം പ്രീണനം നടത്തുന്നുവെന്നാണ് വെള്ളാപ്പള്ളിയും സുരേന്ദ്രനും ബി.ജെ.പിയും പറയുന്നത്.

തൊഴിൽ മേഖലയിലുള്ള സാമുദായിക പ്രാതിനിധ്യം ജാതി തിരിച്ച് ഒരു ധവളപത്രം സർക്കാർ പുറത്തിറക്കണം. പച്ചക്ക് വർഗീയത പറയുന്ന വെള്ളാപ്പള്ളിയെ ചെയർമാൻ സ്ഥാനത്ത് വെച്ച് എങ്ങനെ നവോത്ഥാന സമിതി മുന്നോട്ടു കൊണ്ടുപോകും. ഇത്തരക്കാരെ വെച്ചുള്ള നവോത്ഥാന സമിതിയുടെ പ്രവർത്തനം മരവിപ്പിക്കുകയെങ്കിലും ചെയ്യണം. ജാതി സെൻസസ് നടപ്പിലാക്കി ഓരോ തസ്തികകളും ആരും കൈകാര്യം ചെയ്യുന്നുവെന്ന് പറയാൻ സർക്കാർ തയ്യാറാകണം. അല്ലാത്ത പക്ഷം വലിയ തെറ്റിദ്ധാരണ വിവിധ സമുദായങ്ങൾക്കിടയിലുണ്ടാകും.

ലോക്സഭ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് തോറ്റത് ന്യൂനപക്ഷ വോട്ടുകൾ നഷ്ടപ്പെട്ടതു കൊണ്ടാണെന്നും അമിതമായ മുസ്‌ലിം പ്രീണനം നടത്തിയതാണ് അതിന് കാരണമെന്നും ചില കേന്ദ്രങ്ങൾ ബോധപൂർവം പ്രചരിപ്പിക്കുന്നുണ്ട്. വടകരയിൽ കെ.കെ ശൈലജയുടെ പരാജയം മുസ്‌ലിം വോട്ടുകൾ ലഭിക്കാത്തത് കൊണ്ടാണെന്ന് ഇടതുപക്ഷത്തുള്ളവർ വിശ്വസിക്കുന്നുണ്ട്. വടകരയിൽ മുസ്‌ലിം വിഭാഗം 33 ശതമാനമാണ്. 63 ശതമാനം മറ്റ് മതസ്ഥരാണ്. എന്നിട്ടും അവിടെ ഷാഫി പറമ്പിൽ ഒരു ലക്ഷത്തിലധികം വോട്ടിന് ജയിച്ചുവെങ്കിൽ അത് നൽകുന്ന വ്യക്തമായ സൂചന 63 ശതമാനത്തിൽ നിന്നും ഗണ്യമായി വോട്ടു ഷാഫിക്ക് ലഭിച്ചിട്ടുണ്ട് എന്നതാണ്. മുസ്‌ലിംകൾ സമുദായവും പേരും നോക്കി വോട്ടുചെയ്യുന്നവരല്ല. അങ്ങനെയായിരുന്നുവെങ്കിൽ വടകരയേക്കാൾ കൂടുതൽ മുസ്‌ലിം വോട്ടുള്ള കോഴിക്കോട് അവർ എളമരം കരീമിനെയല്ലേ ജയിപ്പിക്കേണ്ടിയിരിക്കുന്നത്.

നയവൈകല്യങ്ങൾ കൊണ്ട് എൽ.ഡി.എഫ് തോറ്റതിന് ന്യൂനപക്ഷങ്ങളെ എന്തിനാണ് കുറ്റപ്പെടുത്തുന്നതെന്ന് ചോദിച്ച അദ്ദേഹം, എൽ.ഡി.എഫിനെതിരെ പരസ്യമായി നിലപാടെടുത്ത എസ്.എൻ.ഡി.പി നേതാവ് വെള്ളാപ്പള്ളി നടേശനെതിരെ ഒരക്ഷരം പറയാൻ എന്താണ് ഇടതുപക്ഷത്തെ ആരും ധൈര്യം കാണിക്കാത്തതെന്നും കൂട്ടിച്ചേർത്തു. ഈഴവ ഭൂരിപക്ഷ മണ്ഡലമായ ആലപ്പുഴയിൽ ഒരു മുസ്‌ലിം സ്ഥാനാർഥിയെ നിർത്താൻ പാടില്ലായിരുന്നുവെന്ന് സാക്ഷാൽ വെള്ളാപ്പള്ളിയാണ് പറഞ്ഞത്. വെള്ളാപ്പള്ളിയുടെ മകൻ തുഷാർ വെള്ളാപ്പള്ളി എൻ.ഡി.എ സ്ഥാനാർഥിയായി കോട്ടയത്ത് മത്സരിച്ചു. മഹത്തായ എസ്.എൻ.ഡി.പി എന്ന പ്രസ്ഥാനത്തെ ബി.ഡി.ജെ.എസ് എന്ന പാർട്ടി വഴി ബി.ജെ.പിയിൽ എത്തിക്കാനുള്ള കുതന്ത്രമാണ് വെള്ളാപ്പള്ളിയും കുടുംബവും നടത്തുന്നത്. രാജ്യസഭ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട മൂന്നു പേരെയും മതം പറഞ്ഞല്ലേ വെള്ളാപ്പള്ളി വിമർശിച്ചത്. അതിനെതിരെയും ആരും പ്രതികരിക്കാൻ മുതിർന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

# എ.കെ.ജി സെന്ററിലെ ഉണക്കമീനും കണ്ണൂർ ബോംബും

'കിട്ടിയോ? ഇല്ല, ചോദിച്ചുവാങ്ങി'- ചോദിച്ചുവാങ്ങുന്നത് ട്രെൻഡായി മാറുമ്പോൾ കെ. ബാബു നെന്മാറക്കും സച്ചിൻദേവിനും അതിൽ നിന്ന് വിട്ടുനിൽക്കാനാവില്ലല്ലോ. നെന്മാറ ബാബുവിന് ബിരിയാണി കൊടുത്ത് ഉദാര മനസ് കാട്ടിയത് എൻ.എ നെല്ലിക്കുന്ന്. മുസ്‌ലിം ലീഗ് 'മലപ്പുറം ലീഗാ'ണെന്നും ലീഗിന്റെ രാഷ്ട്രീയ ചർച്ചകൾ ബിരിയാണി കഴിച്ച് പിരിയുന്നതാണെന്നും ആയിരുന്നു ബാബുവിന്റെ പരാമർശം. പതിനൊന്ന് മണിക്ക് രണ്ട് അണ്ടിപ്പരിപ്പ്, നാല് ഈന്തപ്പഴം, പിന്നെ ഉണക്കമുന്തിരിയും കട്ടൻചായയും. ഉച്ചക്ക് മട്ടൻബിരിയാണിയും കഴിച്ച് പിരിയുന്നതാണ് ലീഗിന്റെ യോഗമെന്ന് ബാബു.

പക്ഷേ, നെല്ലിക്കുന്ന് ചിന്തിച്ചത് കഴിക്കുന്നതിനെ കുറിച്ചല്ല, കരുത്തിനെ കുറിച്ചായിരുന്നു. മലപ്പുറം ലീഗാകട്ടെ ഏത് ലീഗുമാകട്ടെ സി.പി.എമ്മിനും മുസ്‌ലിം ലീഗിനും ഇപ്പോൾ പാർലിമെന്റിൽ ഒരേ അംഗസംഖ്യയാണെന് അദ്ദേഹം ഓർമ്മിപ്പിച്ചു. തീർന്നില്ല, സി.പി.എമ്മിന്റെ കൊടിയും ചിഹ്നവും സംരക്ഷിക്കാൻ സാധിച്ചത് ആ പാവം രാഹുൽ ഗാന്ധിയുടെ ഔദാര്യം കൊണ്ടാണെന്നും നെല്ലിക്കുന്ന്. രാഹുൽ ഗാന്ധി എന്ന മനുഷ്യൻ ഇല്ലായിരുന്നെങ്കിൽ സി.പി.എമ്മുമില്ല, കൊടിയുമില്ല, ചിഹ്നവുമില്ല. പിന്നെ ബിരിയാണിയുടെ കാര്യം. നെന്മാറ ബാബുവിനെ കേട്ടപ്പോഴാണ് എ.കെ.ജി സെന്ററിൽ ഉണക്കമീന് കഴിച്ചിട്ടാണ് മീറ്റിംഗ് കൂടാറുള്ളതെന്ന് നെല്ലിക്കുന്നത് അറിഞ്ഞത്. ബാബു ചോദിച്ചുവാങ്ങിയത് ധനാഭ്യർത്ഥന ചർച്ചക്കിടെയായിരുന്നെങ്കിൽ സച്ചിൻദേവ് അടിയന്തര പ്രമേയത്തിനിടെ ഇരന്നുവാങ്ങുകയായിരുന്നു- അതും പ്രതിപക്ഷ നേതാവിൽ നിന്ന്.

സി.പി.എം പാർട്ടി ഗ്രാമങ്ങളിലെ ബോംബ് നിർമാണത്തെക്കുറിച്ചുള്ള അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ നിയമസഭയിൽ ബഹളമുണ്ടാക്കിയ സച്ചിൻദേവിനാണ് വി.ഡി സതീശൻ കണക്കിന് കൊടുത്തത്. പരിഷ്കൃത സമൂഹത്തിന് അപമാനകരമായ കാര്യങ്ങളാണ് സി.പി.എം ചെയ്യുന്നതെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞതാണ് സച്ചിൻദേവിനെ പ്രകോപിപ്പിച്ചത്. ഇതോടെ സച്ചിനും ഭാര്യ മേയർ ആര്യയും കെ.എസ്.ആർ.ടി.സി ബസ് നടുറോഡിൽ തടഞ്ഞത് പ്രതിപക്ഷ നേതാവ് പരാമർശിക്കുകയായിരുന്നു.



നടുക്കളം
ഫിർദൗസ് കായൽപ്പുറം

'ഞാൻ ട്രാൻസ്പോർട്ട് ഡ്രൈവറെ റോഡിൽ വിരട്ടിയ കാര്യമല്ല പറഞ്ഞത്. ബോംബ് നിർമാണത്തിന്റെ കാര്യമാണ്. അതുകൊണ്ട് ഇത്രയും ചൂടാവുകയോ ബഹളം വെക്കുകയോ ചെയ്യേണ്ട കാര്യമില്ല' എന്ന് സതീശൻ. ഇതോടെ സച്ചിൻദേവ് ഫുട്ബോഡിൽ നിന്നിറങ്ങിയതുപോലെ ഇരിപ്പായി. കണ്ണൂരിലാകെ ബോംബായതിന്റെ രോഷത്തിലാണ് വി.ഡി സതീശനും കുഞ്ഞാലിക്കുട്ടിയും സണ്ണി ജോസഫുമൊക്കെ ഇന്നലെ സഭയിലെത്തിയത്. സർവ്വത്ര ബോംബായാൽ പിന്നെ ഒരേയൊരു മാർഗമേയുള്ളൂ. സർക്കാരിന് ഒരു ഉപദേശം. അതിങ്ങനെ: 'പട്ടിയുണ്ട് സൂക്ഷിക്കുക' എന്ന് ബോർഡ് വെക്കുന്നതുപോലെ 'സ്റ്റീൽ ബോംബുണ്ട് സൂക്ഷിക്കുക' എന്ന് കണ്ണൂരിലെ പുരയിടങ്ങളിൽ ബോർഡ് വെക്കണം. രണ്ടാമത്തെ മാർഗം സർക്കാരിനെ തലങ്ങും വിലങ്ങും തല്ലിയശേഷം സഭയിൽ നിന്ന് വാക്കൗട്ട് ചെയ്യുക. ഇവ രണ്ടും ഭംഗിയായി നിർവഹിച്ചു പ്രതിപക്ഷം.

വെള്ളാപ്പള്ളി നടേശൻ ഇടക്കിടെ മുസ്‌ലിം വിരുദ്ധ പരാമർശമൊക്കെ നടത്തുന്നത് നേതാക്കൾ പലരും തമാശയായാണ് കണ്ടിട്ടുള്ളത്. പക്ഷേ, ഇനിയും ആ തമാശ വേണ്ടെന്നാണ് എ.കെ.എം അഷ്റഫിന്റെ നിലപാട്. യോഗ്യത കൊണ്ട് മുസ്‌ലിംകൾ പി.എസ്.സി മുഖേനയും കെ.എ.എസ്, സിവിൽ സർവീസ് പരീക്ഷകൾ മുഖേനയും നേടിയതല്ലാതെ മറ്റെന്താണ് അവർ അവിഹിതമായി നേടിയത് എന്ന് വെളിപ്പെടുത്തേണ്ട ബാധ്യത വെള്ളാപ്പള്ളിക്കുണ്ടെന്ന് മഞ്ചേശ്വരം അംഗം. സർക്കാർ നേരിട്ട് നിയോഗിക്കുന്ന ബോർഡുകളും കോർപറേഷനുകളിലും ചെയർമാൻമാരും ഡയറക്ടർമാരിൽ എത്രപേർ മുസ്‌ലീം സമുദായത്തിൽ നിന്നുണ്ടെന്ന അഷ്റഫിന്റെ ചോദ്യത്തിന് ആരും മറുപടി നൽകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

നെടുമങ്ങാട് മന്ത്രിയുടെ സങ്കടങ്ങൾ പറഞ്ഞാൽ തീരില്ല. ഭക്ഷ്യവകുപ്പാണ് കിട്ടിയതെങ്കിലും പട്ടിണിയാണ് മെച്ചം. സപ്ലൈകോയും മാവേലി സ്റ്റോറുകളുമൊക്കെ പൂട്ടിപ്പൂട്ടി വരുന്നതിനിടെയാണ് ധനമന്ത്രിയെ മുഖാമുഖം കിട്ടിയത്. ബജറ്റ് അവതരിപ്പിച്ച ദിവസം ഒരു ഹസ്തദാനം പോലും നൽകാതെ മടങ്ങിയ ജി.ആർ അനിൽ ഇന്നലെ അപേക്ഷയുടെ സ്വരത്തിലായിരുന്നു. ഭക്ഷ്യവകുപ്പിനുള്ള പണം കൃത്യസമയത്തുതന്നെ നൽകണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

*സഭാ സ്റ്റാറ്റസ്: ഈനാംപേച്ചിയും മരപ്പട്ടിയും ചിഹ്നമാക്കേണ്ടി വരുമെന്ന് ആശങ്ക പ്രകടിപ്പിച്ച എ.കെ ബാലന് ഷാഫി പറമ്പിൽ നൽകിയ മറുപടി 'ബോംബ്' ചിഹ്നമാക്കണമെന്നായിരുന്നു. കണ്ണൂരിലെ സി.പി.എമ്മിന്റെ ബോംബ് രാഷ്ട്രീയം അത് ശരിയാണെന്ന് വ്യക്തമാകുന്നു*

– സണ്ണി ജോസഫ്

## ക്രിമിനലുകളെ പൊലീസിൽ വച്ചുപൊറുപ്പിക്കില്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ക്രിമിനലുകളെ കേരള പൊലീസിൽ വച്ചുപൊറുപ്പിക്കില്ല എന്നതാണ് സർക്കാർ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ക്രിമിനൽ പശ്ചാത്തലമുള്ള പൊലീസ് ഉദ്യോഗസ്ഥരെ സേനയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിയമസഭയിൽ അൻവർ സാദത്ത് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

ചില ഉദ്യോഗസ്ഥർ സേനയുടെ വിശ്വാസ്യത കളങ്കപ്പെടുത്തുന്ന പ്രവൃത്തികളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിമിനൽ വാസനകളുള്ള ഇത്തരം ഉദ്യോഗസ്ഥരെ ഘട്ടംഘട്ടമായി സേനയിൽ നിന്നും പുറത്താക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കും.

ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 108 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. വിവിധ ശ്രേണിയിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികൾ തുടർന്നുവരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

### ആബിദ് ഹുസൈൻ തങ്ങളുടെ സബ്മിഷൻ

# ദേശീയപാതാ വികസനം: സർവീസ് റോഡിൽ ഡ്രെയിനേജ് സംവിധാനം ഒരുക്കും

തിരുവനന്തപുരം: ദേശീയപാതാ വികസനത്തിന്റെ ഭാഗമായി സർവീസ് റോഡിനരുകിൽ ഒന്നര മീറ്റർ വീതിയിൽ ഡ്രെയിനേജ് സംവിധാനം ഒരുക്കുമെന്ന് മന്ത്രി മുഹമ്മദ് റിയാസ്. നിയമസഭയിൽ ആബിദ് ഹുസൈൻ തങ്ങളുടെ സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി.

ദേശീയ പാതയിൽ നിന്നുള്ള മഴ വെള്ളം ഒഴുകി പോകുന്നതിനു വേണ്ടിയാണ് ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നത്. ഇത് പൂർത്തിയാക്കുന്നതോടെ ദേശീയപാതയിൽ നിന്നുള്ള മഴവെള്ളം സമീപപ്രദേശങ്ങളിലേക്ക് ഒഴുകുന്നതിന് ശമനം ഉണ്ടാകും. ദേശീയപാത 66ലെ ബോക്സ് കൾവെർട്ടിന് സമീപമുള്ള കനാൽ റോഡ് സഞ്ചാര യോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ഗ്രീൽഡ് കവറോട് കൂടിയ ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തുകയോ കനാലിന്റെ ഭാഗത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കനാലിന് വീതി കൂട്ടുകയോ ചെയ്യാവുന്നതാണെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ടെന്നും ആബിദ് ഹുസൈൻ തങ്ങളെ അദ്ദേഹം അറിയിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർമാനും ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും കമ്മിറ്റി രൂപീകരിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ പി. നന്ദകുമാറിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞു. പദ്ധതികൾ നടപ്പാക്കി വരുന്ന വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി /സെക്രട്ടറിമാർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. നികുതിവിഹിതം അടക്കം കേരളത്തിനുള്ളത് പരിധിയില്ലാതെ കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയാണെന്നും മന്ത്രി പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്ന കേന്ദ്രനിബന്ധനകൾ കൃത്യമായി പാലിക്കാനാണ് സംസ്ഥാനം ശ്രമിച്ചിട്ടുള്ളത്.

കേന്ദ്രപദ്ധതികളിൽ അനുശാസിക്കുന്ന ബ്രാൻഡിംഗ്/നെയ്മിംഗ് മാർഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി എൻ.എച്ച്.എം പോലെയുള്ള പദ്ധതികളുടെ കേന്ദ്രവിഹിതം തടസപ്പെടുത്തുന്നു. സംസ്ഥാനവിഹിതം കൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കോബ്രാൻഡിംഗ് വേണമെന്ന ആവശ്യവും അവഗണിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി കാപെക്സിൽ നിന്ന് വായ്പ അനുവദിക്കണമെന്ന ആവശ്യവും നിഷേധിച്ചുവെന്ന് മന്ത്രി പറഞ്ഞു.

### ബോംബ് സ്ഫോടനത്തിന് പിന്നിൽ

# സി.പി.എമ്മിലെ ക്രിമിനൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംഘർഷം: വി.ഡി സതീശൻ

തിരുവനന്തപുരം: തലശേരിയിലെ ബോംബ് സ്ഫോടനത്തിൽ ഒരു നിരപരാധി കൊല്ലപ്പെട്ട സാഹചര്യമുണ്ടായതിന് പിന്നിൽ സി.പി.എമ്മിലെ ക്രിമിനൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംഘർഷ പശ്ചാത്തലമുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. സ്വന്തം പാർട്ടിക്കാർക്കെതിരെ എറിയാൻ നിർമ്മിച്ച ബോംബാണ് പൊട്ടിയതെന്ന് ആർക്കാണ് അറിയാത്തതെന്നും അദ്ദേഹം ചോദിച്ചു. അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് വാക്കൗട്ട് പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

സി.പി.എം നേതാക്കളുടെ തന്നെ നിയന്ത്രണത്തിലുള്ള രണ്ട് ക്രിമിനൽ സംഘങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരു സംഘം പകരം ചോദിക്കാൻ വരുമ്പോൾ പ്രതിരോധിക്കുന്നതിന് വേണ്ടിയാണ് കർഷക സംഘം ഓഫീസിന് പിന്നിൽ ബോംബ് ഉണ്ടാക്കി വെച്ചത്. ഐസ്ക്രീം പാത്രത്തിൽ ബോംബ് വച്ചപ്പോൾ അത് ഐസ്ക്രീം ആണെന്നു കരുതി കളിക്കളത്തിൽ വച്ച് തുറന്ന് പരിക്കേറ്റ എത്ര കുട്ടികളുണ്ട്. ഇങ്ങനെയെങ്കിൽ സ്റ്റീൽ പാത്രങ്ങൾ പ്രത്യേക സാഹചര്യത്തിൽ കണ്ടാൽ തുറന്നു നോക്കരുതെന്ന നിർദ്ദേശം കൂടി സർക്കാർ കണ്ണൂരിലെ ജനങ്ങൾക്ക് നൽകണം.

ഇപ്പോൾ മരിച്ച വയോധികന് 85 വയസിന് മുകളിൽ പ്രായമുണ്ട്. പറമ്പിൽ തേങ്ങ പറക്കാൻ പോയ ആളാണ് സ്റ്റീൽ പാത്രം പൊട്ടിച്ചതിനെ തുടർന്ന് മരിച്ചത്. മുഖം പോലും വികൃതമായിപ്പോയി. എത്ര ക്രൂരമായ രീതിയിലാണ് നിരപരാധി കൊലചെയ്യപ്പെട്ടതെന്നും അദ്ദേഹം ചോദിച്ചു.

## മുസാഅദ രണ്ടാംഘട്ടം 30ന് സമാപിക്കും

മലപ്പുറം: സുന്നീയുവജന സംഘം ജീവകാരുണ്യ പദ്ധതിയായ മുസാഅദ രണ്ടാംഘട്ട പരിപാടി 30ന് സമാപിക്കും.കാമ്പയിന്റെ ഭാഗമായി 23ന് ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കും.പള്ളികൾ കേന്ദ്രീകരിച്ചും യൂനിറ്റുകളിലും നടത്തിയ കലക്ഷനു ശേഷം നടക്കുന്ന ജനസമ്പർക്ക പരിപാടിയിലൂടെ പ്രമുഖ വ്യക്തികളുമായി യൂണിറ്റ് ഭാരവാഹികൾ കൂടിക്കാഴ്ച നടത്തും. പരിപാടിക്ക് മലപ്പുറം സുന്നീ മഹലിൽ ചേർന്ന ആദ്യഘട്ട അവലോകന യോഗം അന്തിമ രൂപം നൽകി. മുസാഅദ കോഓർഡിനേറ്റർ ഹസൻ സഖാഫി പൂക്കോട്ടൂർ അധ്യക്ഷനായി.എസ്.വൈ.എസ് ഈസ്റ്റ് ജില്ലാ ജനറൽ സെക്രട്ടറി സലീം എടക്കര പദ്ധതി അവതരിപ്പിച്ചു. സയ്യിദ് ബി.എസ്.കെ തങ്ങൾ,ശമീർ ഫൈസി ഒടമല,അബ്ദുൽ അസീസ് ദാരിമി മുതിരിപ്പറമ്പ്,കെ.കെ മുനീർ മാസ്റ്റർ,ജഅ്ഫർ ഫൈസി പഴമള്ളൂർ,അബ്ദുറശീദ് ദാരിമി ,കെ.അബ്ദുൽ ബാരി ഫൈസി,പി.കെ.ലത്തീഫ് ഫൈസി,കെ.സി ബാപ്പു,കോപ്പിലാൻ അബുഹാജി,ഉമർ ദാരിമി വേങ്ങര പങ്കെടുത്തു.

## മലപ്പുറത്തിന് ഇനിയും ഒളിമ്പ്യന്മാർ വേണം: കെ.ടി ഇർഫാൻ

തേഞ്ഞിപ്പലം: മലപ്പുറം ജില്ലയിൽ നിന്ന് കൂടുതൽ ഒളിമ്പ്യന്മാർ ഉയർന്നു വരേണ്ടതുണ്ടെന്ന് ഒളിമ്പ്യൻ കെ.ടി. ഇർഫാൻ പറഞ്ഞു. അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനാചാരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലാ ഒളിമ്പിക് അസോസിയേഷനും കാലിക്കറ്റ് സർവകലാശാലാ കായികവിഭാഗവും ചേർന്ന് നടത്തിയ സെമിനാറിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒളിമ്പ്യൻ എന്ന പദവി ഒരു കായികതാരത്തിന് നൽകുന്ന ആദരം വളരെ വലുതാണെന്നും അതിന് വേണ്ടി എല്ലാ പ്രതിസന്ധികളെയും മറികടക്കാൻ കഴിയണമെന്നും ഇർഫാൻ അഭിപ്രായപ്പെട്ടു. വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് യു. തിലകൻ അധ്യക്ഷനായി. സിൻഡിക്കേറ്റംഗം കാവുമ്പായി ബാലകൃഷ്ണൻ, കായികവിഭാഗം ഡയറക്ടർ ഡോ. കെ. പി. മനോജ്, സെന്റർ ഫോർ ഫിസിക്കൽ എജ്യുക്കേഷൻ പ്രിൻസിപ്പൽ ഡോ. എ. രാജു, പി. ഋഷികേശ് കുമാർ, ഡോ. പി. എം. സുധീർ കുമാർ പ്രസംഗിച്ചു. സെമിനാറിൽ കായിക വിഭാഗം മേധാവി ഡോ. വി. പി. സക്കീർ ഹുസൈൻ, മാധ്യമപ്രവർത്തകൻ കമാൽ വരദൂർ, ഡോ. മുഹമ്മദലി മൂന്നിയൂർ, സജാദ് വിഷയങ്ങൾ അവതരിപ്പിച്ചു. അന്താരാഷ്ട്ര ഒളിമ്പിക് ദിനമായ 23-ന് മലപ്പുറത്തു ഒളിമ്പിക് റണ്ണും കായിക ഇനങ്ങളുടെ പ്രദർശനവും ഉണ്ടാവും.

**മലപ്പുറം വാർത്തകൾ**

# കൊടിഞ്ഞി ഫൈസൽ വധക്കേസ് 26ന് കോടതിയിൽ

തിരൂരങ്ങാടി: ഇഷ്ടപ്പെട്ട മതം സ്വീകരിച്ചതിന്റെ പേരിൽ ആർ.എസ്.എസ് കൊലപ്പെടുത്തിയ കൊടിഞ്ഞി ഫൈസൽ വധക്കേസ് 26-ന് കോടതി വീണ്ടും പരിഗണിക്കും. വിചാരണക്ക് തിയ്യതി നിശ്ചയിക്കുന്നതിന് വേണ്ടിയാണ് തിരൂർ ജില്ലാ കോടതി കേസ് പരിഗണിക്കുന്നത്. കഴിഞ്ഞ മാസം കേസ് പരിഗണിച്ചെങ്കിലും സർക്കാർ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാത്തതിനെ തുടർന്ന് ഈ മാസം 26-ലേക്ക് മാറ്റിയതായിരുന്നു. എന്നാൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമന കാര്യത്തിൽ സർക്കാർ തീരുമാനം ഇതുവരെയും വന്നിട്ടില്ല. പ്രതികളെ പിടികൂടുന്നതിനും കുറ്റപത്രം തയ്യാറാക്കുന്നതിലുമെല്ലാം നാട്ടുകാർ അത് കണ്ടു. ഏറ്റവും അവസാനം സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഫൈസലിന്റെ ഭാര്യ ജസ്ന മാർച്ച് 7-ന് സമർപ്പിച്ച അപേക്ഷയിലും സർക്കാർ തീരുമാനം അനന്തമായി നീളുകയാണ്. ടി.പി വധക്കേസിലെ വക്കീലായ അഡ്വ. കുമാരൻ കുട്ടിയെ സ്പെഷൽ പ്രോസിക്യൂട്ടറാക്കണമെന്നായിരുന്നു ജസ്നയുടെ ആവശ്യം. കേസ് കോടതി പരിഗണിക്കാൻ ഒരാഴ്ച്ച മാത്രം ബാക്കിയിരിക്കെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം വൈകുന്നത് കേസിനെ വലിയ ദോഷം ചെയ്യും. 2016 നവംബർ 19-ന് പുലർച്ചെ 5.03-ന് കൊടിഞ്ഞി ഫാറൂഖ് നഗറിൽ വെച്ചാണ് പുല്ലാണി അനിൽ കുമാർ എന്ന ഫൈസൽ കൊല്ലപ്പെടുന്നത്. അന്ന് കേസിലെ പ്രതികളെ പിടികൂടുന്നതിൽ സർക്കാർ കാണിച്ച വിമുഖതക്കെതിരെ സ്ഥലം എം.എൽ.എയായിരുന്ന പി.കെ അബ്ദുറബ്ബിന്റെ നേതൃത്വത്തിൽ ജനകീയ റോഡ് ഉപരോധവും ഹൈവേ ഉപരോധവും നടന്നിരുന്നു.

അതിന് ശേഷമാണ് ആർ.എസ്.എസ് പ്രവർത്തകരായ പതിനാറ് പേരെ പിടികൂടിയത്. നേരത്തെ നിശ്ചയിച്ച അഡ്വ.ശ്രീധരൻ അനാരോഗ്യം കാരണം പിൻമാറിയതിനാലാണ് പുതിയ വക്കീലിനെ ഫൈസലിന്റെ ഭാര്യ ആവശ്യപ്പെട്ടത്. അപേക്ഷ സമർപ്പിച്ച് മൂന്ന് മാസം പിന്നിട്ടെങ്കിലും അപേക്ഷയിൽ തീരുമാനം വൈകുന്നതിൽ നാട്ടുകാർ കടുത്ത പ്രതിഷേധത്തിലാണ്. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ അടിയന്തരമായി നിയമിക്കണന്നാവശ്യപ്പെട്ട് പ്രത്യക്ഷ സമരത്തിലേക്ക് കടക്കാനൊരുങ്ങുകയാണ് നാട്ടുകാർ.

# മലപ്പുറത്തിന്റെ ഉള്ളടക്കം മുസ്‌ലിംലീഗ് സെമിനാർ ശനിയാഴ്ച

മലപ്പുറം: ജില്ലാ രൂപീകരണ വാർഷികത്തോടനുബന്ധിച്ച് മലപ്പുറം നിയോജക മണ്ഡലം മുസ്‌ലിം ലീഗ് കമ്മിറ്റി മലപ്പുറത്തിന്റെ ഉള്ളടക്കം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു.

ശനിയാഴ്ച 3 മണിക്ക് കിഴക്കേത്തല എസ്പറോ ഇൻ ഹോട്ടലിലാണ് പരിപാടി. പി.കെ കുഞ്ഞാലിക്കുട്ടി, പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ, ഡോക്ടർ ഫസൽ ഗഫൂർ, അജിത് കോളാടി, സി.പി. സൈതലവി പ്രസംഗിക്കും. മലപ്പുറം ജില്ലാ പിറവിയും പ്രയാണവും ജില്ലയെക്കുറിച്ച് സമഗ്ര ഗ്രന്ഥം രചിച്ച ടി.പി.എം ബഷീറിനെ ആദരിക്കും. പി. ഉബൈദുല്ല എം.എൽ.എ, ടി.വി.ഇബ്രാഹിം എം.എൽ.എ, നൗഷാദ് മണ്ണിശ്ശേരി, മുജീബ് കാടേരി പങ്കെടുക്കും.

# പ്ലസ് വൺ മൂന്നാം അലോട്ട്മെന്റ്
# ജില്ലയിൽ സീറ്റ് ലഭിക്കാതെ 32410 വിദ്യാർഥികൾ പുറത്ത്



മലപ്പുറം ഗവ. ഗേൾസ് സ്കൂളിൽ പ്ലസ് വൺ മൂന്നാം അലോട്ട്മെന്റിൽ അഡ്മിഷനെടുക്കാനെത്തിയ കുട്ടികളുടെ തിരക്ക്

മലപ്പുറം: പ്ലസ് വൺ പ്രവേശനത്തിനുള്ള മുഖ്യ അലോട്ട്മെന്റിന്റെ അവസാന ഘട്ട വിവരങ്ങൾ പുറത്തുവന്നപ്പോൾ ജില്ലയിൽ നിന്നും അവസരം ലഭിക്കാതെ തുടർപഠനത്തിൽ നിന്നും പുറത്തായത് 32410 വിദ്യാർഥികൾ. മൂന്ന് ഘട്ടങ്ങളിലായി നടന്ന പ്രവേശന നടപടിയിൽ 50036 പേർക്ക് മാത്രമാണ് ഇതുവരെ സീറ്റ് ലഭിച്ചത്. ജില്ലയിൽ നിന്നും ആകെ 82446 അപേക്ഷകരായിരുന്നു ഉണ്ടായിരുന്നത്. മുപ്പതിനായിരത്തിലധികം വിദ്യാർഥികൾ പഠനാവസരം കാത്തിരിക്കുന്നുണ്ടെങ്കിലും ജില്ലയിൽ മെറിറ്റ്, സ്പോർട്സ്, കമ്യൂണിറ്റി, മാനേജ്മെന്റ്, എം.ആർ.എസ് ക്വോട്ടകളിലെല്ലാം കൂടി ഇനി ബാക്കിയുള്ളത് 6,347 സീറ്റുകൾ മാത്രമാണ്.

ഈ സീറ്റുകളടക്കം പരിഗണിച്ചാലും ജില്ലയിൽ 26,063 വിദ്യാർഥികൾക്ക് സാമ്പത്തിക ഭാരമില്ലാതെ പഠിക്കാൻ കഴിയില്ല. അൺഎയ്ഡഡ് സ്കൂളുകളിലും മറ്റും ഫീസ് നൽകി പഠിക്കേണ്ട സ്ഥിതിയാകും. ഇത് സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുടുംബത്തിൽ നിന്നുള്ള വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്കിനും കാരണമാകും.

മെറിറ്റ് ക്വാട്ടയിൽ ഇനി ബാക്കിയുള്ളത് 44 സീറ്റുകൾ മാത്രമാണ്. സ്പോർട്സ് ക്വോട്ടയിൽ 129, മോഡൽ റസിഡൻഷ്യൽ സ്കൂൾ (എം.ആർ.എസ്) 25, കമ്യൂണിറ്റി ക്വാട്ട 1186, മാനേജ്മെന്റ് ക്വാട്ട 4963 എന്നിങ്ങനെയാണ് ശേഷിക്കുന്ന സീറ്റുകൾ. ഇവയിലേക്കാണ് ഇനി സപ്ലിമെന്ററി അലോട്ട്മെന്റുകളിൽ വിദ്യാർഥികളെ പരിഗണിക്കുക. ഫീസ് കൊടുത്തു പഠിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ 10,877 സീറ്റുകൾ ഒഴിഞ്ഞു കിടപ്പാണ് ഇവിടെ ആകെയുള്ള 11,236 സീറ്റുകളിൽ 359 സീറ്റുകളിലേക്ക് മാത്രമാണ് പ്രവേശനം നടന്നത്. സാമ്പത്തിക പ്രതിസന്ധി കാരണം വിദ്യാർഥികൾ പ്രവേശനം നേടുന്നില്ലെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. മൂന്നാം അലോട്ട്മെന്റ് ലഭിച്ചവരും നേരത്തെ താത്ക്കാലിക പ്രവേശനം നേടിയവരും ഇനി ലഭിച്ച സ്കൂളുകളിൽ 21ന് വൈകീട്ട് അഞ്ചിനകം സ്ഥിരപ്രവേശനം നേടണം. ആദ്യ രണ്ട് ഘട്ട അലോട്ട്മെന്റിലും ആകെ അലോട്ട് ചെയ്ത പകുതിയോളം സീറ്റുകളിൽ വിദ്യാർഥികൾ താത്കാലിക അഡ്മിഷനായിരുന്നു എടുത്തിരുന്നത്.

മൂന്നാം അലോട്ട്മെന്റും പൂർത്തിയായതോടെ വിദ്യാർഥികൾ കിട്ടിയ സ്കൂളിൽ അനുവദിച്ച കോഴ്സിന് പഠിക്കേണ്ട നിർബന്ധാവസ്ഥയിലാണ്. 25ന് മുഖ്യഅലോട്ട്മെന്റ് നടപടികൾ പൂർത്തിയാകുന്നതോടെ എല്ലാ വിദ്യാർഥികൾക്കും പ്രവേശനം ലഭിക്കാതെയും ആഗ്രഹിച്ച കോമ്പിനേഷനുകൾക്കും സ്കൂളിലും സീറ്റ് ലഭിക്കാതെയും പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കും.

**പ്രിയങ്കയുടെ ആഗമനം**

# ആവേശത്തോടെ യു.ഡി.എഫ് ക്യാമ്പുകൾ



മലപ്പുറം: ജില്ലയുടെ കിഴക്കൻ മേഖലയിൽ ഇനി തിരഞ്ഞെടുപ്പ് ആരവം. സ്ഥാനാർത്ഥിയായി പ്രിയങ്കാഗാന്ധിയെ പ്രഖ്യാപിച്ചതോടെ യു.ഡി.എഫ് ക്യാമ്പുകൾ ആവേശത്തിലാണ്. രാഹുൽ ഗാന്ധിക്ക് ആദ്യ തിരഞ്ഞെടുപ്പിൽ നൽകിയ ഭൂരിപക്ഷത്തിലധികം നൽകി പ്രിയങ്കയെ പാർലിമെന്റിലേക്കയക്കണമെന്നാണ് വയനാട് മണ്ഡലത്തിലുൾപ്പെടുന്ന ജില്ലയുടെ നിയോജക മണ്ഡലം കമ്മിറ്റികളുടെ അഭിപ്രായം. അത്തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കാനാണ് യു.ഡി.എഫിന്റെ പ്രമുഖ ഘടകകക്ഷികളാണ് കോൺഗ്രസിന്റെയും മുസ്‌ലിം ലീഗിന്റെയും പദ്ധതി. സി.പി.എം എം.എൽ.എ പി.വി അൻവറുൾപ്പെടെ പ്രിയങ്കക്കെതിരെ പ്രതികരണങ്ങളുമായി വന്നെങ്കിലും അതിനെ ചവറ്റുകൊട്ടയിലെറിഞ്ഞിരിക്കുകയാണ് വയനാട്ടിലെ വോട്ടർമാർ.

എറനാട്, വണ്ടൂർ, നിലമ്പൂർ എന്നീ നിയോജക മണ്ഡലങ്ങളാണ് മലപ്പുറം ജില്ലയിൽ നിന്നും വയനാട് പാർലമെന്റ് മണ്ഡലത്തിൽ ഉൾപ്പെടുന്നത്. 2024 തിരഞ്ഞെടുപ്പിൽ ഏറനാട്ടിൽ നിന്നും 57791 വോട്ടിന്റെ ഭൂരിപക്ഷമാണ് രാഹുൽ ഗാന്ധിക്ക് ലഭിച്ചത്. കീഴ്പറമ്പ് 5683, ഊർങ്ങാട്ടിരി 8395, കാവനൂർ 9052, അരീക്കോട് 7716, കുഴിമണ്ണ 10953, ചാലിയാർ 3514, എടവണ്ണ 12478 എന്നിങ്ങനെയാണ് പഞ്ചായത്ത് തലത്തിൽ യുഡിഎഫിന് ലഭിച്ചിരുന്ന ഭൂരിപക്ഷം. നിലവിലെ ഭൂരിപക്ഷം വർധിപ്പിച്ച് പ്രിയങ്കക്ക് അഭിമാനകരമായ വിജയം സമർപ്പിക്കാനാണ് ഏറനാട് മണ്ഡലം യുഡിഎഫ് കമ്മിറ്റിയുടെ തീരുമാനം.

വണ്ടൂരിലേക്ക് വന്നാൽ 68684 വോട്ടിന്റെ ഭൂരിപക്ഷവും ലഭിച്ചു. വണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 10149, പൊരൂർ 7315, തിരുവാലി 2498, കരുവാരകുണ്ട് 11207, തുവ്വൂർ 7632, കാളികാവ് 10259, ചോക്കോട് 8949, മമ്പാട് 10675 എന്നിങ്ങനെയാണ് ഭൂരിപക്ഷം.

എവിടെയും പുറകോട്ടു പോകാത്ത ഭൂരിപക്ഷമാണ് നേടാനായത്. നിലവിൽ സി.പി.എം സ്വതന്ത്രൻ എം.എൽ.എ ആയ നിലമ്പൂരിലും ശക്തമായ ലീഡ് നൽകാൻ യു.ഡി.എഫിനായി. നിലമ്പൂർ നഗരസഭ 9003, എടക്കര 6816, മൂത്തേടം 6348, അമരമ്പലം 6046, കരുളായി 4078, ചുങ്കത്തറ 7696, പോത്തുകൽ 4760, വഴിക്കടവ് 11628 എന്നിങ്ങനെയാണ് ഒരോ തദ്ദേശ സ്ഥാപന പരിധിയിലും വന്ന ലീഡിങ് നില. ഒരിടത്തും പുറകോട്ടു പോയില്ല എന്നു മാത്രമല്ല, ചില പഞ്ചായത്തിൽ ചരിത്രമുന്നേറ്റമാണ് യു.ഡി.എഫുണ്ടാക്കിയത്.

രാഹുൽ ഗാന്ധിയുടെ നന്ദിപ്രകടനവുമായി ബന്ധപ്പെട്ട് മമ്പാട് നടന്ന സ്വീകരണ പരിപാടിയിൽ റായ്ബറേലി, വയനാട് മണ്ഡലത്തിലെ ജനങ്ങൾ ഹൃദയത്തോട് ചേർത്തുവെക്കുന്ന തീരുമാനമെടുക്കുമെന്നാണ് രാഹുൽ പറഞ്ഞിരുന്നത്. അത് അക്ഷരാർത്ഥത്തിൽ പാലിച്ചിരിക്കുകയാണ് രാഹുൽ. രാഹുൽ പോകുന്നതിന്റെ സങ്കടം മാറ്റാൻ നെഹ്റു കുടുംബത്തിലെ താരറാണി പ്രിയങ്കയെ തന്നെ സമ്മാനിച്ചാണ് രാഹുലിന്റെ മടക്കം.

പ്രിയങ്കക്കാണെങ്കിൽ മലപ്പുറം സുപരിചിതമാണ്. രാഹുൽ ഗന്ധിയുടെ പ്രചാരണവുമായി ബന്ധപ്പെട്ട് ജില്ലയിലെത്തുകയും ഇവിടെ ആവേശത്തിര തീർക്കുകയും ചെയ്തിട്ടുണ്ട്. ഏറെ സുപരിചിതമായ മണ്ഡലത്തിൽ പ്രിയങ്ക കന്നിയങ്കത്തിനെത്തുമ്പോൾ കഴിഞ്ഞ തവണ നൽകിയതിനേക്കാൾ ഇരട്ടി ഭൂരിപക്ഷം നൽകാനുള്ള ഒരുക്കത്തിലാണ് കിഴക്കൻ ഏറനാട്ടിലെ വോട്ടർമാർ.

## ഇടതുമുന്നണി പ്രിയങ്കക്കെതിരെ സ്ഥാനാർത്ഥിയെ നിർത്തരുത്

മലപ്പുറം: വയനാട്ടിൽ മത്സരിക്കാൻ എത്തുന്ന പ്രിയങ്ക ഗാന്ധിക്കെതിരെ ഇന്ത്യ മുന്നണിയിലെ ഘടകകക്ഷി എന്ന നിലയിൽ ഇടതുമുന്നണി സ്ഥാനാർത്ഥിയെ നിർത്തരുതെന്ന് സമാജ് വാദി പാർട്ടി ജില്ലാ പ്രസിഡന്റ് നാസർ ഒതുക്കുങ്ങൽ. ഇക്കഴിഞ്ഞ നിർണായക തിരഞ്ഞെടുപ്പിൽ രാഹുൽഗാന്ധിക്കെതിരെ ഒരാൾ കേരളത്തിലങ്ങോളം തെക്ക് വടക്ക് നടന്ന് പ്രസംഗിച്ചതിന്റെ ദുരന്തഫലമാണ് അതി ദയനീയമായ പരാജയം ഇടതിനേൽക്കേണ്ടി വന്നത്. ജനാഭിലാഷം തിരിച്ചറിഞ്ഞ് തെറ്റ് തിരുത്താൻ ഇടതുമുന്നണിക്ക് കിട്ടിയ സുവർണാവസരമാണിത് അവർ അത് ഉപയോഗപ്പെടുത്തുമെന്ന് തന്നെ കരുതാം. ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം പ്രിയങ്കയ്ക്ക് നൽകിക്കൊണ്ട് കേരളം കൂടെ നിൽക്കണം. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യുപിയിൽ 37 സീറ്റ് നൽകി സമാജ് വാദി പാർട്ടി സ്ഥാനാർത്ഥികളെ വിജയിപ്പിച്ച മുഴുവൻ വോട്ടർമാർക്കും നന്ദി രേഖപ്പെടുത്തുന്നതായും, യുപിയിൽ തമ്പടിച്ച് അഖിലേഷ് യാദവിനോടൊപ്പം അതിനു നേതൃത്വം നൽകിയ സംസ്ഥാന പ്രസിഡന്റ് സജി പോത്തൻ തോമസിന് നാളെ മലപ്പുറത്ത് സ്വീകരണം നൽകുമെന്നും അദ്ദേഹം പറഞ്ഞു.



അയ്യങ്കാളിയുടെ 83-ാം ചരമ ദിനത്തോടനുബന്ധിച്ച് ദലിത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അനുസ്മരണ ചടങ്ങ് ശശിധരൻ മണലായ ഉദ്ഘാടനം ചെയ്യുന്നു

# കേരളത്തിൽ ദലിത് സമൂഹത്തിന്റെ വളർച്ചക്ക് മുസ്‌ലിം ലീഗിന്റെ സ്വാധീനം നിർണായകമായി

മലപ്പുറം: കേരളത്തിലെ ദലിത് സമൂഹത്തിന്റെ വളർച്ചക്ക് മുസ്‌ലിംലീഗിന്റെ സാന്നിധ്യവും സ്വാധീനവും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ടെന്ന് ദലിത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി ശശിധരൻ മണലായ അഭിപ്രായപ്പെട്ടു. അയ്യങ്കാളിയുടെ 83-ാം ചരമ ദിനത്തോടനുബന്ധിച്ച് ദലിത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അനുസ്മരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു. സാമൂഹിക ഉച്ചനീചത്വങ്ങൾ കൽപ്പിക്കാത്ത മുസ്‌ലിം ലീഗിന്റെ നേതാക്കന്മാരുടെ സമഭാവനയിലുള്ള സമീപനങ്ങൾ ദലിത് സമൂഹത്തിന് ആവേശവും ആത്മസംതൃപ്തിയും അഭിമാനബോധവും സൃഷ്ടിക്കുവാൻ നിമിത്തമായി. വിസ്മയകരമായ അവസരങ്ങളാണ് പലപ്പോഴും മുസ്‌ലിം ലീഗ് ദലിത് വിഭാഗത്തിന് അനുവദിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടന നിർമാണ സഭയിലേക്ക് ദലിത് വംശജനായ ഡോ. അംബേദ്കറെ മത്സരിപ്പിച്ച് ജയിപ്പിച്ചതുപോലും മുസ്‌ലിംലീഗ് ആണ്. ഇത്തരം ചരിത്രങ്ങൾ പലപ്പോഴും തമസ്കരിക്കപ്പെടുകയാണ്. സവർണ തമ്പുരാക്കന്മാർ തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും ഭാഗമായി, അവരുടെ ഇല്ലത്തിന്റെ മുറ്റത്ത് കുഴികുത്തി ദലിതന് കഞ്ഞി വിളമ്പിയപ്പോൾ മുസ്‌ലിം ലീഗ് നേതാക്കൾ ദലിതനോടൊപ്പം വീടിനകത്ത് തീൻമേശയിൽ തൊട്ടുരുമ്മി ഇരുന്നാണ് ഭക്ഷണം കഴിച്ചത്. ദലിത് സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പുരോഗതിക്കും സഞ്ചാര, ആരാധനാ സ്വാതന്ത്ര്യത്തിനും വേണ്ടി പടപൊരുതിയ സ്വാതന്ത്ര്യസമര സേനാനിയാണ് അയ്യങ്കാളിയെന്ന് അദ്ദേഹം അനുസ്മരിച്ചു. സവർണർക്ക് ദലിതരെ തിരിച്ചറിയാൻ വേണ്ടി കഴുത്തിലണിഞ്ഞ ജാതിയുടെ അടയാളമായ കല്ലുമാലകൾ വലിച്ചെറിയാൻ ആഹ്വാനം ചെയ്ത പരിഷ്കർത്താവാണ് മഹാത്മാ അയ്യങ്കാളി. ദലിത് ലീഗ് ജില്ലാ പ്രസിഡന്റ് വിജയൻ ഏലംകുളം അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി വേലായുധൻ മഞ്ചേരി മുഖ്യപ്രഭാഷണം നടത്തി, ജില്ലാ ജനറൽ സെക്രട്ടറി എൻ.എം. രാജൻ, ശ്രീധരൻ വെട്ടത്തൂർ, ഗോപി വണ്ടൂർ, രാജൻ ഏറനാട്, ഷിബു തൃക്കലങ്ങോട്, ശിവൻ ചീക്കോട്, ഉണ്ണി മഞ്ചേരി, രാമകൃഷ്ണൻ വള്ളിക്കുന്ന് പ്രസംഗിച്ചു.

## ചികിത്സക്കിടെ കുട്ടി മരിച്ച സംഭവം
# അനസ്തേഷ്യയിലെ പിഴവെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്

കൊണ്ടോട്ടി: തൊണ്ടയിൽ മരക്കമ്പ് തറച്ചതിനെ തുടർന്ന് ചികിത്സക്കിടെ നാല് വയസ്സുകാരൻ മരിച്ച സംഭവം അനസ്തേഷ്യയിലെ പിഴവ് കാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്.മൊറയൂർ അരിമ്പ്ര കൊടക്കാടൻ അബ്ദുൽ നിസാറിന്റെ മകൻ ഷാസിൽ (4) ആണ് കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ചിരുന്നത്. അപകടം സംഭവിച്ച ഉടൻ കുട്ടിയുമായി കുടുംബം കൊണ്ടോട്ടി മെഴ്സി ആശുപത്രിയിലെത്തിയിരുന്നു. തൊണ്ടയിൽ ചെറിയ മരക്കമ്പ് തറച്ച് മുറിവേറ്റ ഭാഗം തുന്നുന്നതിനായി അനസ്തേഷ്യ നൽകിയിരുന്നു. ഇതേ തുടർന്ന് ആരോഗ്യ നില വഷളായ കുട്ടി അൽപ സമയത്തിനകം തന്നെ മരിച്ചു. അപകടത്തെ തുടർന്ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയിരുന്നെങ്കിലും തൊണ്ടയിൽ സ്റ്റിച്ചിടാൻ നിർദേശിച്ചതിനെ തുടർന്നാണ് ആശുപത്രിയിൽ എത്തിയത്. ഡോക്ടർ മാരുടെ നിർദേശപ്രകാരം സർജ്ജറിക്ക് കുടുംബം തയ്യാറായി.ആരോഗ്യ പ്രശ്ന ങ്ങളൊന്നും ഈ സമയം കുഞ്ഞിന് ഉണ്ടായിരുന്നില്ല. ശസ്ത്രകിയക്ക് കൊണ്ട് പോയ കുട്ടിയെ പിന്നീട് മരിച്ചെന്ന വിവരമാണ് അറിയിച്ചത്. അനസ്തേഷ്യ നൽകിയതിനെ തുടർന്ന് കുട്ടിയുടെ ആരോഗ്യ സ്ഥിതി മോശമായെന്നും അനസ്തേഷ്യയിലെ പിഴവ് ശ്വാസ തടസ്സമുണ്ടാക്കിയതും മരണം സംഭവിച്ചെന്നു മാണ് റിപ്പോർട്ട്. മുറിവ് മരണത്തിന് കാരണമല്ലെന്ന് പോസ്റ്റ്മോർട്ടം നടത്തിയ ഫോറൻസിക് സർജനും പറയുന്നുണ്ട്. നിയമങ്ങൾ പാലിക്കാതെ അനസ്തേഷ്യ നൽകിയെന്നാണ് റിപ്പോർട്ടിലുള്ളത്. ചികിത്സാ പിഴവ് ആരോപിച്ച് സംഭവ ദിവസം ബന്ധുക്കളും നാട്ടുകാരും ആശുപത്രിയിൽ പ്രതിഷേധിച്ചിരുന്നു. കൊണ്ടോട്ടി പൊലീസിൽ പരാതി നൽകിയ തിനെ തുടർന്ന് അസ്വാഭാവിക മരണത്തിന് പൊലീസ് കേസെടുത്തിരുന്നു. പിന്നാലെയാണ് പോസ്റ്റുമോർട്ടം റിപ്പോർട്ട് പുറത്ത് വരുന്നത്.

## മീഡിയയിലൂടെ അപകീർത്തിപ്പെടുത്തിയതിന് കോടതി കേസെടുത്തു

പൊന്നാനി: സംസ്ഥാന മുസ്‌ലിം യൂത്ത് ലീഗ് വൈസ് പ്രസിഡന്റും പൊന്നാനിയിലെ പ്രസിദ്ധ മഖ്ദൂം കുടുംബാംഗവുമായ സയ്യിദ് അബ്ദുൽ റഹ്മാൻ ഫൈസൽ ബാഫഖി തങ്ങളെ പൊന്നാനി പ്രസ് ക്ലബ്ബിൽ പത്രസമ്മേളനം നടത്തി ചാനലിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും പ്രചരിപ്പിച്ച് അപകീർത്തിപ്പെടുത്തിയതിന് പൊന്നാനി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി കേസെടുത്ത് സമൻസ് അയക്കാൻ ഉത്തരവായി. അഭിഭാഷകനായ പി.എ. ചന്ദ്രൻ, പടിഞ്ഞാറേക്കര ജെട്ടിലെൻ സ്വദേശികളായ ബാലൻ, ഷഫീഖ്, സദാനന്ദൻ, അനിത, മണി എന്നിവർ പത്രസമ്മേളനം നടത്തി അപകീർത്തിപ്പെടുത്തി എന്നാരോപിച്ച് നൽകിയ കേസിലാണ് കോടതി ഉത്തരവ്. ഫൈസൽ ബാഫഖി തങ്ങൾ ഫയൽ ചെയ്ത കേസിലാണ് കോടതി ഉത്തരവ്.

# വിദേശത്തേക്ക് ലഹരി വസ്തുക്കൾ കടത്തുന്ന മൂന്നംഗ സംഘം 45 ലക്ഷം രൂപയുടെ കഞ്ചാവുമായി പിടിയിൽ




ബെന്നി റമീസ് റിയാസ്

കൊണ്ടോട്ടി: കരിപ്പൂർ വിമാനത്താവളം കേന്ദ്രീകരിച്ച് വിദേശത്തേക്ക് ലഹരി വസ്തുക്കൾ കടത്തുന്ന അന്താരാഷ്ട്ര ലഹരി കടത്തു സംഘത്തിലെ മൂന്നു പേർ പൊലീസ് പിടിയിലായി. കണ്ണൂർ പിണറായി മുല്ലപറമ്പത്ത് ചാലിൽ വീട്ടിൽ റമീസ് (27), കണ്ണപുരം അഞ്ചാംപീടിക, കോമത്ത് വീട്ടിൽ റിയാസ് (25), വയനാട് അമ്പലവയൽ ആയിരംകൊല്ലി, പുത്തൻപുരക്കൽ ഡെന്നി (48) എന്നിവരാണ് പിടിയിലായത്. ഇന്നലെ രാവിലെ എയർപോർട്ടിന് സമീപം കുമ്മിണിപറമ്പിലെ ലോഡ്ജിൽ നിന്നാണ് ഇവരിൽ രണ്ട് പേർ പിടിയിലാകുന്നത്. വിദേശത്തേക്ക് കടത്താൻ ട്രോളി ബാഗിൽ ലഹരിമരുന്ന് സെറ്റ് ചെയ്യുന്നതിനിടെയാണ് പിടികൂടിയത്. വിശദമായി ചോദ്യം ചെയ്തതിൽ വയനാട് സ്വദേശിയുടെ പങ്ക് വ്യക്തമായതിനെ തുടർന്ന് വയനാട്ടിലെ ഇയാളുടെ വീട്ടിൽ നിന്നും പിടികൂടുകയായിരുന്നു. തായ് ഗോൾഡ് എന്ന് അറിയിപ്പെടുന്ന 4.8 കിലോയോളം വരുന്ന ഹൈബ്രിഡ് കഞ്ചാവാണ് ഇവരിൽ നിന്നും പിടികൂടിയത്. തായ്‌ലന്റിൽ നിന്നോ ബാങ്കോക്കിൽ നിന്നോ ഇവിടെ എത്തിക്കുന്ന ഹൈബ്രിഡ് ലഹരി പിന്നീട് കാരിയർമാർ മുഖേന വിദേശത്തേക്ക് കടത്തുന്ന സംഘത്തിലെ കണ്ണികളാണ് ഇവർ എന്ന് പൊലീസ് പറഞ്ഞു.

മലപ്പുറം ജില്ലയിലേതടക്കം നിരവധി മലയാളികൾ ലഹരി കടത്തുമായി ബന്ധപ്പെട്ട് വിദേശത്ത് ജയിലിൽ കഴിയുന്നുണ്ടെന്ന് ജില്ലാ പൊലീസ് മേധാവിക്ക് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ മാസങ്ങളോളം നിരീക്ഷിച്ചാണ് പ്രതികളെ ലഹരിയുമായി പിടികൂടിയത്. വിദേശത്തു നിന്നും സ്വർണം കടത്താൻ കാരിയർമാർ ആയാൽ നല്ല പ്രതിഫലം നൽകാമെന്ന് പ്രലോഭിപ്പിച്ച് ഇരകളെ കണ്ടെത്തുന്ന സംഘം ഇവർ അറിയാതെ ബാഗുകളിൽ ലഹരി മരുന്ന് സെറ്റ് ചെയ്ത് വിദേശത്തേക്ക് കടത്തുന്നു. പിടിക്കപ്പെടുന്നവർ വർഷങ്ങളായി അവിടെ ജയിൽ ശിക്ഷ അനുഭവിച്ചു വരികയാണ്.

പിടിയിലായ ഡെന്നി കഴിഞ്ഞ ഫെബ്രുവരി മാസം ബാങ്കോക്കിൽ നിന്നും കേരളത്തിലേക്ക് ഹൈബ്രിഡ് ലഹരി കടത്താൻ ശ്രമിക്കുന്നതിനിടെ എറണാകുളത്ത് കസ്റ്റംസ് പിടിയിലായിരുന്നു. 2 മാസം മുമ്പ് ജാമ്യത്തിൽ ഇറങ്ങിയ ഇയാൾ വീണ്ടും ലഹരി കടത്തിൽ സജീവമാവുകയായിരുന്നു. പ്രതികളെ വിശദമായി ചോദ്യം ചെയ്തതിൽ എയർപോർട്ട് കേന്ദ്രീകരിച്ച് ലഹരി കടത്തുന്ന സംഘങ്ങളെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചിട്ടുണ്ട്. ഇവരെ നിരീക്ഷിച്ചു വരികയാണ്. മലപ്പുറം ജില്ലാ പൊലിസ് മേധാവി ശശിധരന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി ഡിവൈ.എസ്.പി സിദ്ദിഖ്, കരിപ്പൂർ ഇൻസ്പെക്ടർ രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ ഡാൻസഫ് ടീമംഗങ്ങളും കരിപ്പൂർ പൊലീസും ചേർന്നാണ് പ്രതികളെ പിടികൂടി അന്വേഷണം നടത്തുന്നത്.

## 10.5 കിലോ കഞ്ചാവുമായി ഒരാൾ പിടിയിൽ



അനന്ദൻ

കൊണ്ടോട്ടി: വാഴക്കാടും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ച് ലഹരി മരുന്ന് വിൽപന നടത്തി വന്ന സംഘത്തിലെ ഒരാൾ പിടിയിൽ. ഓമാനൂർ തടപറമ്പ് ലക്ഷംവീട് കോളനിയിൽ അനന്ദൻ (41) ആണ് പിടിയിലായത്. ഇന്നലെ വൈകീട്ട് ചീക്കോട് തടപറമ്പ് കള്ളുഷാപ്പിന് സമീപത്തു നിന്നാണ് പിടികൂടിയത്. സംഘത്തിന്റെ തലവൻ പൊന്നാട് സ്വദേശി മെഹബൂബ്, മുണ്ടക്കൽ സ്വദേശി മണി എന്നിവർ പൊലീസിനെ വെട്ടിച്ച് രക്ഷപ്പെട്ടു. ഇവരിൽ നിന്നും വിൽപനക്കായി കൊണ്ടുവന്ന 10.5 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തു. കഞ്ചാവ് കടത്താൻ ഉപയോഗിച്ച സ്കൂട്ടറും പൊലീസ് പിടിച്ചെടുത്തു. രക്ഷപ്പെട്ട പ്രതികൾക്കായുള്ള അന്വേഷണം ഊർജിതമാക്കിയതായി പൊലീസ് പറഞ്ഞു. ജില്ലാ പൊലീസ് മേധാവി ശശിധരന് ലഭിച്ച രഹസ്യ വിവരത്തിൽ കൊണ്ടോട്ടി ഡിവൈ.എസ്.പി സിദ്ദീഖ്, വാഴക്കാട് ഇൻസ്പെക്ടർ രാജൻ ബാബു എന്നിവരുടെ നേതൃത്വത്തിൽ ഡാൻസഫ് സംഘവും, വാഴക്കാട് പൊലീസും ചേർന്നാണ് പ്രതികളെ പിടികൂടി അന്വേഷണം നടത്തുന്നത്.

## മണക്കടവ് വിയറിൽ 5498.35 ദശലക്ഷം ഘനയടി ജലം ലഭിച്ചു

പാലക്കാട്: മണക്കടവ് വിയറിൽ 2023 ജൂലൈ ഒന്ന് മുതൽ 2024 ജൂൺ 19 വരെ 5498.35 ദശലക്ഷം ഘനയടി ജലം ലഭിച്ചു. പറമ്പിക്കുളംആളിയാർ കരാർ പ്രകാരം 1751.65 ദശലക്ഷം ഘനയടി ജലം ലഭിക്കാനുള്ളതായി സംയുക്ത ജലക്രമീകരണ വിഭാഗം ജോയിന്റ് ഡയറക്ടർ അറിയിച്ചു. പറമ്പിക്കുളംആളിയാർ പദ്ധതി പ്രകാരമുള്ള നിലവിലെ ജലലഭ്യത, പരമാവധി ജലസംഭരണശേഷി എന്നിവ ദശലക്ഷം ഘനയടിയിൽ: ലോവർ നീരാർ105.10(274), തമിഴ്നാട് ഷോളയാർ1359.80(5392), കേരള ഷോളയാർ575.20(5420), പറമ്പിക്കുളം6279.70(17,820), തൂണക്കടവ്425.32(557).

## വികസന സമിതി 29ന്

പാലക്കാട്: ജില്ലാ വികസന സമിതി യോഗം ജൂൺ 29ന് രാവിലെ 11ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധമായും കൃത്യസമയത്ത് തന്നെ പങ്കെടുക്കണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

## റോഡ് നവീകരണത്തിന് ഭരണാനുമതി

പാലക്കാട്: ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി യായി. റോഡുകൾ ബി.എം.ബി.സി നിലവാരത്തിൽ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായാണ് തുക അനുവദിച്ചത്. തൃത്താലയിലെ കൂടല്ലൂർ പടിഞ്ഞാറങ്ങാടി റോഡ് നവീകരിക്കാൻ 3.50 കോടി രൂപ, ഷൊർണൂരിലെ വണിയംകുളം ടൗൺ വികസനത്തിന് ഒരു കോടി രൂപ, തൃത്താല ആലൂർ പട്ടിത്തറ റോഡ് നവീകരണത്തിന് ഒന്നര കോടി രൂപ, താനൂരിലെ കഴനി പഴമ്പാലക്കോട് റോഡ് നന്നാക്കാൻ നാലു കോടി രൂപ, തൃത്താലയിലെ എഞ്ചിനീയർ റോഡ് നവീകരണത്തിന് അഞ്ചു കോടി രൂപ, തൃത്താല കറുകപുത്തൂർ ഇട്ടോണം റോഡ് നവീകരിക്കാൻ 3.10 കോടി രൂപ. മലമ്പുഴ കല്ലേപ്പുള്ളി വെനോലി ചുങ്കം റോഡ് ഡ്രെയിനേജ് സഹിതം നന്നാക്കാൻ 2.8 കോടി രൂപ, പാലക്കാട് തത്തമംഗലം പൊള്ളാച്ചി റോഡിൽവണ്ടിത്താവളം ടൗണിൽ ഡ്രെയിനേജ് സൗകര്യം ഒരുക്കാൻ ഒരു കോടി രൂപ എന്നിങ്ങനെയാണ് അനുവദിച്ച തുക.

## പാലക്കാട് വാർത്തകൾ



കടമ്പഴിപ്പുറത്ത് ഫാൻസി കടക്ക് തീ പിടിച്ചപ്പോൾ

## ഫാൻസി സ്റ്റോറിന് തീ പിടിച്ചു; ലക്ഷങ്ങളുടെ നാശനഷ്ടം

ശ്രീകൃഷ്ണപുരം:കടമ്പഴിപ്പുറത്ത് ഫാൻസി സ്റ്റോറിന് തീ പിടിച്ചു ലക്ഷങ്ങളുടെ നാശ നഷ്ടമുണ്ടായി.കടമ്പഴിപ്പുറം ജുമാമസ്ജിദിന് സമീപമുള്ള ഓട്ടുപാറ വീട്ടിൽ വീരാൻകുട്ടിയുടെ ഹയ സ്റ്റോറിനാണ് തീപ്പിടിച്ചത്.ബുധനാഴ്ച്ച വൈകുന്നേരം 3.30 ഓടുകൂടിയാണ് തീപ്പിടുത്തം ഉണ്ടായത്.താഴത്തെ നിലയിലെ രണ്ട് റൂമുകളായുള്ള കട പൂർണ്ണമായും കത്തി നശിച്ചു.മുകൾ നിലവിലുള്ള സെലക്ഷൻ ലേഡീസ് ടെയ്ലറിങ് കടയും കത്തി നശിച്ചു. രണ്ടിലും കൂടെ ഏകദേശം 9 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നതായി ഉടമസ്ഥർ പറഞ്ഞു.ദീർഘകാലം പ്രവാസിയായിരുന്നു വീരാൻ കുട്ടി. കടകത്തി നഷിച്ചതോടെയോടെ ഉപജീവനം വഴിമുട്ടിയതായി വീരാൻ കുട്ടി പറഞ്ഞു.ടൈലറിംഗ് കടയിൽ മെഷീൻ,തുണികൾ എന്നിവ കത്തി നശിച്ചതായി ഉടമ വിജയരാഘവൻ പറഞ്ഞു.ഷോർട്ട് സർക്യൂട്ട് ആണ് അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം.മണ്ണാർക്കാട് നിന്നും കോങ്ങാട് നിന്നും ഫയർ ഫോഴ്സ്, നാട്ടുകാർ എന്നിവർ ചേർന്ന് തീയണച്ചു.കോങ്ങാട് ഫയർ സ്റ്റേഷൻ ഓഫീസർ എൻ.കെ.ഷാജി, ഓഫീസർമാരായ വിഘ്നേഷ്,വിഷ്ണു, മണ്ണാർക്കാട് ഫയർ സ്റ്റേഷൻ ഓഫീസർ സജിത് മോൻ,സുരേഷ് കുമാർ,ഗ്ലോബിൻദാസ്,അനിൽകുമാർ എന്നിവർ നേതൃത്വം നൽകി. ശ്രീകൃഷ്ണപുരം പോലീസ് സ്ഥലത്തെത്തി.

## ഗതാഗതം നിരോധിച്ചു

പാലക്കാട്: ആണ്ടിമഠം കടുക്കാംകുന്നം റോഡിലെ പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി ബി.എം. ആൻഡ് ബി.സി. പ്രവൃത്തികൾ ചെയ്യുന്നതിനായി റോഡിലൂടെയുള്ള ഗതാഗതം ആറു ദിവസത്തേക്ക് പൂർണ്ണമായും നിരോധിച്ചതായി പി.ഡബ്ല്യു.ഡി റോഡ്സ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഒലവക്കോട് നിന്നും മലമ്പുഴയിലേക്കും തിരിച്ച് ഒലവക്കോട്ടേക്കും പോകേണ്ടുന്ന വാഹനങ്ങൾ പാലക്കാട് മലമ്പുഴ 100 ഫീറ്റ് റോഡിലൂടെ പോകേണ്ടതാണ്.

## യു.ജി. ഓണേഴ്സ് പ്രവേശനം

പാലക്കാട്: അയലൂർ ഐ.എച്ച്.ആർ.ഡിയുടെ കോളെജ് ഓഫ് അപ്ലൈഡ് സയൻസിൽ നാലുവർഷ ഓണേഴ്സ്ഡിഗ്രി പ്രോഗ്രാമുകൾക്ക് കോളെജ് സീറ്റിലേക്ക് അപേക്ഷിക്കാം. മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്ന ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബികോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾ വൈവിധ്യമാർന്ന പുതുമയുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ നൂതന വിഷയങ്ങൾ ഉൾപ്പെടുത്തിയവയാണ്. 8547005029.

## ടാങ്കർ ലോറിയിൽ വാതക ചോർച്ച

# പരിഭ്രാന്തരായി നാട്ടുകാർ

മണ്ണാർക്കാട്: ദേശീയപാതയിൽ ഓടിക്കൊണ്ടിരുന്ന ടാങ്കർ ലോറിയിൽ നിന്നുണ്ടായ വാതക ചോർച്ച പരിഭ്രാന്തിക്കിടയാക്കി. കുമരംപുത്തൂർ വട്ടമ്പലത്ത് ഇന്നലെ വൈകിട്ട് 5.30ഓടെയായിരുന്നു സംഭവം. തമിഴ്നാട്ടിലെ ഈരോഡ് നിന്നും പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലേക്ക് ഓക്സിജനുമായി പോവുകയായിരുന്നു 15 ടൺ സംഭരണശേഷിയുള്ള ടാങ്കർ ലോറി. ഉയർന്ന മർദ്ദം കാരണം സുരക്ഷാ വാൽവിലൂടെയാണ് ഓക്സിജൻ പുറത്തേക്ക് വന്നത്. ഇതു കണ്ട് പിറകെ വന്നിരുന്ന വാഹനങ്ങളും ജംങ്ഷനിലുണ്ടായിരുന്നവരുമെല്ലാം ആശങ്കയിലായി. ഡ്രൈവർ ഉടൻ തന്നെ ലോറി വാഹനം നിർത്തി. നാട്ടുകാർ അഗ്നിരക്ഷാനിലയത്തിലെത്തി വിവരമറിയിച്ചു സ്റ്റേഷൻ ഓഫീസർ സുൽഫീസ് ഇബ്രാഹിം, സീനിയർ ഫയർ ആന്റ് റെസ്ക്യു ഓഫീസർ കെ.സജിത്ത് മോൻ, ഫയർ ആന്റ് റെസ്ക്യു ഓഫീസർമാരായ വി.സുരേഷ്കുമാർ, എം.എസ്.ഷോബിൻദാസ്, വി.നിഷാദ്, വിഷ്ണു, ഡ്രൈവർ വി.വിഷ്ണു, ഹോം ഗാർഡ് അനിൽകുമാർ എന്നിവർ സംഭവസ്ഥലത്തെത്തി. പരിഭ്രാന്തിവേണ്ടെന്നറിയിച്ചു.

മഴയും തണുപ്പുമുണ്ടായിരുന്നതിനാൽ മറ്റുഅപായങ്ങളുണ്ടായില്ല. ഒരു മണിക്കൂറിനൊടുവിൽ മർദം സാധാരണ നിലയിലായതിനെ തുടർന്ന് യാത്ര തുടരാൻ അഗ്നിരക്ഷാസേന ഡ്രൈവർക്ക് നിർദ്ദേശം നൽകി.



ദേശീയപാതയിൽ ഓടിക്കൊണ്ടിരുന്ന ടാങ്കർ ലോറിയിൽ നിന്നുണ്ടായ വാതക ചോർച്ച അഗ്നി രക്ഷാ സേന അണക്കുന്നു



തൃക്കടീരി പി.ടി.എം ഹൈസ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി ഹെഡ്മിസ്ട്രെസ് എം വി സുധ സ്കൂൾ ലീഡർ പി.പി ഫിദ , പി. എസ് പ്രജിൻ എന്നീ വിദ്യാർത്ഥികൾക്ക് പത്രം നൽകി ഉദ്ഘാടനം ചെയ്യുന്നു

## തൃക്കടീരി പി.ടി.എം ഹയർ സെക്കന്ററി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം

തൃക്കടീരി: ചന്ദ്രിക നവതി ആഘോഷങ്ങളുടെ ഭാഗമായി തൃക്കടീരി പി.ടി.എം ഹൈസ്കൂളിൽ അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം കുറിച്ചു. ഹെഡ്മിസ്ട്രെസ് എം വി സുധ സ്കൂൾ ലീഡർ പി.പി ഫിദ , പി. എസ് പ്രജിൻ എന്നീ വിദ്യാർത്ഥികൾക്ക് പത്രം നൽകിയാണ് പദ്ധതി യുടെ ഉദ്ഘാടനം നിർവഹിച്ചത്. കേരള സ്കൂൾ ടീച്ചേർസ് യൂണിയൻ യൂണിറ്റ് കമ്മിറ്റിയാണ് അഞ്ച് പത്രങ്ങൾ ഒരു വർഷത്തേക്ക് സ്പോൺസർ ചെയ്തിരിക്കുന്നത്. ഒരു വർഷം കുട്ടികൾക്ക് സൗജന്യമായി പത്രം ലഭ്യമാക്കും. കെ.എസ്.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റ് കാസിം കുന്നത്ത് പദ്ധതി വിശദീകരണം നടത്തി. സ്റ്റാഫ് സെക്രട്ടറി ഒ കുഞ്ഞുമുഹമ്മദ്,സതീദേവി എം, ഹാംസത്ത് മാടാല, ഷെല്ലി വി വാമറ്റത്തിൽ, അനസ് കെ, സുൽഫുൽ അഫ്സൽ എന്നിവർ സംബന്ധിച്ചു.

## കൊല്ലങ്കോട് 270 ലിറ്റർ സ്പിരിറ്റ് പിടികൂടി

കൊല്ലങ്കോട്: എക്സൈസ് സംഘം 270 ലിറ്റർ സ്പിരിറ്റ് പിടികൂടി. ഇന്നലെ രാവിലെ 11.30 ന് ചെമ്മണാംപതി തെൻമലയുടെ താഴവാരത്തിലുള്ള വെള്ളച്ചാലിൽ നിന്നാണ് കണ്ടെടുത്തത് .മണ്ണിനടിയിൽ 4 അടി ആഴത്തിൽ കുഴിച്ചിട്ട നിലയിലായിരുന്നു. 35 ലിറ്ററിന്റെ 9 കന്നാസുകളിലായാണ് സൂക്ഷിച്ചിരുന്നത്. സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം ആരംഭിച്ചിട്ടുണ്ട് .സമീപ പ്രദേശങ്ങളിലെ സമാന സ്പിരിറ്റ് കേസുകളിലെ പ്രതികൾ നിരീക്ഷണത്തിലാണ്. കഴിഞ്ഞ രണ്ട് മാസ കാലമായി ഈ പ്രദേശങ്ങളിൽ എക്സൈസിന്റെ രഹസ്യ നിരീക്ഷണം ശക്തമാക്കിയിരുന്നു. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്.

## കോളനി പേരുമാറ്റം മധുരം നൽകി ആഘോഷിച്ചു

മണ്ണാർക്കാട്: നഗരസഭയിലെ നായാടിക്കുന്ന് ഹരിജൻ കോളനി ഇനി മുതൽ ഐശ്വര്യ നഗർ ആകും. പേര് മാറ്റം പ്രദേശ വാസികൾ മധുരം വിതരണം ചെയ്ത് ആഘോഷിച്ചു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മന്ത്രി രാധാകൃഷ്ണൻ സ്ഥാനം ഒഴിയും മുമ്പ് എടുത്ത തീരുമാനത്തിന്റെ ഭാഗമായാണ് മണ്ണാർക്കാട് നഗരസഭയിലെ വാർഡ് 22 ലെ ഹരിജൻ കോളനിയുടെ പേര് പുനർ നാമകരണം ചെയ്തത്. നഗറിൽ മുപ്പതോളം കുടുംബങ്ങളാണ് താമസിക്കുന്നത്.വെറുമൊരു പേരുമാറ്റലിൽ ഒതുങ്ങാതെ 25 ലക്ഷം രൂപ ചിലവിൽ നഗറിൽ വികസന പ്രവർത്തനവും നടപ്പാക്കുമെന്ന് നഗരസഭ കൗൺസിലർമാരായ കെ.മൻസൂർ, കെ.റജീന, ഇവിടുത്തെ താമസക്കാരായ ചന്ദ്രൻ, ചാമി, വിനീഷ് എന്നിവർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

## പ്ലസ്വൺ സീറ്റിന്റെ അപര്യാപ്തത

## കെ.എസ്.യു കലക്ടറേറ്റ് മാർച്ച് നടത്തി


പാലക്കാട്: മലബാർ മേഖലയിലെ പ്ലസ്വൺ സീറ്റിന്റെ അപര്യാപ്തത പരിഹരിക്കണമെന്നും മുടങ്ങി കിടക്കുന്ന ഇഗ്രാന്റ് എത്രയും പെട്ടന്ന് തന്നെ അർഹതപ്പെട്ട വിദ്യാർഥികൾക്ക് വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് കെഎസ്യു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കലക്ടറേറ്റ് മാർച്ച് നടത്തി.

യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി ജിൻഷാദ് ജിന്നാസ് മാർച്ച് ഉദ്ഘാടനം ചെയ്തു. സമരക്കാരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതും യൂത്ത് കോൺഗ്രസ് ജില്ല പ്രസിഡന്റ് അജയ്ഘോഷിനെ അറസ്റ്റു ചെയ്ത് നീക്കാൻ ശ്രമിച്ചതും ചെറിയ തോതിൽ പൊലീസും പ്രവർത്തകരും തമ്മിൽ സംഘർഷത്തിനിടയാക്കി. പൊലീസ് നടപടിയിൽ പ്രതിഷേധിച്ച് പ്രവർത്തകർ റോഡിൽ കുത്തിയിരുന്നു.

കെഎസ്യു ജില്ലാ പ്രസിഡന്റ് നിഖിൽ കണ്ണാടി അധ്യക്ഷത വഹിച്ചു. യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് കെ.എസ്. ജയഘോഷ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ ചെർപേഴ്സൺ നിതിൻ ഫാത്തിമ കെഎസയു സംസ്ഥാന ജനറൽ സെക്രട്ടറിമാരായ അജാസ് കുഴൽമന്ദം, ഗൗജ വിജയകുമാരൻ, നിർവാഹസമിതി അംഗം ഡി. ഡിജു ജില്ലാ ഭാരവാഹികളായ സ്മിജ രാജൻ, ആഷിഫ് കാപ്പിൽ, അജയൻ, ആകാശ് കുഴൽമന്ദം, വിപിൻ വിജയൻ, ദിലീപ് നെല്ലിയാമ്പതി, സെനിൽ, മുഹമദ് ഇഖ്ബാൽ, സാഹിൽ ഹുസൈൻ, അബുതാഹിർ, ഷിഫ കാസിം കെ.ജി. രാഹുൽ, അനൂജ് മുനവിർ അലി, സഹൽ, കാർത്തിക് എന്നിവർ സംസാരിച്ചു.



കെ.എസ്.യു നേതാക്കളെ അറസ്റ്റ് ചെയ്ത് നീക്കുന്നു



അട്ടപ്പാടി ചുരത്തിൽ അപകടത്തിൽപ്പെട്ട കെ.എസ്.ആർ.ടി.സി ബസ്

## അട്ടപ്പാടി ചുരത്തിൽ ബസ് നിയന്ത്രണം വിട്ടു; ഒഴിവായത് വൻ ദുരന്തം

മണ്ണാർക്കാട്: അട്ടപ്പാടി ചുരമിറങ്ങുകയായിരുന്ന ട്രാൻസ്പോർട് ബസിന്റെ നിയന്ത്രണം നഷ്ടപ്പെട്ടു. മനസ്സാന്നിധ്യം കൈവിടാതെ ബസ് പാതയോരത്തെ പാറക്കെട്ടിലിടിച്ച് യാത്രക്കാരെ രക്ഷിച്ച് ഡ്രൈവർ. മണ്ണാർക്കാട് ഡിപ്പോയിലെ ഡ്രൈവറും എടത്തനാട്ടുകര സ്വദേശിയുമായ എസ്.സുബ്രഹ്മണ്യനായിരുന്നു ഡ്രൈവർ.ഇന്നലെ വൈകുന്നേരം അഞ്ചരയോടെയാണ് സംഭവം.ആനക്കട്ടിയിൽ നിന്നും മണ്ണാർക്കാട്ടേയ്ക്ക് വരികയായിരുന്നു ബസ്. വിദ്യാർഥികളടക്കം അമ്പതിലധികം യാത്രക്കാരുണ്ടായിരുന്നുവെന്നാണ് അറിയുന്നത്.പത്താം വളവിന് സമീപത്തെ ഇറക്കമിറങ്ങുമ്പോൾ ബസ് ബ്രേക്ക് ചവിട്ടിയിട്ട് കിട്ടിയില്ല. ചുരം വ്യൂപോയിന്റിനടുത്ത് വാഹനങ്ങളും കാഴ്ചകൾ ആസ്വദിക്കാൻ നിൽക്കുന്നവരും നിരവധിയുണ്ടായിരുന്നു. തൊട്ടടുത്ത് തന്നെയാണ് അഗാധമായ കൊക്കയുമുള്ളത്. ബേക്കിട്ടിട്ടും കിട്ടാത്തതിനെ തുടർന്ന് പന്തികേട് തോന്നിയെങ്കിലും ആരേയും അറിയിക്കാതെ സമചിത്തതയോടെ സുബ്രഹ്മണ്യൻ ബസിന്റെ മുൻവശം പാതയോരത്തെ പാറക്കട്ടിലേക്ക് ഇടിച്ചുനിർത്തി. വാഹനത്തിന്റെ മുൻവശത്തിന് കേടുപാടുകൾ പറ്റി.

പിന്നീടാണ് യാത്രക്കാരും കാര്യമറിയുന്നത്. വലിയ അപകടം ഡ്രൈവറുടെ മനസ്സാന്നിദ്ധ്യത്തിൽ വഴിമാറിയതിന്റെ ആശ്വാസത്തിലായി യാത്രക്കാർ. വാഹനം പിന്നീട് റോഡരുകിലേക്ക് മാറ്റിയിട്ടു.

## വായനാദിനം ആചരിച്ചു

കൊപ്പം: മണ്ണേങ്ങോട് എ.യു.പി സ്കൂളിൽ മലയാളം ക്ലബ്ബിൻറെ നേതൃത്വത്തിൽ വായനാവാരാചരണവും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനവും നടത്തി.പട്ടാമ്പി താലൂക്ക് ലൈബ്രററി കൗൺസിൽ എക്സിക്യൂട്ടീവ് മെമ്പർ രാജൻ മാടയിൽ ഉദ്ഘാടനം ചെയ്തു.ശ്രീ മൂത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിപ്പാട് സ്മാരക വായനശാലയുടെ നേതൃത്വത്തിൽ എഴുത്തുപെട്ടി പദ്ധതിയുടേയും,ലൈബ്രററി പുസ്തക വിതരണത്തിൻറെയും ഉദ്ഘാടനം നടത്തി.വാർഡ് മെമ്പർ എസ്.മിനി അദ്ധ്യക്ഷത വഹിച്ചു.,ഇ.പി ശങ്കരൻ,ടി.ശങ്കരൻ,കെ.കൃഷ്ണകുമാർ,കെ.മോഹൻദാസ്,കെ.വി ജയ,ആർ.രമ,പി.എൻ ദിവ്യ,ടി.ഡി സന്തോഷ്കുമാർ,എ.എം വിജയശ്രീ,പി.മുഹമ്മദ് ഷമീം സംബന്ധിച്ചു.

●ഷൊർണൂർ: കാരക്കാട് ഫ്രൻസ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വായനദിനം ആചരിച്ചു.പി.എ. പണിക്കർ അനുസ്മരണവും അക്ഷരദീപം തെളിയിക്കലും നടത്തി. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ എം.എ.ഹിന്ദിയിൽ ഉന്നത വിജയം നേടിയ കാരക്കാട് നിവാസികളായ മൂന്നാം റാങ്ക് നേടിയ വി.കെ.സൂര്യ, ഒമ്പതാം റാങ്ക് നേടിയ പി.സാന്ദ്ര എന്നിവരെ അനുമോദിച്ചു.പി.കെ.സഞ്ജയൻ അദ്ധ്യക്ഷത വഹിച്ചു.യുവകഥാകൃത്ത് ഡി. ശ്രീശാന്ത് ഉദ്ഘാടനം ചെയ്തു. വാണിയംകുളം പഞ്ചായത്ത് മെമ്പർ ഡി. ശങ്കരനാരായനുണ്ണി, ഷൊർണൂർ നഗരസഭ പാഠശേഖര ഏകോപന സമിതി പ്രസിഡണ്ട് വിജയപ്രകാശ് ശങ്കർ, ഷൊർണൂർ നഗരസഭ മുൻ കൗൺസിലർ സി.പുഷ്പ എന്നിവർ പ്രസംഗിച്ചു.ബിജു സി.സ്വാഗതവും മധു എ.പി.നന്ദിയും പറഞ്ഞു.

●കപ്പൂർ :ജനത വായനശാല വായന വാരം ബാല സാഹിത്യകാരൻ രാധ കൃഷ്ണൻ ആലുവീട്ടിൽ ഉദ്ഘാടനം ചെയ്തു. വായനശാല പ്രസിഡന്റ് സിവി അബൂബക്കർ അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് അംഗം ഷാനിബ , കുമരനല്ലൂർ ഹെയർ സെക്കണ്ടറി സ്കൂൾ സ്റ്റാഫ് സെക്രട്ടറി സിവി ജലീൽ, കെ.കെ. സൽമ ,അലി കുമരനല്ലൂർ, ബിജോയ്, മനോജ് പുലാശ്ശേരി, സുധി പൊന്നങ്കാവിൽ തുടങ്ങിയവർ പ്രസംഗിച്ചു. പി എൻ പണിക്കർ അനുസ്മരണത്തിന്റ ഭാഗമായി വിദ്യാർത്ഥികൾക്ക് ക്വിസ് മൽസരവും നടത്തി.

●മണ്ണാർക്കാട്: വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക' എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് പി എൻ പണിക്കരുടെ ഓർമ്മ ദിനത്തിൽതിരുവിഴാംകുന്ന് സി.പി.എ യു.പി സ്കൂളിൽ വായന വാരാചരണം നടത്തി. വാർഡ് മെമ്പർ ഫസീല സുഹൈൽ ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് സുഭാഷ് ചന്ദ്രൻ
അധ്യക്ഷനായി. പ്രധാനാധ്യാപകൻശ്രീവത്സൻ ടി.എസ്, മാനേജർ സി.പി ശിഹാബുദ്ദീൻ, സീനിയർ അധ്യാപിക ബിന്ദു പി വർഗീസ്, വിദ്യാരംഗം കോർഡിനേറ്റർ ജയചന്ദ്രൻ, സ്റ്റാഫ് സെക്രട്ടറി റൈഹാനത്ത്, വിദ്യാർഥികളായ ഗ്രീഷ്മ, അനുശീ സംബന്ധിച്ചു. കോട്ടപ്പുറ എസ്.എൻ. ടി.ടി.ഐയിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ പുസ്തക പ്രദർശനം നടത്തി.




നെല്ലിപ്പുഴ ഡി.എച്ച്.എസ്.എസിൽ സംഘടിപ്പിച്ച വിജയോത്സവം വി.കെ ശ്രീകണ്ഠൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.

## വിജയോത്സവവും അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനവും

മണ്ണാർക്കാട്: നെല്ലിപ്പുഴ ഡി.എച്ച്.എസ്.എസിൽ വിജയോത്സവവും സ്കൂൾ മാസ്റ്റർ പ്ലാൻ പ്രകാശനവും നടത്തി. വി.കെ ശ്രീകണ്ഠൻ എം.പി ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് പി.കെ അബ്ബാസ് ഹാജി അധ്യക്ഷനായി. നഗരസഭാ ചെയർമാൻ സി. മുഹമ്മദ് ബഷീർ 202425 വർഷത്തേക്കുള്ള സ്കൂൾ മാസ്റ്റർ പ്ലാൻ ഡി.ഇ.ഒ ഇൻചാർജ് സിന്ധു ആർ എൽ ന് നൽകി പ്രകാശനം നിർവഹിച്ചു.

എസ്.എസ്.എൽ.സി പരീക്ഷയിൽ 129 സമ്പൂർണ്ണ എപ്ലസ് നേടി ജില്ലൽ ഒന്നാം സ്ഥാനം സ്കൂൾ നേടിയിരുന്നു.

ചടങ്ങിൽ എൻ.എം.എം.എസ്, യു.എസ്. എസ് സ്കോളർഷിപ്പ് നേടിയവരേയും, സംസ്ഥാന ദേശീയ തലത്തിൽ കലാ, കായിക, പ്രവൃത്തി പരിചയ മേളയിൽ വിജയികളെയും അനുമോദിച്ചു. സ്കൂൾ മാനേജർ സമദ് ഹാജി, നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഹംസ കുറുവണ്ണ, എ.ഇ.ഒ സി.അബൂബക്കർ, എച്ച്.എം കെ.എം സൗദത്ത് സലീം, എം.എം.ഒ.സി വൈസ് പ്രസിഡന്റ് ആലിപ്പു ഹാജി, സെക്രട്ടറിമാരായ ടി. എ സലാം മാസ്റ്റർ, ടി.എ സിദ്ദീഖ്, മിനി ജോൺ,തങ്കം, എസ് എസ് ശാന്തകുമാരി, ജി.എൻ ഹരിദാസ്, കെ. പി.എ സലീം, സ്റ്റാഫ് സെക്രട്ടറി സി.കെ റിയാസ്,എ.ടി ഉമ്മുസൽമ സംബന്ധിച്ചു.

## മൂർഖൻ പാമ്പിനെ പിടികൂടി

കുമരനല്ലൂർ :കാഞ്ഞിരത്താണി പിലാക്കൽ ഉമറിന്റെ വീട്ടിലെ പക്ഷികൂട്ടിലാണ് പാമ്പ് കടന്നത്. പതിവ് പോലെ കിളികൾക്ക് തീറ്റ കൊടുക്കാനായി ചെന്നപ്പോൾ ഫർഹാനയാണ് മൂർഖൻ പാമ്പിനെ കണ്ടത്. വെള്ളം ഒഴിച്ച് കൊടുക്കാൻ പാത്രം എടുത്തപ്പോഴാണ് പാമ്പ് ഫണം വിടർത്തി പരിഭ്രാന്തി പരത്തി. കൂട്ടിൽ കയറിയ മൂർഖൻ ഇതിനിടെ കിളികളിൽ ഒന്നിനെ അകത്താക്കിയിരുന്നു. കൈപ്പുറം അബ്ബാസിനെ വിളിച്ച് വരുത്തി പാമ്പിനെ പിടികൂടുകയായിരുന്നു. കിളി കൂടുകൾക്കും മറ്റും സമീപം പാമ്പുകൾ വരാൻ സാധുത കൂടുതലായതിനാൽ സൂക്ഷമത യോടെ യും കരുതലയേടയും മാത്രമേ കൂടിനടുത്തേക്ക് പോകാവു എന്ന് അബാസ് പറഞ്ഞു.



വീട്ടിലെ പക്ഷികൂട്ടിലകപ്പെട്ട പാമ്പ്

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 20 വ്യാഴം
ഗൾഫ് ചന്ദ്രിക



ഗാന്ധി സെന്റിനറി മെമ്മോറിയൽ സൊസൈറ്റി വായനാദിനാചരണം ആർട്ടിസ്റ്റ് മദനൻ ഉദ്ഘാടനം ചെയ്യുന്നു

## വരികൾക്കിടയിലെ വരയുമായി വായനാദിനാചരണം

കണ്ണൂർ: ജില്ലാ ഗാന്ധി സെന്റിനറി മെമ്മോറിയൽ സൊസൈറ്റി സംഘടിപ്പിച്ച വായനാദിനാചരണം ആർട്ടിസ്റ്റ് മദനൻ ഉദ്ഘാടനം ചെയ്തു. 'വരികൾക്കിടയിലെ വര വിഷയത്തിൽ സോദാഹരണ പ്രഭാഷണവും നടത്തി. സൊസൈറ്റി പ്രസിഡന്റ് ഇ.വി.ജി നമ്പ്യാർ അധ്യക്ഷനായി. കവി കെ.സി ഉമേഷ് ബാബു, ആർ പ്രഭാകരൻ, ജനറൽ സെക്രട്ടറി സി സുനിൽകുമാർ, ടി.കെ വിജ്ഞ പങ്കെടുത്തു. മത്സരത്തിൽ അൻസിയ ബിനീഷ്, ഷാഹിറ. വി ജാഫർ, എസ്.എ.പി സാജിദ എസ്. എപി.എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

## വിജയാരവം നാളെ

കണ്ണൂർ: വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് അനുമോദനവുമായി ഒ.കെ മുഹമ്മദ് കുഞ്ഞി പുരസ്കാരം സമ്മാനിച്ച് വർഷങ്ങളായി കണ്ണൂർ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിക്കുന്ന വിജയാരവം നാളെ നടക്കും. വൈകുന്നേരം നാലിന് മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യും. വഖഫ് ബോർഡംഗം പി.വി സൈനുദ്ദീൻ ഒ.കെ അനുസ്മരണ പ്രഭാഷണം നടത്തും. വിവിധ മേഖലയിലെ വ്യക്തിത്വങ്ങൾ പങ്കെടുക്കും.

# കണ്ണൂർ വാർത്തകൾ


## ഡ്രൈവ് @ സ്ട്രീറ്റ് 24നും 25നും

കണ്ണൂർ: ചന്ദ്രിക സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി കടകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്ന 'ഡ്രൈവ്ണ്ടസ്ട്രീറ്റ്' 24നും 25നും വ്യാപകമായി സംഘടിപ്പിക്കണമെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരിയും ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയും അറിയിച്ചു. കണ്ണൂർ പട്ടണം കേന്ദ്രീകരിച്ച് ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരിയുടെ നേതൃത്വത്തിൽ കണ്ണോത്തുംചാൽ എം.വി.കെ റസ്റ്റോറന്റിൽ നിന്ന് ആരംഭിക്കും. ജില്ലാ മണ്ഡലം ഭാരവാഹികളും മേയർ മുസ്‌ലിഹ് മഠത്തിൽ ഉൾപ്പെടെ കൗൺസിലർമാരും പങ്കാളികളാകും. പ്രധാന നഗരങ്ങളിൽ മറ്റ് ജില്ലാ ഭാരവാഹികളും മണ്ഡലം നേതാക്കളും നേതൃത്വം നൽകും.

പൊന്നോണത്തിന് ഒരുകൊട്ടപ്പൂവ്

## കണ്ണൂർ കോർപ്പറേഷൻ തൈവിതരണോദ്ഘാടനം ഇന്ന്

കണ്ണൂർ: കോർപ്പറേഷൻ പരിധിയിൽ ജനകീയാസൂത്രണം 14-ാം പഞ്ചവത്സരപദ്ധതി മൂന്നാം വർഷം മുഴുവൻ വാർഡിലും നടപ്പാക്കുന്ന ഓണത്തിന് പൂക്കളം ഒരുക്കാൻ പൊന്നോണത്തിന് ഒരുകൊട്ടപ്പൂവ് തൈ വിതരണോദ്ഘാടനം ഇന്ന് നടക്കും. രാവിലെ 11ന് കോർപ്പറേഷൻ പരിസരത്ത് മേയർ മുസ്‌ലിഹ് മഠത്തിൽ ഡെപ്യൂട്ടി മേയർ പി ഇന്ദിരയ്ക്ക് തൈകൾ കൈമാറി ഉദ്ഘാടനം നിർവഹിക്കും.



കുടിവെള്ള പൈപ്പിടാൻ കിളച്ചുമറിച്ചതിനെതുടർന്ന് യാത്ര ദുസഹമായ വളപട്ടണത്തെ റോഡ്

## കുടിവെള്ളത്തിന് കുഴിയെടുത്തു വഴിമുട്ടി നാട്ടുകാരുടെ ജീവിതം

വളപട്ടണം: കുടിവെള്ളത്തിന് വേണ്ടി കുഴിയെടുത്തു കുടിവെള്ളം തന്നെ മുട്ടിയ അവസ്ഥയിലാണ് ഇപ്പോൾ വളപട്ടണത്തുകാർ. കേന്ദ്ര ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടക്കുന്ന ജലജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈനിട്ടതോടെയാണ് നാട്ടുകാരുടെ ഉള്ള കുടിവെള്ളവും മുട്ടിച്ച് ജീവിതം തന്നെ താറുമാറാകുന്നതിലേക്കെത്തിയത്.

പ്രദേശമാകെ കിളച്ചുമറിച്ചിട്ടതിനാൽ കാൽനടപോലും ദുസഹമായിരിക്കുകയാണിപ്പോൾ. കെ.എം ഷാജിയുടെ എംഎൽഎ ഫണ്ട് ഉപയോഗിച്ച് നിർമിച്ച റോഡ് വരെ കിളച്ചുമറിച്ചതോടെ കാൽനടയാത്രപോലും ദുസഹമായി മാറിയിരിക്കുകയാണ്. മിൽറോഡ്, തങ്ങൾ വയൽ, മന്ന, കീരിയാട് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ റോഡ് തോടായ അവസ്ഥയാണ്. പ്രായമായവരും സ്കൂൾ കുട്ടികളും ഉൾപ്പെടെയാണ് പ്രയാസമനുഭവിക്കുന്നത്. ടാറിംഗ് നടത്തിയ റോഡുകളും കോൺഗ്രീറ്റ് റോഡുകളും മാസങ്ങൾക്ക് മുമ്പ് നിർമിച്ച ഇന്റർലോക്ക് റോഡ് വരെ കിളച്ചുമാറ്റിയതിൽ പെടും. വാട്ടർ അതോറിറ്റി അധികൃതർ പൊളിഞ്ഞ റോഡുകൾ പൂർവസ്ഥിതിയിൽ ആക്കുമെന്ന ഉറപ്പിലാണ് വളപട്ടണം പഞ്ചായത്ത് അനുകൂലിച്ചത്. എന്നാൽ മാസങ്ങളോളമായി നന്നാക്കാതെ കിടക്കുകയാണ്. റോഡുകൾ. വഴികൾ പലതും ചെളി നിറഞ്ഞ നിലയിലാണ്. നിരവധി തവണ വകുപ്പ് അധികൃതരോട് അറ്റകുറ്റപ്പണി നടത്താൻ ആവശ്യപ്പെട്ടിട്ടും നടപടിയുണ്ടായില്ലെന്ന് പഞ്ചായത്ത് വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷൻ സി.വി നൗഷാദ് പറഞ്ഞു. നാട്ടുകാർക്കും വഴിയാത്രക്കാർക്കും വാഹനങ്ങൾക്കും പ്രയാസമുണ്ടാക്കുന്നതിനാൽ അടിയന്തര നടപടി ആവശ്യപ്പെട്ട് കലക്ടർക്ക് പരാതി നൽകിയിരിക്കുകയാണ് നൗഷാദ്.

# ഇരിവേരിയിൽ മതിൽ തകർന്നു

## 10 ലക്ഷത്തിലധികം രൂപയുടെ നാശനഷ്ടം

ചെമ്പിലോട്: ഇരിവേരി പള്ളിമെട്ടയ്ക്ക് സമീപം നിർമാണത്തിലിരിക്കുന്ന വീടിന്റെ മതിൽ തകർന്നുവീണ് ലക്ഷങ്ങളുടെ നാശനഷ്ടം. പള്ളിമെട്ടയ്ക്ക് സമീപം നസ്രീൻ റിസ്വാനയ്ക്ക് പണിതുകൊണ്ടിരിക്കുന്ന വീട്ടിന്റെ ചുറ്റുമതിലാണ് തകർന്നുവീണത്. ഇന്നലെ പുലർച്ചെ 3.30ഓടെയാണ് സംഭവം. രാത്രി 8.30ഓടെ കനത്ത മഴപെയ്തിരുന്നു. മണിക്കൂറുകൾക്കൊടുവിലാണ് 15 അടിയിലധികം ഉയരമുള്ള മതിലിന്റെ ഒരുഭാഗം പൂർണമായും മറ്റ് ഭാഗങ്ങൾ ഭാഗികമായും തകർന്നുവീണത്. കല്ലും മണലും സമീപത്ത് നസ്രീനിന്റെ തറവാട് വീടുവരെയെത്തി. വീട്ടുമുറ്റത്തുണ്ടായിരുന്ന മൂന്ന് ബൈക്കുകളും തകർന്ന് മണ്ണിനടിയിലായി. 10 ലക്ഷത്തിലധികം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ചെമ്പിലോട് പഞ്ചായത്ത് പ്രസിഡന്റും വാർഡംഗവും സ്ഥലം സന്ദർശിച്ചു.



ഇരിവേരിയിൽ നിർമാണത്തിലിരിക്കുന്ന വീടിന്റെ മതിൽ തകർന്ന് വീണ നിലയിൽ.



പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ, വിദ്യാർഥികൾക്ക് പഠനോപകരണ വിതരണോദ്ഘാടനം മേയർ മുസ്‌ലിഹ് മഠത്തിൽ നിർവഹിക്കുന്നു

പട്ടികജാതി വിദ്യാർഥികൾക്ക്

## ഫർണിച്ചറും വയോജനങ്ങൾക്ക് കട്ടിലും വിതരണം ചെയ്തു

കണ്ണൂർ: കോർപ്പറേഷൻ 2023-24 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗം വയോജനങ്ങൾക്ക് കട്ടിലും വിദ്യാർഥികൾക്ക് പഠനോപകരണങ്ങളും വിതരണം ചെയ്തു. മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. ഈ വർഷവും പട്ടികജാതി ക്ഷേമത്തിന് വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയതായി മേയർ പറഞ്ഞു. ഡെപ്യൂട്ടി മേയർ പി ഇന്ദിര അധ്യക്ഷയായി. സ്ഥിരംസമിതി അധ്യക്ഷൻമാരായ സിയാദ് തങ്ങൾ, പി ഷമീമ, കൗൺസിലർമാരായ എൻ ഉഷ, ശ്രീജ ആരംഭൻ, പനയൻ ഉഷ, കൂക്കിരി രാജേഷ് എ കുഞ്ഞമ്പു, പി കൗലത്ത്, എ ഉമൈബ, ആസൂത്രണ സമിതി വൈസ് ചെയർമാൻ സി.കെ വിനോദ്, പട്ടികജാതി വികസന ഓഫീസർ സുനിൽകുമാർ പങ്കെടുത്തു.

## ഓട്ടോറിക്ഷയിൽ കടത്തുന്ന കഞ്ചാവുമായി യുവാവ് പിടിയിൽ

തളിപ്പറമ്പ്: ഓട്ടോറിക്ഷയിൽ കടത്തുന്ന കഞ്ചാവുമായി യുവാവ് പിടിയിൽ.തളിപ്പറമ്പ് ചിറവക്ക് ഭാഗങ്ങളിൽ നടത്തിയ റെയ്ഡിലാണ് 128 ഗ്രാം കഞ്ചാവുമായി മാതമംഗലം എം.എം ബസാർ സ്വദേശി അഷ്കർ (40) നെ അറസ്റ്റ് ചെയ്തത്. ഓട്ടോയും കസ്റ്റഡിയിലെടുത്തിട്ടുണ്ട്.



മുസ്‌ലിം സർവീസ് സൊസൈറ്റി യൂണിറ്റ് അനുമോദന പരിപാടിയിൽ കെ.എസ് ഷഹൻഷ സംസാരിക്കുന്നു

## വിദ്യാർഥികളെ അനുമോദിച്ച് മുസ്‌ലിം സർവീസ് സൊസൈറ്റി

തലശ്ശേരി: മുസ്‌ലിം സർവീസ് സൊസൈറ്റി യൂണിറ്റ് അംഗങ്ങളുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ അനുമോദിച്ചു. തലശ്ശേരി എഎസ്പി കെ.എസ് ഷഹൻഷ ഉപഹാരങ്ങൾ സമ്മാനിച്ചു. യൂണിറ്റ് പ്രസിഡന്റ് കെ മമ്മൂട്ടി എഞ്ചിനിയർ അധ്യക്ഷനായി. പി.വി സൈനുദ്ദീൻ, പ്രൊഫ.എ.പി സുബൈർ, പി അബ്ദുൽ റസാക്ക് എഞ്ചിനിയർ, കെ.എ ലത്തീഫ്, എം സക്കരിയ, എം.എസ് ആസാദ്, ഒ സൈറാബാനു, വി.കെ മുഹമ്മദ്, പി.ഒ ജാബിർ സംസാരിച്ചു.



പരീക്ഷാ വിജയികൾക്ക് എൻ.എ കരീം ഉപഹാരം സമ്മാനിക്കുന്നു

## വിജയികൾക്ക് അനുമോദനം

പെരിങ്ങത്തൂർ: കരിയാട് മൂസ, കുഞ്ഞപ്പ നമ്പ്യാർ സ്മരണയ്ക്ക് കരിയാട് താവുമ്പ്രം വാർഡ് വികസന സമിതി എസ്എസ്എൽസി, പ്ലസ് ടു ഫുൾ എ പ്ലസ് വിജയികളെയും സിബിഎസ്ഇ, നീറ്റ് പരീക്ഷ, എൽഎസ്എസ്, യുഎസ്എസ് വിജയികളെയും അനുമോദിച്ചു. കൗൺസിലർ എൻ.എ കരീം അധ്യക്ഷനായി. പാനൂർ നഗരസഭ മുൻ ചെയർപേഴ്സൺ കെ.വി റംല, വി.പി ചാത്തു, സിറാജുൽ ഹുദാ സ്കൂൾ പ്രിൻസിപ്പൽ മൂസ, കൗൺസിലർമാരായ എം.പി ശ്രീജ, അൻവർ കക്കാട്ട്, മുരളീധരൻ, പി.കെ അബൂബക്കർ, കെ ബാബുരാജ്, പി മുഹമ്മദ്, മജീദ് ഹിറ, ഇ പുരുഷ, അറഫാത്ത് ഇല്ലത്ത്, കാങ്ങാട്ട് ബഷീർ പങ്കെടുത്തു.



കെ.എസ്.യു കലക്ടറേറ്റിലേക്ക് നടത്തിയ മാർച്ചിൽ പങ്കെടുത്ത പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു

## കെ.എസ്.യു കലക്ടറേറ്റ് മാർച്ചിൽ സംഘർഷം

കണ്ണൂർ: വിദ്യാഭ്യാസ മേഖലയോട് സർക്കാറും കണ്ണൂർ സർവകലാശാലയും കാണിക്കുന്ന അവഗണനക്കെതിരെ കെ.എസ്.യു നടത്തിയ കലക്ടറേറ്റ് മാർച്ചിൽ സംഘർഷം. സംസ്ഥാന വൈസ് പ്രസിഡന്റ് പി മുഹമ്മദ് ഷമ്മാസ് ഉദ്ഘാടനം ചെയ്തു. അധിക ബാച്ചുകൾ അനുവദിച്ച് മലബാറിലെ പ്ലസ് വൺ സീറ്റ് വിഷയം അടിയന്തരമായി പരിഹരിക്കുക, കണ്ണൂർ സർവകലാശാല എഫ്.വൈ.യു.ജി.പി മുഴുവൻ സെമസ്റ്റർ സിലബസും അടിയന്തരമായി പ്രസിദ്ധീകരിക്കുക, ശനിയാഴ്ച പ്രവർത്തി ദിനമാക്കിയ വിദ്യാഭ്യാസ വകുപ്പ് നടപടി പിൻവലിക്കുക, സ്കോളർഷിപ്പുകൾ ഇ-ഗ്രാൻഡ്സ് എന്നിവ വിദ്യാർഥികൾക്ക് ഉടൻ ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്.

ഡി.സി.സി ഓഫീസിൽ നിന്ന് പ്രകടനമായെത്തിയ കെ.എസ്.യു പ്രവർത്തകരെ കലക്ടറേറ്റിന് മുന്നിൽ പൊലീസ് തടയുകയായിരുന്നു. മുദ്രാവാക്യം വിളിച്ച് മുന്നോട്ടുകുതിച്ച പ്രവർത്തകർക്ക് നേരെ ജലപീരങ്കി പ്രയോഗിച്ചു. തുടർന്ന് പൊലീസും പ്രവർത്തകരും തമ്മിലുണ്ടായ വാക്കേറ്റം സംഘർഷത്തിൽ കലാശിക്കുകയായിരുന്നു. ഏറെ നേരത്തെ ബലപ്രയോഗത്തിനും വാക്കേറ്റത്തിനുമൊടുവിൽ ജില്ലാ പ്രസിഡന്റ് എം.സി അതുൽ ഉൾപ്പെടെ നേതാക്കളെ അറസ്റ്റ് ചെയ്ത് നീക്കി. ഫർഹാൻ മുണ്ടേരി, ആകാശ് ഭാസ്കരൻ, ആഷിത്ത് അശോകൻ, ഹരികൃഷ്ണൻ പാളാട്, അമൽ തോമസ്, മുഹമ്മദ് റാഹിബ്, രാഗേഷ് ബാലൻ, അർജുൻ കോറോം പങ്കെടുത്തു.

# വയോജന വിശ്രമകേന്ദ്രം അടച്ചുപൂട്ടിയിട്ടില്ല

## സന്ദർശിച്ച് മേയർ



മേയർ മുസ്‌ലിഹ് മഠത്തിൽ താളിക്കാവ് സായംപ്രഭ വയോജന വിശ്രമകേന്ദ്രം സന്ദർശിച്ചപ്പോൾ

കണ്ണൂർ: താളിക്കാവിലെ സായംപ്രഭ വയോജന വിശ്രമകേന്ദ്രം അടച്ചുപൂട്ടിയെന്ന പ്രചാരണങ്ങൾക്കിടെ വിശ്രമകേന്ദ്രത്തിൽ അന്തേവാസികളോട് സംവദിച്ച് മേയർ. കണ്ണൂർ കോർപ്പറേഷന് കീഴിലെ വിശ്രമകേന്ദ്രം പൂട്ടിയെന്നും വയോജനങ്ങൾ തെരുവിലായെന്നും പ്രചരിപ്പിക്കുന്നതിനിടെയാണ് മേയർ മുസ്‌ലിഹ് മഠത്തിൽ വിശ്രമകേന്ദ്രത്തിലെത്തിയത്.

വയോജന വിശ്രമകേന്ദ്രം അടച്ചുപൂട്ടിയെന്ന് ആരോപിച്ച് ഒരു വിഭാഗം പ്രതിഷേധങ്ങൾ നടത്തിയിരുന്നു. ഇതേ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐആർപിസി ഓഫീസ് പൂട്ടാൻ നിർദ്ദേശിച്ചതാണ് വയോജന വിശ്രമ കേന്ദ്രം പൂട്ടുന്നെന്ന രീതിയിൽ പെരുംനുണകൾ പ്രചരിപ്പിപ്പിച്ച് പ്രതിഷേധ നാടകമുൾപ്പെടെ അരങ്ങേറിയത്. വയോജന വിശ്രമകേന്ദ്രത്തിൽ എത്തിയ മേയർ മുസ്‌ലിഹ് മഠത്തിൽ എല്ലാവരോടും കുശലാന്വേഷണം നടത്തി അവർക്കാവശ്യമായ പിന്തുണയും ഉറപ്പ് നൽകി.

വയോജന ക്ഷേമത്തിന് പല പദ്ധതികളും കോർപ്പറേഷൻ തലത്തിൽ നടക്കുന്നുണ്ടെന്നും ഈ വർഷവും വയോജന ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും മേയർ അറിയിച്ചു. ഒരുമണിക്കൂറോളം വിശ്രമകേന്ദ്രത്തിൽ ചെലവഴിച്ചാണ് മേയർ മടങ്ങിയത്. ഇത്തരത്തിൽ ഒരു കേന്ദ്രമുള്ളത് ഉപകാരപ്രദമാണെന്നും മനസിന് സന്തോഷം നൽകുന്നതാണ് തങ്ങളുടെ ഒത്തുകൂടലെന്നും അവിടെയെത്തിയവർ മേയറെ അറിയിച്ചു.

ഈ വിശ്രമകേന്ദ്രം നിലനിർത്തുന്നതിനൊപ്പം സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികളുണ്ടാകുമെന്നും മേയർ അവരെ അറിയിച്ചു.

## പാലത്തായ് മൊയ്തുഹാജി അനുസ്മരണം

പാനൂർ: എസ്.വൈ.എസ് പാനൂർ മണ്ഡലം കമ്മിറ്റി സമസ്തയുടെ നേതാക്കളിൽ പ്രമുഖനും എസ്.വൈ.എസ് നേതാവുമായിരുന്ന പാലത്തായി മൊയ്തു ഹാജി അനുസ്മരണവും പ്രാർഥനാ സദസും സംഘടിപ്പിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് മലയമ്മ അബൂബക്കർ ബാഖവി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് റസാഖ് പാനൂർ അധ്യക്ഷനായി. സിറാജുദ്ദീൻ ദാരിമി കക്കാട്, സമീർ സഖാഫി, ഫൈസൽ മാക്കൂൽ പീടിക, ആർ അബ്ദുല്ല, അഷ്റഫ് പാലത്തായി, പൊറ്റേരി കുഞ്ഞമ്മദ് ഹാജി, വി ഫൈസൽ, സ്വാലിഹ് പെരിങ്ങത്തൂർ, കെ.വി അഹമദ്, നാസർ മുസ്ല്യാർ, മൊയ്തു മുസല്യാർ, സഹൽ പാലത്തായി, ഇബ്രാഹിം, വിളക്കോട്ടൂർ, ജംഷീർ വാഫി, പി.കെ മുസ്തഫ ഹാജി പങ്കെടുത്തു.

# ബോംബുകളുടെ ഉറവിടം കണ്ടെത്താൻ പൊലീസ്

## ആൾപാർപ്പില്ലാത്ത വീടുകളുടെ പട്ടിക തയാറാക്കി പരിശോധന

കണ്ണൂർ:ബോംബ് പൊട്ടിത്തെറിച്ച് എരഞ്ഞോളിയിൽ വയോധികൻ മരിക്കാൻ ഇടയായ സംഭവത്തിൽ അന്വേഷണം ഊർജിതമാക്കി പൊലീസ്. കണ്ണൂർ സിറ്റി പൊലീസ് കമ്മീഷണർ അജിത് കുമാറിന്റെ മേൽനോട്ടത്തിലാണ് അന്വേഷണം.തലശ്ശേരി,പാനൂർ മേഖലയിലെ ആൾ പാർപ്പില്ലാത്ത വീടുകളുടെ പട്ടിക തയാറാക്കിയാണ് അന്വേഷണം പുരോഗമിക്കുന്നത്. ബോംബ് കണ്ടെത്തുന്നതിന് ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും ഉൾപ്പെടെ ഉൾപ്പെടുത്തി പ്രത്യേക സംഘത്തെ നിയോഗിച്ച് വ്യാപകമായ പരിശോധന നടക്കും. ആദ്യ ഘട്ടത്തിൽ ആൾ പാർപ്പില്ലാത്ത വീടുകളുടെ പട്ടികയാണ് പൊലീസ് തയാറാക്കുന്നത്. ഇതിന്റെ ചുമതല സ്പെഷ്യൽ ബ്രാഞ്ചിനാണ്. ഇതു ലഭിച്ച ശേഷമായിരിക്കും തുടർനടപടി.

ബോംബ് പൊട്ടിയ സ്ഥലത്തും പരിസരങ്ങളിലും ഇന്നലെ പൊലീസ് പരിശോധന നടത്തിയിരുന്നു. തലശ്ശേരി മേഖലയിൽ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഉണ്ടാക്കിയ ബോംബാണ് പൊട്ടിയതെന്നാണ് നിഗമനം. പാനൂരിൽ ബോംബ് നിർമാണത്തിനിടെ സിപിഎം പ്രവർത്തകൻ കൊല്ലപ്പെട്ട സാഹചര്യത്തിൽ പൊലീസ് പരിശോധന ശക്തമാക്കിയതോടെ ബോംബ് നിർമിച്ച സംഘം ഉപേക്ഷിച്ചതാവാം പൊട്ടിയ ബോംബെന്ന് കരുതുന്നു. സിപിഎമ്മിന്റെ ശക്തികേന്ദ്രമായ ഇവിടെ പാർട്ടി നേതൃത്വത്തിൽ തന്നെ ബോംബ് നിർമിക്കുന്നതായുള്ള സൂചന പുറത്തുവരുന്നു. ഈ കാര്യം ഇന്നലെ ഷാഷിപറമ്പിൽ സംഭവസ്ഥലം സന്ദർശിച്ചപ്പോൾ നാട്ടുകാർ സൂചിപ്പിച്ചിരുന്നു.

കഴിഞ്ഞ ദിവസം ഉച്ചയോടെയാണ് വീട്ടിന് സമീപത്തെ പറമ്പിൽ തേങ്ങ എടുക്കാൻ പോയ വൃദ്ധൻ സ്ഫോടനത്തിൽ മരിച്ചത്. പറമ്പിൽനിന്ന് കിട്ടിയ സ്റ്റീൽ പാത്രം തുറക്കാൻ ശ്രമിക്കുന്നതിനിടയിലാണ് സ്ഫോടനം ഉണ്ടായത്. നേരത്തെയും സമാന സംഭവം കണ്ണൂരിൽ ഉണ്ടായിരുന്നു.

2015 ഡിസംബറിൽ വിറക് ശേഖരിക്കാനെത്തിയ ധർമ്മടം സാമിക്കുന്ന് വട്ടക്കലിനടുത്ത് പുതിയാണ്ടി ഹൗസിൽ എടക്കടവത്ത് വിനോദിന് ബോംബ് പൊട്ടി ദാരുണമായ അന്ത്യം സംഭവിച്ചിരുന്നു.എന്നാൽ ഈ കേസിന്റെ അന്വേഷണം എങ്ങുമെത്തിയിരുന്നില്ല. 25 വർഷം മുമ്പ് ആക്രിസാധനങ്ങൾ ശേഖരിക്കുന്നതിനിടെ കല്ലിക്കണ്ടിയിൽ നാടോടി ബാലൻ അമാവാസിക്ക് കൈകൾ നഷ്ടപ്പെട്ടിരുന്നു. ബോംബ് സ്ഫോടനത്തിൽ ചെറുവാഞ്ചേരിയിലെ അഷ്നയ്ക്ക് ഒരുകാല് നഷ്ടപ്പെട്ടിരുന്നു.

## ദേശീയപാത നിർമാണ സ്ഥലത്ത് മോഷണം

### രണ്ട് പേർക്കെതിരെ കേസ്

പുതിയതെരു: ദേശീയപാത നിർമാണ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് അഴിച്ചുവെച്ച ടിപ്പർ ലോറിയുടെ വീൽഡിസ്ക്കും 70 കിലോ കമ്പികളും മോഷ്ടിച്ച രണ്ട് തമിഴ് നാടോടി സ്ത്രീകൾക്കെതിരെ പരാതിയിൽ പൊലീസ് കേസെടുത്തു. ദേശീയപാത നിർമാണ കമ്പനി സെക്യൂരിറ്റി സൂപ്പർവൈസർ കൊല്ലം അഞ്ചൽ സ്വദേശി എസ് സാബുവിന്റെ പരാതിയിൽ തമിഴ്നാട് സേലം സ്വദേശിനികളായ പ്രഭ (58), വളർമതി (41) എന്നിവർക്കെതിരെയാണ് മോഷണ കുറ്റത്തിന് പൊലീസ് കേസെടുത്തത്. തിങ്കളാഴ്ച വൈകുന്നേരം നാലോടെയാണ് സംഭവം. പാപ്പിനിശേരി തുരുത്തിയിൽ നിർമാണ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് സൂക്ഷിച്ച സാധനങ്ങളാണ് പ്രതികൾ മോഷ്ടിച്ചുകൊണ്ടുപോയത്. പൊലീസ് അന്വേഷണം തുടങ്ങി.

## ബസ് തട്ടി രണ്ട് പേർക്ക് പരിക്ക്

മട്ടന്നൂർ: ബസ്സ്റ്റാന്റിൽ ബസ് തട്ടി വിദ്യാർഥിനിയുൾപ്പെടെ രണ്ട് പേർക്ക് പരിക്ക്. ഇന്നലെ രാവിലെയും ഉച്ചയ്ക്കുമായാണ് അപകടം. കൂടാളി ഹയർസെക്കന്ററി സ്കൂൾ 10-ാംതരം വിദ്യാർഥിനി അഷ്ടമി(15), കുമ്മാനത്തെ കമാൽ (60) എന്നിവർക്കാണ് പരിക്കേറ്റത്.

ഇരുവരുടെയും കാലിൽ ബസുകളുടെ ചക്രം കയറുകയായിരുന്നു. ഇവരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. രാവിലെ എട്ടോടെ ബസ്സ്റ്റാന്റിൽ വെച്ച് ബസിൽ കയറാൻ നിൽക്കവെയാണ് അഷ്ടമിക്ക് പരിക്കേറ്റത്. ഇരിട്ടിയിൽ നിന്ന് കണ്ണൂരിലേക്ക് പോകുന്ന ഹരിശ്രീ ബസ് തട്ടിയാണ് അപകടം. ഉച്ചയ്ക്ക് 12ഓടെയാണ് കമാലിന് പരിക്കേറ്റത്. ഇരിട്ടിയിൽ നിന്ന് തലശ്ശേരിയിലേക്ക് പോകുന്ന സോൾജിയർ ബസിന്റെ ടയർ കാലിലൂടെ കയറിയിറങ്ങുകയായിരുന്നു. ബസുകൾ സ്റ്റാന്റിൽ നിന്ന് യാത്രക്കാരെ കയറ്റാൻ പിന്നോട്ടെടുക്കവെയാണ് അപകടമുണ്ടായത്. രണ്ട് ബസുകളും മട്ടന്നൂർ പൊലീസ് കസ്റ്റഡിയിലെടുത്തു. സ്വകാര്യ ബസുകൾ അമിതവേഗതയിൽ സ്റ്റാന്റിലേക്ക് പ്രവേശിക്കുന്നതും പിന്നോട്ടെടുക്കുന്നതും യാത്രക്കാർക്ക് ഭീഷണിയാകുകയാണ്.

## കാർഷിക വൈദ്യുതി സൗജന്യ പദ്ധതി പുതുക്കുന്നു

പടന്ന+ കൃഷിഭവൻ പരിധിയിൽ വിവിധ ഇലക്ട്രിസിറ്റി സെക്ഷനുകളിൽ ഉൾപ്പെട്ട കാർഷിക വൈദ്യുതി സൗജന്യം ലഭിക്കുന്ന കർഷകർ നിശ്ചിത മാതൃകയിലുള്ള പുതിയ അപേക്ഷ, 2024-25 വർഷത്തെ നികുതി രശീതി, ആധാർ കാർഡ്, അവസാനം ലഭിച്ച വൈദ്യുതി ബില്ല് എന്നിവ സഹിതം 29നകം കൃഷിഭവനിൽ ഹാജരായി പദ്ധതി പുതുക്കണം.

## അധ്യാപക ഒഴിവ്

പരവനടുക്കം: ജി.എൽ.പി.എസ് ചെമ്മനാട് ഈസ്റ്റിൽ എൽ.പി.എസ്.എ മലയാളം തസ്തികയിൽ നിലവിലുള്ള രണ്ടു ഒഴിവുകളിലേക്ക് താത്കാലിക അധ്യാപകരെ നിയമിക്കുന്നു. ഇന്റർവ്യൂ നാളെ രാവിലെ 11 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കും. അർഹരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി കൃത്യ സമയത്ത് ഇന്റർവ്യൂവിന് ഹാജരാവണം.

>> കാസർകോട്: തെരുവത്ത് ഗവ. എൽ.പി സ്കൂളിൽ എൽ.പി വിഭാഗത്തിൽ പാർട്ട് ടൈം അറബിക് അധ്യാപക ഒഴിവുണ്ട്. കൂടിക്കാഴ്ച 21ന് 11 മണിക്ക് സ്കൂൾ ഓഫീസിൽ അസൽ സർട്ടിഫിക്കറ്റ് സഹിതം ഹാജരാകുക.

## പ്ലസ് വൺ ഇന്റർവ്യൂ ഇന്ന്

നായന്മാർമൂല: തൻബീഹുൽ ഇസ്‌ലാം ഹയർ സെക്കന്ററി സ്കൂളിലെ കമ്മ്യൂണിറ്റി ക്വാട്ടയിലേക്കുള്ള പ്ലസ് വൺ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിനുള്ള അഭിമുഖം ഇന്ന് രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ നടക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികൾ ബന്ധപ്പെട്ട രേഖകളുമായി എത്തിച്ചേരണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

# കാസർകോട് വാർത്തകൾ

# മൊഗ്രാലിൽ വീണ്ടും മഞ്ഞപ്പിത്തം പടരുന്നു

മൊഗ്രാൽ: മഴക്കാല മായാലും വേനൽക്കാലമായാലും മഞ്ഞപ്പിത്ത രോഗം പടരുന്നതിൽ നാട്ടുകാരിൽ ആശങ്ക. മൊഗ്രാലിൽ ഒരു വീട്ടിൽ ഒന്നിലധികം പേർക്ക് മഞ്ഞപ്പിത്ത രോഗലക്ഷണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൊഗ്രാൽ മുഹ്‌യുദ്ധീൻ ജുമാമസ്ജിദിന് സമീപത്തെ പത്തോളം വീടുകളിലാണ് മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതും ഒരു വീട്ടിൽ ഒന്നിലധികം പേർക്ക്. രൂക്ഷമായ വേനൽക്കാലത്ത് പോലും മൊഗ്രാൽ മീലാദ് നഗറിലും ശാഫി ജുമാമസ്ജിദ് പരിസരത്തും പത്തോളം വീടുകളിൽ മഞ്ഞപ്പിത്തം കണ്ടെത്തിയിരുന്നു. മഴക്കാലത്തും ഇത്തരത്തിൽ രോഗലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതാണ് നാട്ടുകാരെ ആശങ്കപ്പെടുത്തുന്നത്. രോഗം മറ്റുള്ള പ്രദേശങ്ങളിലേക്കും പടരാതിരിക്കാൻ ആവശ്യമായ നടപടി ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നു ണ്ടാകണമെന്ന് മൊഗ്രാൽ ദേശീയവേദി ആവശ്യപ്പെട്ടു. മഞ്ഞപ്പിത്തം പടരുന്നത് കുമ്പള സാമൂഹികാരോഗ്യ കേന്ദ്രം ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ധരിപ്പിച്ചിട്ടുണ്ടെന്ന് വാർഡ് മെമ്പർ റിയാസ് മൊഗ്രാലും മൊഗ്രാൽ ദേശീയവേദി ഭാരവാഹികളും അറിയിച്ചു.



ജില്ലാ ഭരണകൂടവും ജില്ലാ ഇൻഫർമേഷൻ ഓഫീസും അക്ഷര ലൈബ്രറിയും ചേർന്ന് ജില്ലാതല വായനാ പക്ഷാചരണം എ.ഡി.എം കെ.വി ശ്രുതി ഉദ്ഘാടനം ചെയ്യുന്നു

## വായനാപക്ഷാചരണം ജില്ലാതല ഉദ്ഘാടനം നടത്തി

കാസർകോട്: ജില്ലാ ഭരണകൂടവും ജില്ലാ ഇൻഫർമേഷൻ ഓഫീസും അക്ഷര ലൈബ്രറിയും സംയുക്തമായി സംഘടിപ്പിച്ച വായന പക്ഷാചരണത്തിന്റെയും പി.എൻ പണിക്കർ അനുസ്മരണത്തിന്റെയും ജില്ലാതല ഉദ്ഘാടനം കലക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ എ.ഡി.എം കെ.വി ശ്രുതി നിർവഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ജയ്സൺ മാത്യു അധ്യക്ഷത വഹിച്ചു. കവി ദിവാകരൻ വിഷ്ണുമംഗലം മുഖ്യപ്രഭാഷണം നടത്തി. കാസർകോട് താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഇ. ജനാർദ്ദനൻ പി.എൻ പണിക്കർ അനുസ്മരണ പ്രസംഗം നടത്തി. ശിരസ്തദാർ ആർ. രാജേഷ് വായനാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിദ്യാഭ്യാസ ഉപഡയറക്ടറുടെ ചുമതല വഹിക്കുന്ന വി. ദിനേശ വായനാദിന സന്ദേശം നൽകി. സാക്ഷരതാ മിഷൻ ജില്ലാ കോഡിനേറ്റർ എൻ ബാബു, അക്ഷര ലൈബ്രറി പ്രസിഡന്റ് ആശാലത, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം. മധുസൂദനൻ, ലൈബ്രറി സെക്രട്ടറി കെ. മുകുന്ദൻ സംസാരിച്ചു.

## വീട്ടുകിണറിൽ കുടുങ്ങിയ പെരുമ്പാമ്പിനെ രക്ഷിച്ചു



ഒളവറയിൽ വീട്ടുകിണറ്റിൽ കുടുങ്ങിയ പെരുമ്പാമ്പിനെ പുറത്തെടുക്കുന്നു

തൃക്കരിപ്പൂർ: വീട്ടുകിണറിൽ കുടുങ്ങിയ പെരുമ്പാമ്പിനെ രക്ഷപ്പെടുത്തി. ഒളവറ മുണ്ട്യയ്ക്ക് സമീപത്തെ അസം സ്വദേശികൾ താമസിക്കുന്ന വാടക വീടിന്റെ കിണറിലാണ് പെരുമ്പാമ്പ് അകപ്പെട്ടത്. കഴിഞ്ഞ ദിവസം രാത്രി വീട്ടിലെ മുറിയിൽ കണ്ടെത്തിയ പെരുമ്പാമ്പിനെ താമസക്കാർ ഓടിച്ചപ്പോൾ രക്ഷപ്പെടാനുള്ള വ്യഗ്രതയിൽ പിറകുവശത്തെ കിണറിന്റെ അടുത്തുള്ള മുറിയുടെ മുകളിലേക്ക് കയറാൻ ശ്രമിക്കവേ കിണറിലേക്ക് വഴുതി വീഴുകയായിരുന്നു. ഇന്നലെ ഉച്ചക്ക് 12 മണിയോടെ വനംവകുപ്പ് ജീവനക്കാരൻ കൊടക്കാട്ടെ സി. അനൂപ്, സഹായി പുത്തൂരിലെ കെ. ലതീഷ് എന്നിവരെത്തിയാണ് പാമ്പിനെ പിടികൂടിയത്. പിടികൂടിയ പാമ്പിന് 15 കിലോഗ്രാമോളം ഭാരമുണ്ട്.



വായനാദിനത്തോടനുബന്ധിച്ച് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് റീഡിംഗ് റൂം പ്രവർത്തനോദ്ഘാടനം നവീകരിച്ച കെട്ടിടത്തിൽ പ്രസിഡന്റ് വി.കെ ബാവ ഉദ്ഘാടനം ചെയ്യുന്നു. സെക്രട്ടറി പി. അരവിന്ദൻ അധ്യക്ഷത വഹിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഹാഷിം. എ.കെ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ സൗദ എം., ടൗൺ വാർഡ് മെമ്പർ ശശിധരൻ എം, 5-ാം വാർഡ് മെമ്പർ കാർത്ത്യായനി. കെ.വി, ലൈബ്രേറിയൻ രാജീവൻ ടി.വി സംസാരിച്ചു.



കേരള കോൺഗ്രസ് ജോസഫ് സംസ്ഥാന സെക്രട്ടറിയും യു.ഡി.എഫ് കാഞ്ഞങ്ങാട് നിയോജക മണ്ഡലം ചെയർമാനുമായ എബ്രഹാം തോണക്കരക്ക് ജില്ലാ യു.ഡി.എഫ് ചെയർമാൻ കല്ലട്ര മാഹിൻ ഹാജി, നിയോജക മണ്ഡലം യുഡിഎഫ് കൺവീനർ ബഷീർ വെള്ളിക്കോത്ത് എന്നിവർ അന്ത്യോപചാരമർപ്പിക്കുന്നു

## ബാക്കി തുക ചോദിച്ചതിന് വിദ്യാർഥിയെ വട്ടംകറക്കി; ബസ് കണ്ടക്ടർക്കെതിരെ പരാതി

കുമ്പള: ബാക്കി തുക ചോദിച്ചതിന് കേരള ട്രാൻസ്പോർട്ട് ബസ് കണ്ടക്ടർ പ്ലസ് വൺ വിദ്യാർഥിയെ വട്ടംകറക്കിയതായും അസഭ്യം പറഞ്ഞതായും പരാതി. കഴിഞ്ഞ ദിവസം ചട്ടഞ്ചാലിലേക്ക് കല്യാണചടങ്ങിൽ പങ്കെടുക്കാൻ കുമ്പളയിൽ നിന്ന് കാസർകോട്ടേക്കുള്ള ബസിൽ കയറിയ വിദ്യാർഥിയാണ് കണ്ടക്ടർക്കെതിരെ നടപടിയാവശ്യപ്പെട്ട് പരാതി നൽകിയത്. കണ്ടക്ടർക്ക് 200 രൂപയാണ് നൽകിയത്. കണ്ടക്ടർ ചില്ലറ നൽകണമെന്ന് പറഞ്ഞപ്പോൾ തന്റെ കൈവശം ഇല്ലെന്നും ബസ് പുതിയ സ്റ്റാന്റിൽ എത്തുമ്പോൾ ബാക്കി തുക നൽകിയാൽ മതിയെന്നും വിദ്യാർഥി പറഞ്ഞു. ബസ് പുതിയ സ്റ്റാന്റിൽ എത്തിയപ്പോൾ വിദ്യാർഥി ബാക്കി തുക ചോദിച്ചു. അപ്പോൾ പഴയ ബസ് സ്റ്റാന്റിൽ നൽകുമെന്നും അവിടെ എത്തിയപ്പോൾ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിൽ എത്തുമ്പോൾ നൽകുമെന്നുമാണ് കണ്ടക്ടർ അറിയിച്ചത്. വിദ്യാർഥി പണം ആവശ്യപ്പെട്ടപ്പോൾ കണ്ടക്ടർ ബാഗ് തുറന്നു കാണിച്ച് പണം ബാഗിലുണ്ടെന്നും നിനക്ക് ബാക്കി തുക നൽകാൻ മനസില്ലെന്ന് പറയുകയും വാക്കുതർക്കത്തിനിടെ അസഭ്യം പറയുകയും ചെയ്തുവെന്നാണ് പരാതി. ഇതു സംബന്ധിച്ച് കെ.എസ്.ആർ.ടി.സി അധികൃതർക്ക് പരാതി നൽകിയിരിക്കുകയാണ്. ട്രാൻസ്പോർട്ട് മന്ത്രി അടക്കമുള്ളവർക്ക് പരാതി നൽകാൻ ഒരുങ്ങുകയാണ് വിദ്യാർഥി.

# ഹൃദയത്തോട് ചേർത്ത് ഉണ്ണിത്താന്റെ 'നന്ദി' യാത്ര



അരിയങ്കല്ലിലെ സമാപന യോഗത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി നന്ദി പറയുന്നു

തൃക്കരിപ്പൂർ: കാസർകോട് ലോകസഭ മണ്ഡലത്തിൽ നിന്ന് ഒരു ലക്ഷം വോട്ട് ഭൂരിപക്ഷം നേടി മിന്നും വിജയം നേടിയ രാജ്മോഹൻ ഉണ്ണിത്താൻ എം.പിയുടെ നന്ദി യാത്രക്ക് തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ മലയോര മേഖലയിൽ ആവേശകരമായ വരവേൽപ്പ്. സി.പി.എം പാർട്ടി ഗ്രാമത്തിലെ വൃദ്ധജനങ്ങളും സ്ത്രീ കളും എം.പിയെ ആവേശപൂർവം ആശീർവദിക്കാൻ വഴിയോരങ്ങളിൽ തടിച്ചുകൂടിയിരുന്നു.

രാവിലെ കോട്ടപ്പുറത്ത് നിന്ന് ഡി.സി.സി പ്രസിഡന്റ് പി.കെ ഫൈസൽ നന്ദി യാത്ര ഉദ്ഘാടനം ചെയ്തു. നിലേശ്വരം മുനിസിപ്പൽ യു.ഡി.എഫ് ചെയർമാൻ ഇഎം കുട്ടി ഹാജി അധ്യക്ഷത വഹിച്ചു. കൺവീനർ മടിയൻ ഉണ്ണികൃഷ്ണൻ സ്വാഗതം പറഞ്ഞു.

മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം വി.കെ.പി ഹമീദലി, ജില്ലാ സെക്രട്ടറി എ.ജി.സി ബഷീർ, ഡി.സി.സി ജനറൽ സെക്രട്ടറി കെ.പി പ്രകാശൻ, മണ്ഡലം യു.ഡി.എഫ് കൺവീനർ പി. കുഞ്ഞിക്കണ്ണൻ,

മുസ്‌ലിം ലീഗ് മണ്ഡലം ജനറൽ സെക്രട്ടറി സത്താർ വടക്കുമ്പാട്, വൈസ് പ്രസിഡന്റ് റഫീഖ് കോട്ടപ്പുറം, സി.എം.പി ജില്ലാ കമ്മിറ്റി അംഗം ഉമേശൻ, അഡ്വ: കെ.പി നസീർ, എറുവാട്ട് മോഹനൻ, ടി.എസ് നജീബ് പ്രസംഗിച്ചു. കാലിക്കടവ്, ചെമ്പ്ര കാനം, ചീമേനി, കുന്നുംകൈ, ഭീമനടി, ചിറ്റാരിക്കൽ എന്നിവടങ്ങളിലെ സ്വീകരണങ്ങൾക്ക് ശേഷം വെസ്റ്റ് എളേരിയിലെ അരിയങ്കല്ലിൽ സമാപിച്ചു.

സമാപന പരിപാടിയിൽ പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എ.വി ഖാദർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ. അഹമ്മദ് കുഞ്ഞി, എ.ജി.സി. ബഷീർ, പി. കുഞ്ഞിക്കണ്ണൻ, സത്താർ വടക്കുമ്പാട്, പി.കെ ലത്തീഫ്, ടി.എസ് നജീബ്, ജയറാം ചീമേനി, പി.സി ഇസ്മായിൽ, കെ.എ മൊയ്തീൻ കുഞ്ഞി, റൈഹാനത്ത് ടീച്ചർ, ടി.വി കുഞ്ഞിരാമൻ പ്രസംഗിച്ചു.

## മുസ്‌ലിംകളെ പറ്റിക്കാനുള്ള പിണറായിയുടെ ഉഡായിപ്പുകൾ സി.പി.എം വോട്ട് ബി.ജെ.പി പെട്ടിയിലെത്തിച്ചു



രാജ്മോഹൻ ഉണ്ണിത്താൻ എം.പിയുടെ നന്ദി പറയാനുള്ള കാഞ്ഞങ്ങാട് മണ്ഡല പര്യടനം ഇരിയയിൽ യു.ഡി.എഫ് തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ബഷീർ വെള്ളിക്കോത്ത് ഉദ്ഘാടനം ചെയ്യുന്നു

കാഞ്ഞങ്ങാട്: ന്യൂനപക്ഷങ്ങളെ വഞ്ചിക്കുകയും അവരുടെ അവകാശങ്ങൾ മുഴുവൻ കവർന്നെടുക്കുകയും അവരുടെ അസ്തിത്വം കവരാൻ ശ്രമിക്കുന്ന സംഘികൾക്ക് ഭരണം പണയം വെക്കുകയും ചെയ്ത പിണറായി വിജയൻ ന്യൂനപക്ഷവോട്ട് ലാക്കാക്കി നടത്തിയ ഗീർവാണങ്ങൾ സിപിഎം വോട്ടുകൾ ബിജെപി പെട്ടിയിലേ ക്കൊഴുകുന്ന അവസ്ഥയുണ്ടാക്കിയതുമെന്ന് കാഞ്ഞങ്ങാട് മണ്ഡലം യു.ഡി.എഫ് തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ബഷീർ വെള്ളിക്കോത്ത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ വൻവിജയം സമ്മാനിച്ച വോട്ടർമാർക്ക് നന്ദി പറയാൻ കാഞ്ഞങ്ങാട് മണ്ഡലത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി നടത്തിയ പര്യടനം ഇരിയയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കെ കുഞ്ഞിരാമൻ അധ്യക്ഷനായി. പി.വി സുരേഷ്, രാജു കട്ടക്കയം, കൂക്കൾ ബാലകൃഷ്ണൻ, സി.കെ റഹ്മത്തുള്ള, പി.എം ഫാറൂഖ്, സി.വി ഭാവനൻ, അബ്ദുറഹ്മാൻ പാറപ്പള്ളി, മധു, സോമിമാത്യു, രാജ്മോഹൻ ഉണ്ണിത്താൻ പ്രസംഗിച്ചു.



നീറ്റ് പ്രവേശന പരീക്ഷയിൽ റാങ്ക് നേടിയ ഖദീജത്ത് നസ്‌ലക്ക് ഇശൽ പടിഞ്ഞാറിന്റെ ഉപഹാരം കണ്ണൂർ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. ഖാദർ മാങ്ങാട് സമ്മാനിക്കുന്നു

## ഉന്നതവിജയികൾക്ക് ഉദുമ പഞ്ചായത്തിന്റെ ആദരം

ഉദുമ: വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർഥികളെ ഉദുമ ഗ്രാമപഞ്ചായത്ത് ഭരണസമിതി ആദരിച്ചു. വിജയോത്സവം പഞ്ചായത്ത് പ്രസിഡന്റ് പി. ലക്ഷ്മി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.വി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷന്മാരായ ബീവി, പി. സുധാകരൻ, സൈനബ അബൂബക്കർ, പഞ്ചായത്ത് സെക്രട്ടറി അനീഷ പ്രസംഗിച്ചു. സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് നേടിയ രാഹുൽ രാഘവൻ, ഐ.ഐ.ടി.ജി അഡ്വാൻസ്ഡ് പ്രവേശന പരീക്ഷയിൽ റാങ്ക് നേടിയ അഭിനവ് രാജ്, ബാച്ചിലർ ഓഫ് ഫിസിയോ തൊറാപ്പിയിൽ ഉന്നതവിജയം നേടിയ ഡോ: സി.എച്ച് റിസ, നീറ്റ് പരീക്ഷയിൽ ഉന്നത വിജയം നേടിയ എസ്. അർച്ചന,ഖദീജത്ത് നസ്‌ല, ഫാർമസി ബിരുദ പരീക്ഷയിൽ ഉന്നതവിജയം നേടിയ പി.കെ ഫാത്തിമത്ത് സബ എന്നിവരെയാണ് ആദരിച്ചത്.



യൂത്ത് ലീഗ് വൈറ്റ് ഗാർഡ് മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വൈറ്റ് ഗാർഡ് സംഗമം മുസ്‌ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റി ട്രഷറർ പി.എം കബീർ കമ്പാർ ഉദ്ഘാടനം ചെയ്തു. യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡന്റ് ഹാരിസ് കമ്പാർ അധ്യക്ഷത വഹിച്ചു. വൈറ്റ് ഗാർഡ് കോർഡിനേറ്റർ അബ്ബാസ് മൊഗർ സ്വാഗതം പറഞ്ഞു. എം.എ നജീബ്, ഖലീൽ സിലോൺ, ഷഫീഖ് പീബീസ്, മൂസ ബാസിത്ത്, ശിഹാബ് കെ.ജെ, ഇർഫാൻ കുന്നിൽ, നൗഫൽ പുത്തൂർ, അൻസാഫ് കുന്നിൽ, അസ്ഫർ മജൽ, ഖാദർ കടവത്ത്, അമീർ മടം, പി.എച്ച് അഫ്രാസ് സംബന്ധിച്ചു.

## സൗഹൃദത്തിന് മാതൃക

# ബിജുവിന് ചികിത്സാ സഹായം സ്വരൂപിച്ച് കോയപള്ളി ജമാഅത്ത്




കോയാപ്പള്ളി ജമാഅത്ത് കമ്മിറ്റി ചികിത്സയിൽ കഴിയുന്ന ബിജു വണ്ണാർ വളപ്പിന് സ്വരൂപിച്ച സഹായധനം ജമാഅത്ത് പ്രസിഡന്റ് കെ.കെ അബ്ദുല്ല ഹാജി പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ബി സബീഷിന് കൈമാറുന്നു

കാഞ്ഞങ്ങാട്:ചികിത്സയിൽ കഴിയുന്ന ബിജുവണ്ണാർ വളപ്പിന് കോയപ്പള്ളി ജമാഅത്ത് കമ്മിറ്റിയുടെ സ്നേഹ വായ്പ്പുകൾ പങ്കുവച്ചു. ദീർഘനാളായ അസുഖം ബാധിച്ച് ചികിത്സയിൽ കഴിയുന്ന ബിജുവിന്റെ ചികിത്സ ചെലവിലെക്കായി ഭാരിച്ച തുകയാണ് വേണ്ടിവരുന്നത് അജാനൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. സബീഷ് ചെയമാനായ ചികിത്സ സഹായ കമ്മിറ്റിയാണ് നേതൃത്വം നൽകിവരുന്നത്. ബലിപെരുന്നാൾ ദിവസം പള്ളിയിലെത്തിൽ വിശ്വാസികളിൽ നിന്നും സ്വരൂപിച്ച തുക പെരുന്നാൾ പ്രമാണിച്ച് ബിജു വണ്ണാർ വളപ്പിന് കഴിയുന്നത് പിരിച്ച് നൽകാനുള്ള തീരുമാനം ജമാഅത്ത് കമ്മിറ്റികൾ കൈകൊണ്ടിരുന്നു. പള്ളി അങ്കണത്തിൽ നടന്ന ലളിതമായ ചടങ്ങിൽ കോയാപ്പള്ളി കമ്മിറ്റി പ്രസിഡന്റ് കെ.കെ അബ്ദുല്ല ഹാജി ചികിത്സ കമ്മിറ്റി ചെയർമാൻ പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ കെ.ബി സതീശന് തുക കൈമാറി. ജനറൽ സെക്രട്ടറി കെ എം അഷറഫ് ഹന്ന, ചികിത്സാ സഹായ കൺവീനർ അശോകൻ മാണിക്കോത്ത്, മാട്ടുമ്മൻ ഹസൻ, പി.എം ഹസൻ ഹാജി, ലീഗ് മൊയ്തു, കെ. കരീം സംബന്ധിച്ചു.

## കാട്ടുപന്നി ഇടിച്ച് സ്കൂട്ടർ മറിഞ്ഞു; യുവാവിന് പരിക്ക്

മുള്ളേരിയ: കാട്ടുപന്നി ഇടിച്ചതിനെ തുടർന്ന് സ്കൂട്ടർ നിയന്ത്രണംവിട്ട് മറിഞ്ഞു. അപകടത്തിൽ യുവാവിന് പരിക്കേറ്റു. ചെർക്കള പുലിക്കുണ്ട് സ്വദേശിയും മല്ലം പുഞ്ചംകോടിൽ താമസക്കാരനുമായ പി. രാഗേഷ് (35)നാണ് പരിക്കേറ്റത്. കഴിഞ്ഞ ദിവസം രാത്രി 10 മണിയോടെ അർളടുക്കം- മല്ലം റോഡിലെ ബീട്ടിയടുക്കത്താണ് അപകടമുണ്ടായത്. നിർമാണ ത്തൊഴിലാളിയായ രാഗേഷ് പണി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ റോഡിലേക്ക് ചാടിക്കയറിയ പന്നി സ്കൂട്ടറിൽ ഇടിക്കുകയായിരുന്നു. ഇതോടെ സ്കൂട്ടർ മറിയുകയും രാഗേഷിന്റെ ഇടതുകണ്ണിനും കാലിനും പരിക്കേൽക്കുകയും ചെയ്തു. രാഗേഷിനെ മംഗളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.



വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർഥികളെ ഉദുമ പഞ്ചായത്ത് ഭരണസമിതി ആദരിച്ചപ്പോൾ



പൊതാവൂർ എ.യു.പി സ്കൂളിൽ വായനദിനാചരണവും വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനവും ചന്ദ്രിക ലേഖകൻ ഫസലുറഹ്മാൻ എ.എം നിർവഹിക്കുന്നു. ഹെഡ്മിസ്ട്രസ് ഇൻ രമാ ദേവി അധ്യക്ഷത വഹിച്ചു. ദിയാലക്ഷ്മി സ്വാഗതവും പാർവതി നന്ദിയും പറഞ്ഞു. അനു ലേഖ, ആരാധ്യ എന്നീ കുട്ടികൾ അവരു ടെ രചനകൾ അവതരിപ്പിച്ചു. തുടർന്ന് ലഘുനാടകവും നൃത്താവിഷ്കാരവും അരങ്ങേറി.



എ.സി കണ്ണൻ നായർ സ്കൂളിൽ എം.ടി രക്ഷാധികാരിയായ ഓർച്ചഡ് ഇന്ത്യ ചിൽഡ്രൺസ് തിയറ്റുമായി സഹകരിച്ച് സംഘടിപ്പിച്ച വായനദിനാചരണം പ്രശസ്ത എഴുത്തുകാരൻ അംബികാസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്യുന്നു. മുൻ എം.എൽ.എ പുരുഷൻ കടലുണ്ടി മുഖ്യാതിഥിയായി. എം.ടി അക്ഷരോത്സവ വിജയികളായ വിദ്യാർത്ഥികൾക്ക് പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു. ഓർച്ചഡ് അധ്യാപാക അവാർഡ് നേടിയ എം.കെ പ്രിയ, മിനീഷ് ബാബു എന്നിവരെ ആദരിച്ചു. മികച്ച വിദ്യാലയത്തിനുള്ള ഓർച്ചിഡ് പുരസ്ക്കാരം വിദ്യാലയത്തിനു വേണ്ടി മേലാകോട്ടെ ഹെഡ്മാസ്റ്റർ കെ. അനിൽകുമാറും പിടിഎ പ്രസിഡന്റ് ജി. ജയനും ഏറ്റുവാങ്ങി. ഇരിയണ്ണി ഹൈസ്കൂളിലെ മായാമോഹനൻ, ശ്രീഹരി പി.കെ, വൈഗ, സാൻവി വെള്ളിക്കോത്ത് ഹൈസ്കൂളിലെ ശ്രേയ എസ് ബാബു, പ്രിയ എസ് ബാബു, മേലാങ്കോട്ട് ഗവ: യുപി സ്കൂളിലെ ഇഷാൻ, സൂര്യദേവ്, രാജലക്ഷ്മി എന്നിവരെ മികച്ച വായനക്കാരായി തിരഞ്ഞെടുത്തു.

## യുവാക്കൾ നാടു വിടുന്നതിനെ കുറിച്ച് സർവേ നടത്തും

കാഞ്ഞങ്ങാട്: ജോലിക്കായും പഠനത്തിനുമായി യുവാക്കൾ നാടുവിടുന്നതിനെ സംബന്ധിച്ച് രാജ്യ വ്യാപകമായി സർവേ നടത്തുമെന്ന് ജെ.സി.ഐ അഖിലേന്ത്യ സോൺ പ്രസിഡന്റ് രേകേഷ് ശർമ പത്രസമ്മേളനത്തിൽ അറിയിച്ചു. ഇതു സംബന്ധിച്ച് വരുന്ന സർവേ ഫലം അതാത് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ ഏൽപ്പിക്കും. സർവേ ഫലം വന്നാൽ ജേസീസിയുടെ നേതൃത്വത്തിൽ ഇതിന് പ്രതിവിധി നിശ്ചയിക്കും.

തൊഴിലില്ലായ്മയാണ് യുവാക്കൾ നാടുവിടാൻ കാരണമായി തീർന്നതെന്നും അതിനുള്ള പരിഹാരവും ജേസീസ് നിർദ്ദേശിക്കും. സംസ്ഥാനത്ത് അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളുടെ തൊഴിലില്ലായ്മയാണുള്ളത്. അതിനു വേണ്ടത് അവർക്ക് സ്കില്ലുകൾ വികസിപ്പിക്കുന്ന പദ്ധതികളാണ്. രാജ്യവ്യാപകമായി വോയിസ് ഓഫ് യൂത്ത് എന്ന പേരിൽ നടത്തുന്ന സർവേയുടെ ഉദ്ഘാടനം ഇന്ന് കണ്ണൂർ മയ്യിൽ ഐ.ടി.എമിൽ നടക്കും. പത്രസമ്മേളനത്തിൽ ജെ.സി.ഐ പ്രസിഡന്റ് രജീഷ് ഉദുമ, സോൺ ഡയറക്ടർ ജെസിൽ ജയൻ, മുഹമ്മദ് ജബ്റൂദ്, ഡോ. നിതാന്ത്, സോൺ വൈസ് പ്രസിഡന്റ് സംഗീത് ശിവൻ സംബന്ധിച്ചു.

## വീട്ടുമുറ്റത്ത് കെട്ടിയിട്ട വളർത്തുനായയെ കാണാതായി

മുള്ളേരിയ: വീട്ടുമുറ്റത്ത് കെട്ടിയിട്ടിരുന്ന വളർത്തു നായയെ കാണാതായി. ബേപ്പ് തോണിപ്പളളത്തെ ബി നാരായണന്റെ വളർത്തുനായയെയാണ് കഴിഞ്ഞ ദിവസം പുലർച്ചെ കാണാതായത്.

നായയെ പുലി കടിച്ചുകൊണ്ടുപോയെന്ന സംശയം ഉയർന്നതോടെ പ്രദേശത്ത് ആശങ്ക ഉടലെടുത്തു. വീട്ടുമുറ്റത്ത് ഇരുമ്പ് കേബിളിലിലാണ് നായയെ കെട്ടിയിട്ടിരുന്നത്. ഇത് പൊട്ടിച്ച് പുലി നായയെ കടിച്ചുകൊണ്ടുപോയെന്നാണ് സംശയം. വേറെ രണ്ട് നായകൾ കൂട്ടിലുണ്ട്. ഇവയുടെ നിർത്താതെയുള്ള കുര കേട്ട് നാരായണൻ ഉണർന്ന് നോക്കിയപ്പോഴാണ് നായയെ കാണാനില്ലെന്ന് വ്യക്തമായത്.

വീടിന് സമീപത്തെ ഒന്നരമീറ്ററോളം ഉയരത്തിലുള്ള മണൽ തിട്ടയിൽ നഖപ്പാടും തൊട്ടടുത്ത് കാൽപ്പാടും കണ്ടു. ഒരു വലിയ പശുവിന്റെ കുളമ്പിനോളം വലിപ്പം കാൽപ്പാടുകൾക്കുണ്ട്. വിവരമറിഞ്ഞ് റാപ്പിഡ് റെസ്പോൺസ് ടീം ഫോറസ്റ്റ് ഓഫീസർ കെ ജയകുമാരന്റെ നേതൃത്വത്തിൽ വനപാലകരെത്തി സ്ഥലത്ത് പരിശോധന നടത്തി.

കുറ്റിയടുക്കത്ത് പുലി ഇറങ്ങിയതിന്റെ വീഡിയോ രണ്ടാഴ്ച മുമ്പ് പ്രചരിക്കുകയും ചെയ്തിരുന്നു.

എന്നാൽ കണ്ടത് പുലിയല്ലെന്നും കാട്ടുപൂച്ചയെ ആയിരിക്കാമെന്നുമായിരുന്നു വനപാലകരുടെ നിലപാട്. വലിയ നായയെ കൊണ്ടുപോകാൻ കാട്ടുപൂച്ചക്ക് കഴിയില്ലെന്നിരിക്കെ പുലി ഇറങ്ങിയതാകാമെന്ന സംശയമാണ് ഇപ്പോൾ വനപാലകർക്കുള്ളത്.

## മദ്യവുമായി യുവാവ് പിടിയിൽ

കാസർകോട്: 10.8 ലിറ്റർ കർണാടക മദ്യവുമായി യുവാവിനെ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. കുംട്ടിക്കാനയിലെ സി.എച്ച് അശ്വിത് കുമാറിനെയാണ് ബദിയടുക്ക എക്സൈസ് റെയ്ഞ്ച് പ്രിവന്റീവ് ഓഫീസർ കെ. മഞ്ജു നാഥയുടെ നേതൃത്വത്തിൽ പിടികൂടിയത്. 180 മില്ലിയുടെ 60 ടെട്രാ പാക്ക് മദ്യമാണ് പിടിച്ചത്. എക്സൈസ് ഓഫീസർ പി. മനോജ്, ജോൺസൺ പോൾ, എൽ. മോഹൻ കുമാർ, എൻ. ജനാർദ്ദന, വനിതാ ഓഫീസർ പി. ഷമ്യ പരിശോധക സംഘത്തിലുണ്ടായിരുന്നു.

## വിദ്യാഭ്യാസ പുരസ്കാര സമർപ്പണം

വിയ്യൂർ: സർവ്വീസ് സഹകരണ ബാങ്കിന്റെ ചികിത്സാ സഹായ വിതരണം, വിദ്യാഭ്യാസ പ്രോത്സാഹന ക്യാഷ് അവാർഡ് വിതരണം എന്നിവയുടെ ഉദ്ഘാടനം സനീഷ്കുമാർ ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ബാങ്ക് പ്രസിഡന്റ് കെ.ആർ.ചന്ദ്രന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പ്രസിഡന്റ് എം.എസ്.ശിവരാമകൃഷ്ണൻ, തൃശൂർ ജില്ലാ ഫാർമേഴ്സ് സഹകരണ സംഘം പ്രസിഡന്റ് എ.പ്രസാദ്, ബാങ്ക് മുൻ പ്രസിഡന്റ് എ.കെ.രാധാകൃഷ്ണൻ, തൃശൂർ കോർപ്പറേഷൻ കൗൺസിലർമാരായ എൻ.എ ഗോപകുമാർ, രന്യ ബൈജു, അഡ്വ.വില്ലി ജിജോ ബാങ്ക് വൈസ് പ്രസിഡന്റ് പി.പി.മോഹനൻ, ബാങ്ക് മുൻ പ്രസിഡന്റ് കെ.പി.ബേബി എന്നിവർ സംസാരിച്ചു.



വിയ്യൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ചികിത്സാസഹായ - വിദ്യാഭ്യാസ പുരസ്കാരവിതരണം സനീഷ്കുമാർ ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## ഡി.സി.സി അറിയിപ്പ്

തൃശൂർ: ഉപതിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വാർഡ്, ബ്ലോക്ക് ഡിവിഷനുകളിലേക്ക് തിരഞ്ഞെടുപ്പ് മേൽനോട്ടത്തിനായി പാവറട്ടി ഗ്രാമപഞ്ചായത്ത് - പി.എ മാധവൻ, സുനിൽ അന്തിക്കാട്,മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് - അനിൽ അക്കര, രാജേന്ദ്രൻ അരങ്ങത്ത്, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് - എം.പി ജാക്സൺ, കെ.ബി ശശികുമാർ എന്നിവർക്ക് നൽകിയതായി ഡി.സി.സി പ്രസിഡന്റ് വി.കെ ശ്രീകണ്ഠൻ എം.പി അറിയിച്ചു.

# തൃശൂർ വാർത്തകൾ

# വോട്ടർമാരോട് നന്ദി പറഞ്ഞ് ബെന്നി ബെഹനാൻ എംപി

കയ്പമംഗലം: ലോക സഭാ തെരെഞ്ഞെടുപ്പിൽ യു.ഡി.എഫിന്ന് വോട്ട് ചെയ്ത വോട്ടർമാരോട് നന്ദി പറഞ്ഞ് ബെന്നി ബെഹനാൻ എംപി.

കയ്പ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട് പഞ്ചായത്തിലെ അഴിക്കോട് ജെട്ടിയിൽ നിന്നും തുറന്ന വാഹനത്തിൽ എത്തിയാണ് ജനങ്ങളോട് നന്ദി പറഞ്ഞത്.

എറിയാട്, എടവിലങ്ങ്, എസ്.എൻ പുരം, മതിലകം,പെരിഞ്ഞനം, മതിലകം, കയ്പമംഗലം, എടത്തിരുത്തി പഞ്ചായത്തുകളിലെ പ്രധാന സെന്ററുകളിലൈത്തിയെ ബെന്നി ബെഹനാന് ഊഷ്മളമായ സ്വീകരണമാണ് യൂ.ഡി.എഫ് പ്രവർത്തകർ നൽകിയത്.

ടി.എം നാസർ, എസ്.എ സിദ്ധിഖ്, സി.എസ് രവീന്ദ്രൻ,പി.ബി മൊയ്തു, സുനിൽ മേനോൻ തുടങ്ങിയ യു.ഡി.എഫ് നേതാക്കളുടെ നേതൃത്വത്തിലാണ് സ്വീകരണ പരിപാടികൾ നടന്നത്.



കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട് അഴീക്കോട് ജെട്ടിയിൽ വോട്ടർമാരോട് നന്ദിപറഞ്ഞ് ബെന്നി ബെഹനാൻ എംപി സംസാരിക്കുന്നു



കോടമുക്ക് എ എം എൽ പി സ്കൂളിൽ സംഘടിപ്പിച്ച വായനാവാരാചരണം എഴുത്തുകാരൻ ഷിബിൻ ചെമ്പരത്തി ഉദ്ഘാടനം ചെയ്യുന്നു

## വായനാ വാരാചരണത്തിന് തുടക്കമായി

പാവറട്ടി: വായനാവാരാചരണത്തിന് തുടക്കമായി. പി.എൻ പണിക്കരുടെ സ്മരണ നിലനിർത്തിക്കൊണ്ട് കോടമുക്ക് എ എം.എൽ പി സ്കൂളിലാണ് വ്യത്യസ്തമായ പരിപാടികളോടെ വായനാ വാരാഘോഷം തുടങ്ങിയത്. കുട്ടികളും അമ്മമാരും ഒരുമിച്ചിരുന്ന് വായിക്കുന്ന 'അമ്മയും കുഞ്ഞും വായനയ്ക്ക്' എന്ന പരിപാടിയും വായനാ ദിനത്തിൽ തുടക്കമിട്ടു. അക്ഷരമരം ഒരുക്കൽ, ഗ്രന്ഥശാലാ സന്ദർശനം, പോസ്റ്റർ നിർമ്മാണം, പുസ്തക പ്രദർശനം ക്വിസ് മത്സരം, വായനാ മത്സരം തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങളും വായനാ വാരത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. വായനാ വാരത്തിന്റെ ഉദ്ഘാടനം പ്രശസ്ത എഴുത്തുകാരൻ ഷിബിൻ ചെമ്പരത്തി നിർവ്വഹിച്ചു. മദർപി.ടി.എ പ്രസിഡന്റ് ജാഷിന ഫജറുദ്ദീൻ അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപകൻ ടി.യു ജെയ്സൺ, ഓ എസ് എ പ്രസിഡന്റ് ശശിധരൻ ചാത്തച്ചാട്ടിൽ ., അനു വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

## എഴുത്തുകാർ രചനകളിലൂടെ സംവദിക്കും: സച്ചിദാനന്ദൻ

വെള്ളാനിക്കര: വിഖ്യാതരായ എഴുത്തുകാർ തങ്ങളുടെ രചനകളിലൂടെ തലമുറകളോട് നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുമെന്ന് കവി സച്ചിദാനന്ദൻ പറഞ്ഞു. കേരള കാർഷിക സർവ്വകലാശാലയുടെ വായനാവാരാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ദു:ഖിതരും പീഡിതരുമായ മനുഷ്യരെ നല്ല പുസ്തകങ്ങൾ എന്നും ചേർത്തുപിടിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേന്ദ്ര ഗ്രന്ഥശാലയും, കാർഷിക കോളേജും, റീഡേഴ്സ് ഫോറവും സംയുക്തമായി കേന്ദ്ര ഗ്രന്ഥശാല സെമിനാർ ഹാളിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ കാർഷിക സർവ്വകലാശാല രജിസ്ട്രാർ, ഡോ. സക്കീർഹുസൈൻ അദ്ധ്യക്ഷത വഹിച്ചു. കാർഷിക കോളേജ് വെള്ളാനിക്കര ഡീൻ, ഡോ. കെ. സുരേന്ദ്രഗോപാൽ മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ലൈബ്രേറിയൻ കെ.വി. അൽഫോൺസ പി.എൻ. പണിക്കർ അനുസ്മരണം നിർവ്വഹിച്ചു. കേന്ദ്ര ഗ്രന്ഥശാല ലൈബ്രേറിയൻ എസ്. ശ്രീകുമാരൻ, അസിസ്റ്റന്റ് ലൈബ്രേറിയൻ ഡോ. വി.എസ്. സ്വപ്ന, കുമാരി. അനുപമ അനിൽകുമാർ, കുമാരി. ശ്രീലക്ഷമി എന്നിവർ പ്രസംഗിച്ചു.



എസ്.എൻ പുരം എം എ ആർ എം ഗവൺമെന്റ് ഹയർ സെക്കൻഡറി വിദ്യാലയത്തിലെ എൻഎസ്എസ് യൂണിറ്റ് രൂപീകരിച്ച ഗാന്ധി സ്മൃതി തുറന്ന വായനശാലയുടെ ഉദ്ഘാടനം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ നൗഷാദ് പി എ നിർവ്വഹിക്കുന്നു



സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'സേഫ് കേരള' ഇൻസ്പെക്ഷൻ പദ്ധതിയുടെ ഭാഗമായി എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ തട്ടുകടകളിൽ ആരോഗ്യ വകുപ്പ് പരിശോധന നടത്തുന്നു

## ഭക്ഷണശാലകളിൽ പരിശോധന

ചെന്ത്രാപ്പിന്നി: സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'സേഫ് കേരള' ഇൻസ്പെക്ഷൻ പദ്ധതിയുടെ ഭാഗമായി എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ തട്ടുകടകൾ ഉൾപ്പെടെയുള്ള ഭക്ഷണശാലകളിൽ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധന. പരിശോധനയിൽ ലൈസൻസ് ഇല്ലാത്ത മൂന്നും, കുടിവെള്ള പരിശോധന ഫലമില്ലാത്തതും, ശുചിത്വമില്ലാത്തതുമായ അഞ്ച് വീതം ഭക്ഷണശാലകളും കണ്ടെത്തി.

ഹെൽത്ത്കാർഡ് ഇല്ലാത്ത മൂന്ന് പേരേയും കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണശാലകൾക്ക് ഇവ പരിഹരിക്കാൻ കർശനമായ നിർദ്ദേശവും നൽകി.രണ്ട് ഭക്ഷണശാലകൾക്ക് നോട്ടീസും നൽകിയിട്ടുണ്ട്. ചാമക്കാല കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ സി. എസ് അനീഷ്, എം. ബി ബിനോയ്, ആർ. കൃഷ്ണകുമാർ, വി. എം. ലിനി തുടങ്ങിയവർ പരിശോധനകൾക്ക് നേതൃത്വം നൽകി. ലൈസൻസ്, കുടിവെള്ള പരിശോധന റിപ്പോർട്ട്, ഹെൽത്ത് കാർഡ്, ശുചിത്വ മാനദണ്ഡങ്ങൾ തുടങ്ങിയവ ഉറപ്പു വരുത്തുവാൻ തുടർന്നും പരിശോധനകൾ നടത്തുമെന്ന് പഞ്ചായത്ത് സെക്രട്ടറി ടി. ബിനോയ് അറിയിച്ചു.

## സാഹിത്യ പരിഷത്ത് ഏകദിന സാഹിത്യ സദസ്സ് നാട്ടികയിൽ 22ന്

തൃപ്രയാർ: സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ തൃപ്രയാറിലെ 'അക്ഷരംപ്രതി' വായനാ കൂട്ടായ്മയുടെ സഹകരണത്തോടെ 22 ന് ശനിയാഴ്ച ഏകദിന സാഹിത്യസദസ്സ് സംഘടിപ്പിക്കും. നാട്ടിക ശ്രീനാരായണ ഹാളിൽ രാവിലെ 9.30 മുതൽ ആരംഭിക്കുന്ന സാഹിത്യ സദസ് സാഹിത്യകാരൻ സി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

നിരൂപകൻ ബാലചന്ദ്രൻ വടക്കേടത്ത് അധ്യക്ഷത വഹിക്കും. മാനസി മുഖ്യ പ്രഭാഷണം നടത്തും ഡോ.നെടുമുടി ഹരികുമാർ ആമുഖ പ്രസംഗം നടത്തും. 11മുതൽ 'ഭാഷാ വ്യവഹാരങ്ങളും സാഹിത്യ നിർമ്മിതിയും' എന്ന വിഷയത്തിൽ സെമിനാറുകൾ ആരംഭിക്കും . ആദ്യസെമിനാറിൽ കെ.ഏ സെബാസ്റ്റ്യൻ അധ്യക്ഷത വഹിക്കും. പി.എഫ്. മാത്യൂസ്, കെ. രഘുനാഥൻ, പി.എൻ. ഗോപീകൃഷ്ണൻ, വി.ജി തമ്പി,സമരൻ തറയിൽ, കെ. ജി. ശേഖരൻ എന്നിവർ സംസാരിക്കും.

ഉച്ചയ്ക്ക് ഒന്നിന് നടക്കുന്ന സെമിനാറിൽ ശ്രീമൂലനഗരം മോഹൻ അധ്യക്ഷത വഹിക്കും എ.കെ.ഹരികുമാർ , പി.ജെ.ജെ. ആന്റണി, എം എൻ വിനയകുമാർ, എം അബ്ദുൾ ഹമീദ്, ജോജി ചന്ദ്രശേഖരൻ, കെ.വി. ഉണ്ണിക്കൃഷ്ണൻ എന്നിവർ സംസാരിക്കും. ഉച്ചതിരിഞ്ഞ് 3. 30ന് 'കവിതമഴ' ആരംഭിക്കും. കവിയും ഗാനരചയിതാവുമായ ആർ. കെ. ദാമാദരൻ അധ്യക്ഷത വഹിക്കും.

കവികളായ പത്മദാസ്, എം.എസ് ബനേഷ്, ശ്രീലതാ വർമ്മ, വർഗ്ഗീസ്സാന്റണി, അഗസ്റ്റിൻ കുട്ടനെല്ലൂർ, കെ.ദിനേശ് രാജാ, ഷാജിതാസലിം,തീർത്ഥാവിവേക് എന്നിവർ കവിതകൾ അവതരിപ്പിക്കും.

വൈകിട്ട് 4.30 ന് നടത്തുന്ന മൂന്നാമത് സെമിനാറിൽ ഡോ.പി.വി. കൃഷ്ണൻ നായർ അധ്യക്ഷത വഹിക്കും. ഫ്രാൻസിസ് നൊറോണ, വി.എം .വിനയകുമാർ, ഡോ. എം. കൃഷ്ണൻ നമ്പൂതിരി ലാൽ കച്ചില്ലം ,ബക്കർ മേത്തല എന്നിവർ സംസാരിക്കും

5.30 ന് 'സാഹിത്യവും സമൂഹവും' എന്ന വിഷയത്തെക്കുറിച്ച് സിപ്പി പള്ളിപ്പുറം നടത്തുന്ന പ്രഭാഷണത്തോടെ സാഹിത്യസദസ്സ് സമാപിക്കുമെന്ന് സമസ്ത കേരള സാഹിത്യ പരിഷത്ത് വൈസ് പ്രസിഡന്റ് ബാലചന്ദ്രൻ വടക്കേടത്ത് അറിയിച്ചു.

## അന്തർദേശീയ യോഗ ദിനാചരണം

തൃശൂർ: യോഗ അസോസിയേഷൻ ഓഫ് തൃശൂരിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും സംയുക്താഭിമുഖ്യത്തിൽ നാളെ അന്തർദേശീയ യോഗ ദിനാചരണം നടത്തുമെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു. രാവിലെ 10.30ന് വികെ എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടി സിനിമാതാരം സംയുക്താവർമ്മ ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന യോഗാ പ്രദർശനത്തിൽ ജില്ലയിലെ 16 സ്ക്കൂളുകളിൽ നിന്നും മാറ്റു യോഗാ സ്ഥാപനങ്ങളിൽ നിന്നുമായി 500 പേർ പങ്കെടുക്കും.

പത്രസമ്മേളനത്തിൽ തൃശൂർ യോഗ അസോസിയേഷൻ സെക്രട്ടറി എം വി പ്രശാന്ത്, അശോകൻ പന്തല്ലൂർ, പി ബി രമാദേവി, ബാബു കുമാരൻ കെ, ബിനിത പ്രദീപ് എന്നിവർ പങ്കെടുത്തു.

## വായനാദിനത്തിൽ ഗാന്ധിസ്മൃതി തുറന്ന വായനശാലയുമായി എൻ എസ് എസ് വളണ്ടിയേഴ്സ്

എസ്.എൻ പുരം: എം എ ആർ എം ഗവൺമെൻറ് ഹയർ സെക്കൻഡറി വിദ്യാലയത്തിലെ എൻഎസ്എസ് യൂണിറ്റ് രൂപീകരിച്ച ഗാന്ധി സ്മൃതി തുറന്ന വായനശാലയുടെ ഉദ്ഘാടനം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ നൗഷാദ് പി എ നിർവ്വഹിച്ചു. സ്കൂളിലെ ചെറിയ ഇടവേളകളിൽ പോലും എളുപ്പത്തിൽ വായന സാധ്യമാക്കിക്കൊണ്ട് വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുക എന്നതാണ് തുറന്ന വായനശാലയുടെ ലക്ഷ്യം. പിടിഎ പ്രസിഡണ്ട് അബ്ദുൽ കലാം പി എം അധ്യക്ഷനായ ചടങ്ങിൽ പ്രിൻസിപ്പൽ സുനിൽ എ ജി സ്വാഗതവും പ്രോഗ്രാം ഓഫീസർ സീമ എലിസബത്ത് പദ്ധതി വിശദീകരണവും നൽകി. എസ് എം ഡി സി ചെയർമാൻ സൽമത്ത് ടീച്ചർ , ജ്യോതി ടീച്ചർ , നിഷ ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു.

## അണ്ടത്തോട് ഓട്ടോറിക്ഷക്ക് പിറകിൽ കാറിടിച്ച് മൂന്ന് പേർക്ക് പരിക്ക്

അണ്ടത്തോട്: ചാവക്കാട് പൊന്നാനി ദേശീയപാതയിൽ അണ്ടത്തോട് സെന്ററിൽ ഓട്ടോറിക്ഷക്ക് പിറകിൽ കാറിടിക്കുകയും ഇടിയുടെ ആഘാതത്തിൽ ഓട്ടോറിക്ഷ കാറിലും സ്കൂട്ടറിലും ഇടിച്ച് അപകടം.

അപകടത്തിൽ പരിക്കേറ്റ ഓട്ടോറിക്ഷ ഡ്രൈവർ പാലപ്പെട്ടി കാപ്പിരിക്കാട് സ്വദേശി കണ്ണാത്ത് കബീർ (52), ഓട്ടോയിലെ യാത്രക്കാരൻ അണ്ടത്തോട് തങ്ങൾപടി സ്വദേശി ആറ്റകോയ തങ്ങൾ, കാർ ഡ്രൈവർ പൊന്നാനി സ്വദേശി മാങ്കൂട്ടിൽ ഹരികുമാർ (66) എന്നിവരെ അകലാട് മൂന്നൈനി വി.കെയർ ആംബുലൻസ് പ്രവർത്തകർ ചാവക്കാട് ഹയാത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## വ്യാജ പ്രചരണത്തിനെതിരെ പരാതി നൽകി

വാടാനപ്പള്ളി: അപകീർത്തിപ്പെടുത്തുന്ന വീഡിയോ പ്രചരണത്തിനെതിരെ മണലൂർ ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് കെ.എസ് ദീപൻ മാസ്റ്റർ വാടാനപ്പിള്ളി പോലീസിൽ പരാതി നൽകി. എസ്.എൻ.ഡി.പി യോഗം നാട്ടിക യൂണിയൻ കൗൺസിൽ യോഗത്തിൽ തന്റെ അധ്യാപക ജീവിതത്തിൽ നിന്നും വിരമിച്ചതിന്റെ ഭാഗമായി മധുരം വിതരണം ചെയ്ത വീഡിയോ ദൃശ്യത്തെ തന്നെയും ശ്രീനാരായണീയരെയും എസ്എൻഡിപി യോഗത്തെയും സമൂഹമധ്യത്തിൽ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ മോർഫിംഗ് നടത്തിയെന്നാണ് പരാതി.



മന്ദലാംകുന്ന് മഹല്ല് കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന ഒളി ഹിയത്ത് ഇറച്ചി വിതരണം

## വുളുഹിയത്ത് കർമം നടത്തി

അണ്ടത്തോട്:മന്നലാംകുന്ന് ജുമാഅത്ത് പള്ളി കമ്മിറ്റിയുടെ നേതൃത്വത്തിൽ വലിയ പെരുന്നാളിനോടാനുബന്ധിച്ചു ഒളിഹിയത്ത് കർമ്മം നടത്തി.മഹല്ലിലെ ആയിരത്തോളം വീടുകൾക്ക് ഒളിഹിയത്ത് കിറ്റ് നൽകി. മഹല്ല് പ്രസിഡണ്ട് എം അലാവുദ്ദീൻ ഉദ്ഘാടനം ചെയ്തു. എം എ ഹനീഫ അധ്യക്ഷത വഹിച്ചു.

സെക്രട്ടറി കെ കെ ഇസ്മായിൽ, ആരിഫ് കരിയാടൻ, ട്രഷറർ സുലൈമാൻ ഹാജി,കെ എം സൈതാലി, ടി കെ കാദർ,വി കെ ഇർഷാദ്, ടി കെ ഹുസൈൻ,സുൽത്താൻ കാട്ടിപുരക്കൽ, കബീർ കിഴക്കൂട്ട്, കെ കെ അക്ബർ,അലികുട്ടി, ആദിൽ,കെ എ നവാസ്, സൈനുദ്ധീൻ എം സി, ഷുക്കൂർ കരിയാടൻ,ഫയാള്,കബീർ, ബദറു,എന്നിവർ നേതൃത്വം നൽകി.



ഇരട്ടപ്പുഴ ജിഎൽപി സ്കൂളിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ പഞ്ചായത്ത് പ്രസിഡന്റ് സാലിഹ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ശുഭ ജയന് നൽകി ഉദ്ഘാടനം ചെയ്യുന്നു

## മാസ്റ്റർ പ്ലാൻ പ്രകാശനം

ഇരട്ടപ്പുഴ: ജിഎൽപി സ്കൂളിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനവും വായനമാസാചരണോദ്ഘാടനവും നടന്നു.

പിടിഎ പ്രസിഡന്റ് ദിലീപ് അമ്പലപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എച്ച്.എം ബിനിത ടീച്ചർ സ്വാഗതവും, അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനം ഉദ്ഘാടനം കടപ്പുറം പഞ്ചായത്ത് പ്രസിഡന്റ് സാലിഹ, വിദിഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശുഭ ജയന് നൽകി നിർവഹിച്ചു, വായനമാസാചരണോദ്ഘാടനം പ്രശസ്ത കവി മൊയ്നുദ്ധീൻ അഞ്ചങ്ങാടി നിർവഹിച്ചു. പരിപാടിയിൽ എംപിടിഎ പ്രസിഡന്റ് രേഷ്മ ആശംസകൾ പറഞ്ഞു ആൻസി ടീച്ചർ നന്ദിയും പറഞ്ഞു

## വായനാ മാസാചരണം

പുല്ലൂറ്റ്: വി കെ രാജൻ മെമ്മോറിയൽ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിൽ വായനാ മാസാചരണത്തിന് തുടക്കം കുറിച്ചു. പ്രശസ്ത കവി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പിടി എ പ്രസിഡന്റ് ടി എ നൗഷാദ് അദ്ധ്യക്ഷത വഹിച്ചു. പ്രധാന അദ്ധ്യാപിക പി പി മണി, ഹയർ സെക്കന്ററി പ്രിൻസിപ്പൽ ഇൻ ചാർജ് എ രാജലക്ഷ്മി, പി എം ജയശ്രീ, ആർ ലക്ഷ്മി, വി എസ് സിജി, കുമാരി. അമൃത എന്നിവർ പ്രസംഗിച്ചു.



മതിലകം ബ്ലോക്ക് പഞ്ചായത്ത് ജലബജറ്റ് കരട് അവതരണം പ്രസിഡന്റ് സി.കെ.ഗിരിജ ഉദ്ഘാടനം ചെയ്യുന്നു

## ജലബജറ്റ് കരട് അവതരണം

മതിലകം: ജലദൗർലഭ്യം നേരിടുന്ന മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ വിനിയോഗവും ശുദ്ധജല സ്രോതസ്സുകളുടെ സംരക്ഷണത്തിനുതകുന്ന പദ്ധതികളും ലക്ഷ്യമാക്കി നവകേരളം കർമ്മ പദ്ധതി 2 തയ്യാറാക്കിയ മതിലകം ബ്ലോക്ക് പഞ്ചായത്ത് ജല ബജറ്റ് കരട് അവതരണം നടന്നു. മതിലകം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ചു നടന്ന പരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ.ഗിരിജ ഉദ്ഘാടനം ചെയ്തു.

നവകേരളം കർമ്മപദ്ധതി ജില്ലാ കോ-ഓർഡിനേറ്റർ സി.ദിദിക കരട് റിപ്പോർട്ട് അവതരണം നടത്തി. മതിലകം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സാങ്കേതിക സമിതി അംഗങ്ങൾ, ജനപ്രതിനിധികൾ, ഗ്രാമ പഞ്ചായത്ത് തല നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ. മധുരാജ് സ്വാഗതവും ജോയിന്റ് ബി ഡി ഒ സനിൽ കുമാർ കെ.കെ. നന്ദിയും പറഞ്ഞു.



പുസ്തകപ്പുരയ്ക്ക് വേണ്ടി പ്രൊഫ. ഉഷാകുമാരി ടീച്ചറെ ഡോ. ധർമരാജ് അടാട്ട് ആദരിക്കുന്നു



പുസ്തകപ്പുരയ്ക്കു വേണ്ടി കൗമുദി അരവിന്ദനെ നോവലിസ്റ്റ് ലിസി ആദരിക്കുന്നു

## വായനാദിനത്തിൽ എഴുത്തുകാരെ ആദരിച്ചു

തൃശൂർ:സാംസ്കാരിക രംഗത്തെ സ്ത്രീപക്ഷജാഗ്രതയുടെ വക്താവാണ് ഉഷാകുമാരി ടീച്ചറെന്ന് മുൻ വൈസ് ചാൻസലർ ധർമ്മരാജ് അടാട്ട് അഭിപ്രായപ്പെട്ടു. പുസ്തകപ്പുരയ്ക്കു വേണ്ടി ടീച്ചറെ വീട്ടിലെത്തി ആദരിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനത്തിലൂടെ അരനൂറ്റാണ്ടു മുൻപു പൊതുരംഗത്തു വരികയും പ്രസിദ്ധീകരണ രംഗത്തെ അതിശക്തമായ പെൺകൂട്ടായ്മയായ സമതയെ പടുത്തുയർത്തുകയും ചെയ്യുക വഴി സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി മാതൃകാപരമായ പ്രവർത്തനം കാഴ്ച്ച വെച്ചയാളാണ്

ഉഷാകുമാരി ടീച്ചർ. പുസ്തകപ്പുര കോ- ഓർഡിനേറ്റർ ഡോ. ബീന.കെ.ആർ.അദ്ധ്യക്ഷയായി. വിജേഷ് എടക്കുന്നി, ശ്രുതി. കെ.എസ്, ടി.ജി.അജിത, കെ.കൃഷ്ണകുമാരി. കെ.ആർ.മുരളി, കെ.കെ.രവീന്ദ്രൻ,പി.എസ്.നാരായണൻകുട്ടി തുടങ്ങിയവർ പങ്കെടുത്തു.

മികച്ച വായനക്കാരെ ആദരിക്കുക വഴി എഴുത്തുകാരും അവരുടെ പുസ്തകങ്ങളുമാണ് ആദരിക്കപ്പെടുന്നതെന്ന് പ്രശസ്ത നോവലിസ്റ്റ് ലിസി അഭിപ്രായപ്പെട്ടു. പുസ്തകങ്ങളുടെയും എഴുത്തുകാരുടെയും നില നില്പുതന്നെ വായനക്കാരാണ്.

വായനദിനത്തിൽ മികച്ച വായനക്കാരിയായ കൗമുദി അരവിന്ദനെ പുസ്തകവും പൊന്നാടയും നൽകി ആദരിച്ചുകൊണ്ടു സംസാരിക്കുകയായിരുന്നു അവർ. അന്തരിച്ച പ്രശസ്ത സംവിധായകൻ അരവിന്റെ സഹധർമ്മിണിയാണ് കൗമുദി അരവിന്ദൻ.

അയ്യന്തോൾ ചുങ്കത്തെ വീട്ടിൽ വെച്ചു നടന്ന ചടങ്ങിൽ പുസ്തകപ്പുര ചെയർമാൻ ഡോ.എൻ.ആർ.ഗ്രാമപ്രകാശ് അദ്ധ്യക്ഷനായി.ഭാരതീയ വിദ്യാഭവൻ പ്രിൻസിപ്പാൾ ഡോ.വി.ബിന്ദു, അഡ്വ.സി.മോഹനചന്ദ്രൻ, ഡോ. ബീന.കെ.ആർ, രത്നവല്ലി എന്നിവർ പങ്കെടുത്തു. 25 വർഷമായി ട്രെയിൻ യാത്രക്കാർക്കിടയിലും ഓഫീസുകളിലും പുസ്തക വില്പന നടത്തി ഉപജീവനം നടത്തുന്ന റഫീഖ് കെ.ജെ.യെ പുസ്തകപ്പുര ചെയർമാൻ ഡോ.എൻ.ആർ.ഗ്രാമപ്രകാശ് പൊന്നാട അണിയിച്ച് ആദരിച്ചു. കഥാകൃത്ത് നന്ദകിഷോർ അധ്യക്ഷത വഹിച്ചു.



നാഷണൽ ഹ്യൂമൻ റൈറ്റ്സ് ആന്റി കറപ്ഷൻ ഫോഴ്സ് എൻഎച്ച്ആർഎസിഎഫ് മനുഷ്യവകാശ സംഘടന തൃശ്ശൂർ ജില്ല അംഗങ്ങൾ കുവൈത്തിൽ തീപിടുത്തത്തിൽ മരണമടഞ്ഞ ചാവക്കാട് തെക്കൻ പാലയൂർ സ്വദേശി ബിനോയ് തോമസിന്റെ കുടുംബത്തെ സെക്രട്ടറിയേറ്റ് മെമ്പർ എംപി റീജ സംസ്ഥാന മീഡിയ കോഡിനേറ്റർ മഹമൂദ, ശിവൻ, പ്രസിഡന്റ് പ്രദീപ് സംവേദിക, ഷിബു, വേണു, ചന്ദ്രബോസ് എന്നിവർ സന്ദർശിച്ചപ്പോൾ

## വടംവലി, പോസ്റ്റർ രചന മത്സരം

ആലപ്പുഴ: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജില്ല സാമൂഹ്യ നീതി ഓഫീസ് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. ജൂൺ 25ന് ഉച്ചയ്ക്ക് രണ്ട് മുതൽ കോളജ് വിദ്യാർഥികൾക്കായി സൗഹൃദ വടംവലി മത്സരവും 26 ന് ഉച്ചയ്ക്ക് രണ്ട് മുതൽ 17 നും 21നും ഇടയിൽ പ്രായമുള്ളവർക്കായി ലഹരി രഹിത ജീവിതം, നിത്യ ഹരിത ജീവിതം എന്ന വിഷയത്തിൽ പോസ്റ്റർ രചന മത്സരവും നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കുന്നവർ ജൂൺ 23ന് പകൽ മൂന്നിനകം പേര് വിവരങ്ങൾ dswoalpy@gmail.com എന്ന വിലാസത്തിൽ മെയിൽ ചെയ്യണം. വടംവലി മത്സരത്തിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന നാല് ടീമുകൾക്ക് മാത്രമാണ് പങ്കെടുക്കാൻ അവസരം. ഒരു കോളജിൽ നിന്ന് ഒരു ടീമിനു മാത്രമെ പങ്കെടുക്കുവാൻ കഴിയുകയുള്ളു. ഫോൺ 0477 2253870.

## പി.എസ്.സി. പരിശീലനം

ആലപ്പുഴ: സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ആലപ്പുഴ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷന് സമീപമുള്ള നിസാ സെന്റർ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രത്തിൽ ജൂലൈ മാസം ആരംഭിക്കുന്ന സൗജന്യ പി.എസ്.സി. പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. പരിക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. ആറ് മാസമാണ് പരിശീലന കാലാവധി. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 25. തിങ്കൾ മുതൽ വെള്ളി വരെയുള്ള റഗുലർ ബാച്ചും ശനി, ഞായർ ദിവസങ്ങളിൽ ഹോളിഡേ ബാച്ചുമാണ് നടത്തുക. 18 വയസ് തികഞ്ഞ എസ്.എസ്.എൽ.സി.യോ ഉയർന്ന യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ ഫോറം പരിശീലന കേന്ദ്രത്തിൽ ലഭിക്കും. ഫോൺ 0477 2252869, 8157869282.

## റെയിൽവെ ഗേറ്റ് അടച്ചിടും

ആലപ്പുഴ: ആലപ്പുഴഅമ്പലപ്പുഴ റെയിൽവെ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 79 (പനച്ചുവട് ഗേറ്റ്) 23ന് വൈകുന്നേരം ആറ് വരെ അറ്റകുറ്റ പണികൾക്കായി അടച്ചിടും.

വാഹനങ്ങൾ ലെവൽ ക്രോസ് നമ്പർ: 75 (പറവൂർ ഗേറ്റ്) വഴിയോ ലെവൽ ക്രോസ് നമ്പർ: 80 (വിയണിപ്പള്ളി ഗേറ്റ്) വഴിയോ പോകണം.

# ആലപ്പുഴ വാർത്തകൾ

## പക്ഷിപ്പനി: കള്ളിംഗ് ഇന്ന്

ആലപ്പുഴ: ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് വാർഡ് 11, മുഹമ്മ ഗ്രാമപഞ്ചായത്ത് വാർഡ് ഒന്ന്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് വാർഡ് 23 എന്നിവിടങ്ങളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ഈ പഞ്ചായത്തിലെ പ്രഭവകേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വളർത്തുപക്ഷികളെ ഇന്ന് കള്ളിംഗിന് വിധേയമാക്കും.

## വളർത്തുപക്ഷികളുടെ മുട്ട, ഇറച്ചി, കാഷ്ഠം നിരോധിച്ചു

ആലപ്പുഴ: ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് വാർഡ് 11, മുഹമ്മ ഗ്രാമപഞ്ചായത്ത് വാർഡ് ഒന്ന്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് വാർഡ് 23 എന്നിവിടങ്ങളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രഭവകേന്ദ്രത്തിൽ നിന്നും 10 കിലോമീറ്റർ ചുറ്റളവിൽ വരുന്ന സർവലൈൻസ് സോണിൽ ഉൾപ്പെടുന്ന ചേർത്തല തെക്ക്, കഞ്ഞിക്കുഴി, മുഹമ്മ, തണ്ണീർമുക്കം, ചേർത്തല നഗരസഭ, മാരാരിക്കുളം വടക്ക്, മണ്ണഞ്ചേരി, വയലാർ, ചേന്നം പള്ളിപ്പുറം, കടക്കരപ്പള്ളി, മാരാരിക്കുളം തെക്ക്, കൈനകരി, ആര്യാട് എന്നീ തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ തുമ്പോളി, മംഗലം, കൊമ്മാടി, കളപ്പുര, പൂന്തോപ്പ്, കാളാത്ത്, ആശ്രമം, കൊറ്റംകുളങ്ങര, തോണ്ടൻകുളങ്ങര, കറുകയിൽ, അവലൂക്കുന്ന്, കരളകം, പുന്നമട, നെഹറുട്രോഫി, തത്തംപള്ളി, കിടങ്ങാംപറമ്പ്, മന്നത്ത്, ആറാട്ടുവഴി, കാഞ്ഞിരംചിറ എന്നീ വാർഡുകളുടെയും പരിധിയിൽ താറാവ്, കോഴി, കാട, മറ്റു വളർത്തുപക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം (വളം) എന്നിവയുടെ ഉപയോഗവും വിപണനവും കടത്തലും ജൂൺ 29 വരെ നിരോധിച്ച് ജില്ല കലക്ടർ ഉത്തരവായി.

## പി.കെ കുഞ്ഞ് സാഹിബിന്റെ 45-ാം ചരമവാർഷികം

കായംകുളം : മുൻ ധനകാര്യ മന്ത്രിയും പ്രമുഖ സ്വാതന്ത്രസമര സേനാനിയും എം .എസ്.എം സമുച്ചയത്തിന്റ സ്ഥാപകനുമായ പി.കെ കുഞ്ഞ് സാഹിബിന്റെ 45-ാം ചരമവാർഷികം എം .എസ് .എം ട്രസ്റ്റിന്റ നേതൃത്വത്തിൽ 23ന് നടക്കും. രാവിലെ ആറ് മുതൽ ഖുർആൻ പാരായണം.

തുടർന്ന് 10.30 ന് നടക്കുന്ന അനുസ്മരണ സമ്മേളനം സംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. മെറിറ്റ് അവാർഡ് വിതരണവും മുഖ്യ പ്രഭാഷണവും മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നിർവ്വഹിക്കും. ട്രസ്റ്റ് പ്രസിഡന്റ് അബീസ് പി. സൈഫ് അധ്യക്ഷത വഹിക്കും.കെ.സി വേണുഗോപാൽ എംപി, എ.എ റഹിം , യു. പ്രതിഭ എം. എൽ. എ , ചെയർപേഴ്സൻപി ശശികല , തുടങ്ങിയവർ സംബന്ധിക്കും. പ്രിൻസിപ്പാൾ പ്രൊഫ. ഡോ. മുഹമ്മദ് താഹ സ്വാഗതവും ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി അനീസ് പി. സൈഫ് നന്ദിയും രേഖപ്പെടുത്തുമെന്ന് എം.എസ്.എം ട്രസ്റ്റ് മനേജർ കം സെക്രട്ടറി പി.എ ഹിലാൽ ബാബു അറിയിച്ചു.

## മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ

ആലപ്പുഴ: ഫിഷറീസ് വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിലേക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളായ പരമ്പരാഗത മത്സ്യബന്ധനയാന ഉടമങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മോട്ടോർ ഘടിപ്പിച്ച് കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ ഇൻഷുറൻസാണ് ഈ പദ്ധതിയിൽ ഉൾപ്പടുക. മത്സ്യബന്ധന യാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടാകണം. പത്ത് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. വിശദവിവരങ്ങൾക്കും അപേക്ഷ ഫോമിനും അതത് മത്സ്യഭവനുമായി ബന്ധപ്പെടുക.

## റസാ ഗാർഡൻ ഹാദിയ പഠനാരംഭം ഇന്ന്

അരുക്കുറ്റി : വടുതല റസാ ഗാർഡൻ അകാദമിയിൽ പെൺകുട്ടികൾക്ക് മാത്രമായുള്ള പ്ലസ് വൺ, ഡിഗ്രി ഹാദിയ ക്ലാസ്സുകളുടെ പഠനാരംഭം 'അൽ ബിദായ ഇന്ന് നടക്കും.

അരൂർ വടുതല മഹൽ സംയുക്ത ഖാസി സയ്യിദ് പി.എം എസ്. തങ്ങൾ വടുതല ഉദ്ഘാടനം നിർവ്വഹിക്കും. റസാ ഗാർഡൻ വൈസ് ചെയർമാൻ പി.എം. സകരിയ്യൽ ബർദലി അധ്യക്ഷത വഹിക്കും. അരൂർ മസ്ജിദുൽ അമാൻ ചീഫ് ഇമാം അബ്ദുൽ അസീസ് ബാഖവി മുഖ്യഭാഷണം നടത്തും.

## തീരദേശ മേഖലയിൽ പ്രത്യേക കരുതൽ വേണം

അമ്പലപ്പുഴ : മഴക്കാലവും കടൽക്ഷോഭവും മൂലം ദുരിതക്കയത്തിലായ തീര മേഖലയിൽ

സർക്കാർ സംവിധാനങ്ങളുടെ പ്രത്യേക കരുതലുണ്ടാകണമെന്ന് അഖിലേന്ത്യ മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി എ ആർ കണ്ണൻ ആവശ്യപ്പെട്ടു.തീരക്കടൽ മത്സ്യ ബന്ധനം നടത്തുന്ന എഞ്ചിൻ ഘടിപ്പിച്ച ചെറുവള്ളങ്ങളും ഒറ്റയാൾ തുഴഞ്ഞുപോയി വലയിടുന്ന പൊങ്ങുവള്ളവും കടലിൽ മീൻ പിടിക്കാൻ പോകുന്നതിനുപോലും പ്രതിസന്ധിയുണ്ട്.

പ്രയാസങ്ങൾ സഹിച്ചും ഉപജീവനത്തിനായി കടലിൽപ്പോയിവരുന്നവർ മത്സ്യലഭ്യത കുറയുന്നതിനാൽ കടുത്ത നിരാശയിലാണ്. അനേകം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ പട്ടിണിയാണ്.ആരോഗ്യ പ്രശ്നമുള്ളവർ മരുന്നുവാങ്ങാൻ പോലും പണമില്ലാതെ വിഷമിക്കുന്ന സാഹചര്യം സർക്കാർ അതീവ ഗൗരവമായി മനസ്സിലാക്കണമെന്നും എ ആർ കണ്ണൻ ആവശ്യപ്പെട്ടു.

# ഗാർഹിക പീഡനങ്ങൾ വർധിക്കുന്നു

**പ്രണയ പകയ്ക്ക് എതിരായ മനോഭാവം യുവജനങ്ങളിൽ വളർത്തണം**



ആലപ്പുഴ ജെൻഡർപാർക്ക് ഹാളിൽ നടത്തിയ ജില്ലാതല അദാലത്തിൽ വനിതാ കമ്മിഷൻ അംഗം വി.ആർ. മഹിളാമണി പരാതി കേൾക്കുന്നു

ആലപ്പുഴ: ഗാർഹിക പീഡന പരാതികൾ കൂടി വരുന്നതായും ലിംഗസമത്വം സംബന്ധിച്ച ബോധവൽക്കരണം കുട്ടികളിൽ നിന്നു തന്നെ തുടങ്ങണമെന്നും വനിത കമ്മിഷൻ അംഗം വി.ആർ. മഹിളാമണി പറഞ്ഞു. ആലപ്പുഴ ജെൻഡർപാർക്ക് ഹാളിൽ നടത്തിയ ജില്ലാതല അദാലത്തിനു ശേഷം സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അംഗം. സമൂഹം ഒന്നടങ്കം മാറണം. ഈ സാമ്പത്തിക വർഷവും വ്യാപകമായ ബോധവൽക്കരണ പരിപാടികൾ വനിതാ കമ്മിഷൻ സംഘടിപ്പിക്കും. വിവാഹം കഴിഞ്ഞ് കുറച്ചു കഴിയുമ്പോൾ സ്ത്രീധനം ചോദിച്ചു പീഡനം ആരംഭിക്കുന്ന പ്രവണതയുണ്ട്. പ്രണയിച്ചു വിവാഹം കഴിച്ചവർ പോലും വിവാഹ ശേഷം സ്ത്രീധനം ചോദിക്കുന്നത് അദ്ഭുതപ്പെടുത്തുന്നു. ഭാര്യയും രണ്ടു മക്കളുമുണ്ടെന്ന വിവരം മറച്ചുവച്ചു കൊണ്ട് വിവാഹം ചെയ്തതു സംബന്ധിച്ച പരാതി അദാലത്തിൽ പരിഗണനയ്ക്ക് എത്തി. മറ്റൊരു പരാതിയിൽ, ഭാര്യയും മക്കളുമുള്ളപ്പോൾ തന്നെ മറ്റൊരു യുവതിയെ വിവാഹം കഴിച്ച് വിദേശത്ത് കൊണ്ടു പോയി 15 വർഷം അവർക്കൊപ്പം വിദേശത്ത് ജീവിച്ച് തിരികെ നാട്ടിൽ വിമാനത്താവളത്തിൽ എത്തിയ ശേഷം തന്റെ വീട്ടിൽ പോയി തിരിച്ചു വരാമെന്ന് ഉറപ്പു നൽകി ഭാര്യയെയും മക്കളെയും സ്വന്തം വീട്ടിലേക്ക് അയച്ച് ഭർത്താവ് വഞ്ചിച്ചതു സംബന്ധിച്ച പരാതിയും അദാലത്തിൽ പരിഗണിച്ചു. ഈ രണ്ടു കേസുകളും പോലീസ് റിപ്പോർട്ടിനായി അയച്ചു.

പുരുഷനും സ്ത്രീയും രണ്ടു വ്യക്തികളാണെന്നും അവർക്കു വ്യക്തിത്വം ഉണ്ടെന്നും ഇരുകൂട്ടരും മനസിലാക്കാതെ പോകുന്നത് പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. പ്രണയിനി ആരോടു സംസാരിക്കണം, എവിടെയൊക്കെ പോകണം എന്ന് ആൺകുട്ടികൾ നിർബന്ധം പിടിക്കുന്ന സാഹചര്യങ്ങളും നിലനിൽക്കുന്നുണ്ട്. പ്രണയപകയ്ക്ക് എതിരായ മനോഭാവം യുവജനങ്ങൾക്കിടയിൽ വളർത്തി എടുക്കാൻ കഴിയണം. ഒന്നിച്ചു ജീവിക്കാൻ സ്ത്രീക്ക് താൽപര്യമില്ലെങ്കിൽ പോലും ഭർത്താവ് നിർബന്ധിച്ചു കൊണ്ടു പോകുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇതു പിന്നീട് പ്രശ്നങ്ങൾക്ക് ഇടയാക്കുന്നുമുണ്ട്. വിവാഹം ചെയ്ത മക്കൾക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവർക്കൊപ്പം നിൽക്കാൻ മാതാപിതാക്കൾക്ക് കഴിയണം. വനിതാ കമ്മിഷൻ അദാലത്തുമായി ഹർജിക്കാരും എതിർകക്ഷികളും നല്ല രീതിയിൽ സഹകരിക്കുന്നുണ്ട്. കമ്മിഷൻ നൽകുന്ന നിർദേശങ്ങൾ ഇരുവിഭാഗവും ഉൾക്കൊള്ളുന്നതിനെ പോസിറ്റീവായാണ് കാണുന്നതെന്നും വനിതാ കമ്മിഷൻ അംഗം പറഞ്ഞു.

സിറ്റിംഗിൽ 25 കേസുകൾ തീർപ്പാക്കി. പോലീസ് റിപ്പോർട്ടിനായി 12 കേസുകൾ അയച്ചു. 32 കേസുകൾ അടുത്ത അദാലത്തിലേക്ക് മാറ്റി. ആകെ 69 കേസുകളാണ് പരിഗണനയ്ക്ക് എത്തിയത്. അഭിഭാഷകരായ അഡ്വ. ജിനു ഏബ്രഹാം, രേഷ്മ ദിലീപ്, കൗൺസലർമാരായ സായൂജ്യ, ബിസ്മിത, വനിതാ കമ്മിഷൻ ജീവനക്കാരായ എസ്. രാജേശ്വരി, ജി. ശ്രീഹരി എന്നിവർ പങ്കെടുത്തു.

## സസ്പെൻഡ് ചെയ്തു

ആലപ്പുഴ: യു.ഡി.എഫ് കായംകുളം നിയോജക മണ്ഡലം നേതൃയോഗത്തിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തി എന്ന് വ്യക്തമായി ബോധ്യപ്പെട്ട സാഹചര്യത്തിൽ ഡി.സി.സി ജനറൽ സെക്രട്ടറി കെ. പുഷ്പദാസിനെ പാർട്ടിയിൽ നിന്നും സസ്പെന്റ് ചെയ്തതായി ഡി.സി.സി പ്രസിഡന്റ് അഡ്വ.ബി.ബാബു പ്രസാദ് അറിയിച്ചു. ഈ സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ഡി.സി.സിക്ക് നൽകുന്നതിലേക്ക് ഡി.സി.സി വൈസ് പ്രസിഡന്റ് അഡ്വ. കെ. ആർ.മുരളീധരൻ, ജനറൽ സെക്രട്ടറി അഡ്വ.വി.ഷുക്കൂർ, ട്രഷറർ ടി.സുബ്രഹ്മണ്യദാസ്, നൂറനാട് ബ്ലോക്ക് പ്രസിഡന്റ് ജി. ഹരിപ്രകാശ് എന്നീ നാലു ഭാരവാഹികളടങ്ങുന്ന ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചതായും ബി.ബാബു പ്രസാദ് അറിയിച്ചു.

## കരിയർ ഗൈഡൻസ് സെമിനാർ

ആലപ്പുഴ: ആലപ്പുഴ ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്ന സൗജന്യ കരിയർ ഗൈഡൻസ് സെമിനാറുകൾക്ക് താൽപര്യമുള്ള സർക്കാർ/അർധ സർക്കാർ/ഏയ്ഡഡ് സ്കൂൾ, കോളജ്/മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിക്കുന്ന ക്ലാസുകളിൽ കേരളത്തിലെ പ്രമുഖ കരിയർ വിദഗ്ധർ ക്ലാസെടുക്കും. ഫോൺ0477 2230622, 9946055244.




കെ.എസ്.ഇ.ബി ചേർത്തല ഡിവിഷൻ സമ്മേളനം വൈദ്യുതി ബോർഡ് മുൻ ചീഫ് എഞ്ചിനിയർ റ്റി.എം ഗോപി ഉദ്ഘാടനം ചെയ്യുന്നു

## ഡിവിഷൻ സമ്മേളനം

ചേർത്തല: കെ.എസ് .ഇ.ബി പെൻഷൻകാരുടെ സംഘടനയായ പെൻഷനേഴ്സ് കൂട്ടായ്മയുടെ ചേർത്തല ഡിവിഷൻ സമ്മേളനം ജില്ലാ പ്രസിഡൻറും വൈദ്യുതി ബോർഡ് മുൻ ചീഫ് എഞ്ചിനിയറുമായ റ്റി എം ഗോപി ഉദ്ഘാടനം ചെയ്തു.

ചേർത്തല വുഡ് ലാൻഡ്സ് ആഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ഡിവിഷൻ പ്രസിഡൻറ് സി.വി രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു.വൈദ്യുതി ബോർഡ് മുൻ ചീഫ് എഞ്ചിനിയർ ജയിംസ് എം ഡേവിഡ് പഠന മികവേർക്കുള്ള ഉപഹാര സമർപ്പണം നടത്തി.

പെൻഷൻ നടപടിക്രമങ്ങൾ വേഗത്തിലും സുതാര്യവുമാകും വിധം ഓൺലൈൻ സംവിധാനത്തിലാക്കുക, മെഡീസെപ് മാതൃകയിലുള്ള ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി പെൻഷനേഴ്സിലും ഏർപ്പെടുത്തുക എന്നിവ സമ്മേളനം ആവശ്യപ്പെട്ടു. ജനറൽ സെക്രട്ടറി വിമൽചന്ദ് , ആർ അപ്പുക്കുട്ടൻ , കെ എസ് സെൻ, കെ എൻ മിനിമോൾ , ഡിവിഷൻ സെക്രട്ടറി വി.ബി സാജൻ ,പി അശോക് കുമാർ എന്നിവർ സംസാരിച്ചു.

## ജനറൽ ആശുപത്രിയിൽ ഡ്രസ്സ് ബാങ്ക് ആരംഭിച്ചു

ആലപ്പുഴ: ജനറൽ ആശുപത്രിയിൽ ഡ്രസ്സ് ബാങ്കിന് തുടക്കം. ആശുപത്രിയിലെത്തുന്ന നിരാലംബരായ രോഗികൾ, അപകടത്തിൽപ്പെട്ട് അടിയന്തിര ഘട്ടത്തിലെത്തുന്നവർ തുടങ്ങിയവർക്ക് ഡ്രസ്സ് ബാങ്കിലെ വസ്ത്രങ്ങൾ ഉപയോഗപ്പെടുത്താം. ആശുപത്രിയിൽ കഴിയുന്ന രോഗിയുടെ കൂട്ടിരുപ്പുകാരനിൽ നിന്ന് വസ്ത്രം ഏറ്റുവാങ്ങിക്കൊണ്ട് പദ്ധതിയുടെ ഉദ്ഘാടനം മുനിസിപ്പൽ ചെയർപേഴ്സൺ കെ.കെ.ജയമ്മ നിർവ്വഹിച്ചു. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ജമുന വർഗ്ഗീസ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ എ.എസ്.കവിത, ആശുപത്രി സൂപ്രണ്ട് ഡോ.ആർ.സന്ധ്യ, ഡെപ്യൂട്ടി സൂപ്രണ്ട് കെ.വേണുഗോപാൽ, ആർ.എം.ഒ ഡോ.എം. ആഷ, എന്നിവർ പങ്കെടുത്തു. നിലവിൽ കൂട്ടിരുപ്പുകാരും ജീവനക്കാരും സംഭാവന ചെയ്ത പുതിയ വസ്ത്രങ്ങളാണ് ബാങ്കിലുള്ളത്. പുതിയ വസ്ത്രങ്ങളും പുതുമ നഷ്ടപ്പെടാത്ത വൃത്തിയുള്ള അലക്കിത്തേച്ച വസ്ത്രങ്ങളും ബാങ്കിൽ സ്വീകരിക്കും.

## ഫലസ്തീൻ ഐക്യദാർഢ്യം

കായംകുളം :ഇസ്രായേൽ സമ്രാജ്യത്യ കുട്ടുകെട്ട് നടത്തുന്ന പാലസ്തീൻ കൂട്ട കൊലക്കെതിരെ കീരിക്കാട് മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ പെരുന്നാൾ ദിനത്തിൽ ഫലസ്തീൻ ഐക്യദാർഢ്യ സമ്മേളനം നടത്തി. ജമാഅത്ത് പ്രസിഡന്റ് കെ. മുഹമ്മദ് കുഞ്ഞ് അധ്യക്ഷത വഹിച്ചു. ജമാഅത്ത് ചീഫ് ഇമാം ഷിഹാബുദ്ദീൻ സഖാഫി ഉദ്ഘാടനം ചെയ്തു. ജമാഅത്ത് സെക്രട്ടറി ഹുസൈൻ മരങ്ങാട്ട് ആമുഖ പ്രഭാഷണം നടത്തി. മുൻ പ്രസിഡന്റ്. ടി സൈനുൽ അബ്ദ്ദീൻ, ട്രഷറർ ഒ.ഹാലിദ്, നാസർ ബാബു ചെമ്പകപള്ളിൽ, സൈഫുദ്ദീൻമാർവൽ,അജി മംഗലത്ത്, അബ്ദുൽ സലാം തെക്കേ അറ്റം, ഷാനാവാസ് കൊപ്രാ പുരയിൽ , അബ്ദുൽ സലാം തിരുവാമഠം, നിസാർ പടീറ്റടുത്ത്,സുനീർ പുത്തൻകണ്ടം, ഹബീബ് ചെമ്പോട്ട് മൂട്ടിൽ, പി. ഇർഷാദ് തണ്ടാന്റെയ്യം, സുനീർ കൊച്ചു തെക്കതിൽ, അനി, ബിജു തുളീനയ്യം, താജുദ്ദീൻ ഇല്ലിക്കുളം, സദർ മുഅല്ലിം മുഹമ്മദ് സ്വാലിഹ് ഫൈസി, ഷിഹാബ് മുസ്ലിയാർ തുടങ്ങിയവർ പങ്കെടുത്തു.




കീരിക്കാട് മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ നടത്തിയ പലസ്തീൻ ഐക്യദാർഢ്യ സമ്മേളനം ചീഫ് ഇമാം ശിഹാബുദ്ദീൻ സഖാഫി ഉദ്ഘാടനം ചെയ്യുന്നു

## സി.പി.എം സമ്മർദം തള്ളി സി.പി.ഐ

# ആരോഗ്യവകുപ്പിനെതിരായ സമരം നാളെ

**മെഡിക്കൽ കോളേജ് ആശുപത്രി ജംഗ്ഷനിൽ നാളെ ബഹുജന ശൃംഖല സൃഷ്ടിക്കും**

ആലപ്പുഴ: വണ്ടാനം മെഡിക്കൽ കോളജിലെ ശോച്യാവസ്ഥയുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിനെതിരെ സി.പി.ഐ പ്രഖ്യാപിച്ച് പ്രതിഷേധ സമരം നാളെ നടക്കും. സമര പരിപാടിയിൽ നിന്നും പിന്മാറ്റാനുള്ള സി.പി.എമ്മിന്റെ കടുത്ത സമ്മർദ്ദത്തെ അതിജീവിച്ചാണ് സി.പി.ഐ സമരവുമായി മുന്നോട്ട് പോകുന്നത്. വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയുമായി ബന്ധപ്പെട്ട് പരാതികൾ പരിഹരിക്കുവാൻ സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ടുകൊണ്ട് നാളെ രാവിലെ 10ന് മെഡിക്കൽ കോളജ് ആശുപത്രി ജംഗ്ഷനിലാണ് സി.പി.ഐ. ബഹുജന ശൃംഖല സൃഷ്ടിക്കുന്നത്. വിവിധ വിഷയങ്ങളിന്മേൽ നടന്ന അന്വേഷണങ്ങളുടെ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികളും പ്രസിദ്ധീകരിക്കുക, പരാതികൾ വർധിക്കുന്ന സാഹചര്യത്തിൽ പ്രശ്ന പരിഹാരത്തിന് സർക്കാർ ഫലപ്രദമായി ഇടപെടുക, അത്യാഹിത വിഭാഗത്തിൽ സീനിയർ ഡോക്റ്ററന്മാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുക, ഐ.സി.യു.ബഡുകളുടെ എണ്ണം വർധിപ്പിക്കുക, ഒ.പി.കൗണ്ടറുകളുടെ എണ്ണം വർധിപ്പിക്കുക, എല്ലാ ലിഫ്റ്റുകളും പ്രവർത്തിപ്പിക്കുക, അത്യാഹിത വാർഡിൽ വീൽ ചെയർ ട്രോളികളുടെ എണ്ണം വർദ്ധിപ്പിക്കുക,ഗ്യാസ്ട്രോ,ന്യൂറോ സർജറി ഒ.പി.കളുടെ ദിവസങ്ങൾ വർധിപ്പിക്കുക,പുതിയ ട്രോമോ കെയർ കെട്ടിടത്തിന്റെ നിർമ്മാണം ഉടൻ പൂർത്തീകരിക്കുക,ആർ.ഒ.പ്ലാന്റ് സ്ഥാപിക്കുക,പരാതി കൗണ്ടർ സ്ഥാപിക്കുക,മരുന്ന് ലഭ്യത ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് ബഹുജന ശൃംഖല സൃഷ്ടിക്കുന്നതെന്ന് ജില്ലാ സെക്രട്ടറി ടി.ജെ.ആഞ്ചലോസ് പറഞ്ഞു. ബഹുജന ശൃംഖലക്ക് മുന്നോടിയായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സി.പി.ഐ ഒപ്പുശേഖരണം നടത്തിയിരുന്നു. സർക്കാരിന്റെ വീഴ്ച ചൂണ്ടിക്കാട്ടി മന്ത്രിസഭയിലെ രണ്ടാംകക്ഷി തന്നെ സമരത്തിന് വരുന്നത് ഇടത് മുന്നണിക്ക് വലിയ ക്ഷീണമായിട്ടുണ്ട്. ജില്ലയിൽ നിന്നും മന്ത്രിവരെയുള്ള പാർട്ടി സർക്കാരിനെതിരെ സമരം ചെയ്യുന്നത് എന്ത് അടിസ്ഥാനത്തിലാണെന്നാണ് സി.പി.എം ഉയർത്തുന്ന ചോദ്യം. ലോക്സഭ തിരഞ്ഞെടുപ്പ് പരാജയത്തിന്റെ വെളിച്ചത്തിൽ സമരത്തിൽ നിന്നും പിന്മാറണമെന്ന് ആവശ്യപ്പെട്ട് സി.പി.എം കടുത്ത സമ്മർദ്ദമാണ് സി.പി.ഐക്ക് മേൽ ചെലുത്തിയിരുന്നത്.

## അസാപ് കേരളയിൽ വിവിധ തസ്തികകളിൽ ഒഴിവ്

ആലപ്പുഴ: കേരള സർക്കാർ നൈപുണ്യ വികസന പരിശീലന സ്ഥാപനമായ അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ചെറിയ കലവൂരിലേക്ക് എക്സിക്യൂട്ടീവ്, ജൂനിയർ എക്സിക്യൂട്ടീവ്, ഇന്റേൺ തസ്തികകളിലേക്ക് ജൂൺ 20 വരെ ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് asapkerala.gov.in/careersൽ ലഭിക്കും. ഫോൺ :6282095334, 8078069622, 9495999680.

## എഞ്ചിനീയറിംഗ് സ്പോർട്സ് ക്വാട്ട അഡ്മിഷൻ

കായംകുളം: മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ബിടെക് ഡിഗ്രി യുടെ ഭാഗമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് , കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ് , കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് (ഡേറ്റാ സയൻസ്) , സിവിൽ എഞ്ചിനീയറിങ് , ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് എന്നീ കോഴ്സുകളിലേക് സ്പോർട്സ് ക്വാട്ട അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

കബഡി, വോളിബോൾ, ക്രിക്കറ്റ്, ഫുട്ബോൾ, റസലിംങ്, അറ്റ്ലറ്റിക്സ് എന്നീ ഇനങ്ങളിലേക്ക് ആണ് സെലക്ഷൻ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 7561056831

## പുസ്തക അലമാരയുടെ ഉദ്ഘാടനം

ചേർത്തല : കോക്കോതമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂൾ 1986-87 എസ്.എസ്.സി ബാച്ച് കൂട്ടായ്മ ഒന്നാണ് നമ്മൾ ന്റനേതൃത്വത്തിൽ വയനാ ദിനാചരണവും വേദിക് സിവിൽ സർവ്വീസ് ക്ലബ്ബിന്റെയും,ലയൺസ് ക്ലബ് ഓഫ് ചേർത്തല കയർ ലാന്റ് നിർമ്മിച്ചുനൽകുന്ന പുസ്തക അലമാര യുടെയും ഉദ്ഘാടനവും മുൻ കേരള ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് നിർവ്വഹിച്ചു.ഐ.എ.എസ് ഉൾപ്പെടെ വിവിധ മത്സരപരീക്ഷകൾ ക്കായി വേദിക് ഐ.എ.എസ് അക്കാഡമി വൺ സ്കൂൾ വൺ ഐ.എ.എസ് എന്ന പദ്ധതിപ്രകാരമാണ് സെന്റ് ആന്റണീസ് ഹൈസ്കൂളിൽ വേദിക് സിവിൽ സർവീസ് ക്ലബ്ബ് ആരംഭിച്ചത്.സ്കൂൾ മാനേജർ ഫാ. ആന്റണി ഇരവിമംഗലം അധ്യക്ഷത വഹിച്ചു.

പി.ടി.എ പ്രസിഡന്റ് സാനുമോൻജോർജ്ജ് ,ലയൺ ക്ലബ്ബ് പ്രസിഡന്റ് വി. തോമസ്, ഗീതാവേണു, സ്റ്റാഫ് സെക്രട്ടറി പി.കൃഷ്ണ പ്രിയ, ജോജി ജോസഫ് , ജോഫി കാളാത് , ജോസി കൊട്ടുപള്ളി , സാബു പ്രണവം , ബിജുമോൻ , മെജോ ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.



കോക്കോതമംഗലം സെന്റ് ആന്റണീസ് ഹൈസ്കൂൾ സംഘടിപ്പിച്ചവയനാ ദിനാചരണവും പുസ്തക അലമാരയുടെയും ഉദ്ഘാടനവും മുൻ കേരള ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് നിർവ്വഹിക്കുന്നു

## ആസ്റ്റർ മെഡ്സിറ്റിക്ക് നേട്ടം

കൊച്ചി: രാജ്യത്തെ ഏറ്റവും മികച്ച ആശുപത്രികൾ തിരഞ്ഞെടുക്കുന്ന ഔട്ട്ലുക്ക് ആൻഡ് എൻ.ഇ.ബി റിസർച്ച് 2024ൽ മികച്ച പ്രകടനവുമായി ആസ്റ്റർ മെഡ്സിറ്റി. രാജ്യത്തെ ഏറ്റവും മികച്ച രണ്ടാമത്തെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി എന്നീ നേട്ടങ്ങളാണ് ആസ്റ്റർ മെഡ്സിറ്റി നേടിയത്. മികച്ച ആശുപത്രികൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്നതിനായാണ് ഔട്ട്ലുക്ക് ആൻഡ് എൻ.ഇ.ബി റിസർച്ച് പട്ടിക പുറത്തുവിടുന്നത്. ഇന്ത്യയിലെ ഏറ്റവും മികച്ച മൂന്നാമത്തെ യൂറോളജി ആശുപത്രി എന്ന അംഗീകാരം ആസ്റ്റർ മെഡ്സിറ്റിക്കാണ്. ഹൃദ്രോഗചികിത്സക്ക് കൊച്ചിയിലെ ഏറ്റവും മികച്ച ചികിത്സാകേന്ദ്രമായും ആസ്റ്റർ മെഡ്സിറ്റി തെരഞ്ഞെടുക്കപ്പെട്ടു. എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാകുന്നതും ഗുണമേന്മയുള്ളതുമായ ചികിത്സ നൽകാനായി ആസ്റ്റർ മെഡ്സിറ്റിയിലെ ടീം നടത്തുന്ന പരിശ്രമങ്ങൾക്ക് കിട്ടിയ അംഗീകാരമാണിതെന്ന് ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.

## ബി.ടെക് എഐ, ഡാറ്റാ അനലിറ്റിക്സ് പ്രോഗ്രാം

കൊച്ചി: ഐഐടി മദ്രാസ് ബിടെക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ് കോഴ്സുകളാരംഭിച്ചു. 2024–25 അധ്യയന വർഷം മുതൽ വിദ്യാർഥികൾക്ക് പ്രവേശനമുണ്ടാകും. വാധ്വാനി സ്കൂൾ ഓഫ് ഡാറ്റാ സയൻസ് ആൻഡ് എഐ മുഖേനയാണ് കോഴ്സ് നടപ്പാക്കുന്നത്.എഐ, ഡാറ്റാ അനലിറ്റിക്സ് എന്നിവയുടെ വിവിധ വശങ്ങളിൽ വൈദഗ്ധ്യം വളർത്തിയെടുക്കാൻ പ്രോഗ്രാം ലക്ഷ്യമിടുന്നു. ജെഇഇ വഴി പ്രവേശനം നേടുന്ന 50 വിദ്യാർഥികൾക്കായിരിക്കും പ്രവേശനം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

**എറണാകുളം വാർത്തകൾ**

# കാമ്പസുകളിൽ ആർ.ടി.ഐ ക്ലബ്ബുകൾ ആരംഭിക്കാൻ വിവരാവകാശ കമ്മീഷൻ

കൊച്ചി: സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും കാമ്പസുകളിലും ആർ.ടി.ഐ (വിവരാവകാശം) ക്ലബ്ബുകൾ തുടങ്ങുമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ.എ.എ ഹക്കിം പറഞ്ഞു. ഇത് യുവാക്കളെ കൂടുതൽ അറിവുള്ളവരാക്കുവാനും വിദ്യാഭ്യാസ മേഖലയിലെ രേഖാതിരിമറി ഉൾപ്പെടെയുള്ള അഴിമതികൾ ഇല്ലാതാക്കുവാനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന വിവരാവകാശ കമ്മീഷനുമായി സഹകരിച്ച് തേവര സേക്രഡ് ഹാർട്ട് കോളജിലെ കൊമേഴ്സ് വിഭാഗത്തിൽ ആരംഭിച്ച വിവരാവകാശ ക്ലബ്ബിന്റെ ഉദ്ഘാടനവും സൗജന്യ ഏകദിന ശിൽപശാലയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാമ്പസുകളിലെ ആർ.ടി.ഐ ക്ലബ്ബുകൾക്ക് സമൂഹത്തിലെ തിരുത്തൽ ശക്തികളാകാൻ കഴിയും. എസ്.എച്ചിലെ ആർ.ടി.ഐ ക്ലബ് ഒരു പരീക്ഷണമെന്ന നിലയിലാണ് കമ്മീഷൻ വീക്ഷിക്കുന്നത്. കുറഞ്ഞ കാലത്തെ പ്രവർത്തനപാഠം കൂടി ഉൾപ്പെടുത്തി ഒരു പൊതുമാനദണ്ഡം ഉണ്ടാക്കും. ആർ.ടി.ഐ ക്ലബുകൾക്ക് സംസ്ഥാനതലത്തിൽ ഏകോപനം ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. പി എസ് സി എന്നത് ചോദ്യം ചെയ്യാൻ പാടില്ലാത്ത കേന്ദ്രമല്ല. ജോലിക്ക് അപേക്ഷ ക്ഷണിക്കുന്നതു മുതൽ ചോദ്യപേപ്പർ തയാറാക്കിയവരുടെ യോഗ്യത, പേപ്പർ നോക്കിയവർ, സ്കോർ ഷീറ്റ് തയാറാക്കുന്നവിധം, ഇന്റർവ്യൂവിലെ മാർക്കിന്റെ സ്പ്ലിറ്റ് ഡീറ്റയിൽസ്, ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, മെയിൻ ലിസ്റ്റ്, റൊട്ടേഷൻ ചാർട്ട് എന്നിവയെല്ലാം അറിയാൻ യുവാക്കൾക്ക് അവകാശമുണ്ട്. നാടിന്റെയും സമൂഹത്തിന്റെയും ആരോഗ്യകരമായ വളർച്ചക്ക് അധികാര കേന്ദ്രങ്ങളെ അസ്വസ്തമാക്കുന്ന സക്രിയ യുവത്വത്തിന് ആർ.ടി.ഐ ആക്ടിനെ പരമാവധി പ്രയോജനപ്പെടുത്താനാകുമെന്നും അദ്ദേഹം പറഞ്ഞു. കേസുകളിൽ വിവരാവകാശ കമ്മീഷനുകൾ തീരുമാനം എടുക്കുന്നതിന് കാലപരിധി വേണമെന്ന് വിവരാവകാശ പ്രവർത്തകനും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ പ്രസിഡന്റുമായ ഡി.ബി ബിനു പറഞ്ഞു. കേസുകൾ അനന്തമായി നീണ്ടുപോകുന്നു. പല വിധികളും വൈകിവരുന്നതിനാൽ അർഹിക്കുന്ന പ്രതിഫലം ലഭിക്കുന്നില്ലെന്നും മുഖ്യ പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു. പ്രിൻസിപ്പൽ ഡോ.സി.എസ് ബിജു അധ്യക്ഷത വഹിച്ചു.




തേവര സേക്രഡ് ഹാർട്ട് കോളജിലെ കൊമേഴ്സ് വിഭാഗത്തിൽ ആരംഭിച്ച വിവരാവകാശ ക്ലബ്ബിന്റെ ഉദ്ഘാടനം സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ.എ.എ ഹക്കിം നിർവഹിക്കുന്നു

## ആലുവയിലെ എംഡിഎംഎ വേട്ട

# യുവതിക്ക് പിന്നാലെ യുവാവും പിടിയിൽ

ആലുവ : റയിൽവേ സ്റ്റേഷനിൽ യുവതിയെ ഒരുകിലോ എംഡിഎംഎ യുമായി പിടികൂടിയ സംഭവത്തിൽ ഒരാൾ കൂടി അറസ്റ്റിൽ. മട്ടാഞ്ചേരി കപ്പലണ്ടി മുക്ക് താഴകത്ത് വീട്ടിൽ സഫീർ (35) നെയാണ് റൂറൽ ജില്ലാ ഡാൻസാഫ് ടീമും, ആലുവ പോലീസും ചേർന്ന് അറസ്റ്റ് ചെയ്തത്. ബംഗലൂരു മുനേശ്വര നഗറിൽ സർമീൻ അക്തർ (26) നെ ആലുവ റെയിൽവേ സ്റ്റേഷനിൽ വച്ച് പിടികൂടിയിരുന്നു. ഇവരിൽ നിന്ന് മയക്ക്മരുന്ന് വാങ്ങുന്നതിന് എറണാകുളം നോർത്ത് റയിൽവേ സ്റ്റേഷനിൽ എത്തിയതാണ് ഇയാൾ. മലഞ്ചരക്ക് വ്യാപാരിയാണ്. യുവതിയുമായുള്ള ബന്ധം പോലീസ് പരിശോധിച്ച് വരുന്നു. ആദ്യം എറണാകുളത്ത് ഇറങ്ങാനായിരുന്നു യുവതിയുടെ തീരുമാനം. പിന്നീടതിന് മാറ്റം വരുത്തി ആലുവയിൽ ഇറങ്ങുകയായിരുന്നു. സഫീറിന് കൈമാറാനായിരുന്നു പരിപാടി. ഓപ്പറേഷൻ ക്ലീൻ പദ്ധതിയുടെ ഭാഗമായി ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേനയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു



പിടിയിലായ സഫീർ




പരിശോധനയിലാണ് രണ്ട് പേരും പിടിയിലായത്. വിപണയിൽ അമ്പത് ലക്ഷത്തിലേറെ രൂപ വിലവരും കണ്ടെടുത്ത രാസലഹരിയ്ക്ക്. വാട്ടർ ഹീറ്ററിനുള്ളിൽ ഒളിപ്പിച്ച നിലയിലാണ് ഡൽഹിയിൽ നിന്നും മയക്കുമരുന്ന് കടത്തിക്കൊണ്ടുവന്നത്. കൊച്ചിയിൽ യുവാക്കൾക്കിടയിലാണ് വിൽപന. ഡൽഹിയിൽ നിന്ന് എം.ഡി.എം.എ കൊണ്ടുവന്ന് ഇവിടെ കൈമാറിയ ശേഷം പിറ്റേന്ന് തീവണ്ടിയിൽത്തന്നെ തിരിച്ചു പോവുകയാണ് പതിവ്. യുവതി സ്ഥിരം മയക്കുമരുന്ന് കടത്തുകാരിയാണെന്നാണ് ലഭിക്കുന്ന വിവരം. റേഞ്ച് ഡി.ഐ ജി പുട്ട വിമലാദിത്യയുടെ മേൽനോട്ടത്തിൽ പ്രത്യേക ടീം രൂപീകരിച്ചാണ് അന്വേഷണം നടക്കുന്നത്.


നർക്കോട്ടിക്ക് സെൽ ഡി വൈ എസ് പി വി. അനിൽ, ആലുവ ഡിവൈഎസ്പി എ.പ്രസാദ്, ഇൻസ്പെക്ടർ എം.എം മഞ്ജുദാസ് എസ് ഐ മാരായ എസ്.എസ് ശ്രീലാൽ, കെ.നന്ദകുമാർ , എ.എസ്.ഐ വിനിൽകുമാർ, സീനിയർ സിപിഒ മാരായ അജിത തിലകൻ, പി.എൻ നൈജു, ദീപ്തി ചന്ദ്രൻ, മാഹിൻഷാ അബൂബക്കർ, കെ.എം മനോജ് തുടങ്ങിയവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

ഓപ്പറേഷൻ ക്ലീനിന്റെ ഭാഗമായി ആറ് മാസത്തിനുള്ളിൽ റൂറൽ ജില്ലയിൽ നിന്ന് മൂന്നു കിലോയിലേറെ രാസലഹരിയാണ് പിടികൂടിയത്. ഇതിന് രണ്ട് കോടിയിലേറെ രൂപ വില വരും. യുവാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിലാണ് വിൽപ്പന. പ്രധാന മയക്കുമരുന്ന് വ്യാപാരിയായ കോംഗോ സ്വദേശി റംഗാര പോളിനെ കഴിഞ്ഞ മെയ് മാസം ബംഗലൂരു മടിവാളയിൽ നിന്ന് എസ്.പി വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ സാഹസികമായി പിടികൂടിയിരുന്നു.

# ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷണം പിടിച്ചെടുത്തു

പറവൂർ: നഗരത്തിലെ ചില പ്രമുഖ ഹോട്ടലുകളിൽ ആരോഗ്യ വിഭാഗം നടത്തിയ പരിശോധനയിൽ പഴകിയ ഭക്ഷണസാധനങ്ങൾ പിടിച്ചെടുത്തു. തെക്കേനാലുവഴിയിലെ വൈറ്റ് സിറ്റി, പെരുവാരത്തെ കെഎൽ 42 കിച്ചൻ, കെഎംകെ കവലയിലെ നഹാത്ത് ബേക്സ് റസ്റ്ററന്റ് എന്നിവിടങ്ങളിൽ നിന്നാണ് ഇന്നലെ പഴകിയ ചിക്കൻ, റൈസ്, ബീഫ് തുടങ്ങിയവ പിടിച്ചെടുത്തത്.

ഏതാനും ദിവസങ്ങൾക്ക് മുൻപ് ഡോൺ ബോസ്കോ ആശുപത്രിക്ക് എതിർവശമുള്ള സ്വാഗത് ഹോട്ടലിൽ നിന്നു പിടികൂടിയ പഴകിയ ഭക്ഷണം ഹോട്ടലിലേക്ക് തന്നെ തിരിച്ചു കൊടുത്തതു വലിയ വിവാദത്തിന് ഇടയാക്കിയിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് ആരോഗ്യ വിഭാഗം സൂപ്പർവൈസർ പി വി ജിജുവിനെ (ക്ലീൻ സിറ്റി മാനേജർ) സസ്പെൻഡ് ചെയ്തിരിക്കുകയാണ്. പഴകിയ ഭക്ഷണം പിടികൂടുന്ന സംഭവത്തിൽ നഗരസഭ അലംഭാവം കാണിക്കുന്നതായി ആക്ഷേപമുണ്ട്.



നഗരസഭ ആരോഗ്യ വിഭാഗം പിടിച്ചെടുത്ത ഭക്ഷണം ഓഫീസിനു മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്നു

പള്ളിത്താഴത്തെ നാടൻ ഫുഡ് എന്ന ഹോട്ടൽ വൃത്തിഹീനമായി അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതായും, ചേന്ദമംഗലം കവലയിലെ പുട്ടുകട മലിനജലം ഓടയിലേക്ക് തള്ളുന്നതായും, നിരോധിത പ്ലാസ്റ്റിക് ഉപയോഗിച്ചതായും പരിശോധനയിൽ കണ്ടെത്തി. അഞ്ച് ഹോട്ടലുകൾക്കായി നഗരസഭ 1,25,000 രൂപ പിഴയിട്ടു. പിടിച്ചെടുത്ത ഭക്ഷണസാധനങ്ങൾ നഗരസഭ ഓഫീസിന് മുന്നിൽ പ്രദർശിപ്പിച്ചു. നിയമലംഘനം നടത്തുന്ന ഹോട്ടലുകളുടെ ഉടമകൾക്കായി കൗൺസിലർമാർ ഇടപെടുന്നത് പതിവായെന്ന ആക്ഷേപവും ശക്തമാണ്.

ആരോഗ്യ വിഭാഗം ഹോട്ടലുകളിൽ പരിശോധനയ്ക്ക് ഇറങ്ങുമ്പോൾ തന്നെ ഹോട്ടലുകൾക്ക് മുന്നറിയിപ്പു പോകുന്നതായും പരാതിയുണ്ട്.




കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കേരള ഹിന്ദി പ്രചാരസഭ സംസ്ഥാനത്തെ സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകളിൽ നടത്തിയ സുഗമ ഹിന്ദി പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും ഉന്നത വിജയം നേടിയ സ്കൂളുകൾക്കുള്ള അവാർഡുകളുടെയും വിതരണോദ്ഘാടനം എറണാകുളം എളമക്കര ഭവൻസ് വിദ്യാമന്ദിർ ഓഡിറ്റോറിയത്തിൽ ജസ്റ്റിസ് ഗോപിനാഥ് നിർവഹിക്കുന്നു. ശ്രീകുമാരി രാമചന്ദ്രൻ, കെ.എം. നാസർ, അഡ്വ. ബി. മധു, ഇ.രാമൻകുട്ടി, മിനി കെ, ടി.സി. റഫീക്ക് ചൊക്ലി എന്നിവർ സമീപം.

# ഗ്രാമീണ മേഖലയിൽ ഹിന്ദി പഠനം കാര്യക്ഷമമാക്കണം: ജസ്റ്റിസ് പി.എസ്. ഗോപിനാഥൻ

കൊച്ചി: സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലും കേന്ദ്രസർക്കാർ വിദ്യാലയങ്ങളിലും ഉൾപ്പെടെ ഹിന്ദി ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുന്നത് പോലെ ഗ്രാമീണ മേഖലയിലും ഹിന്ദി പഠനം സാക്ഷരതാ പ്രവർത്തന രൂപത്തിൽ നടത്തുവാൻ കേരള ഹിന്ദി പ്രചാരസഭ നേതൃത്വം നൽകണമെന്ന് ജസ്റ്റിസ് പി എസ് ഗോപിനാഥൻ അഭിപ്രായപ്പെട്ടു. ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ഹിന്ദി ഭാഷയിലുള്ള അറിവും പ്രയോഗവൽക്കരണവും പൂർത്തിയാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മുൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ കൂടിയായ ജസ്റ്റിസ് പി.എസ്. ഗോപിനാഥ് ചൂണ്ടിക്കാട്ടി.

ഹിന്ദി ഭാഷ പ്രചാരണത്തിൽ പതിറ്റാണ്ടുകളായി കേരള ഹിന്ദി പ്രചാര സഭ നൽകുന്ന സംഭാവനകൾ മഹത്തരം ആണെന്നും പൊതുവിദ്യാലയങ്ങളിലും യൂണിവേഴ്സിറ്റികളിലും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളിലും ഇതിന്റെ ഗുണഫലം ലഭിക്കുന്നുണ്ടെന്നും അദ്ദേഹം അനുസ്മരിച്ചു.

കൊച്ചി എളമക്കര ഭവൻസ് വിദ്യാമന്ദിർ സ്കൂൾ ഓഡിറ്റോറിയത്തിൽ കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കേരള ഹിന്ദി പ്രചാര സഭ സംസ്ഥാനത്തെ സിബിഎസ്ഇ ഐസിഎസ്ഇ സ്കൂളുകളിൽ നടത്തിയ സുഗമ ഹിന്ദരീക്ഷയുടെ സർട്ടിഫിക്കറ്റുകളും ഉന്നത വിജയം നേടിയ സ്കൂളുകൾക്കുള്ള പ്രത്യേക പുരസ്കാരവും റാങ്ക് ജേതാക്കൾക്കുള്ള അവാർഡുവിതരണ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരള ഹിന്ദി പ്രചാരസഭാ സെക്രട്ടറി അഡ്വക്കറ്റ് ബി മധു അധ്യക്ഷതവഹിച്ചു. പ്രമുഖ സാഹിത്യകാരി ശ്രീകുമാരി രാമചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. പ്രമുഖ സിനി ആർട്ടിസ്റ്റ് കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് ജേതാവുമായ റഫീഖ് ചൊക്ലി വിശിഷ്ട അതിഥിയായി പങ്കെടുത്തു. ഭവൻസ് വിദ്യാമന്ദിർ ഡയറക്ടർ ഇ. രാമൻകുട്ടി, ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി കെ എം നാസർ, ഭവൻസ് വിദ്യാമന്ദിർ പ്രിൻസിപ്പാൾ മിനി കെ, ആർ അനിൽകുമാർ, ടി.യു. ഗോപകുമാർ പ്രസംഗിച്ചു.

## വീട് തകർന്നു വീണു

പറവൂർ: ചിറ്റാറ്റുകര പഞ്ചായത്ത് പത്താം വാർഡിൽ ചേപ്പുള്ളിൽ ഹരിയുടെ വീട് കനത്ത മഴയിൽ തകർന്നു വീണു. ഇന്നലെ രാവിലെ ആറിനാണ് സംഭവം. അമ്പത് വർഷത്തോളം പഴക്കമുള്ള വീടാണിത്. പ്രളയത്തിൽ വീടിന് ഏറെ നാശനഷ്ടം സംഭവിച്ചിരുന്നു. വീടിന്റെ മേൽക്കൂര പൂർണ്ണമായും നിലംപൊത്തി. ഹരിയും ഭാര്യ മിനിയും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. മേൽക്കൂര ഞെരിയുന്ന ശബ്ദം കേട്ട് പുറത്തേക്കിറങ്ങിയതിനാൽ ഇരുവരും പരിക്കേൽക്കാതെ രക്ഷപ്പെട്ടു. സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നിർമാണം ആരംഭിക്കാനായിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ, വൈസ് പ്രസിഡന്റ് പി പി അരൂഷ്, ജില്ലാ പഞ്ചായത്തംഗം എ എസ് അനിൽകുമാർ, വാർഡംഗം കെ എസ് മഞ്ജുഷ, ബ്ലോക്ക് പഞ്ചായത്തംഗം പി വി മണി എന്നിവർ സംഭവ സ്ഥലം സന്ദർശിച്ചു.

## സംഘടനാ നടപടി പിൻവലിച്ചു


കൊച്ചി : മുസ്‌ലിം യൂത്ത് ലീഗ് കൊച്ചി നിയോജക മണ്ഡലം കമ്മിറ്റി മരവിപ്പിച്ച നടപടി മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി യുടെ നിർദേശപ്രകാരം പിൻവലിച്ചതായി മുസ്‌ലിം യൂത്ത്ലീഗ് എറണാകുളം ജില്ലാ പ്രസിഡന്റ് പി.എ സലീം ജനറൽ സെക്രട്ടറി കെ.പി സുബൈർ എന്നിവർ അറിയിച്ചു.

## മീഡിയ അക്കാദമിയിൽ അബു എബ്രഹാം ജന്മശതാബ്ദി ആചരണം

കൊച്ചി: ഇന്നത്തെപ്പോലെ വിവരങ്ങൾ ലഭിക്കാൻ എളുപ്പമല്ലാതിരുന്ന കാലത്ത് ലോകനിലപാടുകൾ ഒപ്പിയെടുത്തു വരച്ച ധീരനായ കാർട്ടൂണിസ്റ്റാണ് അബു എബ്രഹാം എന്ന് പ്രശസ്ത കാർട്ടൂണിസ്റ്റ് ഇ.പി ഉണ്ണി പറഞ്ഞു. ലോകപ്രശസ്ത കാർട്ടൂണിസ്റ്റും പത്രപ്രവർത്തകനും ആയിരുന്ന അബു എബ്രഹാമിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് കേരള മീഡിയ അക്കാദമിയിൽ നടന്ന അനുസ്മരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യസ്നേഹിയായ അബു വരകളിൽ മതത്തെ ഒഴിവാക്കുന്ന രീതിയാണ് സ്വീകരിച്ചതെന്നും, രാഷ്ട്രീയവും സമൂഹവുമുള്ള കാലത്തോളം അദ്ദേഹത്തിന്റെ കാർട്ടൂണുകൾ ഇടപെടലുകൾ നടത്തിക്കൊണ്ടേയിരിക്കുമെന്നും സംവാദം നയിച്ച പ്രമുഖ നിരൂപകനും എഴുത്തുകാരനുമായ എൻ.ഇ സുധീർ അഭിപ്രായപ്പെട്ടു. ശക്തമായ മത നിരപേക്ഷ നിലപാടുകൾ ഉണ്ടായിരുന്ന വ്യക്തിയായിരുന്നു അബു എന്ന് അധ്യക്ഷത വഹിച്ച ചെയർമാൻ ആർ.എസ് ബാബു പറഞ്ഞു. കാർട്ടൂണിസ്റ്റുകൾ നിശ്ശബ്ദരാകുന്ന സ്വേച്ഛാധിപത്യ കാലത്ത് പോലും എങ്ങിനെ ഉണർന്നു പ്രവർത്തിക്കാം എന്ന് തന്റെ വരകളിലൂടെ അബു എബ്രഹാം തെളിയിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. 69 മുതൽ 80 വരെയുള്ള കാലഘട്ടം ചിത്രീകരിക്കുന്ന അബുവിന്റെ ലോകം വിദ്യാർഥികൾക്കായി പ്രദർശിപ്പിച്ചു. അക്കാദമി ഡയറക്ടർ കെ.രാജഗോപാൽ സ്വാഗതവും അസിസ്റ്റന്റ് സെക്രട്ടറി പി.കെ വേലായുധൻ നന്ദിയും പറഞ്ഞു.

## ഇൻഫോപാർക്കിൽ വേൾഡ് ട്രേഡ് സെന്ററിന്റെ മൂന്നാം ടവറിന് കരാർ

കൊച്ചി: ഇൻഫോപാർക്ക് കൊച്ചി ഫേസ് ഒന്നിലെ ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രേഡ് സെന്റർ മൂന്നാം കെട്ടിടസമുച്ചയത്തിനായി ഇൻഫോപാർക്കും ബ്രിഗേഡ് ഗ്രൂപ്പും കരാറി ഒപ്പിട്ടു. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ സാനിധ്യത്തിലായിരുന്നു ചടങ്ങ്. ബംഗളുരു ആസ്ഥാനമായ പ്രമുഖ കെട്ടിടനിർമാതാക്കളായ ബ്രിഗേഡ് ഗ്രൂപ്പ് വേൾഡ് ട്രേഡ് സെന്ററുമായി സഹകരിച്ചാണ് മൂന്നാമത്തെ ടവർ പണിയുന്നത്. 1.55 ഏക്കർ സ്ഥലത്ത് 2.6 ലക്ഷം ചതുരശ്രയടി ബിൽട്ട് അപ് സ്ഥലം പുതിയ ഓഫീസുകൾക്കായി ലഭിക്കും. ഇതിലൂടെ 2700 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് അവകാശവാദം. ആറ് നിലകളിലെ കാർ പാർക്കിങ് അടക്കം പതിനാറ് നിലകളായാണ് മൂന്നാമത്തെ ടവർ വരുന്നത്. മൂന്നു വർഷം കൊണ്ട് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കും. സെസ് ഇതര സ്ഥലത്താണ് കെട്ടിടം വരുന്നത്. 150 കോടി രൂപ നിക്ഷേപമാണ് ഇതിലൂടെ നടക്കുന്നതെന്നും അധികൃതർ അറിയിച്ചു.



ശ്രേയയും അമൃതയും തങ്ങളുടെ കരവിരുതുമായി

## കൾനറി ആർട്ടിൽ തിളങ്ങി ശ്രേയയും അമൃതയും

കൊച്ചി: രാജ്യാന്തര കൾനറി ആർട് മത്സരങ്ങളിൽ ഇന്ത്യക്കായി തിളങ്ങി എറണാകുളം സ്വദേശിനികളായ ശ്രേയ അനീഷും അമൃത പി സദനും. ജർമനിയിൽ നടന്ന കൾനറി ഒളിമ്പിക്സിൽ ലൈവ് കാർവിങ്ങിലാണ് ശ്രേയ സ്വർണമെഡൽ സ്വന്തമാക്കിയത്. ഷാർജ ആതിഥേയത്വം വഹിച്ച മിഡിൽ ഈസ്റ്റ് എക്സ്പോ കൾനറിയിൽ ഡിസ്പ്ലേവിഭാഗത്തിലാണ് അമൃത പൊന്നണിഞ്ഞത്. ചെന്നൈ അമൃത ഇന്റർനാഷണൽ കോളേജിലെ അവസാനവർഷ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് വിദ്യാർഥിനികളാണ് ഇരുവരും. ശ്രേയയേയും അമൃതയേയും എറണാകുളം താജ് ഹോട്ടലിൽ നടന്ന ചടങ്ങിയിൽ കോളജ് ആദരിച്ചു. മത്തങ്ങയിലൊരുക്കിയ കരവിരുതാണ് ഇരുവർക്കും സ്വർണമെഡൽ നേടിക്കൊടുത്തത്. പി.എ.അനീഷ്-സീന ദമ്പതികളുടെ മകളാണ് ശ്രേയ. സദാശിവൻ-ബേബി എന്നിവരാണ് അമൃതയുടെ മാതാപിതാക്കൾ. ഇരുവർക്കും ക്രൂസ് കപ്പലിൽ ഷെഫ് ആകണമെന്നാണ് ആഗ്രഹം. ചെറുപ്പം മുതൽ തന്നെ പാചകത്തോടായിരുന്നു താത്പര്യം. പ്ലസ്ടുവിൽ മികച്ച മാർക്കുണ്ടായിരുന്നെങ്കിലും ഹോട്ടൽ മാനേജ്മെന്റ് പഠിക്കാൻ തീരുമാനിക്കുകയായിരുന്നവെന്നും ശ്രേയ പറഞ്ഞു. മലേഷ്യ, തായ്‌ലാൻഡ്, എന്നിവിടങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കാനായത് ആത്മവിശ്വാസം വർധിപ്പിച്ചു. കാർവിങ് ഷെഫ് കാർത്തിന്റെ നിർദേശപ്രകാരമാണ് കൾനറി ഒളിമ്പിക്സിന് ഇറങ്ങിയത്. ജയിക്കണമെന്ന് മനസിൽ ഉറപ്പിച്ചിരുന്നുവെന്നും ശ്രേയ പറഞ്ഞു. പഴങ്ങളിലും പച്ചക്കറികളിലും കൊത്തിയെടുത്ത രൂപങ്ങൾ നേരത്തെ കണ്ടിട്ടുണ്ടെങ്കിലും തനിക്ക് ഇങ്ങിനെയെല്ലാം ചെയ്യാനാകുമെന്ന് സ്വപ്നത്തിൽപോലും കരുതിയിരുന്നില്ലെന്ന് അമൃത പറഞ്ഞു 22 രാജ്യത്തെ ഷെഫുമാരോട് മത്സരിച്ചാണ് അമൃത സ്വർണമെഡൽ നേടിയത്.

# വയസ് 48, ബിരുദ പഠനത്തിന് പ്രവേശനം നേടി സീനത്ത്

കൊച്ചി: ജീവിതവഴിയിലെ പ്രതിസന്ധികൾക്കിടയിൽ മുറിഞ്ഞുപോയ പഠനവും വായനയും തിരികെ പിടിച്ച് തന്റെ സ്വപ്നത്തിലേക്ക് നടന്നടുക്കുകയാണ് ചിറ്റേത്തുകര സ്വദേശിനി എം.എ സീനത്ത്. സാക്ഷരത തുല്യത പഠനത്തിലൂടെ എസ്എസ്എൽസിയും പ്ലസ്ടുവും വിജയിച്ച് ബിരുദ പഠനത്തിനു പ്രവേശനം നേടിക്കഴിഞ്ഞു 48കാരിയായ ഈ വീട്ടമ്മ. സ്വന്തമായി അധ്വാനിച്ച് മൂന്നു മക്കളെ വളർത്തുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനിടെയാണ് ഇതു സാധ്യമായതെന്നത് സീനത്തിന്റെ നേട്ടത്തിന് തിളക്കം കൂട്ടുന്നു.

ചെങ്ങമനാട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ജില്ലാതല വായനാപക്ഷാചരണ വേദിയിൽ എഴുത്തുകാരനും അധ്യാപകനും കേന്ദ്ര സാഹിത്യ അക്കാദമി ഭാഷാ സമ്മാൻ പുരസ്കാര ജേതാവുമായ ഡോ.കെ.ജി പൗലോസ് സീനത്തിനെ ആദരിച്ചു.

മലയാളം ഭാഷയെ ഏറെ സ്നേഹിക്കുന്ന സീനത്ത് ബിഎ മലയാളത്തിനാണ് തൃക്കാക്കര ഭാരത്മാത കോളജിൽ പ്രവേശനം നേടിയിരിക്കുന്നത്. രണ്ട് ഇരട്ട പെൺകുട്ടികളും ഒരാൺകുട്ടിയുമാണ് സീനത്തിന്. മക്കളെയും കുടുംബത്തെയും പുലർത്തേണ്ട ചുമതല സ്വന്തം ചുമലിലായതോടെ ചിറ്റേത്തുകരയിലെ വീടിന് മുൻവശത്തായി ഫോട്ടോസ്റ്റാറ്റും പ്രിന്റ് ഔട്ടുകളും എടുത്ത് നൽകുന്ന ഡിടിപി സെന്റർ തുടങ്ങി. വായ്പയെടുത്തും മറ്റുമാണ് ഇതിനുള്ള പണം കണ്ടെത്തിയത്. മൂന്ന് മക്കളെയും നല്ല രീതിയിൽ പഠിപ്പിച്ചു. മകൾ ഇർഫാന യുകെയിൽ എംബിഎക്ക് പഠിക്കുന്നു. മറ്റൊരാളായ ഇഫ്രത്തിന്റെ വിവാഹം കഴിഞ്ഞു. ഇളയ മകൻ മുഹമ്മദ് അബ്ദുൾ ഗഫൂർ പ്ലസ്ടു വിദ്യാർഥിയാണ്. പഠിക്കാനുള്ള



ജില്ലാതല വായനാപക്ഷാചരണ വേദിയിൽ സീനത്തിനെ ആദരിച്ചപ്പോൾ

ആഗ്രഹം തിരിച്ചറിഞ്ഞ മക്കളാണ് തനിക്ക് പഠിക്കാനുള്ള അവസരമൊരുക്കി നൽകിയെന്ന് സീനത്ത് പറയുന്നു. അങ്ങനെയാണ് സാക്ഷരത തുല്യത പഠനത്തിന് ചേരുന്നത്. ജോലിക്കിടെ പഠിക്കാനായി സമയം കണ്ടെത്തും. ചിലപ്പോൾ അതിരാവിലെ ഉണർന്ന് പഠിക്കും. സൗത്ത് വാഴക്കുളം സ്കൂളിലാണ് പത്താംതരം തുല്യത പഠിച്ചത്. 2015ൽ പത്താം തരം വിജയിച്ചു. ഇടയ്ക്ക് പഠനം മുടങ്ങിയെങ്കിലും 2019ൽ കളമശേരി ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ കേന്ദ്രത്തിൽ നിന്ന് ഹയർ സെക്കൻഡറി തുല്യതയും വിജയിച്ചു. വാർത്താ അവതാരകയാകാനാണ് സീനത്തിന്റെ ആഗ്രഹം. ഒപ്പം ബിരുദം പൂർത്തിയാക്കി എൽഎൽബിക്ക് ചേർന്ന് അഭിഭാഷകയാകാനും ലക്ഷ്യമിടുന്നു.

# പോക്സോ കേസിൽ യുവാവ് അറസ്റ്റിൽ

ചങ്ങനാശ്ശേരി : ചങ്ങനാശ്ശേരി കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപം വെച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോട് അപമര്യാദയായി പെരുമാറിയ കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. ചങ്ങനാശ്ശേരി കാക്കാംതോട് ഭാഗത്ത് മറ്റത്തിൽ പുതുപ്പറമ്പിൽ വീട്ടിൽ അരുൺ രവിയെയാണ് (40) ചങ്ങനാശ്ശേരി പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ കഴിഞ്ഞ ദിവസം രാത്രി എട്ടുമണിയോടുകൂടി ചങ്ങനാശ്ശേരി കെഎസ്ആർടിസി ബസ്സ്റ്റാൻഡിന് മുൻവശം വച്ച് അതിജീവതയും കുടുംബവും യാത്ര ചെയ്തു വന്നിരുന്ന ഓട്ടോറിക്ഷ കൈകാണിച്ചു നിർത്തിയ ശേഷം അതിജീവിതയുടെ പിതാവിനോട് ലൈംഗിക ചുവയോടുകൂടി സംസാരിച്ചു. അതിജീവിതയുടെ കയ്യിൽ കയറി പിടിച്ച് ഓട്ടോറിക്ഷയിൽ നിന്നും വലിച്ചു പുറത്തിറക്കുകയുമായിരുന്നു. പരാതിയെ തുടർന്ന് ചങ്ങനാശ്ശേരി പോലീസ് ഇയാളെ പിടികൂടുകയുമായിരുന്നു. ചങ്ങനാശ്ശേരി സ്റ്റേഷൻ എസ്.എച്ച്.ഓ ബി.വിനോദ്കുമാറിന്റെ നേതൃത്വത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.


അരുൺ രവി

# ജൂണിയർ റിസർച്ച് ഫെലോ; 26 വരെ അപേക്ഷിക്കാം

കോട്ടയം: മഹാത്മാ ഗാന്ധി സർവകലാശാലയിൽ സയൻസ് ആൻറ് എൻജിനീയറിംഗ് റിസർച്ച് ബോർഡ് സ്പോൺസർ ചെയ്യുന്ന പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒഴിവിലേക്ക് ജൂൺ 26 വരെ അപേക്ഷിക്കാം. ഒമ്പതു മാസമാണ് പ്രോജക്ട് കാലാവധി. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. താത്പര്യമുള്ളവർ serbcrgmgu2021@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ അയയ്ക്കണം.

## കോട്ടയം വാർത്തകൾ

## പ്രതിരോധ കുത്തിവെപ്പ് ക്യാമ്പ് ഇന്ന് തുടങ്ങും

എരുമേലി : പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇന്ന് മുതൽ അഞ്ചു ദിവസത്തേക്ക് ബ്രൂസെല്ലോസിസ് ബാക്ടീരിയൽ രോഗത്തിനെതിരെ പ്രതിരോധ കുത്തിവെപ്പ് ക്യാമ്പ് നടത്തുമെന്ന് മൃഗസംരക്ഷണ വകുപ്പ്അറിയിച്ചു. ക്യാമ്പിൽ ക്ഷീരകർഷകർ നാലു മുതൽ ആറ് മാസം വരെ പ്രായമുള്ള പശുക്കിടാരികളെ കുത്തിവെപ്പിന് വിധേയമാക്കേണ്ടതാണ്. ബ്രൂസെല്ലോസിസ് ഒരു ജന്തു ജന്യ രോഗമായതിനാൽ മനുഷ്യരിലേക്ക് പകരാൻ സാധ്യത ഉള്ളത് മുൻനിർത്തി ഈ കുത്തിവെപ്പ് നിർബന്ധമാണ്. അതീവ ജാഗ്രതയോടു കൂടി കുത്തിവെപ്പ് ചെയ്യേണ്ടതിനാൽ ജീവനക്കാർ പിപിഇ കിറ്റ് ധരിച്ച് ആണ് കുത്തിവെപ്പ് നടത്തുക. കുത്തിവെപ്പിന്റെ തീയതിയും വാർഡും ചുവടെ.ഇന്ന് 11,12,13 വാർഡുകൾ. നാളെ 19,20,21,22,23 വാർഡുകൾ. 22 ന് ഒന്ന് മുതൽ ഏഴ് വരെയുള്ള വാർഡുകൾ. 24 ന് 8,9,10, 17,18 വാർഡുകൾ, 25 ന് 14,15,16 വാർഡുകൾ

## പൊലീസ് കംപ്ലെയിന്റ്സ് അതോറിറ്റി തെളിവെടുപ്പ്

കോട്ടയം: സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി അംഗം പി.കെ. അരവിന്ദബാബു ജൂൺ 21ന് രാവിലെ 11 മണി മുതൽ കോട്ടയം കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ (വിപഞ്ചിക) പരാതികളിൽ തെളിവെടുപ്പ് നടത്തും. അന്നേദിവസം രാവിലെ 10 മണി മുതൽ 11 മണി വരെ പൊതുജനങ്ങൾക്ക് കേരള പൊലീസ് ആക്ടിലെ വകുപ്പ് 110(1) പ്രകാരം പൊലീസ് സൂപ്രണ്ടിന്റെയും അതിനു മുകളിലുള്ള പൊലീസ് ഉദ്യോഗസ്ഥർക്കുമെതിരേയുള്ള പരാതികളും സമർപ്പിക്കാം.

## പി.എസ്.സി അഭിമുഖം

കോട്ടയം: ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ(ഹിന്ദി ) (തസ്തികമാറ്റം കാറ്റഗറി നമ്പർ 065/2023) തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം പി.എസ്.സിയുടെ കോട്ടയം ജില്ലാ ഓഫീസിൽ ജൂൺ 26 ന് രാവിലെ 9.30 ന് നടക്കും. ഉദ്യോഗാർഥികൾ അസൽ തിരിച്ചറിയൽ രേഖ, യോഗ്യത, വെയ്റ്റേജ്, കമ്മ്യൂണിറ്റി തെളിയിക്കുന്ന അസൽ രേഖകൾ, വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഹാജരാകണം. പ്രൊഫൈലിൽ ലഭ്യമാക്കിയിരിക്കുന്ന അഡ്മിഷൻ ടിക്കറ്റ്, ബയോഡേറ്റ എന്നിവ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഇന്റർവ്യൂ സമയത്ത് നൽകണം.

## പ്രോജക്ട് അസിസ്റ്റന്റ് നിയമനം

കോട്ടയം: ജില്ലാ വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ പോഷൺ അഭിയാൻ പദ്ധതിയുടെ ഭാഗമായി ജില്ലാതല ഹെൽപ് ഡെസ്കിൽ പ്രവർത്തിക്കുന്നതിനായി പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ കരാർ നിയമനം നടത്തുന്നു. മാനേജ്മെന്റ് /സോഷ്യൽ സയൻസ്/ ന്യൂട്രീഷൻ വിഷയങ്ങളിൽ ബിരുദം/ ബിരുദാനന്തര ഡിപ്ലോമ,രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പ്രാവീണ്യം, കമ്പ്യൂട്ടർ പരിജ്ഞാനം, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പ്രാവീണ്യം എന്നിവയാണ് യോഗ്യത. അപേക്ഷകർ പ്രദേശവാസികളായിരിക്കണം. പ്രായപരിധി: 2024 ജനുവരി ഒന്നിന് 41 വയസ് കവിയരുത്. താൽപര്യമുള്ളവർ ബയോഡേറ്റയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം പ്രോഗ്രാം ഓഫീസർ, ജില്ലാതല ഐ.സി.ഡി.എസ്. സെൽ, കെ.വി.എം. ബിൽഡിംഗ്, അണ്ണാൻകുന്ന്, കോട്ടയം1 വിലാസത്തിൽ ജൂൺ 28 നകം അപേക്ഷ നൽകാം. വിശദവിവരത്തിന് ഫോൺ: 04812561677, 8590881069,9188959622

## ഡിപ്ലോമ കോഴ്സ്

കോട്ടയം:പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ കേരള മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ഹയർ സെക്കൻഡറി / വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡിസിഎ കോഴ്സ് പത്താം ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി / തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. www. Scolekerala . org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴ കൂടാതെ ജൂലൈ 12 വരെയും 60 രൂപ പിഴയോടെ ജൂലൈ 25 വരെയും രജിസ്റ്റർ ചെയ്യാം. ഫോൺ :0481 2300443 ,9496094157, 9947985329


കല്ലൂപ്പാറ പുതുശ്ശേരി ആശാരിക്കാലായിൽ തങ്കമണി രാജപ്പന്റെ വീടിന്റെ മേൽക്കൂര് ഇടിഞ്ഞു വീണ നിലയിൽ

## വീടിന്റെ മേൽക്കൂര ഇടിഞ്ഞു വീണു

മല്ലപ്പള്ളി: കഴിഞ്ഞ ദിവസം ഉച്ചയ്ക്ക് ഒരു മണിയോടുകൂടി ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും വീടിന്റെ മേൽക്കൂര ഇടിഞ്ഞു വീണു.കല്ലൂപ്പാറ പഞ്ചായത്തിലെ എട്ടാം വാർഡിൽ പുതുശ്ശേരി ആശാരിക്കാലായിൽ തങ്കമണി രാജപ്പന്റെ വീടിന്റെ മേൽക്കൂരയാണ് ഇടിഞ്ഞു വീണത്. കുടുംബാംഗങ്ങൾ അത്ഭുതകരമായി രക്ഷപ്പെട്ടു.തങ്കമണി കാൻസർ രോഗിയും മകൻ വൃക്ക രോഗിയുമാണ്.



വായനാപക്ഷാചാരണത്തിന്റെ ജില്ലാ തല ഉദ്ഘാടനം വാഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു നിർവഹിക്കുന്നു.

## വായനാപക്ഷാചരണത്തിന് തുടക്കം

കോട്ടയം: പുതിയ തലമുറയെ വായനാശീലത്തിലേയ്ക്കു കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് സ്കൂൾ തലത്തിൽ വായനാപക്ഷാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതെന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു.

വായനാപക്ഷാചാരണത്തിന്റെ ജില്ലാ തല ഉദ്ഘാടനം വാഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിർവഹിച്ചുകൊണ്ടു പ്രസംഗിക്കുകയായിരുന്നു അവർ.

വായനയുടെ രീതികൾ മാറിയെങ്കിലും വായന മരിക്കുന്നില്ല. എന്നാൽ ചെറുപ്പക്കാർ വായനശാലകളിൽ വന്നു വായിക്കുന്ന പതിവ് ഇപ്പോൾ വളരെ കുറവാണ്. സാംസ്കാരികപ്രവർത്തനങ്ങളിലും അവരുടെ പങ്കാളിത്തം കുറവാണ്. ഇത്തരം പ്രവർത്തികളിലേയ്ക്ക് അവരെ തിരിച്ചുകൊണ്ടുവരാനും വായനശാലകൾക്കു കഴിയുമെന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

ചടങ്ങിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ബാബു കെ. ജോർജ് ആധ്യക്ഷം വഹിച്ചു.

സ്കൂൾ ലൈബ്രറിക്കുള്ള പുസ്തക കൈമാറ്റം വാഴൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.പി. റെജി നിർവഹിച്ചു. ലൈബ്രറി കൗൺസിൽ സംസ്ഥാന കമ്മിറ്റി അംഗം വി.കെ. കരുണാകരൻ പി.എൻ. പണിക്കർ അനുസ്മരണം നടത്തി.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ എ. അരുൺകുമാർ വായനാ പക്ഷാചരണ സന്ദേശം നൽകി.

വാഴൂർ ഗവൺമെന്റ് ഹൈസ്കൂൾ വിദ്യാർഥിനി അക്ഷരലക്ഷ്മി അരുൺ വായനാ അനുഭവം പങ്കുവച്ചു. വിദ്യാർഥിനിയായ പാർവതി ബാബു വായനാ ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

വാഴൂർ ബ്ളോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗീത എസ്. പിള്ള, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി അഡ്വ. എൻ. ചന്ദ്രബാബു, ലൈബ്രറി കൗൺസിൽ ഭാരവാഹികളായ എൻ.ഡി. ശിവൻ, അനിൽ വേഗ, ഹെഡ്മാസ്റ്റർ ഇൻ ചാർജ് ലാൽ വർഗീസ്, പി.ടി.എ. പ്രസിഡന്റ് സുധീഷ് വെള്ളാപ്പള്ളി എന്നിവർ പ്രസംഗിച്ചു.

ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ നേതാക്കളായ പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19ന് ആരംഭിച്ച് ഐ.വി. ദാസിന്റെ ജന്മദിനമായ ജൂലൈ ഏഴിന് അവസാനിക്കുന്ന രീതിയിലാണ് ഈ വർഷത്തെ വായനാപക്ഷാചരണം സംഘടിപ്പിക്കുന്നത്. ജില്ലാ ലൈബ്രറി കൗൺസിലിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും വിവിധ സംഘടനകളുടെയും ആഭിമുഖ്യത്തിലാണ് വായനാപക്ഷാചരണം സംഘടിപ്പിക്കുന്നത്.

## വായനാ ദിനത്തിൽ വിവിധ പരിപാടികൾ

ഈരാറ്റുപേട്ട:മുസ്‌ലിം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിവിധ ഭാഷാ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ജൂൺ 19 മുതൽ ജൂലൈ 19 വരെ നടക്കുന്ന വായന മാസാചരണത്തിന് തുടക്കമായി സ്കൂൾ മാനേജർ പ്രൊഫസർ എം കെ ഫരീദ് പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ വായന പരിപോഷിപ്പിക്കുന്നതിന് തുറന്ന പുസ്തകശാല സജ്ജമാക്കി. വിദ്യാർത്ഥികൾ അവതരിപ്പിച്ച അക്ഷര നൃത്തശില്പം ശ്രദ്ധേയമായി.ഹിന്ദി സാഹിത്യകാരന്മാരെ പരിചയപ്പെടുത്തി ക്കൊണ്ടുള്ള വേഷപ്പകർച്ച വിദ്യാർത്ഥികൾ അവതരിപ്പിച്ചു. വില്യം ഷേക്സ്പിയറുടെ കൃതികളെ ആസ്പദമാക്കി ' ആവിഷ്കരിച്ച കഥാസന്ദർഭങ്ങളുടെ അവതരണം ഷേക്സ്പിയർ കൃതികളെ പരിചയപ്പെടുത്തുന്നതിന് ഏറെ സഹായകമായി. വായന സംബന്ധമായ പോസ്റ്റർ രചനാ മത്സരം , ഹൈസ്കൂൾ യു പി വിഭാഗങ്ങൾക്കായി ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. വരും ദിനങ്ങളിൽ വിവിധ ശില്പശാലകൾ, കഥാനിരൂപണ മത്സരങ്ങൾ , പുസ്തക പരിചയം, സാഹ്പുസ്തകമേള എന്നിവ സംഘടിപ്പിക്കും. ഉദ്ഘാടന ചടങ്ങിൽ ഹെഡ്മാസ്റ്റർ ഇൻ ചാർജ് കെ എസ് ഷെരീഫ് സ്വാഗതം പറഞ്ഞു.അധ്യാപിക ഇ വി ശ്രീജ, കെ എൻ പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തി. മുഹമ്മദ് ലൈസൽ, പിജി ജയൻ, ടി എസ് അനസ്, ഡോ കൂർ കെ എം മഞ്ജു, എഫ് മൈമൂന എന്നിവർ സംസാരിച്ചു. വായനാ മസാചരണം ജൂലൈ 19ന് സമാപിക്കും

കൂവപ്പള്ളി : വായനദിനാചരണത്തിന്റെ ഭാഗമായി കൂവപ്പള്ളി സെന്റ് ജോസഫ്സ് ഹൈ സ്കൂളിൽ സംഘടിപ്പിച്ച 'വായനാനുഭവസദസ്സ് ' കൂവപ്പള്ളി പബ്ലിക് ലൈബ്രറി പ്രസിഡന്റ് ബാബു ടി ജോൺ ഉദ്ഘാടനം ചെയ്തു. ഹെഡ് മിസ്ട്രെസ്സ് ജോഷിന മേരി ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രഞ്ജിത്കുമാർ വി, സിസ്റ്റർ ജൂലി റോസ്, കെ.പി രാധാമണി,സുവർണ കെ. എസ് എന്നിവർ സംസാരിച്ചു.

കുമരകം: ഗ്രാമപഞ്ചായത്ത് ലൈബ്രറിയായ സി. ജെ. ചാണ്ടി മെമ്മോറിയൽ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ വായനാദിനം ആചരിച്ചു. ഗ്രന്ഥശാലാ ആക്ടിങ് പ്രസിഡൻറ് ശ്രീ. വി. ജി. ശിവദാസ് അദ്ധ്യക്ഷനായ യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ധന്യ സാബു ഉദ്ഘാടനം ചെയ്തു.

അതിരമ്പുഴ: സെന്റ് അലോഷ്യസ് എൽ പി സ്കൂളിലെ വായന ദിനാചരണം കുട്ടികൾക്ക് വേറിട്ടൊരു അനുഭൂതി നൽകി. തപാൽ കാർഡിൽ വായന ദിന സന്ദേശം എല്ലാ കുട്ടികളും തയ്യാറാക്കി അതിരമ്പുഴ പോസ്റ്റു മാസ്റ്റർ രാജേഷിന് കൈമാറി. സുഗതകുമാരി അവാർഡ് ജേതാവ് ജയശ്രീ പള്ളിക്കൽ വായന ദിന സന്ദേശം നൽകി കുട്ടികളുമായി സംവദിച്ചു. കവിതാലാപനം, വായനദിന സൂക്താവതരണം, അമ്മ വായന, വായനക്കുറിപ്പ്, വായന ദിന സന്ദേശം , റീഡേഴ്സ് തീയറ്റർ എന്നിവയും പരിപാടികളുടെ മോടി കൂട്ടി.

കോട്ടയം : വിവിധ പരിപാടികളോടെ മൂന്നാഴ്ചക്കാലം നീണ്ടുനില്ക്കുന്ന വായനാപക്ഷാചരണ പരിപാടികൾക്ക് ജില്ലാസാക്ഷരതാമിഷൻ തുടക്കം കുറിച്ചു. ജൂൺ 19 മുതൽ ജൂലൈ 7 വരെ നടക്കുന്ന വായന പക്ഷാചരണ പരിപാടികളോട് അനുബന്ധിച്ച് സാഹിത്യ ക്വിസ് , സെമിനാർ,പുസ്തക ശേഖരണം, പുസ്തക ചർച്ച, സാംസ്കാരിക സമ്മേളനം, സാക്ഷരതാ രംഗത്ത് മികച്ച സേവനം നല്കിയവരെ ആദരിക്കൽ എന്നിവ സംഘടിപ്പിക്കും. ജില്ലയിലെ 10 തുല്യതാ പഠന കേന്ദ്രങ്ങളിൽ സാംസ്കാരിക സമ്മേളനങ്ങളും സെമിനാറും സംഘടിപ്പിക്കും. 90 ലധികം വിദ്യാകേന്ദ്രങ്ങളിൽ സാക്ഷരതാ പ്രേരക്മാരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി പുസ്തക ശേഖരണം നടത്തും. പ്രേരക്മാ രും തുല്യതാ പഠിതാക്കളും സഹകരിക്കണമെന്ന്ജില്ലാ കോഓർഡിനേറ്റർ അറിയിച്ചു. ജില്ലാതല പരിപാടികളുടെ തുടക്കം കുറിച്ച് ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിൽ ചേർന്ന വായനാദിന പ്രതിജ്ഞക്ക് ജില്ലാ കോർഡിനേറ്റർ പി എം അബ്ദുൾകരീം നേതൃത്വം നല്കി ജീവനക്കാർ, നോഡൽ പ്രേരക്മാർ എന്നിവർ പങ്കെടുത്തു.


ഈരാറ്റുപേട്ട മുസ്ലിം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ വായന മാസാചരണം സ്കൂൾ മാനേജർ എം.കെ.ഫരീദ് ഉദ്ഘാടനം ചെയ്യുന്നു.


വായന ദിനാചരണത്തിന്റെ ഭാഗമായി പൂഞ്ഞാർ ഗൈഡൻസ് പബ്ലിക് സ്കൂളിൽ നടന്ന ഗ്രന്ഥ വിതരണം.


വായനദിനാചരണത്തോടനുബന്ധിച്ച് ചേനപ്പാടി ഗവ.എൽപി സ്കൂളിൽ സംഘടിപ്പിച്ച പുസ്തകപ്രദർശനം


അതിരമ്പുഴ സെന്റ് അലോഷ്യസ് എൽ പി സ്കൂളിൽ തപാൽ കാർഡിൽ വായന ദിന സന്ദേശം എഴുതി തയ്യാറാക്കി കുട്ടികൾ അതിരമ്പുഴ പോസ്റ്റു മാസ്റ്റർ രാജേഷിന് കൈമാറുന്നു


മൂന്നാഴ്ചക്കാലത്തെ വായനാപക്ഷാചരണ പരിപാടികൾക്ക് ജില്ലാസാക്ഷരതാമിഷൻ തുടക്കം കുറിച്ചപ്പോൾ

## എരുമേലിയിൽ'കഥയിലെ പൊതിച്ചോറ് '

എരുമേലി : ഇന്നലെ വായനാ ദിനം എരുമേലിയിൽ ആർക്കും മറക്കാനാവാത്ത വിധം ഏറെ വ്യത്യസ്തമായി.

എല്ലാം ഡിജിറ്റലായി മാറിയ ഈ കാലഘട്ടത്തിൽ വായന മറക്കരുതെന്ന് ഓർമിപ്പിക്കാൻ ടൗണുകൾ ചുറ്റി മൂന്ന് വിദ്യാർത്ഥികൾ രണ്ടായിരം പേരെക്കൊണ്ട് കഥ വായിപ്പിച്ചതാണ് വ്യത്യസ്തമായത്. കഥയുടെ ഒടുവിലുള്ള ചോദ്യത്തിന് ശരി ഉത്തരം വൈകുന്നേരത്തിനകം വാട്സ് ആപ്പ് ചെയ്ത് അറിയിച്ചാൽ ആയിരം രൂപയുടെ പുസ്തകം സൗജന്യമായി നൽകുമെന്ന ഓഫറുണ്ടായിരുന്നു. 166 പേരാണ് ശരി ഉത്തരം അയച്ചത്. അതിൽ നറുക്കെടുപ്പിലൂടെ എരുമേലി ടൗണിൽ ചായക്കട നടത്തുന്ന ശ്രീവിദ്യ തെരഞ്ഞെടുക്കപ്പെട്ടു. പ്രശസ്ത സാഹിത്യകാരൻ ഒ വി വിജയന്റെ കടൽത്തീരത്ത് എന്ന വിഖ്യാതമായ കഥയുടെ 2000 പ്രതികളാണ് കിസുമം ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ പൂവ് സർഗവേദിയുടെ നേതൃത്വത്തിൽ സ്കൂളിലെ വിദ്യാർത്ഥികൾ വിതരണം ചെയ്തത്.

എരുമേലി പ്രൈവറ്റ് ബസ്സ്റ്റാൻഡിലും പരിസരങ്ങളിലും തുടർന്ന് കെഎസ്ആർടിസി ബസ്റ്റാൻഡിലും യാത്രക്കാർക്കെല്ലാം കഥയുടെ പ്രതികൾ നൽകി. സാധാരണ നോട്ടീസ് ആണെന്ന് കരുതി വാങ്ങിയവർ അത്ഭുതപ്പെട്ടു. കഥയിലെ പ്രധാന കഥാപാത്രമായ വെള്ളായിയപ്പനെ നേരത്തെ വായിച്ചവർ വീണ്ടും കഥ വായിച്ച് സങ്കടപ്പെട്ടു. ആദ്യമായി പരിചയപ്പെട്ടവർക്ക് കഥ മറക്കാനാവാത്ത അനുഭവമായി. കഥയിലെ പൊതിച്ചോറിന് അവസാനം എന്താണ് സംഭവിക്കുന്നത് എന്നായിരുന്നു കഥയോടൊപ്പമുണ്ടായിരുന്ന ചോദ്യം. പൂവ് സർഗവേദിയുടെ പ്രവർത്തകരായ റിജോ, അനന്ദു റാം, അതുൽ എന്നീ വിദ്യാർത്ഥികളും അദ്ധ്യാപകരും പിടിഎ ഭാരവാഹികളും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.


എരുമേലി കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ ബസിലെ യാത്രക്കാർക്ക് വിദ്യാർത്ഥികൾ ഒ വി വിജയന്റെ കടൽത്തീരത്ത് എന്ന കഥയുടെ കോപ്പികൾ വായിക്കാൻ നൽകുന്നു.

## തദ്ദേശസ്ഥാപനതെരഞ്ഞെടുപ്പ് ; മുസ്‌ലിം ലീഗ് കോട്ടയം മണ്ഡലം മുന്നൊരുക്കം

കോട്ടയം : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ യു ഡി എഫിനും മുസ്‌ലിം ലീഗിനും ഉജ്വലവിജയം നേടിയെടുക്കാൻ വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നതുൾപ്പടെ ആവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിക്കാൻ മുസ്‌ലിം ലീഗ് കോട്ടയം മണ്ഡലംകമ്മിറ്റി തീരുമാനിച്ചു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ എം ബി അമീൻഷാ ചെയർമാനും സോമൻ പുതിയാത്തു, പി എസ് ഹമീദ്, ഉനൈസ് പാലപ്പറമ്പിൽ എന്നിവർ അംഗങ്ങളുമായ നാലംഗ സമിതിയെ യോഗം ചുമതലപ്പെടുത്തി. കോട്ടയം നഗരസഭയിലേക്ക് ഏഴു വാർഡുകൾ മുസ്‌ലിം ലീഗിന് നൽകണമെന്ന് യു ഡി എഫ് നേതൃത്വത്തോട് ആവശ്യപ്പെടാനും കമ്മിറ്റി തീരുമാനിച്ചു. പ്രസിഡന്റ് പ്രൊഫ:ഷവാസ് ഷെരീഫിന്റെ അധ്യക്ഷതയിൽ ലീഗ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്ന യോഗം ജൂൺ 21മുതൽ 23 വരെ കോട്ടയത്തു നടക്കുന്ന എസ് ഇ യു സംസ്ഥാന സമ്മേളനം വിജയിപ്പിക്കാൻ തീരുമാനിച്ചു. പി പി മുഹമ്മദ് കുട്ടി യോഗം ഉദ്ഘാടനം ചെയ്തു. അസീസ് കുമാരനല്ലൂർ മുഖ്യപ്രഭാഷണം നടത്തി. ഫാറൂഖ് പാലപ്പറമ്പിൽ , റഫീഖ് ഹാജി ,ഷിബു ഹംസ റൂബി , ഹാജി കെ പി ഇസ്മായിൽ, എം എം അഷ്റഫ് ,ഷെരീഫ് ടി മൂസ, പി ഐ ഷാഹുൽ ഹമീദ്, എസ് സൈഫുദ്ധീൻ തുടങ്ങിയവർ പ്രസംഗിച്ചു

## യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ മൂന്നുപേർ അറസ്റ്റിൽ

കുമരകം: യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ സഹോദരന്മാർ ഉൾപ്പെടെ മൂന്നുപേരെ പോലീസ് അറസ്റ്റ് ചെയ്തു.

ചെങ്ങളം കുന്നുംപുറം വീട്ടിൽ സുനിൽ കെ.ആർ (33), ഇയാളുടെ സഹോദരൻ സുമേഷ് കെ.ആർ (32),ചെങ്ങളം നെല്ലിപള്ളിൽ വീട്ടിൽ ഷിച്ചു ഷാജി (31) എന്നിവരെയാണ് കുമരകം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം വൈകുന്നേരം 5 :15 മണിയോടുകൂടി ചെങ്ങളം ഭാഗത്തെ വഴിയിലൂടെ നടന്നു പോവുകയായിരുന്ന യുവാവിനെ ബൈക്കിൽ എത്തിയ ഇവർ തടഞ്ഞുനിർത്തി ചീത്ത വിളിച്ച് മർദ്ദിക്കുകയുമായിരുന്നു. ഇതിനുശേഷം വീട്ടിലേക്ക് പോയ യുവാവിനെ ഇവർ ബൈക്കിൽ വീണ്ടും പിന്തുടർന്ന് മർദ്ദിക്കുകയും,ഹെൽമെറ്റ് കൊണ്ട് തലയ്ക്ക് അടിച്ചു. ഇത് തടയാൻ ശ്രമിച്ച യുവാവിന്റെ സുഹൃത്തിനെയും ഇവർ ആക്രമിച്ചു.

ഇവർക്ക് മുമ്പുണ്ടായിരുന്ന കേസിൽ യുവാവിന്റെ സഹോദരൻ സാക്ഷി പറഞ്ഞതിലുള്ള വിരോധം മൂലമാണ് ഇവർ യുവാവിനെ ആക്രമിച്ചത്.തുടർന്ന് ഇവർ സംഭവസ്ഥലത്ത് നിന്ന് കടന്നു. പരാതിയെ തുടർന്ന് കുമരകം പോലീസ് നടത്തിയ തിരച്ചിലിൽ മൂവരെയും പിടികൂടുകയുമായിരുന്നു. കുമരകം സ്റ്റേഷൻ എസ്.എച്ച്.ഓ തോമസ് കെ.ജെ, എസ്.ഐ മാരായ മനോജ് കെ.കെ, സുനിൽകുമാർ, സി.പി.ഓ മാരായ രാജു, ഷൈജു, ഡെന്നി എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്.സുനിലിനും, സുമേഷിനും ഷിച്ചു ഷാജിക്കും കുമരകം സ്റ്റേഷനിൽ ക്രിമിനൽ കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ മൂവരെയും റിമാൻഡ്ചെയ്തു.


സുനിൽ,സുമേഷ്,ഷിച്ചു ഷാജി

## പൊലീസ് ഓടിയെത്തി ഗൃഹനാഥന് പുതുജീവൻ

ഈരാറ്റുപേട്ട: ഈരാറ്റുപേട്ട പൊലീസിന്റെ സമയോചിതമായ ഇടപെടൽ മൂലം ആത്മഹത്യക്ക് ശ്രമിച്ച ഗൃഹനാഥനെ മരണത്തിൽ നിന്നും ജീവിതത്തിലേക്ക് തിരികെയെത്തിച്ചു.

കുടുംബവഴക്കിനെ തുടർന്ന് ഭർത്താവ് ഉപദ്രവിക്കുന്നുവെന്ന് ഈരാറ്റുപേട്ട സ്വദേശിയായ വീട്ടമ്മ ഇന്നലെ രാവിലെ 10.30 മണിയോടുകൂടി ഈരാറ്റുപേട്ടസ്റ്റേഷനിൽവിളിച്ച് അറിയിച്ചു. തുടർന്ന് ഈരാറ്റുപേട്ട പൊലീസ് ഉടനടിസ്ഥലത്ത് എത്തുകയായിരുന്നു.പൊലീസ് വീട്ടിലെത്തുമ്പോൾ ഗൃഹനാഥൻ വഴക്കിനെ തുടർന്ന് വീട് പൂട്ടിയിട്ട ശേഷം വീടിനുള്ളിൽ തൂങ്ങിമരിക്കാൻ ശ്രമിക്കുകയായിരുന്നു. ഉടൻ തന്നെ പൊലീസ് സംഘം മുറിയുടെ വാതിൽ ചവിട്ടി തുറന്നു അകത്ത് കയറി.വീടിനുള്ളിൽ മുണ്ടിൽ തൂങ്ങിമരിക്കാൻ ശ്രമിക്കുകയായിരുന്ന ഗൃഹനാഥന്റെമുണ്ടിന്റെ കെട്ട് പൊലീസ് മുറിച്ചു ഗൃഹനാഥനെ താഴെയിറക്കി. ഉടൻ തന്നെ പ്രഥമ ശുശ്രൂഷ നൽകി ഗൃഹനാഥന്റെ ജീവന് ആപത്തില്ലായെന്ന് ഉറപ്പ് വരുത്തുകയായിരുന്നു. പിന്നീട് പാലിയേറ്റിവ് അംഗങ്ങൾക്ക് ഗൃഹനാഥനെ കൈമാറിയശേഷമാണ് പോലീസ് സംഘം മടങ്ങിയത്. ഈരാറ്റുപേട്ട സ്റ്റേഷൻ എസ്.ഐ രാധാകൃഷ്ണൻ, സി.പി.ഓ സന്ദീപ് എന്നിവരുടെ സമയോചിതമായ ഇടപെടലാണ് ഗൃഹനാഥന്റെ ജീവൻ രക്ഷിക്കാൻ ഇടയായത്.

## ആരോഗ്യമന്ത്രിയുടെ ഭർത്താവ് സൂപ്പർ മന്ത്രി ചമയുന്നുവെന്ന്

പത്തനംതിട്ട: ആരോഗ്യമന്ത്രി വീണാ ജോർജിന്റെ ഭർത്താവ് കിഫ്ബി, പൊതുമരാമത്ത്, ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി തന്റെ ഉടമസ്ഥതയിൽ കൊടുമണ്ണിലുള്ള കെട്ടിടത്തിന്റെ മുൻഭാഗത്തെ ഏഴംകുളംകൈപ്പട്ടൂർ റോഡിന്റെ ഓടയുടെ ഗതി മാറ്റിയ നടപടി നഗ്നമായ അധികാര ദുർവിനിയോഗവും ധിക്കാരവുമാണെന്നും ഇത് മറച്ചുവെക്കുവാൻ സ്വകാര്യ സർവ്വേ സ്ഥാപനത്തിന്റെ സഹായത്തോടെ ഗുണ്ടകളുടെ അകമ്പടിയോടെ നിയമാനുസൃതമായ കോൺഗ്രസിന്റെ കൊടുമണ്ണിലെ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം അളപ്പിക്കുവാൻ ശ്രമിച്ച നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് ഡി.സി.സി പ്രസിഡൻറ് പ്രൊഫ. സതീഷ് കൊച്ചുപറമ്പിൽ പറഞ്ഞു.

ആരോഗ്യവകുപ്പിൽ നടക്കുന്ന താൽക്കാലിക നിയമനങ്ങളിലും, മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴി നടക്കുന്ന പർച്ചേസ് നടപടികളിലും ഇടപെടുന്ന മന്ത്രിയുടെ ഭർത്താവ് മന്ത്രിയെ നോക്കുകുത്തിയാക്കി വകുപ്പ് ഭരിക്കുകയാണെന്നും ഇതേക്കുറിച്ച് മുഖ്യമന്ത്രി മൗനം പാലിക്കുകയാണെന്നും ഡി.സി.സി പ്രസിഡൻറ് പറഞ്ഞു. ഏഴംകുളംകൈപ്പട്ടൂർ റോഡിൽ നടക്കുന്ന റോഡ് പണിയിൽ മന്ത്രിയും ഭർത്താവും നടത്തുന്ന വഴിവിട്ട പ്രവർത്തനങ്ങൾക്കെതിരെ സി.പി.എം ജില്ലാ കമ്മിറ്റി അംഗം കൂടിയായ കൊടുമൺ ഗ്രാമപഞ്ചായത്ത് പ്രസിഡൻറും, സ്ഥലം എം.എൽ.എ കൂടിയായ ഡെപ്യൂട്ടി സ്പീക്കറും എതിർപ്പ് ഉന്നയിച്ചിട്ടും സി.പി.എം ജില്ലാ സെക്രട്ടറിയുടെ ഒത്താശയോടെയുള്ള മന്ത്രിയുടെയും ഭർത്താവിന്റെയും അനധികൃത ഇടപെടലുകൾക്കും നടപടികൾക്കും പിന്നിൽ സംശയം ജനിപ്പിക്കുന്നതാണെന്നും ഡി.സി.സി പ്രസിഡൻറ് പറഞ്ഞു.നിയമപരമായ എല്ലാ നടപടികളുമായും കോൺഗ്രസ് സഹകരിക്കുമെന്നും എന്നാൽ മന്ത്രിയുടെ ഭർത്താവിന്റെ നിർദ്ദേശം അനുസരിച്ച് ഉദ്യോഗസ്ഥർ പ്രവർത്തിച്ചാൽ എന്ത് വിലകൊടുത്തും എതിർക്കുമെന്നും ഡി.സി.സി പ്രസിഡൻറ് പറഞ്ഞു.

## ജില്ലയിൽ കനത്ത മഴ

തിരുവനന്തപുരം: കനത്ത മഴയിൽ തിരുവനന്തപുരം ജില്ലയിലെ മലയോര, തീരദേശ ഗ്രാമപ്രദേശങ്ങളിൽ പലയിടത്തും വ്യാപകമായ കൃഷിനാശവും വെള്ളക്കെട്ടും രൂപപെട്ടു. കഴിഞ്ഞ ദിവസങ്ങളിൽ മാറി നിന്ന മഴ ഇന്നലെ രാവിലെ മുതൽ ശക്തിയാർജിക്കുകയായിരുന്നു. താഴ്ന്നപ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാണ്. റോഡുകളിൽ പലയിടത്തും വെള്ളക്കെട്ടാണ്.

വ്യാപാരസ്ഥാപനങ്ങളിൽ വെള്ളം കയറി. വീടുകളിലും വെള്ളം കയറി. ബൈപ്പാസിലും വെള്ളക്കെട്ട് രൂക്ഷമാണ്. സ്മാർട്ട് റോഡ് പ്രവൃത്തിയുടെ ഭാഗമായുള്ള കുഴികളെല്ലാം വെള്ളത്തിനടിയിലാണ്. ഇത് കൂടുതൽ അപകടങ്ങളിലേക്ക് വഴിവെക്കുന്ന സ്ഥിതിയാണ്.

## തരൂരിന്റെ നന്ദി പ്രകാശനപര്യടനം

തിരുവനന്തപുരം: ബി.ജെ.പി സർക്കാരിനെതിരെ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് നടത്തിയ പോരാട്ടത്തിന്റെ വിജയമാണ് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഉണ്ടായതെന്ന് വി.എസ്. ശിവകുമാർ പറഞ്ഞു. വോട്ടർമാരോട് നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള ഡോ.ശശി തരൂരിന്റെ പര്യടനം തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പഴവങ്ങാടിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു വി.എസ്.ശിവകുമാർ. യോഗത്തിൽ ശശി തരൂർ എം.പി വോട്ടർമാരോട് നന്ദി രേഖപ്പെടുത്തി. ബിമാപള്ളി റഷീദ് അദ്ധ്യക്ഷം വഹിച്ചു. റ്റി.ശരത്ചന്ദ്രപ്രസാദ്, മണക്കാട് സുരേഷ്, പി.കെ.വേണുഗോപാൽ, സേവ്യർ ലോപ്പസ്, വി.എസ്.ഹരീന്ദ്രനാഥ്, മനോജ് തുടങ്ങിയവർ സംസാരിച്ചു.

## ആലന്തറ ഗവ.യു.പി.എസിൽ വായനാ ദിനം

വെഞ്ഞാറമൂട്: ആലുന്തറ ഗവ.യു.പി.എസിൽ വായനാ ദിനാചരണം കേന്ദ്രസാഹിത്യ അക്കാദമി യുവസാഹിത്യ പുരസ്ക്കാര ജേതാവ് അമൽ പിരപ്പൻകോട് കുട്ടികളോട് സംവദിച്ചു കൊണ്ട് ഈ തുടക്കം കുറിച്ചു. പ്രഥമാധ്യാപിക പുഷ്പകുമാരി ആർ. എസ്, എസ്.എം.സി ചെയർമാൻ ഷിബു.പി.എസ്, സീനിയർ അസിസ്റ്റന്റ് വിജയശ്രീ.കെ.പി, കവി കുന്നുമംഗലം കൃഷ്ണകുമാർ, സി.ആർ.സി കോർഡിനേറ്റർ ഷിബിന എന്നിവർ പങ്കെടുത്തു. വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും സർഗം ക്രീയേറ്റീവ് ബോർഡിന്റെ ഈ വർഷത്തെ പ്രവർത്തനാരംഭവും ഇതോടൊപ്പം നടന്നു. സ്കൂളിന്റെ ആഭിമുഖ്യത്തിൽ വാമനപുരം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഓപ്പൺ ലൈബ്രറിയും സജ്ജീകരിച്ചു.

# തിരുവനന്തപുരം വാർത്തകൾ

# മുസ്‌ലിംലീഗ് ജില്ലാ ഭാരവാഹി യോഗം ഇന്ന് വൈകിട്ട്

തിരുവനന്തപുരം:മുസ്‌ലിംലീഗ് തിരുവനന്തപുരം ജില്ലാ ഭാരവാഹികളുടെ ഒരു സുപ്രധാന യോഗം ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് ബീമാപള്ളി റഷീദിന്റെ അദ്ധ്യക്ഷതയിൽ ഇന്ന് വൈകുന്നേരം 4.00 മണിക്ക് നന്ദാവനം ലീഗ് ഹൗസിൽ ചേരും. ജില്ലാ ലീഗ് ഭാരവാഹികൾ എല്ലാവരും കൃത്യമായി യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി എം.നിസാർ മുഹമ്മദ് സുൾഫി അറിയിച്ചു.



കോൺഗ്രസ്, ഐ.എൻ.ടി.യു.സി, യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ സംയുക്തമായി മെഡിക്കൽ കോളേജ് സൂപ്രണ്ട് ഓഫീസിന് മുന്നിൽ സംഘടിപ്പിച്ച കൂട്ടധർണ്ണ കെ. മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു

## മെഡിക്കൽ കോളേജ് സൂപ്രണ്ട് ഓഫീസിന് മുന്നിൽ ധർണ്ണ

തിരുവനന്തപുരം: ആരോഗ്യ രംഗത്തെ ശോചനീയാവസ്ഥക്കും ആരോഗ്യവകുപ്പിന്റെ കെടുകാര്യസ്ഥതക്കുമെതിരെ കോൺഗ്രസ്, ഐ.എൻ.ടി.യു.സി, യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ സംയുക്തമായി മെഡിക്കൽ കോളേജ് സൂപ്രണ്ട് ഓഫീസിന് മുന്നിൽ കൂട്ടധർണ്ണ സംഘടിപ്പിച്ചു. ധർണ്ണ കോൺഗ്രസ് നേതാവ് കെ. മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. ഉള്ളൂർ മുരളി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മണക്കാട് സുരേഷ്, ആറ്റിപ്ര അനിൽ, ചെറുവയ്ക്കൽ പത്മകുമാർ, ജോൺസൺ ജോസഫ്, അഭിലാഷ് നായർ, കുമാരപുരം രാജേഷ്, ഇടവക്കോട് അശോകൻ, ആലത്തറ അനിൽ കുമാർ, നജീബ് ബഷീർ തുടങ്ങിയവർ പങ്കെടുത്തു.

ഉള്ളൂർ ബ്ലോക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡന്റ് കെ.എസ്. സനലിന്റെ നേതൃത്വത്തിൽ സൂപ്രണ്ട് ഓഫീസിനു മുന്നിൽ പന്തം കത്തിച്ച് പ്രതിഷേധിച്ചു. സമരം തിരുവനന്തപുരം കോർപ്പറേഷൻ അക്കുളം വാർഡ് കൗൺസിലർ സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു.

## കെ.എസ്.ടി.യു അംഗത്വവിതരണം

കല്ലറ: കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ തിരുവനന്തപുരം ജില്ലയിലെ 202425 വർഷത്തെ മെമ്പർഷിപ്പ് വിതരണോദ്ഘാടനം പാങ്ങോട് കെ.വി.യു.പി.എസിൽ വച്ച് നടന്നു. കെ.എസ്.ടി.യു സംസ്ഥാന സെക്രട്ടറി എം. എം ജിജുമോൻ അധ്യാപകരായ മനോജ് എം.എസ്,ഷീജ ഗഫാർ, യഹിയ.എ എന്നിവർക്ക് അംഗത്വം നൽകി വിതരണോദ്ഘാടനം നിർവഹിച്ചു.മുസ്‌ലിംലീഗ് വാമനപുരം നിയോജകമണ്ഡലം ജനറൽ സെക്രട്ടറിയും കെ.എസ്.ടി.യു മുൻ സംസ്ഥാന ഭാരവാഹിയുമായ അൻസാരി കൊച്ചുവിള മുഖ്യപ്രഭാഷണം നടത്തി.കെ.എസ്.ടി.യു തിരുവനന്തപുരം ജില്ലാ ജനറൽ സെക്രട്ടറി പ്രകാശ് പോരേടം അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ ട്രഷറർ ഹാഷിം മേലേഴികം ,ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അബ്ദുള്ള പാങ്ങോട് എന്നിവർ സംസാരിച്ചു.





കെ.എസ്.ടി.യു തിരുവനന്തപുരം ജില്ല മെമ്പർഷിപ്പ് വിതരണോദ്ഘാടനം സംസ്ഥാന സെക്രട്ടറി എം.എം ജിജുമോൻ നിർവഹിക്കുന്നു

## മന്നാനിയ കോളജിൽ വായനവാരം

പാങ്ങോട്: മന്നാനിയ കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ വായനവാരത്തിന് തുടക്കമായി. കോളെജിലെ ലൈബ്രറി ആൻഡ് ലിറ്ററി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടി കോളജ് പ്രിൻസിപ്പൽ പ്രൊഫ.ഡോ.പി.നസീർ ഉദ്ഘാടനം ചെയ്തു.

പോയവർഷം ഏറ്റവും മികച്ച രീതിയിൽ ലൈബ്രറി സേവനങ്ങൾ ഉപയോഗപ്പെടുത്തിയ വിദ്യാർത്ഥിയ്ക്കായി മുൻ ലൈബ്രേറിയൻ ഡോ.നസീഹത്തിന്റെ ഓർമയിൽ ഏർപ്പെടുത്തിയ പുരസ്കാരം ബികോം കോർപ്പറേഷനിലെ വിദ്യാർത്ഥിയായ വൈശാഖിന് പ്രിൻസിപ്പൽ ഡോ.പി.നസീർ ചടങ്ങിൽ സമ്മാനിച്ചു.

കോളെജിലെ അധ്യാപികയായ ഡോ.മുംതാസ്.എസ് കോളജ് ലൈബ്രറിയിലേയ്ക്കായി സംഭാവന ചെയ്ത ജേണലുകൾ ലൈബ്രേറിയൻ ഡോ.സോഫിയ.എ ഏറ്റുവാങ്ങി. കോളജ് വൈസ് പ്രിൻസിപ്പൽ ഡോ.ദിൽഷാദ് ബിൻ അഷ്റഫ്, സൂപ്രണ്ട് കടയ്ക്കൽ ജുനൈദ്, അധ്യാപകരായ ഡോ.അബ്ദുൽ ഹാദി വൈ.എം, ഡോ.അൽത്താഫ് ഹുസൈൻ, ഡോ.മുംതാസ് എസ്, ലക്ഷ്മി വിജയൻ എന്നിവരും പങ്കെടുത്തു.



ഡോ.നസീഹം സ്മരണാപുരസ്കാരം മന്നാനിയ കോളജിലെ ബികോം വിദ്യാർത്ഥിയായ വൈശാഖിന് പ്രിൻസിപ്പൽ ഡോ.പി.നസീർ സമ്മാനിക്കുന്നു

## യോഗത്തിൽ ബഹളം

കാട്ടാക്കട:അനധികൃത പന്നിഫാമുകൾ പൂട്ടാൻ ഇടതുപക്ഷം ഭരിക്കുന്ന പഞ്ചായത്ത് നടപടി സ്വീകരിക്കാത്തതിൽ പൂവച്ചൽ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ബഹളം. യുഡിഎഫ് പഞ്ചായത്ത് അംഗങ്ങൾ ആണ് പ്രതിഷേധം അറിച്ചു ബഹളം ഉണ്ടാക്കിയതും തുടർന്ന് പഞ്ചായത്ത് പടിക്കൽ കുത്തിയിരിപ്പ് സമരം നടത്തിയതും.ഠ നടപടിയെടുക്കാതെ പ്രതിപക്ഷ അംഗങ്ങളുടെ പേരിൽ പഴിചാരുന്നതു അവസാനിപ്പിക്കണം എന്നും യു.ഡി.എഫ് ആവശ്യപ്പെട്ടു.




വിവിധ ആവശ്യങ്ങളുന്നയിച്ച് കേരളത്തിലെ ഭിന്നശേഷി ജീവനക്കാരുടെ സംഘടനയായ ഡിഫറന്റ്ലി എബിൾഡ് എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ ഏകദിന ഉപവാസ സമരം പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു




തിരുവനന്തപുരം സി. എച്ച്. സെന്ററിൽ നൽകിയ സ്വീകരണത്തിന് നിയുക്ത രാജ്യസഭാംഗം ഹാരിസ് ബീരാൻ മറുപടി പറയുന്നു. അഹമ്മദ് സാജു, മൺവിള സൈനുദ്ദീൻ, ആബിദ് ഹുസൈൻ തങ്ങൾ എംഎൽഎ, ടി വി.ഇബ്രാഹിം എംഎൽഎ, സുൽഫിക്കർസലാം, കണിയാപുരം ഹലിം, കുറുക്കോളി മൊയ്തീൻ എംഎൽഎ തുടങ്ങിയവർ സമീപം

## ജീവാനന്ദം പദ്ധതി നടപ്പാക്കാൻ അനുവദിക്കില്ല: സതീശൻ

തിരുവനന്തപുരം:കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും പെൻഷനും പിടിച്ചെടുത്ത് ജീവാനന്ദം പദ്ധതി നടപ്പാക്കാൻ ഉള്ള സർക്കാരിന്റെ ഗൂഢശ്രമം അനുവദിക്കുകയില്ലെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് ഓർഗനൈസേഷൻസിന്റെ(സെറ്റോ) ആഭിമുഖ്യത്തിൽ നടന്ന നിയമസഭാ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജീവാനന്ദം എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കാനുള്ള നീക്കം നിലവിലുള്ള ശമ്പളവും പെൻഷനും കവർന്നെടുക്കാനുള്ള ഗൂഢശ്രമമാണ്.ഈ പദ്ധതിക്ക് പിന്നിലെ യഥാർത്ഥ ലക്ഷ്യം എന്താണെന്ന് വെളിപ്പെടുത്താൻ സർക്കാർ തയ്യാറാകുന്നില്ല. ഇന്ധന സെസ് ഏർപ്പെടുത്തിയിട്ട് പോലും അഞ്ച് മാസത്തെ ക്ഷേമപെൻഷൻ കുടിശികയാണ്.പാർലമെൻറ് തെരഞ്ഞെടുപ്പിൽ കേരള ജനത ഒന്നടങ്കം ഈ ഗവൺമെന്റിനെതിരെ വിധിയെഴുതിയിട്ടും ഒരു ഉളുപ്പുമില്ലാതെ ന്യായീകരിച്ച് നടക്കുകയാണ് ഇടതുപക്ഷ സർക്കാർ. ജീവാനന്ദം പദ്ധതി നടപ്പാക്കാൻഏകപക്ഷീയമായ നടപടികളുമായി മുന്നോട്ടു പോയാൽ ശക്തമായ പ്രക്ഷോഭം ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു.

പി.സി.വിഷ്ണുനാഥ് എം.എൽ.എ., കെപിസിസി ജനറൽ സെക്രട്ടറി ജി. സുബോധൻ, ജനറൽ കൺവീനർ കെ. അബ്ദുൽ മജീദ്, കെ.സി. സുബ്രഹ്മണ്യൻ, എ.എം. ജാഫർഖാൻ, പി.കെ. അരവിന്ദൻ, കെ.എം ഷൈൻ, ആർ. അരുൺ കുമാർ, പ്രദീപ് കുമാർ, അനിൽകുമാർ, കെ. അരുൺകുമാർ, എം.ജെ .തോമസ് സംസാരിച്ചു



സെറ്റോ നിയമസഭാ മാർച്ച് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

# അമ്പൂരിയിൽ ഭർത്താവ് ഭാര്യയെ കുത്തിക്കൊന്നു

വെള്ളറട: അമ്പൂരിയിൽ ഭർത്താവ് ഭാര്യയെ വെട്ടിയും കുത്തിയും കൊലപ്പെടുത്തി.മായം അൽഫോൻസാ റോഡിൽ പുരവിമല കടവിന് സമീപം ഈരൂരിക്കൽ ഹൗസിൽ കുര്യാക്കോസിന്റെയും മുൻ പഞ്ചായത്ത് ജനപ്രതിനിധി മേരിക്കുട്ടി കുര്യാക്കോസിന്റെയും മകൾ രാജിയെ(38)യാണ് ഭർത്താവ് മായം കോലത്ത് വീട്ടിൽ മനു എന്ന മനോജ് സെബാസ്റ്റ്യൻ(50) കുത്തികൊലപ്പെടുത്തിയത്.



രാജി

ബുധനാഴ്ച ഉച്ചയ്ക്ക് 12.30 ഓടെ മനോജിന്റെ വീടിന് സമീപം കുരിശടിക്ക് മുന്നിലായി സംഭവം. 14 മാസമായി ഇരുവരും പിണങ്ങി വെവ്വേറെ കഴിയുകയാണ്. പിണക്കം മാറി ഒരുമിച്ചു താമസിക്കാനായി മനോജ് നിരന്തരം സമീപിച്ചു എങ്കിലും രാജി ഇതിന് കൂട്ടാക്കിയില്ല. ബന്ധുക്കളും പള്ളിക്കാരുമായി ഇടപെട്ട് ഇതിന് തീരുമാനം ഉണ്ടാകാൻ ശ്രമിക്കുന്നതിനിടെയാണ് ബുധനാഴ്ച അമ്പൂരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പോയി മടങ്ങി വരികയായിരുന്ന രാജിയെ മനോജ് തടഞ്ഞു നിറുത്തി ചോദ്യം ചെയ്തതും തുടർന്ന് ആക്രമണവും കൊലപാതകവും നടന്നത്.

ഒപ്പം താമസിക്കണം എന്ന് മനോജിന്റെ ആവശ്യം രാജി നിരന്തരമായി അവഗണിച്ചത് രാജിക്ക് മറ്റൊരു ബന്ധം ഉണ്ടെന്ന സംശയവും മനോജിന് ഉണ്ടാക്കി. ഇത് സംബന്ധിച്ച് മനോജ് ചോദിക്കുകയും ഇതിനുള്ള രാജിയുടെ മറുപടിയും ആക്രമണത്തിന് പ്രകോപനം ആയി എന്നാണ് നിഗമനം. സാധാരണ സ്കൂട്ടറിൽ സഞ്ചരിക്കാറുള്ള രാജി ബുധനാഴ്ച നടന്നാണ് ആശുപത്രിയിൽ പോയതും മടങ്ങി വന്നതും.ഇതിനിടെയാണ് വീടിന് വിളിപ്പാടകലെ വച്ച് ഭർത്താവിന്റെ വീടിന് തൊട്ടു മുന്നിൽ



മനോജിനെ പൊലീസ് പിടികൂടിയപ്പോൾ

അപ്രതീക്ഷിതമായി ആക്രമണം ഉണ്ടായത്.



കൊലപാതകം നടന്ന സ്ഥലത്ത് ഫോറൻസിക് പരിശോധന നടത്തുന്നു. പിന്നിൽ മനോജിന്റെ വീടും കാണാം

രാജി കുട വച്ച് പ്രതിരോധിച്ചു രക്ഷപ്പെടാൻ ശ്രമിച്ചു എങ്കിലും കത്തി കൊണ്ടുള്ള ആദ്യ കുത്തിൽ തന്നെ മുഖം തുളച്ചു കയറി മൂക്ക് അറ്റുവീണു. തുടർന്ന് മനോജ്. നെഞ്ചിലും,വയറ്റിലും,പുറത്തും മാറി മാറി കുത്തി. ഇതോടെ രാജി കുഴഞ്ഞു വീണു രക്തം വാർന്നു.ഈ സമയം ഇത് വഴി കടന്നു പോയ കാട്ടാക്കട ഡിപ്പോയിലെ ബസ് ഡ്രൈവർ ആണ് സംഭവം മറ്റുള്ളവരെ അറിയിച്ചത്.തുടർന്ന് രാജിയെ കാട്ടാക്കട സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. നെയ്യാർ ഡാം പോലീസ് സ്ഥലത്തെത്തി സംഭവസ്ഥലത്തിന് സമീപത്തുള്ള വീട്ടിൽ നിന്നും മനോജിനെ കസ്റ്റഡിയിലെടുത്തു.

ഇയാളുടെ കൈയ്ക്കും കാര്യമായ പരിക്കുകൾ ഉണ്ടായിരുന്നു. നെയ്യാർ ഡാം പൊലിസ് ഫോറൻസിക് സംഘം എന്നിവർ സ്ഥലത്ത് പരിശോധന നടത്തി.രാജിയുടെ മൃതദേഹം നെയ്യാർ മെഡിസിറ്റി മോർച്ചറിയിൽ ആണ്.

രാജിയുടെയും മനോജിന്റെയും രണ്ട് മക്കളിൽ അമ്പൂരി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി ആഷിക് രാജിക്ക് ഒപ്പവും നഴ്സിങ് ബാംഗളൂർ പഠിക്കുന്ന മകൾ ആഷ്‌ലി രാജിക്കും മനോജിനും ഒപ്പം മാറി മാറി താമസിക്കുകുയുമാണ്.

നാട്ടിലെ സ്വകാര്യ ഫിനാൻസ് സ്ഥാപനത്തിൽ ജോലി നോക്കിയിരുന്ന രാജിക്ക് അടുത്തിടെ മറ്റൊരിടത്തേക്ക് മാറ്റം ആയി. മനോജ് ബാർ ജീവനക്കാരനാണ്.

## ഭാര്യാപിതാവിനെ മർദിച്ചു കൊന്ന യുവാവ് അറസ്റ്റിൽ

നെടുമങ്ങാട്: മഞ്ചയിൽ ഭാര്യാപിതാവിനെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ. സുനിൽകുമാറിനെ(55) മർദ്ദിച്ച് കൊലപ്പെടുത്തിയ കേസിലാണ് മകളുടെ ഭർത്താവായ തേക്കട വില്ലേജിൽ ചീരാണിക്കര അഭിലാഷ് ഭവനത്തിൽ തങ്കപ്പൻ പിള്ള മകൻ അഭിലാഷ് (41) നെടുമങ്ങാട് പോലീസിന്റെ പിടിയിലായത്.



ഈ മാസം പത്താം തീയതി വൈകിട്ട് മഞ്ചയിലെ വീട്ടിൽ വച്ചാണ് സംഭവം. സുനിൽകുമാർ പ്രതിയായ അഭിലാഷിന്റെ ഗ്യാസ് സിലിണ്ടർ എടുത്തു വിറ്റു എന്നുപറഞ്ഞ് വഴക്കുണ്ടാക്കിയിരുന്നു. ഇതിനെത്തുടർന്ന് ഉണ്ടായ ക്രൂരമർദ്ദനത്തിൽ സുനിൽകുമാർ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. ഇന്നലെ വൈകുന്നേരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സുനിൽകുമാർ മരണപ്പെട്ടതിനെ തുടർന്ന് വിവരം ലഭിച്ച നെടുമങ്ങാട് പോലീസ് നടത്തിയ ശാസ്ത്രീയമായ അന്വേഷണത്തിലാണ് അഭിലാഷിന്റെ പങ്ക് വെളിവായത്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഫോറൻസിക് സർജന്റെ പോസ്റ്റ്മോർട്ടം പരിശോധനയിൽ മരണകാരണം മർദ്ദനത്തിൽ സുനിൽകുമാറിനേറ്റ പരുക്കുകളാണെന്ന് വ്യക്തമായിട്ടുള്ളതാണ്. ക്രൂരമായി തറയിലിട്ട് നെഞ്ചത്തും പുറത്തും ചവിട്ടിയതിൽ വച്ച് സുനിൽകുമാറിന്റെ വാരിയെല്ലുകൾക്ക് പൊട്ടൽ ഉണ്ടായിരുന്നു. മറ്റാർക്കും സംശയം തോന്നാത്ത തരത്തിൽ വളരെ സ്വാഭാവികമായിട്ടായിരുന്നു പിന്നീട് അഭിലാഷിന്റെ പെരുമാറ്റം. വിശദമായ അന്വേഷണത്തിൽ മരണം കൊലപാതകം ആണെന്ന് തെളിഞ്ഞു.

നെടുമങ്ങാട് ഡിവൈ.എസ്.പി ബി ഗോപകുമാറിന്റെ മേൽനോട്ടത്തിൽ നെടുമങ്ങാട് സ്റ്റേഷൻ ഹൗസ് ഓഫീസർ അനീഷ് ബി, എസ് ഐ രവീന്ദ്രൻ, എസ് ഐ രജിത്ത് എസ് സി പി ഓ മാരായ ബിജു സി, ദീപ എന്നിവർ അടങ്ങിയ അന്വേഷണസംഘമാണ് ശാസ്ത്രീയമായ അന്വേഷണത്തിലൂടെ കേസിന്റെ ചുരുളഴിച്ച് പ്രതിയെ പിടികൂടിയത്.

## ശ്രീ ചിത്തിര തിരുനാൾ സ്കൂളിൽ വായന വാരാഘോഷം

വെള്ളറട: കുന്നത്തുകാൽ ശ്രീ ചിത്ര തിരുനാൾ റസിഡൻഷ്യൽ സെൻട്രൽ സ്കൂളിൽ വായന വാരാഘോഷത്തിന് തുടക്കം കുറിച്ചു. സ്കൂൾ പ്രിൻസിപ്പൽ എസ് പുഷ്പവല്ലി ഉദ്ഘാടനം ചെയ്തു. ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളിൽ എൽ കെ ജി മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾ പങ്കെടുക്കും. അക്ഷരം അറിവ് ആനന്ദം എന്ന വിഷയത്തിന് പ്രാധാന്യം നൽകി കൊണ്ടാണ് ഈ വർഷത്തെ വായനാവാരാഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. കവിതാലാപനം പ്രശ്നോത്തരി കയ്യെഴുത്ത് മത്സരം അക്ഷരസ്ഫുടത പരിശോധന പുസ്തക അവലോകനം പി എൻ പണിക്കർ അനുസ്മരണം ഡോക്യുമെന്ററി പ്രദർശനം തുള്ളൽ എന്ന കലാരൂപത്തെ പരിചയപ്പെടുത്തൽ വയലാർ രാമവർമ്മയുടെ കൃതിയായ താടകയുടെ ദൃശ്യാവിഷ്കരണം പത്രത്തിന്റെ പ്രകാശനം തുടങ്ങിയവ നടക്കും.



കുന്നത്തുകാൽ ശ്രീ ചിത്ര തിരുനാൾ റസിഡൻഷ്യൽ സെൻട്രൽ സ്കൂളിൽ വായന വാരാഘോഷം സ്കൂൾ പ്രിൻസിപ്പൽ എസ് പുഷ്പവല്ലി ഉദ്ഘാടനം ചെയ്യുന്നു

## ഞാറ് നടീൽ ഉത്സവം

ആറ്റിങ്ങൽ: മുദാക്കൽ ഗ്രാമ പഞ്ചായത്തിലെ ഇടയ്ക്കോട്,പിരപ്പമൺകാട് പാടശേഖരത്തിൽ ആവേശകരമായ നടീൽ ഉത്സവം നടന്നു. മുദാക്കൽ പഞ്ചായത്ത് മെമ്പർ ഷൈനിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി.സി ജയശ്രീ ഉദ്ഘാടനം ചെയ്തു.60 ഏക്കറിലാണ് ഇത്തവണ കൃഷി ഇറക്കുന്നത്.



ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട നിസാർ തളങ്കരയ്ക്ക് മുൻമന്ത്രി വിഎസ് ശിവകുമാർ ഉപഹാരം നൽകി ആദരിക്കുന്നു

## പ്രവാസി സേവന സാരഥികൾക്ക് സ്വീകരണം നൽകി

തിരുവനന്തപുരം: ജീവിക്കുന്നതിനും, ജീവിപ്പിക്കുന്നതിനുമായി അറേബ്യൻ നാടുകളിൽ എത്തി കഴിയുന്ന ഇന്ത്യൻ പ്രവാസികളുടെ സകലവിധ പുരോഗതികൾക്കും നിലനിൽപ്പിനുമായി പ്രവർത്തിച്ചുവരുന്ന യു.എ.ഇയിലെ ഏറ്റവും വലിയ ഔദ്യോഗിക അംഗീകാര സംഘടനയായ ഷാർജ ഇന്ത്യൻ അസോസ്സിയേഷൻ പുതിയ സാരഥികളായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് നിസ്സാർ തളങ്കരയ്ക്കും, ജനറൽ സെക്രട്ടറി പ്രകാശിനും സ്വീകരണം നൽകി.

ഇൻഡോ അറബ് ഫ്രണ്ട്ഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന സ്വീകരണ സംഗമത്തിൽ സെന്റർ പ്രസിഡന്റ് അഡ്വ.ആർ.ആർ.നായർ അദ്ധ്യക്ഷത വഹിച്ചു. സമ്മേളനം പാളയം ഇമാം ഡോ.വി.പി. ഷുഹൈബ് മൗലവി ഉദ്ഘാടനം ചെയ്തു. മുൻ മന്ത്രി വി.എസ്. ശിവകുമാർ നിസ്സാർ തളങ്കരയ്ക്കും, മുൻ പ്ലാനിംഗ് ബോർഡ് കമ്മിഷൻ അംഗം സി.പി.ജോൺ പ്രകാശിനും പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

വേൾഡ് വുമൻ അസ്സോസ്സിയേഷൻ ചെയർപേഴ്സൺ റസീല, വ്യാപാരി വ്യവസായി പ്രസിഡന്റ് എം.എ. റഹീം, സി.എച്ച് സ്മാരക സമിതി പ്രസിഡന്റ് കെ.എച്ച്.എം. അഷ്റഫ്, മനസ്സ ജനറൽ സെക്രട്ടറി ജോസഫ് ബാബു, മുസ്‌ലിംലീഗ് നേതാവ് എം. മുഹമ്മദ് മാഹീൻ, കെ.എം.സി.സി. പ്രസിഡന്റ് ചാന്നാങ്കര കബീർ, എം.എസ്. ജില്ലാ സെക്രട്ടറി നദീർ കടയറ, മാപ്പിള കലാ സാഹിത്യ സംഘം സെക്രട്ടറി ആതിര, മുസ്‌ലിംഅസ്സോസ്സിയേഷൻ കൾച്ചറൽ കമ്മിറ്റി ചെയർമാൻ കലാപ്രേമി ബഷീർ ബാബു. സീനിയർ ജേണലിസ്റ്റ് യൂണിയൻ ട്രഷറർ ശങ്കരൻകുട്ടി, സിറ്റിസൺ കൗൺസിൽ സെക്രട്ടറി ഷാജി വർഗ്ഗീസ്, പൗരസമിതി കൺവീനർ റെഡ് ഷാജി എന്നിവർ പ്രസംഗിച്ചു. കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച സാധുവിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായ വിതരണം ലോക കേരളാ സഭാ മെമ്പറും പ്രവാസി ലീഗ് സംസ്ഥാന പ്രസിഡന്റുമായ ഹനീഫാ മുനീർ നിർവ്വഹിച്ചു.